JANASHAKTHI
സ്ഥാപിതം : 1940

# ജനശക്തി

രാഷ്ട്രീയ
സാംസ്കാരിക
ദൈവാരിക

പുസ്തകം 14 ലക്കം 77 2019 നവംബർ 16-30 1195 തുലാം 30 - വൃശ്ചികം 14

മാനേജിംഗ് എഡിറ്റർ
എൻ സുഗതൻ
എഡിറ്റർ
ജി ശക്തിധരൻ

Published by G.Sakthidharan on behalf of Janashakthi Publications TC 28/2880-2 KRA C-32, Chettikulangara, Sahodarasamajam Road, GPO, Trivandrum 695001 and printed by him at Sterling Print House (P) Ltd. 49/1849, Ponekara, Cheranalloor Road, AIMS Ponekara PO, Kochi. janashakthi@gmail.com
Phone : 0471-2467722

ലേഖനം

അയോധ്യാകാണ്ഡം
ജി ബി മോഹൻ തമ്പി 08

അയോധ്യാവിധിയുടെ
ഗാന്ധിയൻ അപനിർമ്മിതി
കെ അരവിന്ദാക്ഷൻ 12

അയോധ്യാവിധി :
അവർണ്ണ ദളിത്
ഭ്രരിപക്ഷത്തിനുള്ള താക്കീതോ?
ജെ രഘു 20

അയോധ്യാവിധി:
മുസ്ലിം ജനത
രാഷ്ട്രജീവിതത്തിന്റെ
പുറമ്പോക്കിൽ
രാജാജി മാത്യു തോമസ് 24

അയോധ്യാവിധി
സമ്പൂർണ്ണമാക്കാൻ
പൊതുസമൂഹത്തിന്
ബാധ്യതയില്ലേ?
വി പി വാസുദേവൻ 26

കേരളത്തിൽ
ഭരിക്കുന്നത്
ഇടതുപക്ഷമെന്ന്
ഇനിയും പറയുന്നതെങ്ങനെ?
സി ആർ നീലകണ്ഠൻ 32

മുഖ്യമന്ത്രിയെ റാഞ്ചുന്ന
ചീഫ് സെക്രട്ടറി
എൻ എം പിയേഴ്സൺ 41

വെടിയുണ്ടകൾ മുഴങ്ങുന്നത്
ആർക്കുവേണ്ടി?
ഷാന്റോ ലാൽ 44

ശബരിമല വിധി:
പുകമഞ്ഞ് മൂടിയ
നീതിശാസ്ത്രം
എൻ പി ചെക്കുട്ടി 48

പംക്തി

മുംബൈ മെയിൽ / അൻസർ അലി 52
സ്ഥാനം തെറ്റുന്ന
സമവാക്യങ്ങൾ

കവിത

സ്വപ്ന യാഥാർഥ്യങ്ങൾ
കുഞ്ഞപ്പ പട്ടാന്തർ 06

ഒസ്യത്ത്
ശ്രീധരനുണ്ണി 55

അഡോണിസ്
മരിച്ചിട്ടില്ല
ഇൻതിസാർ ഖളർ അദ്നിനാൻ 56

ഞങ്ങളുടെ വീട്
ഫറാത്ത് ഇസ്ബർ 57
(മുകളിലെ രണ്ട് കവിതകളും
തർജ്ജമ ഡോ എം എ അസ്കർ )

നാടകം

ധൃതരാഷ്ട്രം
മഹമൂദ് പറശ്ശിനിക്കടവ് 58

# വിശ്വാസപൂർവം, കോടതി

ഒരു ജനാധിപത്യ സമൂഹത്തിൽ നീതിവ്യവസ്ഥയുടെ അടിസ്ഥാന ന്യായമെന്താണ്? എല്ലാത്തരം അവകാശങ്ങളുടെയും സ്വാതന്ത്ര്യങ്ങളുടെയും സംരക്ഷണമോ, അതോ അവയുടെ നിരാസമോ? ഒരു സമൂഹത്തിന്റെ മുന്നോട്ടുള്ള യാത്ര യെന്നത് നിലവിലെ സ്വാതന്ത്ര്യങ്ങളുടെ സംരക്ഷണവും പുതിയ അവകാശങ്ങളുടെ സൃഷ്ടിയുമാണെന്നിരിക്കെ സുപ്രീം കോടതി ഇക്കഴിഞ്ഞ ദിവസങ്ങളിൽ പുറപ്പെടുവിച്ച അയോധ്യാ ഭൂമി തർക്ക കേസിലെയും ശബരിമല സ്ത്രീ പ്രവേശന പ്രശ്നത്തി ലെയും വിധിന്യായങ്ങൾ സൂചിപ്പിക്കുന്നത് ഇന്ത്യ എങ്ങോട്ട് സഞ്ചരിക്കുന്നുവെന്നാണ്? ചരിത്ര പുരോഗതി ഘടികാരസൂ ചിയുടെ മാതൃകയിൽ ഒരേ സഞ്ചാരപഥത്തിലൂടെയല്ലെന്നും പരിചിതമായ അതിരുകൾ ഭേദിച്ചുള്ള മുന്നോട്ടുള്ള കുതിപ്പി ലൂടെയാണെന്നും ഇനിയാരാണ് ഇന്ത്യക്കാരെ പഠിപ്പിക്കുക? ഇന്ത്യയിലെ പരമോന്നത നീതിപീഠം പുറപ്പെടുവിച്ച ഈ വിധിന്യായങ്ങൾ--അതുപോലെ തന്നെ തങ്ങൾക്ക് സംഭവിച്ച വീഴ്ച ചൂണ്ടിക്കാട്ടിക്കൊണ്ടുള്ള റാഫെയ്ൽ ഇടപാടിൽ സ്വത ന്ത്രാന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജികളിന്മേലുള്ള വിധി യും--ഇന്ത്യൻ നീതിവ്യവസ്ഥയെക്കുറിച്ച് ആഴത്തിലുള്ള പരിശോധന ആവശ്യപ്പെടുന്നതാണ്.

പതിറ്റാണ്ടുകൾ പുറകോട്ട് പോകുന്ന അയോധ്യ ഭൂമിത്തർ ക്കത്തിനും അതിന്റെ പേരിൽ സൃഷ്ടിക്കപ്പെട്ട സാമൂഹിക സംഘർഷങ്ങൾക്കും തീർച്ചയായും ഒരവസാനമുണ്ടാകേണ്ടതു ണ്ട്. എന്നാൽ അത് സാധ്യമാക്കുന്നതിന്റെ പേരിൽ നീതിനി ഷേധമുണ്ടായാൽ താൽക്കാലികമായി നേടുന്ന സമാധാനം തന്നെയും ഭാവിയിൽ വലിയ പൊട്ടിത്തെറികളിലാണ് ചെന്ന വസാനിക്കുക. അയോധ്യയിലേത് ഒരു ഭൂമിത്തർക്കമാണ്. എന്നുവച്ചാൽ ഒരു സിവിൽ വ്യവഹാരം. അത് തീരുമാനിക്ക പ്പെടേണ്ടത് തെളിവുകളുടെയും സാധ്യതാ നിർഭരതയുടെയും അടിസ്ഥാനത്തിലാണ്. തങ്ങളുടെ മുന്നിൽ നിരത്തപ്പെടുന്ന തെളിവുകളിൽ ഏതിനാണ് പ്രാമുഖ്യം എന്ന നിർണയത്തി ന്റെ അടിസ്ഥാനത്തിലാണ് വിധി പ്രസ്താവം നിയമവ്യവ സ്ഥയിൽ ഉണ്ടാകുന്നത്. എന്നാൽ, അയോധ്യയിലെ 2.77 ഏക്കർ വരുന്ന തർക്ക ഭൂമിയുടെ കാര്യത്തിൽ അതല്ല ഉണ്ടാ യിട്ടുള്ളത്. അലഹബാദ് ഹൈക്കോടതി 2010 വിധിപ്രസ്താവ ത്തിൽ ചെയ്തത് പോലെ ഭൂമിയെ കൈവശാവകാശത്തിന്റെ അടിസ്ഥാനത്തതിൽ മൂന്നായി കാണുന്നതിന് പകരം ഒന്നായി കണ്ടും, അതിൽ ബാബ്റി മസ്ജിദ് നിന്ന സ്ഥലത്തിന് മേൽ മുസ്ലിം ഭാഗത്തിന് 1858 മുതൽ ഉള്ള കൈവശാവകാശത്തെ നിരാകരിച്ചുമാണ് വിധി വന്നിരിക്കുന്നത്.

സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ നിലപാട് ഇതാണ്: കോടതിയുടെ കണ്ണിൽ 1949ൽ ബാബ്റി മസ്ജി ദിനുള്ളിൽ സ്ഥാപിക്കപ്പെട്ട ബാലശ്രീരാമ വിഗ്രഹം രാമജ ന്മസ്ഥാനം സംബന്ധിച്ചുള്ള ഹൈന്ദവ വിശ്വാസത്തിന്റെ പ്രതീകവും നീതിന്യായ അവകാശങ്ങളുള്ള വ്യക്തിയുമാണ്. അതിനാൽ ആ വ്യക്തി സ്ഥിതി ചെയ്യുന്ന സ്ഥലം തങ്ങൾ ക്ക് അവകാശപ്പെട്ടതാണെന്നുമുള്ള ഹൈന്ദവ ഭാഗത്തിന്റെ വാദം കോടതി അംഗീകരിക്കുന്നു. 1528ൽ പണിഞ്ഞതാണ് ബാബ്റി മസ്ജിദ് എങ്കിലും അവിടെ 1528 മുതൽ 1858 വരെയോ അതിനു ശേഷം 1949 വരെയോ തുടർച്ചയായി തങ്ങൾ ആരാധനയർപ്പിച്ചിരുന്നതിനോ ആ സ്ഥലത്തിന് മേൽ തങ്ങൾക്ക് 'വിരുദ്ധ ഉടമസ്ഥത' (നിയമപരമായ അവകാശമില്ലാത്തപ്പോഴും ഒരു വസ്തുവിന്റെ മേലുള്ള തുടർച്ച യായുള്ള സമ്പൂർണ ഉടമസ്ഥതയും അതിന്റെ ഉപയോഗവും) തെളിയിക്കാൻ മുസ്ലിം ഭാഗത്തിന് കഴിഞ്ഞിട്ടില്ല. മറിച്ച് ഹിന്ദു ഭാഗമാകട്ടെ 2.77 ഏക്കർ വരുന്ന തർക്കസ്ഥലത്തെ ബാബ്റി മസ്ജിദ് സ്ഥിതി ചെയ്തിരുന്ന സ്ഥലം മുസ്ലിം ഭാഗ ത്തിന്റെ കൈവശമിരിക്കുമ്പോൾ പോലും 1858ൽ ബ്രിട്ടീഷ് അധികാരികൾ ഇരുമ്പുവേലികെട്ടി തിരിച്ച അതിനു പുറത്തുള്ള

ഭാഗങ്ങൾ തങ്ങളുടെ കൈയിലാണെന്ന് തെളിയിക്കുന്നതിൽ വിജയിച്ചു. അതിനാൽ തർക്കത്തിലായ 2.77 ഏക്കർ ഭൂമി അവർക്ക് നൽകുന്നു. തർക്കസ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന 400 വർഷത്തിലേറെ പഴക്കമുള്ള ബാബ്റി മസ്ജിദ് പുനർ നിർമ്മിക്കുന്നതിന് അഞ്ച് ഏക്കർ സ്ഥലം അയോധ്യയിൽ തന്നെ മുസ്ലിങ്ങൾക്ക് നൽകുന്നു.

ശ്രീരാമന്റെ ജന്മസ്ഥാനമാണ് അയോധ്യയെന്നത് വിശ്വാസം മാത്രമാണ്. അതിന് തെളിവില്ല. 1528ന് മുൻപ് ബാബ്റി മസ്ജിദ് നിലനിന്നിരുന്ന ഇടത്ത് ഒരു നിർമിതി ഉണ്ടായിരുന്നു എന്നല്ലാതെ അത് ശ്രീരാമന്റെ ജന്മസ്ഥാനമായിരുന്നു എന്നതിനോ അത് ഒരു ഹൈന്ദവ ആരാധനാലയവുമായിരുന്നു എന്നതിനോ തെളിവില്ല. എന്നാൽ ഈ തെളിവുകളുടെ അഭാവത്തെ പൂർണമായും മറയ്ക്കുന്നതായി അയോധ്യയിലെ ബാലശ്രീരാമൻ ഒരു 'ജൂറിസ്റ്റിക്ക്' (നീതിന്യായ അവകാശങ്ങളുള്ള) വ്യക്തിയാണെന്ന കോടതിയുടെ കണ്ടെത്തൽ. ബാബ്റി മസ്ജിദ് നിന്നിരുന്ന ഇടത്തിന് മേൽ തങ്ങൾക്കുള്ള ഭംഗമില്ലാത്ത ഉടമസ്ഥത തെളിയിക്കാൻ തക്ക തെളിവുകൾ ഹാജരാക്കാൻ മുസ്ലിം ഭാഗത്തിന് കഴിഞ്ഞില്ലെന്ന് വിധിക്കുമ്പോഴാണ് മറുഭാഗത്ത് വിശ്വാസം മാത്രം ആധാരമാക്കിയുള്ള ഈ നിഗമനം. 1856-57 കാലയളവിലും, 1934ലും 1949ലും നടന്ന ആക്രമണങ്ങളുടെയും കടന്നുകയറ്റങ്ങളുടെയും ഫലമായാണ് മുസ്ലിം വിഭാഗത്തിന് ബാബ്റി മസ്ജിദിൽ ഉടർച്ചയായി ആരാധന അർപ്പിക്കാൻ കഴിയാതെ പോയതെന്ന മുസ്ലിം ഭാഗത്തിന്റെ വാദം അംഗീകരിക്കപ്പെട്ടില്ലെന്നു മാത്രമല്ല അവർക്ക് തർക്കഭൂമിക്ക് മേൽ 'വിരുദ്ധ ഉടമസ്ഥത' ഉണ്ടായിരുന്നില്ലെന്നതിന്റെ തെളിവായി അത് കണക്കാക്കപ്പെടുകയും ചെയ്തിരിക്കുകയാണ്. 1949ൽ ബാലശ്രീരാമ വിഗ്രഹം ബാബ്റി മസ്ജിദിനുള്ളിൽ പ്രതിഷ്ഠിച്ച് ആ ആരാധനാലയം അശുദ്ധമാക്കിയതും 1992 ബാബ്റി മസ്ജിദ് തച്ചുതകർത്തതും ഗുരുതരമായ കുറ്റങ്ങളാണെന്ന് പറഞ്ഞ അതെ നാവുകൊണ്ടു തന്നെയാണ് ഈ വിധി പറഞ്ഞിരിക്കുന്നതെന്നത് കാട്ടുന്നത് തെളിവുകൾ പ്രബലമായി മറുപക്ഷത്തുണ്ടായിട്ടും ഭൂരിപക്ഷത്തിന് ഹിതകരമായ തീർപ്പിലേക്ക് സുപ്രീം കോടതിയെത്തിയെന്നാണ്. അതിന്റെ പ്രത്യാഘാതങ്ങൾ എന്താവുമെന്നത് പ്രവചനാതീതം. ജനാധിപത്യ സമൂഹത്തിൽ ദുഃഖവും പ്രതിഷേധവും കടിച്ചമർത്തിയല്ല വിധിപ്രസ്താവങ്ങൾ സ്വീകരിക്കപ്പെടേണ്ടത്. മറിച്ച്, തങ്ങൾക്കെതിരാണെങ്കിലും നീതി ജയിച്ചു എന്ന തിരിച്ചറിവോടെയാണ്. അതുണ്ടാവുമെന്ന് പ്രതീക്ഷിക്കാനേ നമുക്കാവൂ.

ശബരിമല സ്ത്രീ പ്രവേശന പ്രശ്നത്തിലും സുപ്രീംകോടതി ഭരണഘടനാ ബെഞ്ച് സ്വീകരിച്ച നിലപാട് 'വിശ്വാസം' എന്ന-- നിയമസംഹിതകളുടെ അതിരുകൾക്ക് അപ്പുറം നിൽക്കുന്ന--സങ്കല്പത്തിന്റെ അടിസ്ഥാനത്തിലാണ്. ഭരണഘടനാ ഉറപ്പ് നൽകുന്ന നീതിക്ക് വിലങ്ങിടാൻ വിശ്വാസത്തെ ആയുധമാക്കുന്ന അവസ്ഥ. ശബരിമലയിലെ പ്രശ്നം ഒരു ക്ഷേത്രത്തിലെ ആചാരം എന്നത് വ്യക്തിയുടെ മൗലികാവകാശങ്ങൾക്ക് മേലെയാണോ എന്നതാണ്. അവിടെ ഒരുത്തരത്തിനേ സാധ്യതയുള്ളൂ. ഒരു വ്യക്തിക്ക്--അത് സ്ത്രീയായാലും പുരുഷനായാലും--തനിക്ക് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അതിനനുസൃതമായി എവിടെയും ആരാധനയർപ്പിക്കാനുമുള്ള അവകാശം ഭരണഘടന ഉറപ്പ് നൽകുന്നുണ്ട്. ആ ഉറപ്പ് ലംഘിക്കുന്നതിനായി ശബരിമലയിൽ ഉയർത്തിയിട്ടുള്ള വാദം സ്ത്രീകളുടെ ശാരീരിക പ്രക്രിയാ സവിശേഷതകളാണ്. അതാകട്ടെ എന്നോ കാലഹരണപ്പെട്ട ശുദ്ധിയുടെയും അശുദ്ധിയുടെയും സങ്കൽപ്പങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതും. സ്ത്രീയെ അവളുടെ ദൈനംദിന ജീവിതത്തിന്റെ ഘട്ടത്തിൽ അശുദ്ധയായി കാണുന്നു എങ്കിൽ അത് നിയമപരമായി നിരോധിക്കപ്പെട്ട 'തൊട്ടുകൂടായ്മ'യുടെ പരിധിയിൽ വരും. അത് ഭരണഘടനാ വിരുദ്ധ നിലപാടാണ്. 2018 സെപ്തംബർ 28ന് നടത്തിയ വിധിപ്രസ്താവത്തിലൂടെ സുപ്രീം കോടതി ഒരു സാമൂഹിക വിപ്ലവത്തിനാണ് തുടക്കം കുറിച്ചത്. പുനഃപരിശോധനാ ഹർജി വിശാലമായ മറ്റൊരു ബെഞ്ചിന് വിട്ട അഞ്ചംഗ ബെഞ്ച് തങ്ങളുടെ വിധി നിരാകരിച്ചിട്ടില്ലെന്ന് പറയാമെങ്കിലും അവർ നൽകിയിട്ടുള്ള സൂചന മറ്റൊന്നല്ല. കൊടുത്ത കൈകൊണ്ട് മടക്കിയെടുത്ത നിർഭാഗ്യ സന്ധി.

എന്നോ ഉച്ചാടനം ചെയ്യേണ്ടിയിരുന്ന ഇരുൾ മടങ്ങിവരുന്ന ഈയവസ്ഥയിലാണ് ജസ്റ്റിസ് ആർ എഫ് നരിമാന്റെയും ഡി വൈ ചന്ദ്രചൂഡിന്റെയും വിമത പ്രസ്താവം പ്രത്യാശയുടെ ചെറിയൊരു സാധ്യതയായി നിൽക്കുന്നത്. അവർ പറഞ്ഞത് രണ്ടേ രണ്ട് വാക്കുകളിൽ ഒതുക്കാം: ഭരണഘടനയാണ് മുഖ്യം. ഭരണഘടനാ വിഭാവനം ചെയ്യുന്ന സ്ഥിതി സമത്വവും മൗലികാവകാശങ്ങളും മറ്റെല്ലാ പരിഗണനകൾക്കും മുകളിലാണെന്നാണ് തങ്ങളുടെ വിശ്വാസതീഷ്ണമായ വിയോജന വിധിയിലൂടെ അവർ ഇരുവരും പറഞ്ഞു വച്ചത്. അഞ്ചംഗ ബെഞ്ചിലെ ഭൂരിപക്ഷം സമൂഹത്തിലെ ഭൂരിപക്ഷന്യായത്തിനൊപ്പം നിൽക്കാൻ ഒരുമ്പെട്ടപ്പോഴാണ് ഈ വ്യത്യസ്തതയുടെ ശബ്ദം അതേ കോടതിയിൽ നിന്ന് ഉയർന്നുകേട്ടത് എന്നത് ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. ഒരു മതവിഭാഗത്തിന്റെ വിശ്വാസം എങ്ങിനെ ആചരിക്കണമെന്നതിൽ പ്രതിക്ഷേത്ര-പ്രതിവ്യക്തി ഭിന്നതകൾ അനിവാര്യമാണെന്ന വാദമൊക്കെയുയർത്തി കേരളീയ സമൂഹത്തെ നൂറ്റാണ്ടുകൾ പിന്നിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്നവർക്ക് മാത്രമാവും ഈ വിധിന്യായത്തിൽ നിന്ന് ആനന്ദം ലഭിക്കുക. ഇവിടെയും അക്രമത്തിന്റെയും ഭരണഘടനാ വിരുദ്ധതയുടെയും വഴികളിലൂടെ പോകുന്ന ഹൈന്ദവ ശക്തികൾക്കനുകൂലമായാണ് വിധി വന്നിട്ടുള്ളതെന്നത് ആശങ്ക വർദ്ധിപ്പിക്കുന്നുമുണ്ട്. കുറുത്ത വർഗക്കാരുടെ കുട്ടികളെ പ്രത്യേക സ്കൂളുകളിൽ പഠിക്കുന്ന വ്യവസ്ഥയ്ക്കെതിരെ തീർപ്പ് കൽപ്പിച്ച അമേരിക്കൻ സുപ്രീം കോടതി കടുത്ത എതിർപ്പിനെയാണ് നേരിട്ടത്. പക്ഷെ, ആ എതിർപ്പിന് മുന്നിൽ അവർ മുട്ടുമടക്കുകയല്ല, ഉറച്ച് നിൽക്കുകയാണ് ചെയ്തത്. അതിൽ നമുക്കൊരു പാഠമുണ്ട്. ഭരണഘടനയുടെ ഉറപ്പുകളിൽ മുറുകെപ്പിടിക്കാനുള്ള ആർജവവും കരുത്തും എല്ലാ ജനാധിപത്യ സ്ഥാപനങ്ങൾക്കുമുണ്ടാവണമെന്ന പാഠം.

■

ലേഖനം

കുഞ്ഞപ്പ പട്ടാന്തൂർ



# സ്വപ്ന യാത്രകൾ

ഇന്നയിടെയായി
രാത്രി സ്വപ്നങ്ങളിൽ ഏറെയും യാത്രകളാണ്.
ദിശയറിയാതെ
ദൂരമറിയാതെ
ഇടമേതെന്നറിയാതെ
ആളൊഴിഞ്ഞ ഗ്രാമീണ വിസ്തൃതികളിലൂടെ
യാത്രകൾ....
ലക്ഷ്യമെത്താൻ ധൃതി പിടിക്കുന്ന കാലടികൾക്ക്
കൃത്യമായ വഴികളില്ല
വഴി ചോദിക്കാൻ വഴികളിലാരുമില്ല.
ചിലപ്പോൾ
വയലെന്നു തോന്നിക്കുന്ന തരിശ്ശുനിലങ്ങൾ.
ആൾപ്പാർപ്പില്ലാത്ത പാർപ്പിടങ്ങൾ
നിശ്ശബ്ദത താവളമുറപ്പിച്ചതുപോലുള്ള
സ്ഥലവിസ്തൃതികളിലൂടെ
തുടർന്നു പോകുന്ന
യാത്രകൾ....
തേടുന്നത് പുറത്തേക്കുള്ള വഴികളാണ്.
തുടർന്നു നടന്ന്
ആൾപെരുമാറ്റമുണ്ടെന്നു തോന്നിക്കുന്ന
സ്ഥലസന്ധികളിലെത്തുമ്പോൾ
മനുഷ്യ രൂപങ്ങൾ പോലെ ചിലത്
മുഖഭാവങ്ങളില്ലാത്ത മുഖങ്ങൾപോലെ ചിലത്
മനസ്സിൽ മുട്ടിനിൽക്കുന്ന ചോദ്യങ്ങൾ
മൂകത ഭേദിക്കുന്ന -
പുറത്തേക്കുള്ള വഴിയേത്?
എത്തേണ്ടിടത്തെത്തുവാൻ ഇനിയെത്ര ദൂരം?
ചോദ്യങ്ങൾക്ക് പലപ്പോഴും ഉത്തരങ്ങളില്ല
ചിലപ്പോൾ മാത്രം
അവ്യക്തമായ അസംബന്ധങ്ങളായ
ഉത്തരങ്ങളായി വാക്കുകൾ
റോഡോ ?
ഇവിടെയെങ്ങും റോഡുകളില്ല
അതാ അങ്ങോട്ട നടന്നാൽ
വഴികൾ കണ്ടേക്കാം.
വാഹനമോ?
വാഹനങ്ങളൊന്നുമില്ലല്ലോ.
നടക്കുക...നടക്കുക...
അതുമാത്രം
അത്രമാത്രം...
പെട്ടെന്ന്
തിരശ്ശീല മാറിയാലെന്ന പോലെ
ദൃശ്യങ്ങൾ മാറുന്നു.
ഒരിടത്ത് രണ്ടുകുട്ടികൾ



പരസ്പരം സ്നേഹാലുക്കളെപ്പോലെ
ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും.
സ്വപ്നങ്ങൾ സ്വന്തമായുള്ളവരെപ്പോലെ
സ്ഥലബോധവും ദിശാബോധവും
സ്വയം സ്വായത്തമാക്കിയവരെപ്പോലെ
രണ്ടു ജീവിതങ്ങൾ.
അവരുമായി ഇടപഴകാൻ തുനിഞ്ഞ നിമിഷങ്ങളിൽ
ഉത്സാഹത്തിന്റെ തളിരുകൾ കിളിർക്കും പോലെ
ആഹ്ലാദത്തിന്റെ പൂത്തിരികൾ ചിരിക്കും പോലെ
എനിക്കും ഏതോ ഉള്ളുണർവുകൾ...
പെട്ടെന്ന് ഒരാരവം.
ഇരച്ചുവന്നെത്തുന്ന പെരുമഴപോലെ
ചൂളമടിച്ചെത്തുന്ന ചുഴലികൾപോലെ
ഒരിരമ്പം...
ആളുകളുടെ കൂട്ടങ്ങളെ
ആട്ടിൻപറ്റങ്ങളെപ്പോലെ തെളിച്ച്
ആക്രോശത്തിന്റെ ചാട്ടകൾ ചുഴറ്റി
ആജാനുബാഹുവെന്നു തോന്നിക്കുന്ന
ഒരപരിചിത മനുഷ്യൻ
മുന്നിലെത്തുകയാണ്.
പ്രകടമായും ഒരധികാരിയെപ്പോലെ
ആ കുട്ടികളെയും ഞങ്ങൾ
ആട്ടിത്തെളിക്കുകയാണ്....
എന്നെയും ലക്ഷ്യമിടുന്നതുപോലെ
ആളുടെ നോട്ടം എന്നിലും പതിയുകയാണ്
ചടുലചലനങ്ങളുമായി
അയാൾ എന്റെ നേർക്കും അടുക്കുകയാണ്
ഉൾഭയം ഉള്ളിലൊതുക്കി
എന്റെ ദിശ വേറെയെന്നും
എന്റെ ലക്ഷ്യബോധം വേറെയെന്നും
പറയാതെ പറഞ്ഞ്
ഞാൻ കുതറി മാറുന്നു
അയാളുടെ കണ്ണുകൾ എന്നിൽ നിന്നും
തെന്നിമാറിയ നിമിഷം
എതിർദിശ നോക്കി ഞാൻ കുതിക്കുന്നു...
മറുവഴി തേടാനുള്ള വ്യഗ്രതയിൽ
ഉത്കണ്ഠകൾ ഉൽക്കകളായി നിപതിക്കുമ്പോൾ
ദിക്കറിയാത്ത ദിശകളിലൂടെ
നേരമറിയാത്ത കാലത്തിലൂടെ
സ്ഥലമറിയാത്ത സ്ഥലരാശിയിലൂടെ
ഞാൻ പ്രയാണം തുടരാനൊരുങ്ങുമ്പോൾ
ഉറക്കം ഞെട്ടുന്നു.
-സ്വപ്നമേതെന്നും യാഥാർത്ഥ്യമേതെന്നും
തിരിച്ചറിയാനാവാതെ ഞാൻ!

■

ലേഖനം

ജി ബി മോഹൻതമ്പി



*ബാബറി മസ്ജിദ് കയ്യേറി പൊളിക്കുന്ന ദൃശ്യം*

# അയോധ്യാകാണ്ഡം

അയോധ്യയിലെ രാമജന്മഭൂമി-ബാബറിമസ്ജിദ് വ്യവഹാരത്തിൽ സുപ്രീംകോടതി വിധി പ്രഖ്യാപിച്ചിരിക്കുന്നു. നിയമജ്ഞന്മാരും കോടതിയിൽ കേസ്സിൽ കക്ഷി ചേർന്നിരുന്നവരും ഒരുപോലെ തൃപ്തരല്ലെങ്കിലും പൊതുജനങ്ങളിൽ ഭൂരിപക്ഷത്തിന് വഴക്കു തീർന്നല്ലോ എന്ന ആശ്വാസമാണ് അനുഭവപ്പെട്ടിരിക്കുന്നത്. പുരാവസ്തു വകുപ്പിന്റെ നിഗമനങ്ങൾ പോലും കോടതി കണക്കിലെടുത്തിട്ടുണ്ട്. ആ നിഗമനങ്ങളിൽ തന്നെ അവ്യക്തത ഉണ്ടായിരുന്നു. പള്ളിക്കടിയിൽ ഹിന്ദുക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കിട്ടിയിരുന്നു, പക്ഷേ അവ രാമക്ഷേത്രത്തിന്റേതാണോ ശിവക്ഷേത്രത്തിന്റേതാണോ എന്ന് തീർത്തു പറയാൻ നിർവാഹമില്ല.

ദീർഘകാലമായി നടന്നുവന്നിരുന്ന കേസിന് 1949 ൽ ഒരു വഴിത്തിരിവ് ഉണ്ടായി. അടച്ചിട്ടിരുന്ന പള്ളിയിൽ ഒരു രാത്രി ശ്രീരാമന്റെ വിഗ്രഹം പ്രത്യക്ഷപ്പെട്ടു. അതിന്റെ പിന്നിൽ കേരളീയനായ കെ കെനായർ എന്ന മജിസ്ട്രേറ്റ് ഉണ്ടായിരുന്നു എന്നു പറയപ്പെടുന്നു. ബി ജെ പിയുടെ പൂർവ്വാവതാരങ്ങളായ ഹിന്ദുമഹാസഭ, ജനസംഘം, മുതലായവയുമായി അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. തികഞ്ഞ സെക്യുലറിസ്റ്റായ ജവഹർലാൽ നെഹ്റുവിന് ഈ സംഭവം രസിച്ചില്ല. അദ്ദേഹം അന്നത്തെ യു പി മുഖ്യമന്ത്രിയായ ഗോവിന്ദ് ബല്ലഭ് പന്തിനോട് പറഞ്ഞു, പ്രശ്നം പരിഹരിക്കാൻ. പരിഹരിക്കാൻ പോയാൽ ഹിന്ദുമുസ്ലീം ലഹള പൊട്ടിപുറപ്പെടുമെന്ന് ജി പി പന്തും കെ കെ നായരും കേന്ദ്രത്തെ അറിയിച്ചു. കുറേകൊല്ലം അങ്ങനെ കിടക്കുകയായിരുന്ന പള്ളി.

1984 ൽ രാജീവ് ഗാന്ധി അധികാരത്തിൽ വന്നപ്പോൾ ഷാബാനോ കേസിൽ മുസ്ലീം യാഥാസ്ഥിതികരെ അനുകൂലിച്ച് കൊണ്ട് നിയമം പാസ്സാക്കി. ഒരു യഥാർത്ഥ സെക്യുലറിസ്റ്റ് അങ്ങനെ പക്ഷപാതം കാണിക്കാൻ പാടില്ലെന്ന് ബോധ്യമായപ്പോൾ അദ്ദേഹം അയോധ്യയിലെ പള്ളി രാമഭക്തന്മാർക്ക് ആരാധിക്കാൻ വേണ്ടി തുറന്ന കൊടുത്തു.

അപ്പോഴേക്കും ആർ എസ് എസ് എന്ന സാംസ്കാരിക സംഘടനയുടെ ഒരു പരിവാരംഗമായ വിശ്വഹിന്ദു പരിഷത്ത് പ്രശ്നം ഏറ്റെടുത്തു. ബി ജെ പിക്ക് ലോക്സഭയിൽ കേവലം രണ്ട് അംഗങ്ങൾ മാത്രമുണ്ടായിരുന്ന കാലമായിരുന്നു അത്. അയോധ്യയിലേക്ക് രഥയാത്ര സംഘടിപ്പിക്കാൻ അദ്വാനിയും കൂട്ടരും തീരുമാനിച്ചു. ഗുജറാത്തിൽ അതിന്റെ മഹാസംഘാടകൻ ഇന്നത്തെ പ്രധാനമന്ത്രിയായ നരേന്ദ്രമോദിയായിരുന്നു. ബീഹാറിൽ ലാലുപ്രസാദ് യാദവ് രഥയാത്രയ്ക്ക് തടസ്സം സൃഷ്ടിച്ചെങ്കിലും ബി ജെ പിക്ക് ബഹുജനസ്വാധീനം വർദ്ധിച്ചു. കർസേവകരിൽ കുറേപേർ അവരുടെ രക്തസാക്ഷികൾ ആയി. പുതിയ തിരഞ്ഞെടുപ്പിൽ പാർലമെന്റിൽ അവരുടെ പ്രാതിനിധ്യം വർദ്ധിച്ചു. യു പിയിൽ ബി ജെ പി യുടെ കല്യാൺ സിങ്ങ് മുഖ്യമന്ത്രിയായി.

ഇനിയാണ് കർസേവകരുടെ സേവനം. 1992 ഡിസംബർ ആറിന് അയോധ്യയിൽ പള്ളി നിന്നിരുന്ന സ്ഥലത്ത് ബി ജെ പി യും വിശ്വഹിന്ദു പരിഷത്തും ഒന്നരലക്ഷം ജനങ്ങൾ പങ്കെടുത്ത പൊതുയോഗം വിളിച്ചുകൂട്ടി. അദ്വാനി, ജോഷി, ഉമാഭാരതി മുതലായവർ പ്രസംഗിച്ചു. അതിനുശേഷം സേവകന്മാരുടെ കൈകാര്യം കൊണ്ട് ഏതാനും മണിക്കൂറുകളിൽ പള്ളി നിലം പരിശാക്കി. ഡൈനാമൈറ്റിന്റെ ആവശ്യമോ അതിനുള്ള ടെൻഡർ വിളിക്കേലാ വേണ്ടി വന്നില്ല. പള്ളിക്കൊരു പോറലും പറ്റുകയില്ലെന്ന മുഖ്യമന്ത്രി കല്യാൺസിംഗ് സുപ്രീംകോടതിക്ക് ഉറപ്പുകൊടുത്തിരുന്നു. നരസിംഹറാവു ആയിരുന്നു പ്രധാനമന്ത്രി.

*പ്രധാനമന്ത്രിമാരായിരുന്ന നരസിംഹ റാവുവും വാജ്പേയിയും*

പള്ളിയെ സംരക്ഷിക്കാൻ പ്രധാനമന്ത്രി ഒന്നും ചെയ്തില്ലെങ്കിലും ഉടനെ തന്നെ സംഭവത്തെ കുറിച്ച് അന്വേഷിക്കാൻ ലിബർഹാൻ കമീഷനെ നിയമിച്ചു. കമീഷൻ റിപ്പോർട്ട് സമർപ്പിക്കാൻ പതിനേഴ് കൊല്ലം എടുത്തു. അലഹാബാദ് ഹൈക്കോടതി വിചാരിച്ചത് തർക്കസ്ഥലം മൂന്നായി വിഭജിച്ചു മൂന്നു കക്ഷികൾക്കും കൊടുത്താൽ തർക്കം തീരുമെന്നായിരുന്നു. പക്ഷേ അങ്ങനെ സംഭവിച്ചില്ല. കക്ഷികൾ സുപ്രീംകോടതിയിൽ പോയി സ്റ്റേ വാങ്ങിച്ചു. അത് 2011 മെയിലായിരുന്നു. ഇപ്പോൾ എട്ടുകൊല്ലമായി. റിട്ടേയർ ചെയ്യുന്നതിന് മുൻപ് പഴയ കുറേ കേസുകൾ തീർത്തുകളയാമെന്ന് ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയ്ക്ക് തോന്നി. അതിന്റെ ഫലമാണ് ഈ വിധി.

> ശ്രീരാമൻ ജനിച്ചത് കൃത്യമായി ബാബറിമസ്ജിദ് നിന്ന സ്ഥലത്ത് തന്നെയെന്ന് ആർക്കും പറയാൻ സാധ്യമല്ല. ഒന്നാമത് ശ്രീരാമൻ ചരിത്രപുരുഷനാണോ എന്ന കാര്യം തർക്കവിഷയമാണ്. പുരാണകഥകളും ചരിത്രകഥകളും കൂട്ടി കലർത്തിയാണ് നമ്മുടെ പാരമ്പര്യം നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

സുപ്രീംകോടതി വിധിയ്ക്ക് അപ്പീൽ ഇല്ല. അതുകൊണ്ട് തന്നെ കക്ഷികൾ എല്ലാവരും അത് അംഗീകരിക്കണം. പക്ഷേ അതിനെ കുറിച്ച് ആർക്കു വേണമെങ്കിലും അഭിപ്രായം പറയാമല്ലോ. അങ്ങനെ വിഭിന്ന അഭിപ്രായങ്ങൾ വരാൻ തുടങ്ങിയിട്ടുണ്ട്. സെക്യുലറിസ്റ്റുകൾക്ക് ക്ഷേത്രം പണിയുന്നതുമതല ഗവൺമെന്റ് ട്രസ്റ്റിനെ ഏൽപ്പിച്ചത് ദഹിക്കുന്നില്ല. ഗുജറാത്തിലെ സോമനാഥക്ഷേത്രം പുതുക്കി

പണിഞ്ഞത് ഗവൺമെന്റ് രൂപീകരിച്ച ട്രസ്റ്റാണെന്ന കീഴ്‌വഴക്കം ഉണ്ടല്ലോ.

മൂന്നേക്കറിൽ താഴെയാണ് തർക്ക ഭൂമി. ഇപ്പോൾ അഞ്ചേക്കർ പുതിയ പള്ളി ഉണ്ടാക്കാൻ വേണ്ടി ഗവൺമെന്റ് അയോധ്യയിൽ കണ്ണായസ്ഥലത്ത് നൽകണം എന്നും വിധി പറയുന്നു. മുസ്ലീം കക്ഷികൾക്ക് കൂടി സ്വീകാര്യമായ സ്ഥലമായിരിക്കണം. അവർക്ക് തമ്മിൽ അഭിപ്രായഭേദമുണ്ടായാലോ. വിധി അംഗീകരിക്കുന്നുവെങ്കിലും റിവ്യൂവിനു അപേക്ഷിക്കാൻ സെൻട്രൽ വക്കഫ് ബോർഡ് തീരുമാനിച്ചേക്കുമെന്ന് കേൾക്കുന്നു. മലപ്പുറത്തും വിധിയെ കുറിച്ചു വിഭിന്നാഭിപ്രായങ്ങളുണ്ട്.

പള്ളി പൊളിച്ചതു തികച്ചും നിയമവിരുദ്ധമായ കൃത്യമാണെന്ന് കോടതി പറഞ്ഞിരിക്കെ, അതിനുകാരണക്കാരായവർക്കു തന്നെ ക്ഷേത്രം പണിയാൻ അവസരം ലഭിക്കുന്നു എന്ന വസ്തുതയിലെ വിരോധാഭാസം പത്രലേഖനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വാരണാസിയിലും മഥുരയിലും ഇതുപോലെ തർക്കങ്ങൾ ഉണ്ട്. അയോധ്യയിലെ വിധി ചൂണ്ടിക്കാണിച്ച് കൊണ്ട് ഈ രണ്ടു നഗരങ്ങളിലും കലഹങ്ങൾ സംഘടിപ്പിക്കുകയില്ല എന്നു നമുക്കു പ്രാർത്ഥിക്കാം.

പള്ളി പൊളിച്ചതു തികച്ചും നിയമവിരുദ്ധമായ കൃത്യമാണെന്ന് കോടതി പറഞ്ഞിരിക്കെ, അതിനുകാരണക്കാരായവർക്കു തന്നെ ക്ഷേത്രം പണിയാൻ അവസരം ലഭിക്കുന്നു എന്ന വസ്തുതയിലെ വിരോധാഭാസം പത്രലേഖനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വാരണാസിയിലും മഥുരയിലും ഇതുപോലെ തർക്കങ്ങൾ ഉണ്ട്.

വിശ്വാസികൾ തമ്മിലുള്ള വൈകാരികമായ സംഘട്ടനങ്ങളിൽ യുക്തിക്കോ ശാസ്ത്രീയതക്കോ വലിയ പങ്ക് വഹിക്കാൻ ഇല്ല. ശാന്തിക്കും സമാധാനത്തിനും ഉതകുന്ന വിധിയാണ് ഇതെന്ന് എത്രപേർ പറഞ്ഞാലും മനസ്സിലെ പുകച്ചിൽ അവസാനിക്കണമെന്നില്ല. ഭൂരിപക്ഷം വരുന്ന ഒരു ജനതയുടെ വിശ്വാസത്തെ ഒരു കോടതിക്ക് ബഹുമാനിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ കോടതികൾ വിശ്വാസം ശരിയോ അല്ലയോ എന്ന് തീരുമാനിക്കേണ്ട സ്ഥാപനം അല്ലല്ലോ. നീതി നടത്തി കൊടുക്കേണ്ടതാണ് അതിന്റെ ചുമതല.

പക്ഷേ മതവിശ്വാസങ്ങളുടെ പേരിൽ ഘോരമായ രക്തച്ചൊരിച്ചിലുകൾ ചരിത്രത്തിൽ നടന്നിട്ടുണ്ടെന്നു നമുക്കറിയാം. കഴിഞ്ഞ സഹസ്രാബ്ദത്തിന്റെ ആരംഭ ശതകങ്ങളിൽ ക്രിസ്ത്യാനികളുടെ പുണ്യഭൂമിയായ ജറുശലേം തുർക്കികളുടെ കൈവശം നിന്നും വീണ്ടെടുക്കാൻ ക്രിസ്ത്യാനികൾ നടത്തിയ എട്ട് കുരിശുയുദ്ധങ്ങളിൽ അനേകായിരം പേർ മരിച്ചു. കുരിശുയുദ്ധങ്ങളുടെ ആക്രമണങ്ങൾക്കുപിന്നിൽ ശത്രുക്കളുടെ സമ്പത്ത് അപഹരിക്കാൻ തീർഥയാത്രക്കാരായ സൈനികർ മറന്നില്ല. അധികാര വാഞ്ചയും അതിനു പിന്നിൽ ഉണ്ടായിരുന്നു.

ബാബറി മസ്ജിദ് തകർത്തതിന്റെ കുറ്റം ചുമത്തപ്പെട്ട ബിജെ പി നേതാക്കളുടെ പേരിൽ ഇപ്പോഴും ലക്നൗ കോടതിയിൽ കേസ് നടക്കുന്നുണ്ട്. നമ്മുടെ അഭയാ വധത്തെ സംബന്ധിച്ച കേസ്സ് പോലെ. ചില വ്യവഹാരങ്ങൾ വാദി പ്രതികളുടെ മരണത്തോട് മാത്രമേ അവസാനിക്കുകയുള്ളൂ. ശാസ്ത്രീയമായ തെളിവു വേണമെന്നു നിർബന്ധമുണ്ടെങ്കിൽ കാലതാമസം ഉണ്ടാകുന്നത് സ്വാഭാവികമാണ്. നമ്മുടെ കോടതിയിൽ ലക്ഷക്കണക്കിന് കേസുകൾ കെട്ടിക്കിടക്കുന്നു എന്നു പറയപ്പെടുന്നു. ലക്നൗ കോടതി വിധി പറഞ്ഞാൽ തന്നെ പിന്നീട് സുപ്രീംകോടതിയും ഉണ്ടല്ലോ. ചുരുക്കത്തിൽ പ്രതികൾ ശിക്ഷ അനുഭവിക്കുമെന്ന് തോന്നുന്നില്ല.

ശ്രീരാമൻ ജനിച്ചത് കൃത്യമായി ബാബറിമസ്ജിദ് നിന്ന സ്ഥലത്ത് തന്നെയെന്ന് ആർക്കും പറയാൻ സാധ്യമല്ല. ഒന്നാമത് ശ്രീരാമൻ ചരിത്രപുരുഷനാണോ എന്ന കാര്യം തർക്കവിഷയമാണ്. പുരാണകഥകളും ചരിത്രകഥകളും കൂട്ടികലർത്തിയാണ് നമ്മുടെ പാരമ്പര്യം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. വാല്മീകി രാമായണം നിർമ്മിച്ചു എന്നു മാത്രമല്ല അതിലെ ഒരു കഥാപാത്രം കൂടിയാണ്. ലവനും കുശനും രചിച്ച രാമായണം ശ്രീരാമനെ തന്നെ പാടികേൾപ്പിക്കുന്നുണ്ട്. ശ്രീരാമൻ ത്രേതായുഗത്തിലെ അവതാരമാണ്. നമ്മുടെ യുഗസങ്കല്പങ്ങൾക്ക് ചരിത്രത്തിന്റെ അടിസ്ഥാനമുണ്ടെന്നു സ്ഥാപിക്കാൻ പ്രയാസമാണല്ലോ. അയോധ്യയാണെങ്കിൽ മനു സൃഷ്ടിച്ച നഗരമെന്നാണ് വാല്മീകി പറയുന്നത്. ശ്രീരാമൻ ജനിച്ച സ്ഥലം കൃത്യമായി പറയുന്നില്ലെങ്കിലും ജനിച്ച നക്ഷത്രവും തീയതിയും ചില പാഠങ്ങളിൽ കൊടുത്തിട്ടുണ്ട്. ചൈത്രമാസത്തിലെ നവമിയിൽ പുണർതം നക്ഷത്രത്തിൽ ശ്രീരാമൻ ജനിച്ചു. ഏത് കൊല്ലമാണെന്ന് വ്യക്തമല്ല. നമുക്ക് അപ്പോൾ കലണ്ടർ ഉണ്ടോ എന്നും വ്യക്തമല്ല. അതുകൊണ്ട് തന്നെ ഹിന്ദുക്കൾ പരമ്പരയാ വിശ്വസിച്ചുവരുന്നത് അംഗീകരിക്കുകയേ നിവർത്തിയുള്ളൂ. ആ വിശ്വാസത്തെ ചോദ്യം ചെയ്യാൻ സുപ്രീംകോടതിക്കും അധികാരമില്ല. നീതിയും അനീതിയും തീരുമാനിക്കുമ്പോൾ യുക്തിയുടെ ആവശ്യം വേണ്ടിവരും. വിശ്വാസം പരിഗണിക്കുമ്പോൾ യുക്തി അപ്രസക്തമാണ്. ഇതോടെ പ്രശ്നങ്ങൾ എല്ലാം അവസാനിച്ചു എന്ന് പറയാറായിട്ടില്ല. സർക്കാരിന്റെ ആഭിമുഖ്യത്തിൽ ട്രസ്റ്റ് രൂപീകരിച്ചു ക്ഷേത്രം ഉണ്ടാക്കണമെന്ന തീരുമാനം സംഘർഷങ്ങളില്ലാതെ നടപ്പിലാക്കാൻ സാധ്യമല്ല. വിശ്വഹിന്ദു പരിഷത്തു ക്ഷേത്രത്തിനുവേണ്ടി കല്ലുകളും പണവും ശേഖരിച്ചിട്ടുണ്ട്. പണത്തിന്റെ കണക്കു ചോദിക്കാൻ ആരെങ്കിലും കാണും. പൊതുപണം കൈകാര്യം ചെയ്യാനുള്ള അധികാരത്തിന് വേണ്ടി അഹമഹമെന്ന മത്സരബുദ്ധിയോടെ മുന്നോട്ടു വരുന്നവരുണ്ടാകും. അയോധ്യ ഇനിയും അശാന്തമായി തുടർന്നാൽ അത്ഭുതമില്ല.

ഇവിടെ ഒരു വിരോധാഭാസമുണ്ട്. അയോധ്യ തലസ്ഥാനമായിരുന്ന കോസലരാജ്യം വിട്ട് കാട്ടിൽ പോയി പതിനാലു കൊല്ലം കഴിയാൻ ശ്രീരാമന് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. രാമജന്മ-ഭൂമി-ബാബറി മസ്ജിദ് തർക്കം പരിഹരിക്കാൻ വേണ്ടി ചെലവാക്കിയ പണത്തിനും ചിന്തിയ രക്തത്തിനും കണക്കില്ല. ആ പണത്തിന് വിശ്വാസമില്ല, രക്തത്തിന് മതമില്ല മതത്തിന്റെ കാതൽ അതിലെ ആദ്ധ്യാത്മികതയാണെന്ന മനസ്സിലാക്കിയിട്ടുള്ളവർ മതഭ്രാന്തന്മാരാവില്ല. അന്യരുടെ രക്തം ചിന്താൻ അവർ വിസമ്മതിക്കും. സെക്യൂലറിസ്സം മതത്തെ സർക്കാരിന്റെ പ്രവർത്തനങ്ങളുമായി കൂട്ടി കുഴക്കാതിരിക്കലാണ്. അയോധ്യയിൽ ട്രസ്റ്റ് ഉണ്ടാക്കി ക്ഷേത്രം പണിയുന്നത് കേന്ദ്രഗവൺമെന്റായിരിക്കണോ അതോ യോഗി ആദിത്യനാഥിന്റെ യു പി ഭരണകൂടമായിരിക്കണോ എന്ന തർക്കം ഇപ്പോൾ തന്നെ ഉയർന്നുകഴിഞ്ഞു, ഗവൺമെന്റിന്റെ പണം കൊണ്ടു ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ആയാലും ഹിന്ദുക്ഷേത്രം നിർമ്മിക്കുമ്പോൾ ആ പണത്തിൽ ക്രിസ്ത്യൻ പണവും മുസ്ലീംപണവും കൂട്ടികലരാതെ എങ്ങനെ ശ്രദ്ധിക്കും. ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള വടക്കുകിഴക്കൻ സംസ്ഥാനത്തിൽ ട്രസ്റ്റു ആക്കി ക്രിസ്ത്യൻപള്ളി നിർമ്മിക്കാൻ തുടങ്ങിയാൽ അതിനെ എതിർക്കാൻ കഴിയുമോ? കാശ്മീർ ഗവൺമെന്റ് ട്രസ്റ്റ് ഉണ്ടാക്കി മുസ്ലീംപള്ളി നിർമ്മിച്ചാൽ എന്ത് സംഭവിക്കും? ദശരഥൻ കൈകേകിയ്ക്ക് കൊടുത്ത വാക്ക് പാലിക്കാൻ വേണ്ടി രാജ്യം ത്യജിക്കാൻ തയ്യാറായ ശ്രീരാമന്റെ പേരിൽ എന്തെല്ലാം രാജ്യത്ത് നടക്കുന്നുവെന്ന് കാണുമ്പോൾ സെക്യൂലറിസത്തെക്കുറിച്ച് കൂലംകഷമായ പുനശ്ചിന്തനത്തിന് സമയമായെന്ന് തോന്നുന്നു.

*ലിബർഹാൻ കമ്മിഷൻ റിപ്പോർട്ട് അന്നത്തെ പ്രധാനന്ത്രി മൻമോഹൻ സിംഗിന് സമർപ്പിക്കുന്നു*

അയോധ്യയിൽ നിന്നു വളരെ ദൂരയല്ലാത്ത വാരണാസിയിൽ പതിനെഞ്ചാം നൂറ്റാണ്ടിൽ കബീർ എന്നൊരു മഹാൻ ജീവിച്ചിരുന്നു. അദ്ദേഹം ഹിന്ദുവോ മുസ്ലീമോ അല്ലായിരുന്നു. വസ്ത്രം നെയ്ത അദ്ദേഹം ഭക്ഷണത്തിന് വേണ്ട വരുമാനം ഉണ്ടാക്കി. ഹിന്ദുക്കളുടേയും മുസ്ലീങ്ങളുടേയും ബാഹ്യാചാരങ്ങളിലും വിശ്വാസങ്ങളിലും അദ്ദേഹത്തിന് താൽപര്യമില്ലായിരുന്നു. അവരുടെ കാപട്യത്തെ അദ്ദേഹം വിമർശിച്ചു. ഈശ്വരൻ എല്ലാവരുടെയും ഉള്ളിലുമുണ്ടെന്നും അതുകൊണ്ടു തന്നെ മനുഷ്യസാഹോദര്യമാണ് എല്ലാറ്റിനും വലിയ മൂല്യമെന്നും അദ്ദേഹം നാൽകവലയിൽ നിന്നും ഉദ്ബോധിപ്പിച്ചു. അദ്ദേഹം മരിച്ചപ്പോൾ ഹിന്ദുക്കളും മുസ്ലീങ്ങളും അദ്ദേഹത്തിന്റെ ശരീരത്തിന് വേണ്ടി കലഹിച്ചുവത്രെ. ഹിന്ദുക്കൾക്ക് ശരീരം ദഹിപ്പിക്കണം. മുസ്ലീങ്ങൾക്കു ശരീരം കബറടക്കണം. കഥ ഇങ്ങനെ അവസാനിക്കുന്നു. രണ്ടുകൂട്ടരും കബീർ മരിച്ചമുറിയിൽ പ്രവേശിച്ചപ്പോൾ അവർ കണ്ടത് കുറേ പുഷ്പങ്ങൾ മാത്രം!

കബീർ ഹിന്ദിയിലെ ആദ്യകാല കവികളിൽ ഏറ്റവും പ്രമുഖനായ ഒരു സിദ്ധനാണ്. ഹിന്ദി സാഹിത്യത്തിലെ നിർഗുണ ഭക്തി സമ്പ്രദായത്തിന്റെ ആചാര്യൻ, യഥാർത്ഥ സെക്യൂലറിസത്തിന്റെ മൂല്യങ്ങൾ നമുക്ക് അദ്ദേഹത്തിൽ നിന്നും പഠിക്കാനുണ്ട്. പള്ളിക്കും ക്ഷേത്രത്തിനും തമ്മിൽ വഴക്കിടുന്നവർ കബീറിനുവേണ്ടി ഒരു സ്മാരകമോ മ്യൂസിയമോ നിർമ്മിക്കാൻ ഒരുമ്പെട്ടാൽ അയോധ്യ ശാന്തമാകും.

■

അയോധ്യയിൽ ട്രസ്റ്റ് ഉണ്ടാക്കി ക്ഷേത്രം പണിയുന്നത് കേന്ദ്രഗവൺമെന്റായിരിക്കണോ അതേ യോഗി ആദിത്യനാഥിന്റെ യു പി ഭരണകൂടമായിരിക്കണോ എന്ന തർക്കം ഇപ്പോൾ തന്നെ ഉയർന്നുകഴിഞ്ഞു, ഗവൺമെന്റിന്റെ പണം കൊണ്ടു ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ആയാലും ഹിന്ദുക്ഷേത്രം നിർമ്മിക്കുമ്പോൾ ആപണത്തിൽ ക്രിസ്ത്യൻ പണവും മുസ്ലീംപണവും കൂട്ടികലരാതെ എങ്ങനെ ശ്രദ്ധിക്കും.

ലേഖനം

കെ അരവിന്ദാക്ഷൻ

*അയോധ്യ വിധിയറിയാൻ സുപ്രീംകോടതിക്ക് മുന്നിലെ ജനക്കൂട്ടം*

# അയോധ്യ വിധിയുടെ ഗാന്ധിയൻ അപനിർമ്മിതി

1982-ലാണ് സംഘപരിവാറിന്റെ പ്രമുഖ സംഘടനയായ വിശ്വഹിന്ദുപരിഷത്ത് രാമജന്മഭൂമി പ്രക്ഷോഭം ആരംഭിക്കുന്നത്. 1989-ൽ ലോകസഭാ തെരഞ്ഞെടുപ്പിന് മുമ്പായി ഭാരതീയ ജനതാപാർട്ടി അയോധ്യയിൽ ബാബ്റി പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് രാമക്ഷേത്രം പണിയുമെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചു. സുഷമ സ്വരാജ് 2000 ഏപ്രിൽ നാലിന് ഭോപ്പാലിൽ പറഞ്ഞത് രാമക്ഷേത്ര നിർമ്മാണത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നുണ്ട്. "രാമക്ഷേത്ര നിർമ്മാണം ദേശീയ ബഹുമതിയുടെ(National Honour) കാര്യമാണ്," "തീർത്തും രാഷ്ട്രീയ സ്വഭാവമുള്ളത്; മതവുമായി ഇതിന് യാതൊരു ബന്ധവുമില്ല". (04/04/2000: ടെലിഗ്രാഫ്: ഉദ്ധരണി: എ.ജി. നൂറാണി വാള്യം I - ബാബ്റി മസ്ജിദ് - 1528-2003 -2003). നൂറ്റിയറുപത് ദിവസങ്ങൾ നീണ്ട പുരാവസ്തു ഗവേഷണത്തിനൊടുവിൽ 7/8/2003-ൽ (ഹിന്ദു: 8/8/2003 - ഉദ്ധരണി: എ ജി നൂറാണി)ബാബ്റി മസ്ജിദ് തകർക്കപ്പെട്ട സ്ഥലത്ത് ഏതെങ്കിലും തരത്തിലുള്ള ഹിന്ദു ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്താൻ കഴിഞ്ഞില്ല. എന്നാൽ 17/3/2003-ൽ തന്നെ വിശ്വഹിന്ദു പരിഷത്ത് തങ്ങളുടെ നിലപാട് ഒരിക്കൽ കൂടി ആവർത്തിച്ചു. "രാമജന്മഭൂമി പ്രസ്ഥാനം വിശ്വാസത്തിന്റെ കാര്യമാണ്; കോടിക്കണക്കിന് ഹിന്ദുക്കളുടെ സ്വത്വത്തിന്റെ കാര്യമാണ്" (28/3/2003: ഹിന്ദു)

മുകളിൽ എഴുതിയതിൽ നിന്നും വളരെ സ്പഷ്ടമാണ് രാമ ക്ഷേത്ര നിർമ്മാണം സംഘപരിവാറിനെ സംബന്ധിച്ചിടത്തോളം വിശ്വാസത്തിന്റെ പ്രശ്നമാണ്. വിശ്വാസമാകട്ടെ രാഷ്ട്രീയത്തിലൂടെയേ നടപ്പാക്കാനാകൂ. അതായത് ആത്യന്തികമായും രാഷ്ട്രീയ പ്രശ്നമാണത്.

ഹിന്ദുത്വ ദേശീയതയ്ക്ക് 1980കൾക്ക് മുമ്പ് ശ്രീരാമനോ രാമജന്മഭൂമിയോ ഒന്നുമായിരുന്നില്ല. Creating a Nationalit (1995) എന്ന ഗവേഷണ ഗ്രന്ഥത്തിൽ (അശീഷ് നന്ദി, ശിഖ ത്രിവേദി, ഷയിൽ മായാറാം, ആചാര്യത് യാജ്ഞിക് എന്നിവർ ചേർന്നെഴുതിയത്) തൊണ്ണൂറാം പേജിൽ പറയുന്നു: ആദ്യകാലത്ത് ഹിന്ദുദേശീയതയ്ക്ക് രാമജന്മഭൂമി ഒരു വിഷയമേയായിരുന്നില്ല. സംഘപരിവാർ ബഹുമാനിക്കുന്നതായി അവകാശപ്പെടുന്ന ശിവജി മുതൽ വിവേകാനന്ദൻ വരെയും, ബാലഗംഗാധര തിലകൻ മുതൽ വി ഡി സവർക്കർ വരെയും ദീനദയാൽ ഉപാധ്യായയും ഒരിക്കൽ പോലും ബാബ്റി മസ്ജിദ് നശിപ്പിക്കണമെന്നോ മാറ്റണമെന്നോ ആവശ്യപ്പെട്ടിട്ടില്ല. രാമക്ഷേത്രം പോയിട്ട് ഏതെങ്കിലും ഒരു ക്ഷേത്രം നിർമ്മിക്കണമെന്ന് ആർ എസ്സ് എസ്സ് ഒരിക്കലും താൽപര്യം കാണിച്ചിട്ടില്ല. ഹിന്ദുദേശീയതയെ നിർവചിച്ചിരുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലെ

ഹൈന്ദവ പരിഷ്ക്കരണ മുന്നേറ്റങ്ങളാണ്. അതാകട്ടെ അടിസ്ഥാനപരമായും വിഗ്രഹ വിരുദ്ധതയുടേതായിരുന്നു. 1990കളിൽ രാമൻ ഒരു ബിംബമായി മാറുന്നത് വെറും രാഷ്ട്രീയ തന്ത്രത്തിന്റെ ഭാഗമായിട്ടാണ്. ഒപ്പം അധികാര ലാഭവും. ഏതെങ്കിലും തരത്തിലുള്ള മതതാല്പര്യമോ ദൈവശാസ്ത്രമോ വിശ്വാസപ്രമാണമോ അതിലൊന്നും ഇല്ലായിരുന്നു - അശീഷ് നന്ദി തുടങ്ങിയവർ വിലയിരുത്തുന്നു.

ഇത്തരുണത്തിൽ ഗാന്ധി ജീവിതത്തിൽ ഒരേ ഒരു തവണ നടത്തിയ ആർഎസ്സ്എസ്സ് ഓഫീസ് സന്ദർശനം ഓർമ്മിക്കുന്നത് രസകരമാണ്. ആർഎസ്സ്എസ്സിന്റെ ഓഫീസ് ചുമരുകളിൽ രണശൂരരായ ഹിന്ദുനേതാക്കളെ മാത്രം കാണാനിടയായ രാമഭക്തനായ ഗാന്ധി ചോദിച്ചുവത്രെ, എന്തുകൊണ്ട് രാമന്റെ ചിത്രം മാത്രമില്ല? അവിടെ സന്നിഹിതരായിരുന്ന ആർഎസ്സ്എസ്സിലെ മുതിർന്നവർ വിശദീകരിച്ചു. അവരുടെ ലക്ഷ്യം നടപ്പിലാക്കാൻ രാമനെപ്പോലെ സ്ത്രൈണനായ ഒരാളെക്കൊണ്ട് യാതൊരു പ്രയോജനവുമില്ല. സംഘപരിവാറിന്റെ രണോത്സുകമായ ആൺകോയ്മയ്ക്കു മുമ്പിൽ ഗാന്ധിയുടെ രാമന്റെ സ്ത്രൈണതയ്ക്ക് എന്തു വില!

*1986 ൽ ക്ഷേത്രം ഉറന്നുകൊടുത്ത കലാപത്തിന് വഴിയൊരുക്കിയ അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധി*

യൂറോപ്യൻ മാതൃകയിലുള്ള ആധുനിക സ്റ്റേറ്റിൽ മതേതരത്ത്വത്തെ വിരുദ്ധ ധ്രുവത്തിൽ സ്ഥാപിച്ച് രാഷ്ട്രീയലാഭത്തിലൂടെ അധികാരത്തിലെത്താൻ രാമനെ ഒരു പൗരുഷബിംബമാക്കി ഉപയോഗിക്കാൻ കഴിഞ്ഞതാണ് 1990കൾ മുതലുള്ള സംഘപരിവാറിന്റെ ചരിത്രം. അത് വളരെ നിഷ്ഠയോടെ, അത്യന്താധുനിക ഇലക്ട്രോണിക് മാധ്യമങ്ങളടക്കമുള്ള ഹൈവേകളുപയോഗിച്ച് അവർക്ക് സാധിച്ചു. ഇന്ത്യൻ മധ്യവർഗ്ഗിയും ചങ്ങാത്ത മുതലാളിത്തത്തിന്റെ കോർപ്പറേറ്റ് ഭീമന്മാരും അതിന് ഉള്ളറിഞ്ഞ് സഹായവും പിന്തുണയും നൽകി.

## ഹനുമാനിൽനിന്ന് പൗരുഷരാമനിലേക്ക്

1969-ൽ അഹമ്മദാബാദിൽ അഞ്ചാഴ്ചകളോളം നീണ്ട ഹിന്ദു-മുസ്ലീം വർഗീയ കലാപത്തിൽ രണ്ടായിരത്തിലധികം മനുഷ്യർ കൊല്ലപ്പെട്ടു. മുസ്ലീം ദർഗ്ഗകളും ശവകുടീരങ്ങളും തകർക്കപ്പെട്ടു. ഒരൊറ്റ രാത്രി കൊണ്ട് അവയിൽ പലതും കൽവിഗ്രഹങ്ങളുള്ള ഹനുമാൻ ക്ഷേത്രങ്ങളായി. 1990കളിൽ അദ്വാനിയുടെ രഥയാത്രയിൽ അഹമ്മദാബാദിലെ വർഗീയ കലാപത്തിൽ കുറച്ച് ദർഗ്ഗകൾ നശിപ്പിക്കപ്പെട്ടു. അഹമ്മദാബാദിലെ വരേണ്യമേഖലയിലെ നവരംഗപുരിയിൽ മദ്ധ്യകാലത്തെ ഒരു പ്രധാന ദർഗ്ഗ നാമാവശേഷമാക്കപ്പെട്ടു. 1990 ഒക്ടോബർ 30ന് 1969-ൽ ദർഗ്ഗകളും ശവകുടീരങ്ങളും തകർത്തത് സാമൂഹ്യവിരുദ്ധരെന്ന് വിശേഷിപ്പിക്കാവുന്ന വർഗ്ഗീയവാദികളായിരുന്നെങ്കിൽ 1990-ൽ മേൽ ജാതിയിലുള്ള വിദ്യാസമ്പന്നരായ മധ്യവർഗ്ഗിയുവാക്കളാണ് അത് ചെയ്തത്. ഈ യുവാക്കൾ തങ്ങളുടെ നേതാക്കളുടെ അനുമതിയോടും ആശീർവാദത്തോടും കൂടി ദർഗ്ഗ സ്ഥിതി ചെയ്തിരുന്ന അതേ സ്ഥലത്ത് സിമന്റുകൊണ്ട് ഒരു രാമക്ഷേത്രം നിർമ്മിച്ചു. ഗുജറാത്ത് സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ടില്ല. ഗുജറാത്തി മാധ്യമങ്ങളും മിണ്ടിയില്ല. ദേശീയ ഹിന്ദുവിന്റെ 1969-ൽ നിന്നുള്ള 1990ലേക്കുള്ള മാറ്റം - ഹനുമാനിൽ നിന്ന് രാമനിലേക്ക്- ശ്രദ്ധേയമാണ്. ഗുജറാത്ത് രാഷ്ട്രീയ ഹിന്ദുവിന്റെ ആദ്യത്തെ പരീക്ഷണശാലയായി കണക്കാക്കാം. തീർച്ചയായും 1974-ലെ ജയപ്രകാശ് നാരായണന്റെ നവനിർമ്മാൺ പ്രസ്ഥാനം 1977-ൽ

ഗാന്ധി ജീവിതത്തിൽ ഒരേ ഒരു തവണ നടത്തിയ ആർഎസ്സ്എസ്സ് ഓഫീസ് സന്ദർശനം ഓർമ്മിക്കുന്നത് രസകരമാണ്. ആർഎസ്സ്എസ്സിന്റെ ഓഫീസ് ചുമരുകളിൽ രണശൂരരായ ഹിന്ദുനേതാക്കളെ മാത്രം കാണാനിടയായ രാമഭക്തനായ ഗാന്ധി ചോദിച്ചുവത്രെ, എന്തുകൊണ്ട് രാമന്റെ ചിത്രം മാത്രമില്ല?



*ഗാന്ധിജി*

കോൺഗ്രസ്സിന്റെ ആധിപത്യം ഗുജറാത്തിൽ താൽക്കാലികമായി അവസാനിപ്പിച്ചു. എന്നാൽ, 1980-ൽ ഇന്ദിരാഗാന്ധി ക്ഷത്രിയർ, ഹരിജനങ്ങൾ, ആദിവാസികൾ, മുസ്ലീംങ്ങൾ എന്നിവരെ ഒന്നിപ്പിച്ച് അധികാരം പിടിച്ചെടുത്തു ഗുജറാത്തിൽ. 1981-ൽ വിദ്യാസമ്പന്നരായ ബ്രാഹ്മണ-ബനിയ-പട്ടേൽ മധ്യവർഗികൾ സംവരണ പ്രക്ഷോഭം അഴിച്ചുവിട്ടു. ഇന്ത്യയിൽ ആദ്യമായി ജാതികൾ തമ്മിലുള്ള സംഘർഷം കണ്ടു, അഹമ്മദാബാദ് നഗരത്തിൽ. 1984-ലെ സംവരണ വിരുദ്ധ പ്രക്ഷോഭവും ദളിതർക്കെതിരായിരുന്നു. 1981-ൽ ബിജെപി ദളിത് വിരോധം പുലർത്തുന്നത് തെരഞ്ഞെടുപ്പിൽ ഗുണം ചെയ്തില്ലെന്ന് തിരിച്ചറിഞ്ഞു. 1984, 85,86,87 വർഷങ്ങളിൽ വിശ്വഹിന്ദുപരിഷത്തിന്റെയും അഖില ഭാരതീയ വിദ്യാർത്ഥി പരിഷത്തിന്റെയും സഹായത്തോടെ സാമ്പത്തികമായും സാമൂഹ്യമായും പിന്നാക്കം നിൽക്കുന്നവരെ തങ്ങളുടെ ഭാഗമാക്കി ബിജെപി.

1986-ൽ ജഗന്നാഥ ക്ഷേത്രത്തിലേക്കുള്ള രഥയാത്രയിൽ അഹമ്മദാബാദിൽ പൊട്ടിപ്പുറപ്പെട്ട സംഘർഷങ്ങളിൽ ദളിതരും മുസ്ലീങ്ങളും പരസ്പരം കൊല്ലുന്നതാണ് നാം കണ്ടത്. 1980കളുടെ മദ്ധ്യത്തോടെ സവർണരും പിന്നാക്കക്കാരും ദളിതരും ആദിവാസികളും വിശ്വഹിന്ദുപരിഷത്തിന്റെ ഭാഗമായി. വേരുകൾ നഷ്ടപ്പെട്ട നഗരത്തിലെ Lowermiddle middleClass വിഭാഗത്തിലെ ഹിന്ദുക്കൾക്കും ഹിന്ദുത്വ ഐഡിയോളജി തങ്ങളുടെ സാംസ്കാരിക നഷ്ടം പരിഹരിക്കുന്ന അഭയകേന്ദ്രമായി. 1990ൽ സോമനാഥിൽ നിന്ന് അയോധ്യയിലേക്കുള്ള അദ്വാനിയുടെ രഥയാത്ര പ്രഖ്യാപിച്ചത് അക്കാലത്തെ ബിജെപി സെക്രട്ടറിയായിരുന്ന നരേന്ദ്ര മോദിയാണ്. അതോടെ രാമജന്മഭൂമി സംഘപരിവാറിന്റെ രാഷ്ട്രീയകർമ്മക്ഷേത്രമായി. ശ്രീരാമൻ അധികാരത്തിലേക്കുള്ള കുറുക്കുവഴിയും.

1990 ഒക്ടോബർ മുപ്പതിനാണ് ആർഎസ്സ്എസ്സിലെയും വിഎച്ച്പിയിലെയും എബിവിപിയിലെയും ബിജെപിയിലെയും ബജ്റംഗ് ദളിലെയും മൂവായിരത്തിൽ കവിയാത്ത ആൾക്കൂട്ടം അയോധ്യയിൽ ഒത്തുകൂടിയത്. രാമന്റെ ഒരേ ഒരു ജന്മസ്ഥലമായ അയോധ്യയിലെ ബാബ്റി പള്ളി സ്ഥിതി ചെയ്തിരുന്ന സ്ഥലം വിമോചിപ്പിക്കുവാൻ ആഹ്വാനം നൽകി. വിക്രമാദിത്യ ചക്രവർത്തി നിർമ്മിച്ച രാമക്ഷേത്രം മുഗൾചക്രവർത്തി ബാബറുടെ വിശ്വസ്തൻ മാർബകി 1520-ൽ അശുദ്ധമാക്കി നശിപ്പിച്ചതാണെന്ന് അവർ പ്രഖ്യാപിച്ചു.

ഷാബാനു കേസ്സിലെ സുപ്രീം കോടതി വിധിയിൽ അതൃപ്തരായ മുസ്ലീം നേതാക്കന്മാരെ പ്രീണിപ്പിക്കാൻ രാജീവ് ഗാന്ധി പാർലിമെന്റിൽ നിയമം കൊണ്ടുവന്നു. മുസ്ലീം പ്രീണനത്തിന് പകരമായി 1986-ൽ രാജീവ് ഗാന്ധിയാണ് ഹിന്ദു പ്രീണനത്തിനായി ബാബ്റി പള്ളിയിൽ ഒരു ഭാഗത്തായി സ്ഥിതി ചെയ്തിരുന്നതും 1949 മുതൽ പൂട്ടിക്കിടന്നിരുന്നതുമായ ഒരു സാധാരണ ക്ഷേത്രം ദർശനത്തിനായി തുറന്ന് കൊടുത്തത്. മുസ്ലീമിനെയും ഒപ്പം ഹിന്ദുവിനെയും ഒന്നിച്ചു പ്രീണിപ്പിക്കാൻ രാജീവ്ഗാന്ധി നടത്തിയ ശ്രമമാണ് വാസ്തവത്തിൽ, കോൺഗ്രസ്സിന്റെ അന്തകനായി മാറിയത്. അന്നുമുതലാണ് ഇന്ത്യയിൽ ചോരപ്പുഴയൊഴുക്കി നമ്മുടെ രാജ്യത്തിന്റെ ഉറക്കം കെടുത്തിയത്.

ഏതാണ്ട് മൂന്നര പതിറ്റാണ്ടായി ഇന്ത്യൻ റിപ്പബ്ളിക്കിലെ ജനങ്ങൾ പരസ്പരം വെട്ടിക്കീറി ചോര ചിന്തിയതിന് ഒരു പരിഹാരമായിട്ടാണ് 2019 നവംബർ ഒമ്പതിന് സുപ്രീം കോടതിയുടെ അഞ്ചംഗ ബഞ്ച് ഹിന്ദുക്കൾക്ക് ബാബ്റി പള്ളി സ്ഥിതി ചെയ്തിരുന്ന സ്ഥലം രാമക്ഷേത്രം നിർമ്മിക്കാൻ അനുമതി നൽകിയും അയോധ്യയിൽ തന്നെ അഞ്ചേക്കർ സ്ഥലം മുസ്ലീങ്ങൾക്ക് പള്ളി പണിയാൻ അനുവദിച്ചും ഉത്തരവിട്ടത്. സുപ്രീം കോടതി വിധിയോടെ ഈ പ്രശ്നത്തിന് ശാശ്വതപരിഹാരമായി എന്ന് സ്വയം വിശ്വസിപ്പിക്കാൻ ശ്രമിക്കുകയാണ് ഇന്ത്യയിലെ സാധാരണ പൗരന്മാർ. ഇതിന്റെ ന്യായാന്യായങ്ങളിലേക്ക് കടക്കുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല.

എന്നാൽ സൂക്ഷിച്ച് നോക്കിയാൽ സ്വാഭാവികമായും

*എൽ കെ അദ്വാനി നേതൃത്വം നൽകിയ രഥയാത്ര*

ഈ വിധി ഭൂരിപക്ഷ സമുദായത്തിന് അനുകൂലമായ ഒന്നായി കാണാം. അത് അങ്ങനെയേ സംഭവിക്കുയെന്ന് 2019-ൽ വൻഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്ന ബിജെപിയുടെ ഒന്നാം ദിവസം മുതലുള്ള ചെയ്തികൾ പരിശോധിച്ചാലറിയാം. 2014- മുതൽ നമ്മുടെ ജനാധിപത്യ സ്ഥാപനങ്ങളുടെ ശോഷണം മുമ്പെങ്ങുമില്ലാത്തവിധം വേഗത്തിലാണ്. 2019 മേയ് മുതൽ അത് ദ്രുതഗതിയിലാണ്. ഭയത്തിന്റെ ഒരു വലിയ നെറ്റിനുള്ളിൽ ഇന്ത്യൻ റിപ്പബ്ലിക് കുടുങ്ങിയ പോലെയാണ്. മാധ്യമങ്ങൾ, അക്കാദമികൾ, സർക്കാർ ഏജൻസികൾ, സർവകലാശാലകൾ, ശാസ്ത്രീയ പരീക്ഷണശാലകൾ, എന്ന് തുടങ്ങി സോഷ്യൽ മീഡിയ, ഇന്റർനെറ്റ് അടക്കം ഭയത്തിന്റെ വലയ്ക്കുള്ളിലാണ്, വ്യക്തിയുടെ സ്വാതന്ത്ര്യവും സ്വകാര്യതയും തമസ്കൃതമായ അവസ്ഥയിലാണ്. ഗാന്ധിയെപ്പോലുള്ളവർ ജനാധിപത്യ ആവാസ വ്യവസ്ഥയിൽ ജീവിതകാലം മുഴുവൻ ഉയർത്തിപ്പിടിച്ചിരുന്നതും ജീവിതം മുഴുവൻ പോരാടിയിരുന്നതും വ്യക്തിയുടെ ഉണ്മ നിലനിർത്താനായിട്ടാണ്. പൗരന്റെ അവസാന അഭയകേന്ദ്രമായിരുന്ന ഉന്നത നീതിപീഠത്തിന്റെ മേൽപ്പോലും ഭയത്തിന്റെ കരിനിഴൽ വീണതായി തോന്നും, 2019 ലെ പല വിധിന്യായങ്ങളും വായിക്കുമ്പോൾ? അയോധ്യ വിധിയിലും സുപ്രീംകോടതി ഉയർത്തിപ്പിടിച്ചത് ഭരണഘടനയിലെ നിയമങ്ങളെയല്ലായെന്നു അവർ തന്നെ പറയുന്നുണ്ട്. Faith അഥവാ വിശ്വാസമാണ് ഈ വിധിയിൽ തങ്ങളെ നയിച്ചതെന്ന് അവർ ആശ്വസിക്കുന്നുണ്ട്. ഈ വിശ്വാസത്തെക്കുറിച്ചാണ് ആദ്യം മുതൽ വിശ്വഹിന്ദുവും മറ്റും പറഞ്ഞു കൊണ്ടിരുന്നത്. ആരുടെ Faith എന്ന ചോദ്യത്തിന് ഒന്നുകിൽ ഹിന്ദുവിന്റെ അല്ലെങ്കിൽ മുസ്ലീമിന്റെ. തീർച്ചയായും കൂടുതൽ രക്തം ഒഴുകാതിരിക്കാൻ ഭരണഘടനയുടെ നിയമാവലികൾ അപഗ്രഥിച്ച് സ്വയം ആശ്വസിപ്പിച്ച് ജനങ്ങളെ ആശ്വസിപ്പിച്ച് അവർ രാമക്ഷേത്രം പണിയാൻ ബാബ്റി പള്ളി സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് ഹിന്ദുക്കൾക്ക് അനുമതി നൽകുകയാണ്. മറ്റൊരു ഗാന്ധിയൻ വഴിയുണ്ടെന്ന് അവരിൽ ഒരാളെങ്കിലും ചിന്തിച്ചു പോലുമില്ലായെന്നത് ഒരു ഗാന്ധിയൻ വിദ്യാർത്ഥിയെന്ന നിലയിൽ എന്നെ വേദനിപ്പിക്കുന്നു.

> 1990ൽ സോമനാഥിൽ നിന്ന് അയോധ്യയിലേക്കുള്ള അദ്വാനിയുടെ രഥയാത്ര പ്രഖ്യാപിച്ചത് അക്കാലത്തെ ബിജെപി സെക്രട്ടറിയായിരുന്ന നരേന്ദ്ര മോദിയാണ്. അതോടെ രാമജന്മഭൂമി സംഘപരിവാറിന്റെ രാഷ്ട്രീയ കർമ്മക്ഷേത്രമായി. ശ്രീരാമൻ അധികാരത്തിലേക്കുള്ള കുറുക്കുവഴിയും

## ഗാന്ധിയുടെ രാമൻ

1949-ൽ രാമന്റേതടക്കമുള്ള ഹിന്ദുവിഗ്രഹങ്ങൾ രാത്രിയുടെ മറവിൽ ബാബ്റി പള്ളിയിലേക്ക് ഒളിച്ചു കടത്തിയത് തെറ്റായിപ്പോയെന്നും 1992- ൽ പള്ളി തകർത്തത് നിയമവിരുദ്ധമാണെന്നും ഉന്നത നീതിപീഠം സമ്മതിക്കുന്നുണ്ട്. ബാബ്റി പള്ളിയുടെ നിർമ്മാണത്തിനു മുമ്പുള്ള കാലത്ത് അവിടെയുണ്ടായിരുന്ന ഏതെങ്കിലുമൊരു ക്ഷേത്രം പൊളിച്ചതായി യാതൊരു രേഖയുമില്ലെന്ന് നീതിപീഠം സമ്മതിക്കുന്നുണ്ട്. വാൽമീകി രാമായണത്തിലോ തുളസീദാസ രാമായണത്തിലോ രാമന്റെ ജന്മസ്ഥലത്തെപ്പറ്റി

ഹിന്ദുസാക്ഷികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്നും കോടതി രേഖപ്പെടുത്തുന്നു. എന്നാൽ വിശ്വാസിയുടെ വിശ്വാസത്തിൽ കവിഞ്ഞ് ജുഡീഷ്യറിയ്ക്കും പോകേണ്ടതില്ലെന്ന് ആശ്വസിച്ചാണ് ഉന്നതനീതിപീഠം ഹിന്ദുക്കൾക്ക് രാമക്ഷേത്ര നിർമ്മിതിക്ക് ബാബ്റി പള്ളിയുടേതായിരുന്നെന്ന് അവകാശപ്പെടുന്ന സ്ഥലം കൊടുക്കുന്നത്.

**സംഘപരിവാറിന്റെ രാമൻ വെറും രാഷ്ട്രീയ വില്പനചരക്കാണെന്നും അതിന്റെ മൂലം യൂറോപ്യൻ സ്റ്റെയിറ്റിന്റെയും അതിന്റെ ഒരുല്പന്നമായ ഫാസിസത്തിന്റെയും ഭാഗമാണെന്നും ആനന്ദടക്കമുള്ളവർ പറഞ്ഞിരുന്നെങ്കിൽ! അതെ, രാമധാഹ്രവിനെ മോചിപ്പിക്കുകയാണ്, രാമജന്മഭൂമിയുടെ. ചോരയിൽനിന്ന്, ഗാന്ധിയൻ മൂല്യങ്ങളെക്കുറിച്ച് ബോധമുള്ള ഓരോ പൗരന്റെയും കടമ.**

## ഗാന്ധിയായിരുന്നെങ്കിൽ

1917-ൽ ചമ്പാരൻ സത്യാഗ്രഹത്തിൽ ബ്രിട്ടീഷ് സർക്കാർ ഗാന്ധിയെ അറസ്റ്റ് ചെയ്ത് കോടതിയിലെത്തിച്ചു. ഗാന്ധി നിയമലംഘനം നടത്തിയെന്നാരോപിച്ച്. ഗാന്ധി തന്റെ വാദം ഉപസംഹരിച്ചതിങ്ങനെയാണ്. "എനിക്ക് കിട്ടാവുന്ന ശിക്ഷ ഏതെങ്കിലും തരത്തിൽ മയപ്പെടുത്താൻ വേണ്ടിയല്ല ഇങ്ങനെയൊരു പ്രസ്താവനക്ക് മുതിർന്നത്. ഞാൻ നിയമം ലംഘിച്ചത് നിയമപരമായ അധികാരത്തോടുള്ള അനാദരവു കൊണ്ടല്ല. അസ്തിത്വത്തിന്റെ അത്യന്നത നിയമമായ മനഃസാക്ഷിയുടെ വചനം അനുസരിക്കാൻ വേണ്ടിയാണെന്ന് വെളിപ്പെടുത്താനാണ്."

മനഃസാക്ഷിയുടെ നിയമം ഗാന്ധിക്ക് ദൈവനിയമം കൂടിയാണ്. ഈ ദൈവനിയമം ഗാന്ധിക്ക് രാമധാതുവാണ്. സത്യമാണ്. ഈ സത്യത്തെ മുറുകെപ്പിടിച്ചാണ് ഗാന്ധി ജീവിതകാലം മുഴുവൻ അനീതിയ്ക്കെതിരെ, അധികാരികൾക്കെതിരെ, നീതിപീഠങ്ങൾക്കെതിരെ, അസമത്വത്തിനെതിരെ തന്റെ ജീവിതം കൊണ്ട് പോരടിച്ചത്.

'രാമചരിതമാനസ' ത്തിലെ ഒരു പ്രധാന ഭാഗം കേൾക്കണോ. "രാമൻ രഥമില്ലാതെയും രാവണൻ രഥമോടിച്ചും യുദ്ധക്കളത്തിൽ വരുന്നത് കണ്ട് വിഭീഷണന് മനഃക്ലേശമുണ്ടായി. രാമന്റെ പാദം സ്പർശിച്ച് അദ്ദേഹം സ്നേഹപൂർവ്വം ചോദിച്ചു:"പ്രഭോ, രഥരഹിതനായും നഗ്നപാദനായും അങ്ങ് എങ്ങനെ ഇത്രയും ധീരനും ശക്തനുമായ എതിരാളിയെ തോൽപ്പിക്കും?" പരമകാരുണികനായ രാമൻ പറഞ്ഞു: "സ്നേഹിതാ, ശ്രദ്ധാപൂർവ്വം കേൾക്കുക. വിജയത്തിലേക്ക് നയിക്കുന്ന രഥം മറ്റൊരു തരത്തിലുള്ളതാണ്. നെഞ്ചുറപ്പും സഹനശക്തിയുമാണ് ആ രഥത്തിന്റെ ചക്രങ്ങൾ. സത്യസന്ധതയും ധാർമ്മികമായ പെരുമാറ്റവുമാണ് അതിന്റെ കൊടിക്കൂറ. വിവേകം, ആത്മനിയന്ത്രണം, പരസ്നേഹം, ആത്മധൈര്യം എന്നിവയാണതിന്റെ നാലു കുതിരകൾ. സഹിഷ്ണുതയും കാരുണ്യവും സമചിത്തതയും കൊണ്ടുള്ള ഞാണുകൾ കൊണ്ടാണ് ആ കുതിരകൾ നിയന്ത്രിതമാകുന്നത്.

പ്രിയ സ്നേഹിതാ, വിജയത്തിന് ഇതല്ലാതെ മറ്റൊരു മാർഗ്ഗമില്ല. ആ ധർമ്മരഥം ആർക്കുണ്ടോ അയാൾക്ക് ഒരിടത്തും ഒരു ശത്രുവിനെയും കീഴടക്കാനില്ല."

താനൊരു സനാതന ഹിന്ദുവാണെന്ന് ആവർത്തിച്ച് വിശേഷിപ്പിച്ച ഗാന്ധിയുടെ രാമൻ മേൽപറഞ്ഞ വരികളിലുണ്ട്. ആർഎസ്സ്എസ്സും സംഘപരിവാറും രാഷ്ട്രീയ ലാഭത്തിനായി വൈകാരികമായി ആ ബിംബത്തെ പൊലിപ്പിച്ചെടുക്കുന്നു എന്ന് മാത്രം. ആ രാമനല്ല, ഗാന്ധിയുടെയും നമ്മുടെയും രാമൻ. ഗാന്ധിയിൽ രാമൻ സത്യധാതുവാണ്. അഹിംസയെന്ന ചേതനമായ ക്രിയയാണ്.

1928 മാർച്ച് മുപ്പതിലെ 'ഹരിജനി' ൽ ഗാന്ധി: "നമ്മൾ പാടുന്ന രാമൻ വാല്മീകിയുടെയോ ഇങ്ങെയറ്റം തുളസിയുടെയോ (ദാസ്) രാമനല്ല.... ഈ രാമൻ ദശരഥന്റെ പുത്രനോ സീതാപതിയോ അല്ല. വാസ്തവത്തിൽ ഈ രാമൻ ശരീരമുള്ളവനല്ല. ഏതോ വർഷത്തിൽ... ചൈത്രമാസത്തിലെ ഒമ്പതാം നാളിൽ ജനിച്ച രാമനല്ല ഇത്. അദ്ദേഹം ജന്മരഹിതനാണ്. അദ്ദേഹം സ്രഷ്ടാവാണ്. പ്രപഞ്ചത്തിന്റെ നാഥനാണ്."

വീണ്ടും 1929 സെപ്തംബർ പത്തിലെ 'യങ്ങ് ഇന്ത്യ' യിൽ ഗാന്ധി: "രാമരാജ്യം കൊണ്ട് അർത്ഥമാക്കുന്നത് ഒരു ഹിന്ദു രാജ്യമല്ല. അത് ദിവ്യമായ ഭരണമാണ്. ദൈവരാജ്യം. എനിക്ക് രാമനും റഹീമും ഒരേ ദിവ്യത്വത്തിന്റെ ഭാഗമാണ്. സത്യവും ധർമ്മവുമല്ലാതെ മറ്റൊരു ദൈവത്തെയും ഞാൻ തിരിച്ചറിയുന്നില്ല."

മറ്റൊരിക്കൽ ഗാന്ധി പറഞ്ഞു: "നിങ്ങൾക്കെന്നെ

*അയോധ്യയിലെ തീർഥാടകരെ കാത്തിരിക്കുന്ന*

കൊല്ലാം. എന്റെ മുഖത്ത് തുപ്പാം. പക്ഷേ, ഞാനെന്റെ അവസാന ശ്വാസം വരെയും രാമ-റഹീം, കൃഷ്ണ-കരീം എന്നാ വർത്തിച്ചുകൊണ്ടിരിക്കും.'

1948 ജനുവരി മുപ്പതിന് ഗാന്ധിയെ ഭൗതികമായി ഉന്മൂലനം ചെയ്തവർ 1992 ഡിസംബർ ആറിന് ബാബ്റി പള്ളി നിലംപരിശാക്കിയപ്പോൾ രാമനെന്ന ദൈവധാതുവിനെ ഡൈനാമിട്ട് വെച്ച് ഇന്ത്യൻ മണ്ണിൽ നിന്നും എന്നന്നേക്കുമായി ഇല്ലാതാക്കാമെന്ന് വ്യാമോഹിച്ചു. പക്ഷേ, രാമധാതുവായ ദൈവധാതു ഒരിക്കലും നമ്മുടെ മണ്ണിൽ നിന്ന് മാഞ്ഞുപോകില്ല. അത് സത്യമായതിനാൽ എപ്പോഴും, ഏത് നിമിഷവും പൊട്ടിക്കിളിർത്തു കൊണ്ടിരിക്കും. അധികാരികളറിയാതെ ഏത് അന്വേഷണ ഏജൻസിക്കും അത് കണ്ടെത്താനാവില്ല. ഇന്ത്യൻ മണ്ണിന്റെ സാംസ്കാരിക ധാതു വന്നത്. ആത്മീയ ധാതു വന്നത്.

ചരിത്രകാരനായ എ കെ രാമാനുജൻ വ്യത്യസ്തങ്ങളായ മുന്നൂറ് രാമായണങ്ങളെക്കുറിച്ച് പറയുന്നുണ്ട്. (കമ്മ്യൂണലിസം കോമ്പാറ്റ്. മേയ് 2008) വിവിധങ്ങളായ രാമായണങ്ങളെക്കുറിച്ച് ഉപന്യസിക്കുന്നുണ്ട്. തെക്കനേഷ്യയിലും തെക്കുകിഴക്കൻ ഏഷ്യയിലും വ്യത്യസ്ത ജനസമൂഹങ്ങൾ വിവിധ ഭാഷകളിൽ, സാംസ്കാരിക പുരാവൃത്തങ്ങളിൽ, 2500 വർഷങ്ങളായി രാമായണകഥ പാടി നടക്കുന്നുണ്ട്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ധാർമ്മികതയുടെയും നീതിയുടെയും സമത്വത്തിന്റെയും ചമൽക്കാരങ്ങളാണവ. ജനാധിപത്യ പരീക്ഷണങ്ങൾക്കു മുമ്പ് ഇന്ത്യയടക്കമുള്ള സമൂഹങ്ങളിൽ വേരോടിയിരുന്ന മാനവീകതയുടെയും പരജീവി സ്നേഹത്തിന്റെയും പരമോന്നത ഗാഥകൾ. ഓരോ കഥയും വിഭിന്നമാണ്. ഓരോ രാമനും. ഓരോ രാമനും ഓരോ രാമകഥകളാണ്. എന്തുകൊണ്ട് ഓരോ ദേശക്കാർക്കും തങ്ങളുടെ ദേശത്താണ് രാമൻ ജനിച്ചതെന്ന് പറഞ്ഞുകൂടാ, ജന്മമുള്ള രാമനാണ് അവർ പാടുന്നതെങ്കിൽ. എങ്ങിനെയാണ് ഒരു നീതിപീഠത്തിന് ജനനമരണങ്ങളില്ലാത്ത ദൈവധാതുവെന്ന് ഗാന്ധി വിശേഷിപ്പിച്ച രാമൻ ജനിച്ചത് ബാബ്റി പള്ളിയുടെ ഒരു ഗോപുര കുംഭത്തിന് താഴെയാണെന്ന് സമർത്ഥിക്കാനാവുക? വിശ്വാസത്തിന്റെ പേരിലായാൽ പോലും!!.

അസമീസ്, ബംഗാള, കമ്പോഡിയൻ, ചൈനീസ്, ഗുജറാത്തി, ജാപ്പനീസ്, കന്നഡ, കാശ്മീരി, കോട്ടനീസ്, ലാവേഷ്യൻ, മലേഷ്യൻ, മറാത്തി, ഒറിയ, സംസ്കൃതം, സന്താളി, സിംഹളീസ്, തമിഴ്, തെലുങ്ക്, തായ്, തിബറ്റൻ എന്നു തുടങ്ങി എത്രയെത്ര ഭാഷകളിൽ രാമകഥയുണ്ട്. ഓരോന്നും വ്യത്യസ്ത നാടകമായും നൃത്തമായും നാടോടിക്കഥയായും നിഴൽനാടകങ്ങളായും വാമൊഴി പാട്ടുകളായും ജനമനസ്സുകളിലുണ്ട്.

നമ്മുടെ ഭാഷാപിതാവ് തുഞ്ചത്തെഴുത്തച്ഛന്റെ രാമായണം ഹിന്ദുവിന്റെ ഭക്തികാവ്യമായിട്ടല്ല മലയാളി കണക്കാക്കിയിട്ടുള്ളത്. കൊളോണിയൻ അധിനിവേശവും തദ്ദേശീയ ഭരണാധികാരികളുടെ ക്രൂരതകളും കൊണ്ട് പൊറുതിമുട്ടിയ സാധാരണക്കാരന്റെ വ്യഥകളും വേദനകളും നീറ്റലും എഴുത്തച്ഛന്റെ ഹൃദയത്തിൽ ഉരുകിയുരുകി ദർശനമായും വിലാപമായും

*അയോധ്യയിൽ സരയൂ നദിയിൽ ആരതി അർപ്പിക്കുന്നതിനുള്ള സമയം അറിയിക്കുന്ന ഫലക കമാനം*

കോപമായും ഭക്തിയായും ആത്മീയതയായും രൂപപ്പെട്ടതാണ് രാമായണത്തിലെ ഓരോ അക്ഷരവും. അതിന് ജാതിഭേദങ്ങളില്ല. മനുഷ്യന്റെ തുടിക്കുന്ന കഥയാണത്. രാമകഥയുടെ അനന്ത മുഖങ്ങളും സന്ദർഭങ്ങളും ശോഭിക്കുന്ന ഒരു മഹത് ഗ്രന്ഥമാണ് ഫാദർ കാമിൻ ബുൽകെയുടെ രാമകഥ. (മലയാള വിവർത്തനം. അഭയദേവ് 1978) ഇവിടെ ചില കഥകളിൽ രാമൻ സീതയുടെ പതിയല്ല. രാവണന്റെ സഹോദരിയാണ് ചിലതിൽ.

ആനന്ദ്, എം എൻ കാരശ്ശേരിയുമായുള്ള ദീർഘ അഭിമുഖത്തിൽ (വർത്തമാനകാല വർത്തമാനങ്ങൾ: ഡിസി ബുക്സ് 2019) ഗാന്ധിയുടെ രാമരാജ്യ പ്രയോഗങ്ങളാണ്, സംഘപരിവാറിന് രാമജന്മഭൂമി രാഷ്ട്രീയ ആയുധമാക്കാൻ കാരണമായതെന്ന് പറയുന്നുണ്ട്. ഗാന്ധിയുടെ അത്യന്നത മൂല്യവ്യവസ്ഥയെ ഇന്നിന്റെ ആവശ്യമാണെന്ന് പറഞ്ഞ് നിർത്തിയിടത്തു നിന്നാണ് ആനന്ദ് 'രാമജന്മഭൂമി' വിവാദത്തിന്റെ കാരണമായി ഗാന്ധിയെ സൂചിപ്പിക്കുന്നത്. ഞാനേറെ ആദരിക്കുന്ന ആനന്ദിന്റെ സൂചനകൾ നിസ്സാരവും ബാലിശവുമാണ്. ഇന്ത്യയുടെ വിവിധ സംസ്കൃതികളിൽ അലിഞ്ഞു ചേർന്ന ഒരു ക്രിയാധാതുവായ രാമനെ ദേശീയ സ്വാതന്ത്ര്യസമരത്തിൽ സന്നിവേശിപ്പിച്ചത്, ഇന്ത്യൻ ജനതയുടെ ഹൃദയസ്പന്ദനം ഗാന്ധി മനസ്സിലാക്കിക്കൊണ്ടാണ്. ഗാന്ധിയ്ക്കത് തന്റെ മൂല്യ

വ്യവസ്ഥിതിയുടെ പ്രാണവായുവാണ്. ഗാന്ധിയെ തങ്ങളുടെ അധികാര വ്യവഹാരത്തിനായി തട്ടിയെടുത്തതു പോലെത്തന്നെയാണ് ഗാന്ധിയുടെ രാമധാതുവിനെയും സംഘപരിവാർ ഉപയോഗിക്കുന്നത്. സംഘപരിവാറിന്റെ രാമൻ വെറും രാഷ്ട്രീയ വില്പനചരക്കാണെന്നും അതിന്റെ മൂലം യൂറോപ്യൻ സ്റ്റെയിറ്റിന്റെയും അതിന്റെ ഒരുല്പന്നമായ ഫാസിസത്തിന്റെയും ഭാഗമാണെന്നും ആനന്ദടക്കമുള്ളവർ പറഞ്ഞിരുന്നെങ്കിൽ! അതെ, രാമധാതുവിനെ മോചിപ്പിക്കുകയാണ്, രാമജന്മഭൂമിയുടെ. ചോരയിൽനിന്ന്, ഗാന്ധിയൻ മൂല്യങ്ങളെക്കുറിച്ച് ബോധമുള്ള ഓരോ പൗരന്റെയും കടമ.

ഗാന്ധിക്ക് രാമൻ അഹിംസയുടെ അവതാരമാണ്, ബുദ്ധനെപ്പോലെ. "രാമൻ ലങ്കയിൽ രക്തപ്പുഴകൾ ചൊരിയിച്ചതായി ആരാണ് തെളിയിച്ചത്? പത്ത് തലയുള്ള ഒരു രാവണൻ എപ്പോഴെങ്കിലും ജനിച്ചിട്ടുണ്ടോ? കുരങ്ങന്മാരുടെ ഒരു പടയെ ആരെങ്കിലും കണ്ടിട്ടുണ്ടോ? രാമായണം ഒരു പാവനഗ്രന്ഥമാണ്. കോടിക്കണക്കിനാളുകളാൽ ആരാധിക്കപ്പെടുന്ന രാമൻ വസിക്കുന്നത് നമ്മുടെ ഹൃദയത്തിലാണ്. നമ്മുടെ ഹൃദയത്തിന്റെ ഉത്കൃഷ്ടനായ അധിപനാണ് രാമൻ. നമ്മിലുള്ള നീചമായ ആഗ്രഹങ്ങളുടെ ഭീകരരൂപമാണ്, രാവണൻ. നമ്മിലുള്ള രാവണനെതിരെ നാം നിരന്തരം യുദ്ധം ചെയ്തു കൊണ്ടിരിക്കുകയാണ്. രാമൻ കാരുണ്യത്തിന്റെ ഉദാത്തപ്രതീകമാണ്, രാമൻ എന്ന അനന്തത ബ്രഹ്മമാണ്, സത്യത്തിന്റെയും അഹിംസയുടെയും പ്രതീകം.

ഇന്ത്യയുടെ പ്രശ്നം കോപത്തിലൂടെയോ, രാമായണത്തിന്റെ തെറ്റായ വ്യാഖ്യാനങ്ങളിലൂടെയോ, പരിഹരിക്കപ്പെടില്ല; മൃഗീയതകളെ അനുകരിക്കുന്നതിലൂടെയോ, ഈ പ്രശ്നം പരിഹൃതമാകണമെങ്കിൽ നമുക്ക് നമ്മെ അറിയേണ്ടതുണ്ട്". (പുറം 279 ഗാന്ധിയുടെ സമാഹൃത കൃതികൾ :41) ഈ ഉദ്ധരണി നമ്മുടെ ഉന്നതനീതിപീഠം അയോധ്യാ വിധി എഴുതുമ്പോൾ വായിച്ചിരിക്കാനിടയില്ല. ഗാന്ധി ഇതെഴുതിയത് 2019ലെ ഇന്ത്യാക്കാരനുവേണ്ടിയാണെന്ന് തോന്നും. അത്ര സുഷ്ടമല്ലേ ഈ വരികളുടെ അർത്ഥം? ഇനി നമുക്ക് സ്വയം ചോദിക്കുക? ബാബ്റി പള്ളി തകർത്ത സ്ഥലത്ത് വേണ്ടിയിരുന്നത് രാമക്ഷേത്രമോ, മുസ്ലീംപള്ളിയോ? നമ്മുടെ മനഃസാക്ഷി മന്ത്രിക്കുന്നത് ഗാന്ധിയൻ മൗനത്തിൽ നമുക്ക് കേൾക്കാം. സഹോദരീസഹോദരന്മാരെ രണ്ടുമല്ല! പിന്നെയോ?!

> എന്റെ പ്രിയപ്പെട്ട സഹോദരങ്ങളെ, ബാബ്റി പള്ളിയുടെ സ്ഥാനത്ത് പാവനമായ അയോധ്യയിൽ ഒരു മഹത് ആതുരാലയമാണ് നമ്മൾ നിർമ്മിക്കേണ്ടിയിരുന്നത്. ഇത് ഗാന്ധിയെ നിരന്തര വായനയിലൂടെ അന്വേഷിക്കുന്ന ബുദ്ധനെ അറിയാൻ ശ്രമിക്കുന്ന ഒരു സാധുവായ ഇന്ത്യാക്കാരന്റെ സ്വപ്നമാണ്.

## വിനോബഭാവേ പറഞ്ഞ കഥ

ഗാന്ധിയുടെ 'ക്വിറ്റിന്ത്യ' സമരത്തിലെ ആദ്യത്തെ വ്യക്തിഗത സത്യാഗ്രഹിയാണ് വിനോബ. അദ്ദേഹം കുട്ടികളോട് പറഞ്ഞ കഥ: (പൂർണോദയ സാംസ്കാരിക പത്രിക: 1993 ജനു-മാർച്ച്)

"ദൈവത്തിന്റെ ഭക്തനായ ഒരു വിശ്രുദ്ധൻ ഒരു മനോഹരമായ ക്ഷേത്രം പണിതു. എന്നാൽ, ഹിന്ദുക്കൾ മാത്രമേ അവിടെ കൂടിയുള്ളൂ. മുസ്ലീങ്ങൾ അവിടെ ചെന്നില്ല. ഈ സംഭവം ഒരു മുസ്ലീം രാജ്യത്താണ് സംഭവിച്ചത്. വിശ്രുദ്ധന് നിരാശയായി. '' മുസ്ലീംകൾ ക്ഷേത്രം സന്ദർശിച്ചില്ലെങ്കിൽ ക്ഷേത്രം കൊണ്ടെന്ത് കാര്യം?' അദ്ദേഹം ചിന്തിച്ചു. അദ്ദേഹം ക്ഷേത്രം പൊളിച്ച് അവിടെ ഒരു പള്ളി പണിതു. ഇപ്പോൾ മുസ്ലീമുകൾ സന്തുഷ്ടരായി. പക്ഷേ, ഹിന്ദുക്കൾ ബഹിഷ്കരിച്ചു. വിശ്രുദ്ധന് വീണ്ടും സങ്കടമായി. അദ്ദേഹം പ്രശ്നത്തെപ്പറ്റി ചിന്തിച്ചു. "ഇനിയിപ്പോൾ ഞാനെന്ത് ചെയ്യണം?" അദ്ദേഹം വ്യാകുലനായി. അവസാനം അദ്ദേഹം ഒരു പദ്ധതി ആവിഷ്ക്കരിച്ചു. പള്ളി പൊളിച്ചു. അവിടെ ശൗചാലയങ്ങൾ പണിതു. പള്ളി പൊളിച്ചത് മുസ്ലീങ്ങൾക്ക് ഇഷ്ടമായില്ല. കോടതിയിൽ കേസ്സായി. രാജാവ് കോപിഷ്ടനായി. രാജാവ് വിശ്രുദ്ധനെ വിളിപ്പിച്ചു. "താങ്കൾ എന്താണ് ചെയ്തത്?" വിശ്രുദ്ധൻ മറുപടി പറഞ്ഞു. "ഞാനൊരു ക്ഷേത്രം പണിതപ്പോൾ മുസ്ലീങ്ങൾ അതുപയോഗിച്ചില്ല. പള്ളി പണിതപ്പോൾ ഹിന്ദുക്കളത് ബഹിഷ്ക്കരിച്ചു. പക്ഷേ, ഞാൻ ശൗചാലയങ്ങൾ പണിതപ്പോൾ ഹിന്ദുക്കളും മുസ്ലീമുകളും അതുപയോഗിക്കുന്നു."

വിനോബ പറഞ്ഞ ഈ കഥ കുട്ടികൾക്കല്ല ചേരുക. കുട്ടികളുടെ പോലും 'വിവരമില്ലാത്ത' മുതിർന്നവരായ രാഷ്ട്രീയക്കാർക്കാണ് ചേരുക. മാത്രവുമല്ല, വിനോബ ഒരു സാമൂഹ്യ-സാമ്പത്തിക-ധാർമ്മിക യഥാർത്ഥ്യം ക്രാന്തദർശിയുടെ ഉൽക്കണ്ണോടെ നേരത്തെ പറഞ്ഞു വെച്ചിരുന്നു. ഈ കുട്ടിക്കഥ നമ്മുടെ ന്യായാധിപന്മാർ വായിച്ചിരിക്കാനിടയില്ല. വായിച്ചിരുന്നെങ്കിൽ, തീർച്ചയായും അവർ ക്ഷേത്രത്തിന് പകരം, ശൗചാലയങ്ങൾ അല്ല പണിയുക. കാരണം, പ്രധാനമന്ത്രിയുടെ ശ്രമകരമായ പദ്ധതിയുടെ ഫലമായി ഇന്ത്യയിൽ എഴുപത് ശതമാനം വീടുകളിലെങ്കിലും ശൗചാലയങ്ങൾ പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്.

പിന്നെ, നാമെന്ത് ചെയ്യണമായിരുന്നു?

## ആരാധനാലയമോ ആതുരാലയമോ?

~ഒരു ആധുനിക രാഷ്ട്രത്തിന് ആവശ്യം (പ്രത്യേകിച്ചും നമ്മുടേതു പോലെ ദരിദ്രമായ രാജ്യത്തിന് ) ജനങ്ങൾക്കു

*ശ്രീരാമ ഭക്തർ വി എച്ച് പി നേതൃത്വത്തിൽ നടത്തിയ പ്രക്ഷോഭം*

വേണ്ട അടിസ്ഥാനസൗകര്യങ്ങളല്ലേ? കാരണം, ദൈവം, വിശ്വാസം എല്ലാം ഗാന്ധി പറഞ്ഞതുപോലെ വ്യക്തിയുടെ പൂർണ്ണമായ സ്വകാര്യതകളാണ്. ദൈവം (രാമനും, കൃഷ്ണനും, നബിയുമെല്ലാം) കച്ചവടച്ചരക്കുകളാകുമ്പോഴാണ് ആരാധനാലയങ്ങൾ രാഷ്ട്രീയ ഉപകരണങ്ങളായി മാറുന്നത്.

എന്റെ പ്രിയപ്പെട്ട സഹോദരങ്ങളെ, ബാബ്റി പള്ളിയുടെ സ്ഥാനത്ത് പാവനമായ അയോധ്യയിൽ ഒരു മഹത് ആതുരാലയമാണ് നമ്മൾ നിർമ്മിക്കേണ്ടിയിരുന്നത്. ഇത് ഗാന്ധിയെ നിരന്തര വായനയിലൂടെ അന്വേഷിക്കുന്ന ബുദ്ധനെ അറിയാൻ ശ്രമിക്കുന്ന ഒരു സാധുവായ ഇന്ത്യാക്കാരന്റെ സ്വപ്നമാണ്.

ഭൂമിയിലെ എല്ലാ രാജ്യങ്ങളിൽനിന്നും ഓരോ പിടി മണ്ണും ഓരോ ഇഷ്ടികയും അതിന്നായി ശേഖരിക്കണം. ഭൂമിയിൽ മാരകരോഗങ്ങളാൽ ദുരിതപ്പെടുന്ന എല്ലാ മനുഷ്യർക്കും, ജാതി-മത-വർഗ്ഗ ലിംഗഭേദമെന്യേ, ഈ ആതുരാലയം അഭയമാകണം. നാരായണ ഗുരു ചൊല്ലിയതുപോലെ 'ജാതി ഭേദം മതദ്വേഷമേതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാകണം" ഈ ആതുരാലയം. ഈ ആതുരാലയത്തിന് 'റാം-റഹീം' മഹാ ആതുരാലയമെന്ന് നാമകരണം ചെയ്യണം. ചികിത്സയും സേവനവും സൗജന്യമാകണം. ആധാർ കാർഡോ റേഷൻകാർഡോ കൊണ്ടുവരേണ്ടതില്ല. മനുഷ്യനായ ആർക്കും ഇവിടെ വരാം. ചികിത്സ നേടാം. രാജ്യാതിർത്തികളില്ലാതെ.

ആതുരാലയത്തിന്റെ ഇരുഭാഗങ്ങളിലുമായി രണ്ട് ചെറിയ പ്രാർത്ഥനാ ഹാളുകൾ നിർമ്മിക്കണം. അവിടെ കണ്ണാടിയാവണം പ്രതിഷ്ഠ. ഈ രണ്ടിലും ആർക്കും പ്രാർത്ഥിക്കാം. ആതുരാലയത്തിന്റെ നടുത്തളത്തിൽ ഭൂമിയെന്ന ആവാസവ്യവസ്ഥയെ പ്രതിനിധീകരിച്ച് ബാബ്റി-രാമജന്മ ഭൂമിയുടെ അരികിൽ അനാഥമായിക്കിടന്നിരുന്ന "സീതയുടെ അടുക്കള"(സീതാ കീ രസോയ്: രാമചന്ദ്രഗാന്ധിയുടെ Sitas Kitchen എന്ന ഗ്രന്ഥം ഓർക്കുക. മനുഷ്യർ പ്രകൃതിക്കുമേൽ ചെയ്യുന്ന പാതകങ്ങളെ സാന്ത്വനപ്പെടുത്തുവാനായിരിക്കണം സീതയെന്ന ഭൂമിദേവിയുടെ ഈ പ്രതിനിധാനം.

നമ്മുടെ ആതുരാലയത്തിന്റെ മുകളിലായി ഒരു വെള്ളക്കൊടി പാറിപ്പറക്കണം. ഇന്ത്യയെന്ന ഭാരതം കളുഷമായ ആഗോള വ്യവസ്ഥയ്ക്ക് സമ്മാനിക്കുന്ന ശാന്തിയുടെ മഹാമന്ത്രമായി. ത്യാഗത്തിന്റെയും സഹിഷ്ണുതയുടെയും സാഹോദര്യത്തിന്റെയും കാരുണ്യത്തിന്റെയും അടയാളമായി.

ഇത് തികഞ്ഞ രാഷ്ട്രീയബോധത്താലേ സാധ്യമാകൂ.

അതെന്താണ്?

## രാഷ്ട്രീയത്തിന്റെ ആത്മീയത

".....രാഷ്ട്രീയം ഇന്ന് നമ്മെ പാമ്പിനെപ്പോലെ കെട്ടിവരിഞ്ഞിരിക്കുകയാണ്. എത്ര ശ്രമിച്ചാലും നമുക്കതിൽ നിന്നും രക്ഷപ്പെടാനാവില്ല. അതുകൊണ്ട് ആ പാമ്പുമായി മല്ലടിക്കുവാൻ തന്നെയാണ് ഞാൻ ആഗ്രഹിക്കുന്നത്. 1894 മുതൽ ഞാനത് ബോധപൂർവ്വം ചെയ്യുന്നുണ്ട്. എനിക്കിപ്പോൾ മനസ്സിലാകുന്നു. വിവേചന ശേഷി എന്നിൽ അങ്കുരിച്ച നിമിഷം മുതൽ ഞാനത് ചെയ്യുന്നുണ്ട്. അബോധ പൂർവ്വമായി, എനിക്കുചുറ്റും ഓലിയിടുന്ന, മുക്രയിടുന്ന കൊടുങ്കാറ്റിന്റെ മദ്ധ്യത്തിൽ ശാന്തിയോടെ പൊറുക്കണമെന്ന സ്വാർത്ഥ മോഹം എന്നിലുണ്ട്. അതിന്നായി മാത്രം രാഷ്ട്രീയത്തിൽ സ്വയം എന്നെ സന്നിവേശിപ്പിച്ച് എന്നെയും സ്നേഹിതരെയും പരീക്ഷണ വിധേയമാക്കുകയാണ് ഞാൻ. മതമെന്നതുകൊണ്ട് ഞാനെന്താണ് അർത്ഥമാക്കുന്നതെന്ന് വിശദീകരിക്കാം. അത് ഹിന്ദുമതമല്ല. ഹിന്ദുമതത്തെ ഞാൻ മൂല്യവത്തായി കരുതുന്നുണ്ടെങ്കിലും ഹിന്ദുമതത്തെയും അധ:കരിക്കുന്നതാണ് എന്റെ മതം. അതൊരുവന്റെ പ്രകൃതിയെത്തന്നെ മാറ്റുന്നു. അതവനെ സത്യവുമായി പൊക്കിൾകൊടിപോലെ ബന്ധിപ്പിക്കുന്നു. എന്നെന്നും നവീകരിക്കുന്നു. അത് മനുഷ്യപ്രകൃതിയിലെ അനശ്വര ധാതുവാണ്. അതതിന്റെ പൂർണ്ണ പ്രകാശത്തിലെത്തുന്നതുവരെ, അതിന്റെ യഥാർത്ഥ സ്രഷ്ടാവിനെ കണ്ടെത്തുന്നതുവരെ, സ്രഷ്ടാവുമായി സംവാദത്തിലേർപ്പെടുംവരെ അസ്വസ്ഥമാണ്. (ഗാന്ധി: മെയ് 12 - 1920 - വി വി രമണമൂർത്തി എഡി:- Gandhi Essential Writings)

■

ലേഖനം

ജെ രഘു

*മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് ബി പി മണ്ഡൽ അന്നത്തെ രാഷ്ട്രപതി സ്വരൺ സിങ്ങിന് സമർപ്പിക്കുന്നു*

# അയോധ്യാവിധി: അവർണ-ദളിത് ഭൂരിപക്ഷത്തിനുള്ള താക്കീതോ?

നാല് നൂറ്റാണ്ടിലേറെയായി മുസ്ലീങ്ങൾ ആരാധിച്ചു വന്ന ബാബ്റി മസ്ജിദിൽ രാമവിഗ്രഹം ഒളിച്ചു കടത്തുകയും പിന്നീട് പള്ളി തന്നെ തകർക്കുകയും ചെയ്ത ഉത്തരേന്ത്യൻ സവർണ ഫാസിസ്റ്റുകൾക്ക് രാമക്ഷേത്രം നിർമ്മിക്കാൻ അനുമതി നൽകുന്ന അയോധ്യാവിധി ഇന്ത്യൻ ജുഡീഷ്യറിയ്ക്ക് കളങ്കമുണ്ടാക്കുന്നതാണ്. അഞ്ച് ജഡ്ജിമാരടങ്ങിയ ഭരണഘടനാ ബെഞ്ചിൽ വിധിയെഴുതിയത് കൂട്ടായിട്ടാണോ, ഒറ്റയ്ക്കൊറ്റക്കാണോ എന്ന് വ്യക്തമാക്കാത്തതും ഈ വിധിയെ ദുരൂഹമാക്കുന്നു. ശബരിമല സ്ത്രീപ്രവേശന വിഷയത്തിൽ അഞ്ച് പേരടങ്ങിയ ഭരണഘടനാ ബെഞ്ചിന്റെ വിധിയിൽ ഓരോ ജഡ്ജിയും പ്രത്യേകം വിധി പ്രസ്താവനകൾ എഴുതുകയും അത് സുതാര്യമായി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ, അയോധ്യയുടെ കാര്യത്തിൽ ഈ സുതാര്യത പാലിക്കപ്പെട്ടിട്ടില്ല. വിധി ദുരൂഹതയുളവാക്കുന്നു എന്ന് പറഞ്ഞത് അതുകൊണ്ടാണ്.

എ ഡി 1528 ൽ മുഗൾ ചക്രവർത്തിയായിരുന്ന ബാബർ നിർമ്മിച്ച ബാബ്റി മസ്ജിദ് ഒരു 'തർക്കഭൂമിയായി മാറുന്നത് 1949 ഡിസംബർ 23-നാണ്. ബ്രിട്ടീഷ് ഭരണകാലത്ത് ക്രിമിനൽ സംഘടനയായി കരുതിയിരുന്ന രാമാനന്ദ വൈഷ്ണവ സമ്പ്രദായത്തിൽപ്പെടുന്ന ഒരു സംഘമാണ് നിർമോഹി അഖാഡ എന്ന 'സന്യാസി' സംഘടന. 18-ാം നൂറ്റാണ്ടിൽ ശ്രീരാമൻ കൊണ്ട രാമാനന്ദ സന്യാസി സംഘം കൂലിത്തല്ലും കവർച്ചയും തൊഴിലാക്കിയിരുന്ന ഒരു സംഘമായിരുന്നു. ഈ ക്രിമിനൽ പ്രവൃത്തികൾ മറച്ചുവെയ്ക്കാനുള്ള ഒരു മറ മാത്രമായിരുന്നു ഇവർക്ക് സന്യാസം. ഈ സംഘമാണ് ബാബ്റി മസ്ജിദിൽ 1949 ഡിസംബർ 22ന് അർദ്ധ രാത്രിയിൽ രാമവിഗ്രഹം ഒളിച്ചു കടത്തുകയും ബലമായി സ്ഥാപിക്കുകയും ചെയ്തത്. ഇത്തരമൊരു സാധ്യതയെക്കുറിച്ച് ഫൈസാബാദ് ജില്ലാ പോലീസ് മേധാവി മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും ജില്ലാ മജിസ്ട്രേറ്റായിരുന്ന കെ കെ നായർ അതവഗണിക്കുകയും ക്രിമിനലുകൾക്ക് ഒത്താശ ചെയ്യുകയുമാണുണ്ടായത്. റിസീവറുടെ നിയന്ത്രണത്തിലായ ബാബ്റി മസ്ജിദ് അതോടെ ഒരു തർക്കഭൂമിയായി മാറുകയും ചെയ്തു. പള്ളിയ്ക്ക പുറത്തുള്ള സ്ഥലം സവർണ ഹിന്ദു ക്രിമിനലുകൾ

കൈയ്യടക്കുകയും ചെയ്തു.

ഈ സംഭവങ്ങളൊന്നും വലിയ കലാപങ്ങളിലേയ്ക്കോ വർഗീയ ലഹളകളിലേയ്ക്കോ നയിച്ചിരുന്നില്ല. കാരണം, പള്ളിയുള്ളിൽ രാമവിഗ്രഹം സ്ഥാപിക്കുന്നതിനു പിന്നിൽ പ്രവർത്തിച്ചത് കുറെ ക്രിമിനൽ സന്യാസിമാരായിരുന്നു. ബാബ്‌റി മസ്ജിദ് തകർക്കുകയെന്നതിൽ കവിഞ്ഞ രാഷ്ട്രീയ ലക്ഷ്യമൊന്നും അവർക്കില്ലായിരുന്നു. വ്യക്തമായി പറഞ്ഞാൽ, ഇന്ത്യയെ ഒരു 'ഹിന്ദുരാഷ്ട്രമാക്കുകയെന്ന നാസി രാഷ്ട്രീയമായിരുന്നില്ല ഈ ക്രിമിനൽ സന്യാസിമാരെ നയിച്ചിരുന്നത്. അയോധ്യയുടെ നിയന്ത്രണം എന്ന തികച്ചും പ്രാദേശികമായ താല്പര്യത്തിനപ്പുറം ഈ ക്രിമിനൽ സ്വാമിമാർ ചിന്തിച്ചിരുന്നില്ല. അക്കാലത്തൊന്നും അയോധ്യയോ ബാബ്‌റി മസ്ജിദോ ഇന്ത്യൻ നാസികളുടെ ശ്രദ്ധ ആകർഷിച്ചിരുന്നില്ല. 1980-കളിലാണ് 'രാമജൻമഭൂമിയെന്ന മുദ്രാവാക്യത്തിലൂടെ അയോധ്യയെ മുഖ്യ പ്രചാരണായുധമായി ഇന്ത്യൻ നാസികൾ ഏറ്റെടുക്കുന്നത്. ഒരു പ്രാദേശിക തർക്ക വിഷയമായിരുന്ന അയോധ്യയെ 1980-കളിൽ ഇന്ത്യൻ നാസികൾ അവരുടെ പ്രചരണത്തിന്റെ കേന്ദ്ര ഭൂമികയാക്കുന്നത് എന്തുകൊണ്ടാണ്?

1990 ഓഗസ്റ്റിലാണ് മണ്ഡൽ കമ്മിഷന്റെ ശുപാർശകൾ നടപ്പാക്കുമെന്ന് അന്ന് പ്രധാനമന്ത്രിയായിരുന്ന വി പി സിംഗ് പ്രഖ്യാപിച്ചത്. 1978-ൽ നിയമിതമായ മണ്ഡൽ കമ്മിഷൻ 1983-ൽ തന്നെ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിലും അത് പരസ്യപ്പെടുത്താനോ ശുപാർശകൾ അംഗീകരിക്കാനോ കേന്ദ്ര ഗവൺമെന്റുകൾ തയ്യാറായിരുന്നില്ല. കാരണം, മണ്ഡൽ കമ്മിഷന്റെ കണ്ടെത്തലുകളും ശുപാർശകളും അത്രമേൽ വിധ്വംസകമായിരുന്നു. കേന്ദ്രഗവൺമെന്റ് ഉദ്യോഗങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അവസരങ്ങളുടെയും സിംഹഭാഗവും കൈയടക്കി വെച്ചിരിക്കുന്നത് ജനസംഖ്യയിൽ നിസ്സാര ന്യൂനപക്ഷമായ സവർണരാണെന്ന് മണ്ഡൽ കമ്മിഷൻ ആദ്യമായി വെളിപ്പെടുത്തി.

*വി പി സിംഗ്*

ജനസംഖ്യയിൽ 52 ശതമാനം വരുന്ന ഒ ബി സി വിഭാഗങ്ങളുടെ പങ്കാളിത്തം അവരുടെ ജനസംഖ്യയെ അപേക്ഷിച്ച് നിസ്സാരമാണെന്ന വെളിപ്പെടുത്തൽ ഒരു ഇടിമിന്നൽ പോലെയാണ് ഇന്ത്യൻ സമൂഹത്തിനുമേൽ പതിച്ചത്. ഒ ബി സികൾക്ക് 27 ശതമാനം സംവരണം നൽകണമെന്ന ശുപാർശ നടപ്പാക്കുമെന്ന വി പി സിംഗിന്റെ പ്രഖ്യാപനം ന്യൂനപക്ഷ സവർണരെ വലിയ അരക്ഷിതത്വത്തിലേക്കാണ് തള്ളിവിട്ടത്. ജനസംഖ്യയുടെ 7-8 ശതമാനം മാത്രമുള്ള സവർണ ന്യൂനപക്ഷത്തിന് ലഭിച്ചു വന്ന ജനസംഖ്യാനുപാതികമല്ലാത്ത പ്രാതിനിധ്യം വലിയ അനീതിയാണെന്ന സത്യമാണ് മണ്ഡൽ കമ്മിഷൻ ലോകത്തോടായി വിളിച്ചു പറഞ്ഞത്. തങ്ങൾ ഇത്രകാലവും വഞ്ചിക്കപ്പെടുകയായിരുന്നുവെന്ന് തിരിച്ചറിഞ്ഞ ഒ ബി സി വിഭാഗങ്ങൾക്കിടയിൽ മണ്ഡൽ കമ്മിഷൻ പുതിയൊരു രാഷ്ട്രീയ ഉണർവാണ് സൃഷ്ടിച്ചത്. 'ഹിന്ദു' എന്ന മതസ്വത്വമുദ്രയുടെ മറവിൽ സംരക്ഷിക്കപ്പെട്ടത് സവർണ ന്യൂനപക്ഷത്തിന്റെ താല്പര്യമായിരുന്നുവെന്ന് മനസിലാക്കിയ ഒ ബി സി ജാതി സമൂഹങ്ങൾ സ്വന്തം നിലയ്ക്ക് സംഘടിക്കാനും വില പേശാനുമാരംഭിച്ചു. ഏകാത്മകവും അഖണ്ഡവുമായ ഒരു മതസമൂഹമാണ് ഹിന്ദു എന്ന മിത്തിനെയാണ് മണ്ഡൽ കമ്മിഷൻ തകർത്തത്. '

ഹിന്ദുക്കൾ' സവർണരും അവർണരുമായി നെടുകെ പിളരുകയെന്നതിനർത്ഥം ഇന്ത്യൻ നാസികളുടെ കാൽ ചുവട്ടിലെ മണ്ണ് ഒലിച്ചു പോവുകയെന്നതാണ്. ഹിന്ദു' എന്ന മിത്തിലൂടെയാണ് ഇന്ത്യൻ നാസികൾ അവരുടെ സവർണ ന്യൂനപക്ഷ അജണ്ട നടപ്പാക്കിക്കൊണ്ടിരുന്നത്. അവർണരുടെയും ദലിത്-ഗോത്ര വിഭാഗങ്ങളുടെയും പിന്തുണയില്ലെങ്കിൽ ഇന്ത്യൻ നാസികൾക്ക് ഇന്ത്യയിലെ ഒരു പഞ്ചായത്ത് വാർഡിൽ പോലും ജയിക്കാനാവുകയില്ല. അവർണരും ദലിതരും സ്വന്തം നിലയ്ക്ക് സംഘടിക്കാനും വില പേശാനും തുടങ്ങിയാൽ, ഇന്ത്യൻ നാസികളുടെ കോൺസ്റ്റിറ്റിയൂവൻസി സവർണ ന്യൂനപക്ഷമായി ചുരുങ്ങും. ഇന്ത്യൻ നാസികളുടെ നിലനിൽപ്പ് തന്നെ അസാധ്യമാകുന്നതു മാരകമായിരുന്ന മണ്ഡൽ കമ്മിഷൻ സൃഷ്ടിച്ച പ്രഭാവം.

ഇന്ത്യൻ നാസികളുടെ നേതൃത്വത്തിൽ നടന്ന അക്രമാസക്തമായ മണ്ഡൽ വിരുദ്ധ പ്രക്ഷോഭം, വിപരീത ഫലമാണുളവാക്കിയത്. സർവണ ന്യൂനപക്ഷത്തിന്റെ ഹിംസാത്മകമായ അസഹിഷ്ണുത, അവർണ-ദലിത് ഭൂരിപക്ഷത്തെ പ്രത്യാക്രമണത്തിനു നിർബന്ധിതരാക്കുകയാണുണ്ടായത്. ഈ ഭൂരിപക്ഷ ജനത രണോത്സുകവും സംഘടിതവുമായ തിരിച്ചടിയ്ക്ക സന്നദ്ധമായാൽ, ഹിന്ദു എന്ന കെട്ടുകഥ പൊളിയുക മാത്രമല്ല, സവർണ ന്യൂനപക്ഷ രാജിന്റെ അന്ത്യം കൂടിയായിരിക്കും സംഭവിക്കുമായിരുന്നത്. ഹിന്ദുരാഷ്ട്രമെന്ന പ്രലോഭനീയ പരിവേഷത്തിന്റെ മറവിൽ, സവർണ ന്യൂനപക്ഷ രാഷ്ട്രത്തിന്റെ സ്ഥാപനം വിഭാവന ചെയ്യുന്ന ഇന്ത്യൻ നാസികളെ സംബന്ധിച്ചിടത്തോളം അത്തരമൊരു സാധ്യത ഒഴിവാക്കിയേ

*വിധിപറഞ്ഞ ജഡ്ജിമാർ (ഇടത്തുനിന്ന) അശോക് ഭൂഷൺ, എസ് എ ബോബ്ടെ, ചീഫ്ജസ്റ്റിസ് രഞ്ജൻ ഗോഗോയ്, ഡി വൈ ചന്ദ്രചൂഡ്, അബ്ദുൾ നസീർ*

തീരു! അതിനവർ കണ്ടെത്തിയ ആയുധമാണ് അയോധ്യ. രാമഭക്തിയുടെ വികാര തീവ്രത കൊണ്ട് ഒ ബി സി-ദലിത് വിഭാഗങ്ങളുടെ നവീന രാഷ്ട്രീയ മുന്നേറ്റത്തെ നിർവീര്യമാക്കുകയായിരുന്നു, ഇന്ത്യൻ നാസികളുടെ ലക്ഷ്യം.

1984-ൽ അയോധ്യയും രാമജൻമഭൂമിയും പ്രചരണായുധമാക്കുന്നതിനു മുമ്പ് ഇന്ത്യൻ നാസികൾക്കു 2 എം പിമാർ മാത്രമാണുണ്ടായിരുന്നത്. 1989-ൽ അത് 85-ഉം 1999-ൽ 182-ഉം 2019-ൽ 303-ഉം ആയി വർദ്ധിച്ചതിനു കാരണം അയോധ്യയെ ഒരു തീവ്ര വൈകാരിക വിഷയമായി മാറ്റിയെടുക്കാൻ ഇന്ത്യൻ നാസികൾക്ക് കഴിഞ്ഞു എന്നതാണ്.

മണ്ഡൽ കമ്മിഷനെതിരായ ആത്മാഹുതികളിലൂടെ അവർണരെ 'ബ്ലാക് മെയിൽ' ചെയ്ത സവർണ ഹിംസാത്മകതയാണ് രാമജൻമഭൂമി പ്രസ്ഥാനത്തിന്റെ രഥ വേഗമായി പരിണമിച്ചത് . മണ്ഡൽകമ്മിഷനാനന്തര നാളുകളിൽ, ആഭ്യന്തര യുദ്ധത്തിന്റെ വക്കോളമെത്തിയ അവർണ - സവർണ ധ്രുവീകരണത്തെ, ഒരു പൊതു ശത്രുവിനെക്കുറിച്ചുള്ള ബാഹ്യ ബിംബത്തിന്റെ വിന്യാസത്തിലൂടെ തടയുകയെന്നതായിരുന്നു. കർസേവയുടെയും അദ്വാനിയുടെ രഥയാത്രയുടെയും ലക്ഷ്യം. അവർണ-ദളിത് മുന്നേറ്റത്തെ ശിഥിലമാക്കാനും ഇവരിൽ വലിയൊരു വിഭാഗത്തെ രാമന്റെ 'കർസേവകരാക്കിമാറ്റാനും ഇന്ത്യൻ നാസികൾക്കു കഴിഞ്ഞുവെന്നത് ഒരു വസ്തുതയാണ്.

കോടാനുകോടി ദൈവങ്ങളുടെ കൂട്ടത്തിൽ നിന്ന് ഇന്ത്യൻ നാസി എന്തുകൊണ്ട് രാമനെ തെരഞ്ഞെടുത്തു? അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ ഏറ്റവും വലിയ ജനപ്രിയ ദൈവമായ ശ്രീകൃഷ്ണൻ അവർക്ക് സ്വീകാര്യമാകാതിരുന്നത് എന്തുകൊണ്ട്?

ഇന്ത്യൻ നാസികൾക്ക് സമീപകാലത്ത് ലഭിച്ച അവിശ്വസനീയമായ ജനസമ്മതിയെ വിലയിരുത്തണമെങ്കിൽ, ഈ ചോദ്യങ്ങൾക്കുത്തരം കണ്ടെത്തേണ്ടതുണ്ട്. ശത്രുവിനെ നിർമ്മിക്കുകയും നിഗ്രഹിക്കുകയും ചെയ്യുന്ന ഒരു മന്ത്രവാദിയുടെ ചെപ്പടി വിദ്യയാണ് രാമായണ പ്രതീകങ്ങളുടെ പുനർവിന്യാസം നിർവഹിക്കുന്നത്. രാമായണത്തിന്റെ സാഹിത്യ-രാഷ്ട്രീയ ഭാവനാലോകങ്ങളെ വ്യത്യസ്തമായി കാണണമെന്നാണ് ഷെൽഡൻ പൊള്ളോക്ക് പറയുന്നത്. 12-ാം നൂറ്റാണ്ടിനു മുമ്പ് രാമഭക്തിക്ക് ഇന്ത്യയിൽ കാര്യമായ പ്രചാരമുണ്ടായിരുന്നില്ല. രാമാരാധനയും രാമക്ഷേത്ര നിർമാണവും 12-ാം നൂറ്റാണ്ടിനു ശേഷമാണുണ്ടായതെന്ന് ആർ ജി ഭണ്ഡാർക്കർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ കാലയളവിലാണ് ഉത്തരേന്ത്യയിൽ ഇസ്ലാമിക രാഷ്ട്രീയാധിപത്യം സ്ഥാപിതമാകുന്നത്. 13, 14 നൂറ്റാണ്ടുകൾ ആകുമ്പോഴേക്കും, ഇസ്ലാമികാധിപത്യം സുസ്ഥാപിതമാവുകയും സവർണ ന്യൂനപക്ഷ രാജിനും വർണ-ജാതി വ്യവസ്ഥയ്ക്കും പരമ്പരാഗതമായി ലഭിച്ചു വന്ന രാഷ്ട്രീയ രക്ഷാകർതൃത്വം നഷ്ടപ്പെടുകയും ചെയ്യുന്നു. ഈ സാഹചര്യം സവർണ ന്യൂനപക്ഷത്തിന് പുതിയ സാംസ്കാരിക-വൈകാരിക മൂലധനം ആവശ്യമാക്കിത്തീർത്തു. രാമക്ഷേത്ര നിർമ്മാണവും രാമഭക്തിയുമാണ് ഈ ആവശ്യം നിർവഹിച്ചത്.

> പള്ളിയുള്ളിൽ രാമവിഗ്രഹം സ്ഥാപിക്കുന്നതിനു പിന്നിൽ പ്രവർത്തിച്ചത് കുറെ ക്രിമിനൽ സന്യാസിമാരായിരുന്നു. ബാബ്റി മസ്ജിദ് തകർക്കുകയെന്നതിൽ കവിഞ്ഞ രാഷ്ട്രീയ ലക്ഷ്യമൊന്നും അവർക്കില്ലായിരുന്നു. വ്യക്തമായി പറഞ്ഞാൽ, ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കുകയെന്ന നാസി രാഷ്ട്രീയമായിരുന്നില്ല ഈ ക്രിമിനൽ സന്യാസിമാരെ നയിച്ചിരുന്നത്.

മഹാഭാരതത്തിനു പകരം രാമായണം തെരഞ്ഞെടുത്തത് എന്തുകൊണ്ട്? രക്തബന്ധമുള്ളവർ തമ്മിലുള്ള സംഘർഷത്തെയാണ് മഹാഭാരതം ആവിഷ്ക്കരിക്കുന്നത്. ഒരു മധ്യസ്ഥന്റെ പങ്കാണ് ശ്രീകൃഷ്ണൻ നിർവഹിക്കുന്നത്. കൃഷ്ണന്റെ അവതാര ലക്ഷ്യം കൗരവ നിഗ്രഹ

മായിരുന്നില്ല. എന്നാൽ, രാമന്റെ അവതാരലക്ഷ്യം തന്നെ രാവണ നിഗ്രഹമാണ്. രാമ-രാവണയുദ്ധം മുൻകൂർ തീരുമാനിച്ചുറപ്പിച്ചതാണ്. സീതയെ അപഹരിച്ചിരുന്നില്ലായിരുന്നുവെങ്കിലും രാമൻ രാവണനെ കൊല്ലുമായിരുന്നു. സവർണ സംസ്കാരത്തെയും വർണാശ്രമധർമ്മത്തെയും വെല്ലുവിളിക്കുന്ന 'അസുരചക്രവർത്തിയായ രാവണനുമായി അനുരഞ്ജനത്തിന്റെ പ്രശ്നമേയുദിക്കുന്നില്ല. 'അപരവൽക്കരണത്തിനും 'അസുരവൽക്കരണത്തിനും ശത്രുനിർമിതിയ്ക്കും അപാരസാധ്യതകളുള്ളതുകൊണ്ടാണ് രാമായണം തന്നെ സ്വീകാര്യമായത്. ലക്ഷണമൊത്ത ശത്രുവിന്റെ സ്ഥാനത്ത് മുസ്ലീമിനെ സ്ഥാപിക്കാനും രാവണനെപ്പോലെ നിഗ്രഹിക്കപ്പെടേണ്ട സനാതന ശത്രുവാണ് മുസ്ലീം എന്ന് പ്രചരിപ്പിക്കാനും കഴിയുന്ന മറ്റൊരു മിത്തുമില്ല. അതാണ് രാമായണത്തിന്റെ പ്രസക്തി.

> കോടാനുകോടി ദൈവങ്ങളുടെ കൂട്ടത്തിൽ നിന്ന് ഇന്ത്യൻ നാസി എന്തുകൊണ്ട് രാമനെ തെരഞ്ഞെടുത്തു? അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ ഏറ്റവും വലിയ ജനപ്രിയ ദൈവമായ ശ്രീകൃഷ്ണൻ അവർക്ക് സ്വീകാര്യമാകാതിരുന്നത് എന്തുകൊണ്ട്?

മുസ്ലീം എന്ന പൊതുശത്രുവിനെ ചൂണ്ടിക്കാണിക്കുന്നതിലൂടെ, സവർണ - അവർണ വൈരുദ്ധ്യത്തെ വഴിതിരിച്ചു വിടുകയായിരുന്നു, രാമജൻമഭൂമി പ്രസ്ഥാനത്തിലൂടെയും ബാബ്റി മസ്ജിദ് തകർത്തതിലൂടെയും ഇന്ത്യൻ നാസികൾ ലക്ഷ്യമാക്കിയത്. അതിൽ വലിയ തോതിൽ അവർ വിജയിക്കുകയും ചെയ്തു. ബാബ്റി മസ്ജിദ് തകർക്കുകയും രാമക്ഷേത്ര നിർമ്മാണാവശ്യം നിരന്തരം ഉന്നയിക്കുകയും ചെയ്യുന്നതിലൂടെ, ഇന്ത്യൻ രാഷ്ട്രീയ ഭൂപടത്തിൽ നിന്ന് 'രാഷ്ട്രീയത്തെ ചോർത്താനും രാഷ്ട്രീയ ദൈവശാസ്ത്രവൽക്കരിക്കാനും ഇന്ത്യൻ നാസികൾക്കു കഴിഞ്ഞു. ജനങ്ങളുടെ മൂർത്ത സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട സജീവ പ്രശ്നങ്ങൾ, പ്രത്യേകിച്ചും ജാതീയാനീതികൾ, രാമഭക്തി സൃഷ്ടിച്ച് ഉൻമാദ ലഹരിയിൽ മുങ്ങിപ്പോവുകയാണുണ്ടായത്. മാത്രവുമല്ല, മണ്ഡൽ കമ്മിഷൻ പിളർത്തിയ 'ഹിന്ദുവിനെ വീണ്ടും വിളക്കിച്ചേർക്കാനും ഇന്ത്യൻ നാസികൾക്ക് കഴിഞ്ഞു.

ഇന്ത്യൻ നാസികളുടെ അവകാശവാദങ്ങളെ സാധൂകരിക്കുന്നതാണ് ഇപ്പോഴത്തെ സുപ്രീം കോടതിവിധി. രാമക്ഷേത്രം തകർത്തിട്ടാണ് ബാബ്റി മസ്ജിദ് നിർമ്മിച്ചതെന്നായിരുന്നു അവർ വാദിച്ചുകൊണ്ടിരുന്നത്. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നടത്തിയ ഉൽഖനനങ്ങളിൽ 12-ാം നൂറ്റാണ്ടിലേതെന്ന് അനുമാനിക്കാവുന്ന ക്ഷേത്രാവശിഷ്ടങ്ങൾ കണ്ടുകിട്ടിയെന്നതല്ലാതെ, ആ ക്ഷേത്രം സ്വാഭാവികമായി കാലപ്പഴക്കം കൊണ്ട് തകർന്നതാണോ ബാബ്റി മസ്ജിദ് പണിയുന്നതിനുവേണ്ടി ആരെങ്കിലും തകർത്തതാണോ എന്ന ചോദ്യങ്ങൾക്ക് യാതൊരുത്തരവും ലഭിച്ചിട്ടില്ല. അതുമല്ല, പ്രകൃതിക്ഷോഭത്തിൽ തകർന്നതാണോ എന്നതിനും തെളിവില്ല. ഇക്കാര്യങ്ങളൊക്കെ അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റെ വിധിയിലും പരാമർശിക്കുന്നുണ്ട്. രാമക്ഷേത്രം തകർത്തിട്ടാണ് ബാബ്റി മസ്ജിദ് നിർമ്മിച്ചത് എന്ന പ്രചരിപ്പിക്കുകയും 1992-ഡിസംബർ 6ന് പ്രതികാരമായി ബാബ്റി മസ്ജിദ് തകർക്കുകയും ചെയ്ത ഇന്ത്യൻ നാസികളാണ് ഇന്ന് ഉത്തർപ്രദേശ് സംസ്ഥാനത്തും കേന്ദ്രത്തിലും അധികാരത്തിലിരിക്കുന്നത്. രാമക്ഷേത്രം നിർമിക്കാൻ അവരെ തന്നെ അധികാരപ്പെടുത്തുന്ന ഈ വിധി ഇന്ത്യയിലെ അവർണ ഭൂരിപക്ഷത്തോടും മുസ്ലീംങ്ങളോടും പരോക്ഷമായി പറയുന്നത് എന്താണ്?

ക്ഷേത്രം തകർത്തതിന് വസ്തുനിഷ്ഠമായ തെളിവുകൾ ഇല്ലാത്ത സാഹചര്യത്തിൽ, സുപ്രീം കോടതി ഒരു വിഭാഗമാളുകളുടെ വിശ്വാസത്തെ തെളിവായി സ്വീകരിച്ച് വിധി പറയുന്നു എന്നത് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങളെത്തന്നെ റദ്ദാക്കുന്നതിന് തുല്യമാണ്. ഇന്ത്യൻ നാസികൾ പ്രതിനിധാനം ചെയ്യുന്ന സവർണ ന്യൂനപക്ഷ രാജിനെ ചോദ്യം ചെയ്യുന്ന അവർണ-ദലിത് ഭൂരിപക്ഷത്തിനെതിരായ താക്കീതുകൂടിയാണ് സുപ്രീം കോടതി വിധി. ■

*ചണ്ഡീഘട്ടിൽ മണ്ഡൽ റിപ്പോർട്ടിനെതിരെ സർക്കാർ ജീവനക്കാർ നടത്തിയ സമരം*

രാജാജി മാത്യു തോമസ്

# അയോധ്യാവിധി: മുസ്‌ലിം ജനത രാഷ്ട്രജീവിതത്തിന്റെ പുറമ്പോക്കിൽ



*എൽ കെ അദ്വാനി*

അന്തരിച്ച മുൻ രാഷ്ട്രപതി കെ ആർ നാരായണൻ 1992 ഡിസംബർ രണ്ടിന് വർഗീയോൻമാദം ബാധിച്ച ആൾക്കൂട്ടം ബാബ്‌റി മസ്ജിദ് തകർത്തതിനെ 'മഹാത്മാഗാന്ധി വധത്തിനു ശേഷം ഇന്ത്യ കണ്ട ഏറ്റവും വലിയ ദുരന്തം' എന്നാണ് വിശേഷിപ്പിച്ചത്. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ആ ഇരുണ്ട അധ്യായത്തെ അക്ഷരാർത്ഥത്തിൽ വെള്ളപൂശുകയാണ് നവംബർ ഒമ്പതിന്റെ സുപ്രീംകോടതി വിധി. മതേതര ജനാധിപത്യ ഇന്ത്യയുടെ രാഷ്ട്രീയ ജീവിതത്തെയാകെ വിഷലിപ്തമാക്കി മാറ്റിയ തീവ്ര ഹിന്ദുത്വ ശക്തികളുടെ വളർച്ചക്കു വഴിതെളിച്ച ഹീന സംഭവമായിരുന്നു അത്.

ബാബ്‌റി മസ്ജിദ് തകർക്കാനും രാജ്യത്ത് വർഗീയമായ ചേരിതിരിവ് സൃഷ്ടിക്കാനും ആസൂത്രിത ഗൂഢാലോചന നടന്നുവെന്നത് അനിഷേധ്യ വസ്തുതയാണ്. മഹാത്മാഗാന്ധിയെ വധിക്കാൻ ഗൂഢാലോചന നടത്തുകയും അത് പ്രാവർത്തികമാക്കുകയും ചെയ്ത രാഷ്ട്രീയ ശക്തികൾ തന്നെയാണ് ബാബ്‌റി മസ്ജിദ് തകർക്കുന്നതിനു പിന്നിലും പ്രവർത്തിച്ചത്. ജനങ്ങളെ മതത്തിന്റെ അടിസ്ഥാനത്തിൽ ഭിന്നിപ്പിക്കുക വഴി മാത്രമേ രാഷ്ട്രീയ അധികാരം കയ്യാളാനാവൂ എന്ന തിരിച്ചറിവാണ് രണ്ട് ദേശീയ ദുരന്തങ്ങളിലേക്കും നയിച്ചത്. രാഷ്ട്രപിതാവിന്റെ രക്തസാക്ഷിത്വം ജനങ്ങളുടെ ഐക്യം ഊട്ടിഉറപ്പിക്കുന്നതിനും മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ദീർഘകാലം ഉറപ്പിച്ചു നിലനിർത്തുന്നതിനും സഹായകമായി. ബാബ്‌റി മസ്ജിദിന്റെ തകർച്ചയും അതിലേക്ക് നയിച്ച രഥയാത്രയും വിശ്വഹിന്ദു പരിഷത് രാജ്യവ്യാപകമായി നടത്തിയ പ്രചാരവേലകളുമാവട്ടെ ജനങ്ങളെ ഭിന്നിപ്പിക്കുന്നതിലും ഹിന്ദുത്വ തീവ്രവാദത്തിന് വേരോട്ടം ഉണ്ടാക്കുന്നതിനും വഴിവച്ചു.

ബാബ്‌റി മസ്ജിദ് ഇടിച്ചുനിരത്തിയിട്ട് 27 വർഷം പൂർത്തിയാവുമ്പോഴും ആ കുറ്റകൃത്യത്തിൽ ഉൾപ്പെട്ട ഒരാൾപോലും ശിക്ഷിക്കപ്പെടാതെ അധികാരത്തിന്റെ തണലിൽ യഥേഷ്ടം വിഹരിക്കുന്നു. നരേന്ദ്രമോദിയും സംഘപരിവാറും കയ്യാളുന്ന അധികാരത്തിന് വഴിയൊരുക്കിയത് ആ കുറ്റകൃത്യം തന്നെയാണ്. അതുകൊണ്ടുതന്നെ അദ്വാനി മുതൽ കല്യാൺ സിങ് വരെയുള്ള കുറ്റവാളികൾ എപ്പോഴെങ്കിലും നിയമാനുസൃതം വിചാരണ ചെയ്യപ്പെടുമെന്നോ അവർ ശിക്ഷിക്കപ്പെടുമെന്നോ കരുതുക വയ്യ. അത്തരത്തിൽ എന്തെങ്കിലും പ്രതീക്ഷ വച്ചുപുലർത്തിയിരുന്നവരെ നിരാശപ്പെടുത്തുന്ന വിധിയാണ് അയോധ്യ ഭൂമിതർക്കത്തിൽ പരമോന്നത കോടതിയിൽ നിന്നും ഉണ്ടായത്.

അയോധ്യയിലെ ഭൂമിതർക്കത്തിന് സുപ്രീംകോടതി അന്തിമ പരിഹാരം കണ്ടെത്തിയിരിക്കുന്നുവെന്നും അതോടെ ഇന്ത്യയുടെ മതേതരത്വം സംരക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നും ആശ്വാസം കണ്ടെത്തുന്നവരുണ്ടായിരിക്കാം. അങ്ങനെ വിശ്വസിക്കാനുള്ള അവരുടെ അവകാശം അംഗീകരിക്കുമ്പോൾ തന്നെ വസ്തുതകൾ മറിച്ചാണെന്ന് യുക്തിചിന്തയും നീതിബോധവുമുള്ള ആർക്കും ബോധ്യപ്പെടും. 1992 ഡിസംബർ ആറിന് ബാബ്‌റി മസ്ജിദ് തകർക്കപ്പെട്ടു എന്നത് ആർക്കും തർക്കമില്ലാത്ത വസ്തുതയാണ്. വർഗീയോന്മാദം ബാധിച്ച ആൾക്കൂട്ടത്തിന്റെ ചെയ്തി വ്യക്തമായ നിയമലംഘനമാണെന്ന് വിധിന്യായം പറയുന്നു. അതിന് നേതൃത്വം നൽകിയവർക്കെതിരെ കേസ് നിലനിൽക്കുന്നുമുണ്ട്. ഭൂമിതർക്കത്തിന്റെ

പരിഹാരമെന്ന നിലയിൽ നിയമലംഘകർക്കു തന്നെ തർക്കഭൂമി നൽകിക്കൊണ്ടുള്ള വിധിയാകട്ടെ അവരുടെ നിയമലംഘനത്തെ സാധൂകരിക്കുന്നതും ആ നിയമലംഘന പ്രവൃത്തിക്കുള്ള അംഗീകാരവുമല്ലെങ്കിൽ മറ്റെന്താണ്? വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള യുക്തിയാണ് വിധി മുന്നോട്ടുവയ്ക്കുന്നത്. അങ്ങനെയെങ്കിൽ ബുദ്ധാലോചന നടത്തിയവരും മസ്ജിദ് തകർത്തവരും അതേ വിശ്വാസത്തിന്റെ പേരിൽ തങ്ങളുടെ കുറ്റകൃത്യത്തിൽ നിന്ന് എന്തുകൊണ്ട് രക്ഷപ്പെട്ടുകൂടാ? മസ്ജിദ് തകർത്തത് കുറ്റകൃത്യമാണെന്ന് കണ്ടെത്തിയ കോടതി ഫലത്തിൽ വിശ്വാസത്തിന്റെ മറവിൽ കുറ്റകൃത്യത്തെയും കുറ്റവാളികളെയും വെള്ളപൂശുകയാണ് ചെയ്യുന്നത്.


*കെ ആർ നാരായണൻ*

1528ൽ ബാബറുടെ ജനറൽമാരിൽ ഒരാളാണ് അയോധ്യയിലെ മസ്ജിദ് നിർമ്മിച്ചതെന്ന് സുപ്രീംകോടതി വിധി വിലയിരുത്തുന്നു. 1857 വരെ അത് മുസ്ലിങ്ങളുടെ കൈവശമായിരുന്നു എന്ന വസ്തുതയും കോടതി ചോദ്യം ചെയ്യുന്നില്ല. എന്നാൽ അതേ കോടതി തന്നെ അവിടെ നമാസ് അനുഷ്ഠിച്ചിരുന്നുവെന്നതിന് മതിയായ തെളിവ് ഹാജരാക്കുന്നതിൽ മുസ്ലിങ്ങൾ പരാജയപ്പെട്ടതായി പറയുന്നത് വിചിത്രവും പരസ്പരവിരുദ്ധവുമാണ്. മുസ്ലിങ്ങളുടെ കൈവശം ഉണ്ടായിരുന്ന മസ്ജിദിൽ 1857ന് മുമ്പ് നമാസ് അനുഷ്ഠിച്ചിരുന്നു എന്നതിന് ദൃക്സാക്ഷികളെ ഹാജരാക്കാൻ ആവില്ലല്ലൊ. 1857ലെ ഒന്നാം സ്വാതന്ത്ര്യ സമരകാലത്ത് അന്നത്തെ അവധ് രാജ്യത്തെ രേഖകളെല്ലാം നശിപ്പിക്കപ്പെട്ട എന്നത് അനിഷേധ്യമായ ചരിത്രവസ്തുതയാണ്. അതുകൊണ്ടുതന്നെ ബാബ്റി മസ്ജിദിൽ 1528-1857 കാലയളവിൽ നമാസ് നടന്നിരുന്നുവെന്നതിന് തെളിവില്ലെന്ന കോടതിയുടെ വ്യാഖ്യാനം വിധിയെപ്പറ്റി കോടതിക്കുണ്ടായിരുന്ന മുൻവിധിയിലേക്കാണ് വിരൽചൂണ്ടുന്നത്. വിധി എന്തായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് അതിനനുസരിച്ച വാദഗതികൾ നിരത്തുകയാണ് കോടതി ചെയ്തതെന്ന് കരുതുന്നതിൽ തെറ്റില്ല.

1949 ഡിസംബർ 22,23 അർധരാത്രി ബാബ്റി മസ്ജിദിൽ ഹിന്ദു വിഗ്രഹം കടത്തി സ്ഥാപിച്ചുവെന്നും 450 വർഷം പഴക്കമുള്ള പള്ളിയുടെ മേൽ മുസ്ലിങ്ങൾക്കുള്ള അവകാശം നിയമവിരുദ്ധമായി നിഷേധിക്കപ്പെടുകയായിരുന്നു എന്നും സുപ്രീംകോടതി വിധി അസന്ദിഗ്ധമായി പറയുന്നു. സുവ്യക്തമായ ആ കണ്ടെത്തലിനെ തുടർന്നും കയ്യേറ്റക്കാർക്കുതന്നെ ഭൂമിയുടെ അവകാശം കൈമാറുന്നതിന്റെ യുക്തി ആരെയാണ് ബോധ്യപ്പെടുത്താനാവുക? നൂറ്റാണ്ടുകളായി മുസ്ലിങ്ങൾ കൈവശം വച്ചിരുന്ന ഭൂമിക്കുപകരം അഞ്ചേക്കർ അയോധ്യയിൽ തന്നെ നൽകാൻ സുപ്രീംകോടതി നിഷ്കർഷിക്കുന്നതിനെ മതനിരപേക്ഷതയുടെ ഉദാത്ത മാതൃകയായി പ്രകീർത്തിക്കുന്നവരുണ്ട്. നീതിബോധത്താൽ നയിക്കപ്പെടുന്നവരാകട്ടെ അതിനെ കൊള്ളയടിക്കപ്പെട്ടവനെ നാടുകടത്തി കൊള്ളമുതൽ കൊള്ളക്കാരനു തന്നെ ഏൽപ്പിച്ചുകൊടുക്കുന്നതിനു തുല്യമായേ ഈ വിധിന്യായത്തെ കാണൂ.

*മുൻ യു പി മുഖ്യമന്ത്രി കല്യാൺ സിംഗ്*

സുപ്രീംകോടതി വിധി സാമുദായിക സാഹോദര്യത്തിന്റെയും മതനിരപേക്ഷതയുടെയും നിയമവാഴ്ചയുടെയും പുതുയുഗപിറവിക്ക് നാന്ദി കുറിച്ചിരിക്കുന്നു എന്ന് ഉദ്ഘോഷിക്കുന്നവരും അങ്ങനെ ആത്മാർഥമായി വിശ്വസിക്കുന്നവരും ഏറെയാണ്. കാശിയിലും മഥുരയിലും തങ്ങൾ അവകാശവാദങ്ങൾ ഉന്നയിക്കില്ലെന്ന് ആർഎസ്എസും ആണയിടുന്നു. അത് അങ്ങനെ തന്നെ ആയിരിക്കട്ടെയെന്നും ആഗ്രഹിക്കാം. ആർഎസ്എസിന്റെയും സംഘ്പരിവാറിന്റെയും അത്തരം ഉറപ്പുകളുടെ ചരിത്രം ആർക്കാണ് നിഷേധിക്കാനാവുക? ബാബ്റി മസ്ജിദ് ഇടിച്ചുനിരത്തപ്പെടുന്നതിന് മുമ്പും തീവ്ര ഹിന്ദുത്വ ശക്തികൾ രാജ്യത്തിന് അത്തരം ഉറപ്പുകൾ നൽകിയിരുന്നു. ബാബ്റി മസ്ജിദ് തകർക്കപ്പെടുന്നതിന് മുമ്പ് അന്നത്തെ ഉത്തർപ്രദേശ് മുഖ്യമന്ത്രി കല്ല്യാൺസിംഗ് മസ്ജിദിന് യാതൊരു ക്ഷതവും ഉണ്ടാവാൻ അനുവദിക്കില്ലെന്ന് സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകിയത് ആർക്കാണ് വിസ്മരിക്കാനാവുക? അത്തരം വാഗ്ദാനലംഘനങ്ങൾ അധികാരം ഉറപ്പിക്കാൻ അനിവാര്യമാണെന്ന് അനുഭവത്തിൽ നിന്ന് തിരിച്ചറിയുന്നവർ അത് ആവർത്തിക്കുകതന്നെ ചെയ്യും. മനുഷ്യരക്തത്തിന്റെയും മാംസത്തിന്റെയും രുചിയറിഞ്ഞ ഹിംസ്രമൃഗമാണ് ഫാസിസമെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

അയോധ്യ ഭൂമിതർക്ക കേസിലെ സുപ്രീം കോടതി വിധി എല്ലാ അർത്ഥത്തിലും രാജ്യത്തെ ഏറ്റവും വലിയ മതന്യൂനപക്ഷത്തെ രണ്ടാംകിട പൗരൻമാരായി സ്ഥാപനവൽക്കരിക്കുകയാണ് ചെയ്തിരിക്കുന്നത്. 2016ലെ പൗരത്വ ഭേദഗതി ബിൽ ആ ദിശയിലേക്കുള്ള ആദ്യ ചുവടുവയ്പായിരുന്നു. നിയമവിരുദ്ധ കുടിയേറ്റക്കാരായ ഹിന്ദു, സിഖ്, ബുദ്ധ, ജൈന, പാർസി, ക്രിസ്ത്യൻ മതവിശ്വാസികൾക്ക് ഇന്ത്യൻ പൗരത്വം ഉറപ്പുനൽകുന്ന പ്രസ്തുത നിയമം മുസ്ലിങ്ങൾക്കു മാത്രം അത് നിഷേധിക്കുന്നു. സുപ്രീംകോടതിയുടെ വിധി അവരെ രാഷ്ട്രജീവിതത്തിന്റെ പുറമ്പോക്കിലേക്ക് തള്ളിനീക്കുകയാണ് ചെയ്യുന്നത്. ■

ലേഖനം

വി പി വാസുദേവൻ

*രാമജന്മഭൂമിയിൽ ഭക്തൻ*

## അയോധ്യാ വിധി സമ്പൂർണമാക്കാൻ

# പൊതുസമൂഹത്തിന് ബാദ്ധ്യതയില്ലേ?

മതം മർദ്ദിതന്റെ നെടുവീർപ്പാണ്. ഹൃദയമില്ലാത്ത ലോകത്തിന്റെ ഹൃദയമാണ്. ആത്മാവില്ലാത്ത പ്രപഞ്ചത്തിന്റെ ആത്മാവാണ്. (Religion is the high of oppressed creature; it is the heart of heartless world; jtsu as it is the spirit of a spiritless world.) എന്ന് എഴുതിയത് സാക്ഷാൽ കാൾ മാർക്സാണ്. തീർച്ചയായും അദ്ദേഹം മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ് എന്നു കൂടി പറഞ്ഞിട്ടുണ്ട്. "ആശയറ്റവന്റെ ആശ്വാസമാണ് മതം" എന്നും പറഞ്ഞിട്ടുണ്ട് (എന്നാണ് അന്തരിച്ച ബിഷപ്പ് പൗലോസ് മാർ പൗലോസ് പറഞ്ഞിരുന്നത്).

ഇപ്പോൾ ഈ മാർക്സിയൻ വചനങ്ങൾ ഓർക്കാൻ കാരണം അയോധ്യയിലെ തർക്കഭൂമി സംബന്ധിച്ച് സുപ്രീം കോടതിയുടെ അഞ്ചംഗ ഭരണഘടനാബഞ്ച് പുറപ്പെടുവിച്ച വിധിയും അതേത്തുടർന്ന് ഇന്ത്യയിലും പുറത്തുമുണ്ടായ അഭിപ്രായപ്രകടനങ്ങളുമാണ്.

ഇന്ത്യയിൽ ഹിന്ദുത്വത്തിന്റെ ശക്തി പ്രാപിക്കലിന്റെ ലക്ഷണമായാണ് പുറത്തുള്ളവർ ഈ വിധിയെ കാണുന്നത്. പുറത്തുള്ളവർ എന്നു വെച്ചാൽ ന്യൂയോർക്ക് ടൈംസും ലണ്ടൻ പത്രങ്ങളും മറ്റും. പാക്കിസ്ഥാൻ പത്രങ്ങളും സർക്കാർ തന്നെയും അങ്ങിനെ കണ്ടേയ്ക്കാം. ഇന്ത്യയിലെ പ്രമുഖ നിയമവിദഗ്ധരിൽ പലരും അങ്ങനെ പ്രസ്താവനകൾ ഇറക്കിക്കഴിഞ്ഞു. ജസ്റ്റിസ് മാർക്കാണ്ഡേയ കട്ജു അടക്കമുള്ള നിയമവിദഗ്ധരിൽ പലരും നിരുത്തരവാദപരമായ പ്രസ്താവനകളാണ് ഇറക്കിയത് എന്നാണ് തോന്നിയത്. ചോക്കളേറ്റ് തട്ടിപ്പറിച്ച കുട്ടിയ്ക്ക് ആ ചോക്കളേറ്റ് നൽകുകയും നഷ്ടപ്പെട്ട

കൂട്ടിയ്ക്ക് പകരമായി ഒരു ഉണക്ക റൊട്ടിക്കഷ്ണം നൽകുകയുമാണ് സുപ്രീംകോടതി ചെയ്തത് എന്നാണദ്ദേഹം പറഞ്ഞതായി പത്രങ്ങളിൽ വന്നത്. 1949ൽ ബാബറി മസ്ജിദിൽ വിഗ്രഹങ്ങൾ കൊണ്ടുപോയി വെച്ച നടപടിയും 1992ൽ ബാബറി മസ്ജിദ് തകർത്ത നടപടിയും തികച്ചും നിയമവിരുദ്ധമായിരുന്നു എന്ന് രേഖപ്പെടുത്തിയ ശേഷം അതേ അക്രമികൾക്ക് ആ സ്ഥലം വിട്ടുകൊടുക്കുന്നതിൽ നീതിരാഹിത്യമുണ്ടെന്നും വൈരുദ്ധ്യവും യുക്തിരാഹിത്യവുമുണ്ടെന്നുമാണ് മറ്റുചിലർ ചൂണ്ടിക്കാണിക്കുന്നത്. ആ വിലയിരുത്തലിന്റെ രീതിയിൽ പോയാൽ സ്വയം തോൽപ്പിക്കുന്ന വിധിന്യായം എന്നും ഇതിനെ വിശേഷിപ്പിക്കാൻ കഴിയും. എന്നാൽ ഈ വിമർശകരൊക്കെത്തന്നെയും ഇതുകൊണ്ട് പ്രശ്നം അവസാനിക്കുകയാണെങ്കിൽ അതുയും നല്ലത് എന്ന് പ്രസ്താവിച്ചുകൊണ്ടും അല്ലാതെയും പരമോന്നത നീതിപീഠത്തിന്റെ വിധിയെ മാനിക്കുന്നു, സ്വീകരിക്കുന്നു, സ്വാഗതം ചെയ്യുന്നു എന്നെല്ലാം പറഞ്ഞിട്ടുമുണ്ട്.

എന്നാൽ, ഇത്തരം നിയമവിദഗ്ധരെക്കാളും അന്തസ്സും ഉത്തരവാദിത്വബോധവും ഇന്ത്യയിലെ നിരവധി മുസ്ലീം സാമുദായിക സംഘടനകളും മതനേതാക്കൻമാരും ഈ കേസ്സിൽത്തന്നെ കക്ഷികളായിരുന്ന സുന്നി വഖഫ് ബോർഡ് വക്താക്കളും മുസ്ലീം വ്യക്തിനിയമ സമിതിയുടെ നേതൃത്വവും പാലിച്ചതായി നമ്മൾ കാണേണ്ടതുണ്ട്. അവർ അങ്ങനെ അന്തസ്സു പാലിച്ചത് പലരും, വിശേഷിച്ച് ഹിന്ദു ഫാസിസ്റ്റ് വക്താക്കൾ വിചാരിക്കുന്നതു പോലെ എന്തെങ്കിലും തരത്തിലുള്ള ഭീരുത്വം കൊണ്ടല്ല. ആ അന്തസ്സ് അവരുടെ സ്വഭാവത്തിന്റെ ഭാഗമായതുകൊണ്ടാണ്.

"വിധി തൃപ്തികരമല്ല. പക്ഷെ സ്വീകരിക്കുന്നു. പുനഃപരിശോധനാഹർജി കൊടുക്കുന്നത് ആലോചിച്ച് തീരുമാനിക്കും" എന്നാണ് അവരുടെയെല്ലാം പൊതു നിലപാട്. (കേരളത്തിൽ നിന്നുള്ള മുസ്ലീം ലീഗ് അഖിലേന്ത്യാ സെക്രട്ടറി "നിരാശാജനകമായ വിധി" എന്ന് അല്പം കടത്തി പറയുകയുണ്ടായി. എന്നാൽ സമുദായ നേതാവു കൂടിയായ പാണക്കാട് തങ്ങളുടെ പ്രസ്താവനയിൽ നിരാശ എന്ന വാക്കില്ലായിരുന്നു.)

ഈ അന്തസ്സ് അവർ കൈക്കൊള്ളുന്നതിനും തുടർന്ന് പാലിക്കുന്നതിനും ഇടയായ രണ്ടു ഘടകങ്ങൾ അയോധ്യാ സംഭവത്തിലുണ്ട്. അവയെ ശരിയായി മനസ്സിലാക്കിയാൽ മാത്രമെ നമുക്ക് ഇന്ത്യൻ പൊതുസമൂഹത്തിന് ഇക്കാര്യത്തിൽ ശരിയായ നിലപാടെടുക്കാനും കടമ നിർവഹിക്കാനും കഴിയൂ.

ഈ രണ്ടു ഘടകങ്ങളിൽ ഒന്ന് ശരിയായ മതബോധവും വിശ്വാസവും തന്നെയാണ്. രണ്ടാമത്തേത് അയോധ്യാ സംഭവത്തെക്കുറിച്ചുള്ള ചരിത്രബോധമാണ്. ശരിയായ മതബോധവും വിശ്വാസവും എന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോഴാണ് മതത്തെക്കുറിച്ച് മാർക്സ് പറഞ്ഞ മഹത്വചനങ്ങൾ ഓർമ്മയിൽ വരുന്നത്. അതിൽ ആദ്യത്തെ നാലു വാക്യങ്ങളും മതത്തിന്റെ ആദർശങ്ങളെക്കുറിച്ചുള്ളതാണ്. അഥവാ പ്രവാചക മതത്തെക്കുറിച്ചുള്ള നിരീക്ഷണമാണ്. ഒടുവിൽ പറഞ്ഞ, മതം കറുപ്പാണ്, എന്ന നിരീക്ഷണം പുരോഹിതമതത്തെക്കുറിച്ചുള്ളതാണ്.

മുഹമ്മദ് നബിയുടെ ജീവിത കാലത്തുതന്നെ ഇസ്ലാം മതം പ്രചരിച്ച പ്രദേശമാണ് ഇന്ത്യ. യേശുവിന്റെ ഒന്നാമത്തെ ശിഷ്യൻ തന്നെ വന്ന് ക്രൈസ്തവ പ്രബോധനം നടത്തിയ രാജ്യമാണ് നമ്മുടേത്. അതായത് റോമിനെക്കാൾ പഴക്കം ഇന്ത്യയിലെ ക്രൈസ്തവ സഭയ്ക്കുണ്ട്. ഒരുപക്ഷെ മക്കയെക്കാളുമോ മക്കയോളം തന്നെയോ പാരമ്പര്യം ഇന്ത്യയിലെ ഇസ്ലാംമത വിശ്വാസത്തിനുണ്ട്. (റോമിൽ മാർപ്പാപ്പയുണ്ടാകുന്നതും ക്രൈസ്തവമതം സ്വീകാര്യമാവുന്നതും ക്രി പി നാലാം നൂറ്റാണ്ടിലാണ്). അതായത് ചാവക്കാട് മുസ്ലീമിനോട് ഇസ്ലാം തത്ത്വം ഉപദേശിക്കാൻ മക്കത്തെ പുരോഹിതൻമാർക്കോ കുന്നംകുളത്തെ ക്രിസ്ത്യാനിയോട് യേശുദർശനം പ്രസംഗിക്കാൻ റോമൻ പാതിരിക്കോ പാരമ്പര്യശ്രേഷ്ഠത അവകാശപ്പെടാനില്ല എന്നർത്ഥം. അതായത് ഒരു ബഹുസ്വര സമൂഹത്തിൽ തന്റെ ആദർശങ്ങളും വിശ്വാസങ്ങളും എങ്ങനെ സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യാമെന്ന് മക്കത്തെയും റോമിലെയും മതമേധാവികളെക്കാൾ ഇന്ത്യയിലെ സാധാരണ മനുഷ്യർക്കറിയാം എന്നതാണ് ഈ വസ്തുതയുടെ ഒരു വ്യാഖ്യാനം. (ഈ വസ്തുതയെ നിഷേധിക്കാനാണ് ചില മത മൗലികവാദക്കാർ സെന്റ് തോമസും മാലിക് ദീനാറും ഇന്ത്യയിലോ കേരളത്തിലോ വന്നിട്ടില്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത്). ഒരു ബഹുസ്വര സമൂഹത്തിൽ തങ്ങളുടെ വിശ്വാസവും ആദർശങ്ങളും ആചാരങ്ങളും നിലനിർത്തിക്കൊണ്ടു തന്നെ തികഞ്ഞ സൗഹൃദത്തോടെയും ഐക്യത്തോടെയും ജീവിക്കുന്ന ഇന്ത്യയിലെ വിവിധ മതസ്ഥർക്ക് നിത്യവ്യവഹാരങ്ങളിൽ അതുകൊണ്ടു തന്നെ പ്രവാചക മതത്തിന്റെ സാന്നിദ്ധ്യം പുരോഹിത മതത്തിന്റെ സാന്നിദ്ധ്യത്തെക്കാൾ പ്രബലമായി അനുഭവപ്പെടുന്നുണ്ട്; അനുഭവപ്പെട്ടുപോന്നിട്ടുണ്ട്. അതുകൊണ്ടാണ് യൂറോപ്പിലേതുപോലുള്ള രക്തരൂക്ഷിത യുദ്ധങ്ങൾ മതത്തെച്ചൊല്ലി ഇവിടെ ഉണ്ടായിട്ടില്ലാത്തത്.

യൂറോപ്യൻമാരുടെ വരവിനും ഇടപെടലിനും മുമ്പുള്ള കാലഘട്ടത്തിൽ തികഞ്ഞ മതസൗഹാർദ്ദം ഇവിടെ

മുഹമ്മദ് നബിയുടെ ജീവിത കാലത്തുതന്നെ ഇസ്ലാം മതം പ്രചരിച്ച പ്രദേശമാണ് ഇന്ത്യ. യേശുവിന്റെ ഒന്നാമത്തെ ശിഷ്യൻ തന്നെ വന്ന് ക്രൈസ്തവ പ്രബോധനം നടത്തിയ രാജ്യമാണ് നമ്മുടേത്. അതായത് റോമിനെക്കാൾ പഴക്കം ഇന്ത്യയിലെ ക്രൈസ്തവ സഭയ്ക്കുണ്ട്. ഒരുപക്ഷെ മക്കയെക്കാളുമോ മക്കയോളം തന്നെയോ പാരമ്പര്യം ഇന്ത്യയിലെ ഇസ്ലാംമത വിശ്വാസത്തിനുണ്ട്.

പൂലർന്നതായി കാണാം. യൂറോപ്പിലാകട്ടെ ഒരു മതത്തിൽപ്പെട്ട അവാന്തര വിഭാഗക്കാർ തമ്മിൽത്തന്നെ രക്തരൂക്ഷിത സമരങ്ങൾ നടത്തിയതായി കാണാം. (ഒന്നാം സ്വാതന്ത്ര്യ സമരത്തെക്കുറിച്ചുള്ള തന്റെ ന്യൂയോർക്ക് ട്രിബ്യൂൺ ലേഖനങ്ങളിൽ മാർക്സ് ഇത് വ്യക്തമാക്കുന്നുണ്ട്). അവിടെ പുരോഹിത മതത്തിനുണ്ടായിരുന്ന മുൻകയ്യ്, മറിച്ച് ഇവിടെ പുരോഹിതൻമാരിൽ പോലും പ്രവാചകമതത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്ന എന്നു കാണാം. സ്വാമി വിവേകാനന്ദൻ ഇക്കാര്യം തന്റെ ചിക്കാഗോ പ്രസംഗത്തിലും പിന്നീടുള്ള അമേരിക്കൻ, യൂറോപ്യൻ പ്രസംഗ പരമ്പരകളിലും വ്യക്തമാക്കുന്നുണ്ട്. (ഇന്ത്യയിലെ പ്രസംഗങ്ങളിൽ അദ്ദേഹം ഊന്നൽ കൊടുക്കുന്നത് ഹിന്ദുമതത്തിലെ അനാചാരങ്ങൾക്കും ജാതി വ്യവസ്ഥയ്ക്കും എതിരായ പ്രചാരണത്തിലാണ്. അതാണല്ലൊ ഇവിടെ പ്രസക്തം.). അതെ, ഹിന്ദുമതത്തെക്കുറിച്ച് പറയുമ്പോൾ അതിലെ പ്രവാചക മതത്തിന്റെ വക്താക്കളായി ശ്രീരാമകൃഷ്ണ പരമഹംസരെയും, വിവേകാനന്ദനെയും അതിനും മുമ്പ് രാജാറാം മോഹൻ റായിയെയും നമുക്കെടുക്കാൻ കഴിയും. ഭക്തി പ്രസ്ഥാനത്തിന്റെ വക്താക്കളായി വന്ന തുളസീദാസനെയും നമ്മുടെ തുഞ്ചത്തെഴുത്തച്ഛനെയും നമുക്ക് ഇന്നും എന്നും കൊണ്ടാടാൻ കഴിയും.

തുഞ്ചത്തെഴുത്തച്ഛന്റെ ഏറ്റവും അടുത്ത സുഹൃത്ത് കണ്ണായൻ മുസല്യാരായിരുന്നു; അവർ പരസ്പരം പരിഹസിക്കുകയും റാഗിങ് നടത്തുകയും ചെയ്തിരുന്നു എന്നും മറ്റുമുള്ള കഥകളൊന്നും കേവലം കെട്ടുകഥകളല്ല. യഥാർത്ഥസംഭവങ്ങളുടെ പരിശിഷ്ടങ്ങളും അവക്ഷിപ്തങ്ങളുമാണ് (Perceptions) തുളസീദാസരാമായണത്തിലെ ഏറ്റവും ഹൃദ്യമായ ഒരു ഭാഗം ശബരി എന്ന കാട്ടുജാതിക്കാരി ശ്രീരാമനെ സ്വീകരിക്കുന്നതാണ്. താൻ കൊടുക്കുന്ന പഴങ്ങൾ നല്ലതാണ് എന്ന് ഉറപ്പുവരുത്താൻ ശബരി അതെല്ലാം കടിച്ചുനോക്കിയാണത്രെ തയ്യാറാക്കി വെച്ചത്. ശ്രീരാമനും ലക്ഷ്മണനും അതെല്ലാം ഹൃദ്യമായിത്തന്നെ കഴിച്ചു. ഇത് വ്യക്തമാക്കുന്നത് "ശംബൂകനെ കൊന്ന ശ്രീരാമനെയല്ല; സീതയെ ഉപേക്ഷിക്കുന്ന ശ്രീരാമനെയല്ല ഭക്തി പ്രസ്ഥാനക്കാർ ആദരിക്കുന്നത് എന്നാണ്. അദ്ധ്യാത്മരാമായണക്കാർ ഉത്തരരാമായണത്തെത്തന്നെ സ്വീകരിക്കുന്നില്ല. എഴുത്തച്ഛന്റെ അധ്യാത്മരാമായണത്തിലും ഉത്തരരാമായണം മറ്റാരോ എഴുതിയതാണ്, എഴുത്തച്ഛന്റേതല്ല എന്ന വിവാദത്തിന് ഒരുകാരണം രാമ സങ്കല്പത്തെക്കുറിച്ച് ഭക്തി പ്രസ്ഥാനക്കാർക്കുള്ള ഈ വിവേചനമാണെന്നു കാണാം.

അധ്യാത്മരാമായണത്തിലെ (എഴുത്തച്ഛന്റെ) ഏറ്റവും പ്രധാന ഭാഗമായ ലക്ഷ്മണോപദേശത്തിന്റെ സത്ത തന്നെ "ദേഹം നിമിത്തമുള്ള അഹം ബുദ്ധി"യിൽ നിന്നാണ് ജാതി ചിന്തയുണ്ടാകുന്നതെന്നും അതിൽ യാതൊരു സത്യവും ഇല്ലെന്നുമാണ്. കബീർ എന്ന കവിയും കബീർ കി ദോഹെകളുമുണ്ടാകുന്നത് ഈയൊരു മതസൗഹൃദത്തിന്റെ പ്രവാചക മതങ്ങൾ തമ്മിലുള്ള ഹൃദയത്സാത്മ്യങ്ങളുടെ നേർസാക്ഷ്യമായാണ്. മുഗൾ രാജാക്കൻമാരുടെ ഭരണ വ്യവസ്ഥകളും അക്ബറുടെ പുതിയ മത ചിന്തകളും ഉണ്ടാകുന്നതും അത്തരം ഹൃദയത്സാമ്യങ്ങളുടെ തന്നെ നേർ സാക്ഷ്യങ്ങളാണ്. ആ ഹൃദയാത്മക മതങ്ങളെക്കുറിച്ചൊന്നും യൂറോപ്പുകാരനും അമേരിക്കക്കാരനും ഇന്ത്യാക്കാരുമായി പരിചയപ്പെടുന്നതിനു മുമ്പ് ചിന്തിക്കാൻ കഴിയുമായിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. "വ്യവസായങ്ങളുടെ പാറ്റന്റ് നിങ്ങൾക്കായിരിയ്ക്കാം എന്നാൽ മതസൗഹൃദത്തിന്റെയും മാനവ സ്നേഹത്തിന്റെയും പാറ്റന്റ് ഞങ്ങൾക്കവകാശപ്പെട്ടതാണ്". എന്ന് വിവേകാനന്ദൻ അമേരിയ്ക്കയിൽ പറയുന്നുണ്ട്.

"മേരിയുടെയും യേശുവിന്റെയും പേര് പറയുന്ന നിങ്ങൾ എന്തടിസ്ഥാനത്തിലാണ് എന്താദർശത്തിലാണ് മുപ്പത്തൊമ്പതു കോടി ജനങ്ങളുടെ ചങ്കിൽ ബൂട്ടിട്ടു ചവിട്ടുന്നത്" എന്നും അദ്ദേഹം ചോദിക്കുന്നുണ്ട്.

യൂറോപ്യൻമാരുടെ വരവിനു മുമ്പ് ഒരു വസ്ത്രത്തിന്റെ ഊടും പാവുമെന്ന പോലെ (ഉപമ കബീർ കീ ദോഹെയിൽ നിന്ന്) കഴിഞ്ഞിരുന്ന ഹിന്ദുക്കളെയും മുസ്ലീങ്ങളെയും തമ്മിലകറ്റുവാൻ പിൽക്കാലത്ത് ബോധപൂർവമായ ശ്രമങ്ങളുണ്ടായി. അതിൽ സൂത്രധാരൻമാർ യൂറോപ്യൻമാർ തന്നെയായിരുന്നു. 1857ലെ ഒന്നാം സ്വാതന്ത്ര്യ സമരകാലത്താണ് അവർക്കതൊരു രാഷ്ട്രീയമായ അത്യാവശ്യമായി ബോധ്യപ്പെട്ടത്. അന്ന് മുപ്പതിലധികം വരുന്ന ഹിന്ദുരാജാക്കൻമാർ ബ്രിട്ടീഷ് രാജ്ഞിയ്ക്കെതിരെ തങ്ങളുടെ സ്വാതന്ത്ര്യ സമരത്തിന്റെ തലവനായി അവരോധിച്ചത് പണ്ഡിതനും കവിയുമായിരുന്ന, അതുകൊണ്ടു തന്നെ പ്ലാറ്റോവിന്റെ സങ്കല്പത്തിലെ "ഫിലോസഫർ കിംഗ്" എന്ന പദവിയ്ക്കർഹതയുള്ള അവസാനത്തെ മുഗൾ ചക്രവർത്തി ബഹദൂർ ഷായെ ആയിരുന്നുവല്ലൊ.

ഈയൊരു പശ്ചാത്തലത്തിൽ വേണം 1885ൽ ഫൈസാബാദ് കോടതിയിൽ (ഇംഗ്ലീഷ് കോടതി) മഹന്ത് രഘുബീർ പള്ളിയുടേതായ ഭൂമിയിൽത്തന്നെ ക്ഷേത്രം പണിയാൻ അനുവദിക്കണമെന്ന ഹർജി നൽകുന്നതിന്റെ പ്രേരണയെക്കുറിച്ച് ചിന്തിയ്ക്കാൻ. 1813-14 കാലത്ത് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സർവേയറായിരുന്ന ഫ്രാൻസിസ് ബുക്കാനൻ എന്ന വെള്ളക്കാരനാണ് ആദ്യമായി ബാബറുടെ പള്ളി നിൽക്കുന്നത് ശ്രീരാമക്ഷേത്രം പൊളിച്ചു മാറ്റിയ സ്ഥലത്താണ് എന്ന് കണ്ടെത്തുന്നത്. തന്റെ കണ്ടെത്തലിന് വിശ്വാസ്യത കൂട്ടാനായി ആ കമ്പനി ഗവേഷകൻ ഒരു കാര്യം കൂടി രേഖപ്പെടുത്തി. ബാബറി മസ്ജിദ് യഥാർത്ഥത്തിൽ പണികഴിപ്പിച്ചത് ബാബറല്ല ഔറംഗസീബ് ആണ്. ഈ "കണ്ടെത്തലു"കളെ അടിസ്ഥാനമാക്കിയാണ് മഹന്ത് രഘുബീർ കോടതിയിൽ അപേക്ഷ കൊടുത്തത്.

നേരത്തെ പ്രസ്താവിച്ച "അയോധ്യാ സംഭവത്തെക്കുറിച്ചുള്ള ചരിത്രബോധം" എന്ന രണ്ടാമത്തെ ഘടകത്തെക്കുറിച്ചാണ് പറഞ്ഞു വരുന്നത്.

ഇത്തരം കാര്യങ്ങളെക്കുറിച്ചൊന്നും നമ്മുടെ മതേതര സമൂഹത്തിനും നിയമജ്ഞന്മാർക്കും വേണ്ടത്ര ബോധ്യമില്ലെങ്കിലും ഇവിടത്തെ വിവിധ മതപുരോഹിതന്മാരിൽ വലിയൊരു വിഭാഗത്തിന് ഇക്കാര്യങ്ങളൊക്കെ അറിയാം. അതുകൊണ്ടാണ് അയോധ്യയിലെ ഇസ്ലാം മതപുരോഹിതനും ക്ഷേത്രപൂജാരിയും ഐക്യത്തോടെതന്നെ, സൗഹൃദത്തോടെത്തന്നെ കഴിയുന്നത്. അങ്ങനെ ഐക്യത്തോടെ കഴിഞ്ഞവരും ജനങ്ങൾ

ക്കിടയിൽ ഐക്യമുണ്ടാക്കാൻ ശ്രമിച്ചവരുമായ അയോധ്യയിലെ ഒരു മുസ്ലീം പുരോഹിതനെയും പൂജാരിയെയും അവിടെ വാത്മീകി ക്ഷേത്രത്തിന്റെ പരിസരത്ത് ആലിൻകൊമ്പിൽ പരസ്യമായി തൂക്കിലിട്ടതിന്റെ ക്രഡിറ്റും ബ്രിട്ടീഷുകാർക്കുള്ളതാണ്. (എന്റെ ഗ്രാമമായ ഏലംകുളത്ത് 1921ൽ ഹിന്ദു മുസ്ലീം ഐക്യത്തിനുവേണ്ടി പ്രവർത്തിച്ച പട്ടുക്കത്ത് മൊയ്തീൻ കുരുക്കൾ എന്ന ആര്യങ്കോട്ടു നാട്ടു വൈദ്യനെ വീട്ടിൽചെന്ന് വെടിവെച്ചു കൊല്ലുകയും അയാൾ ലഹളയുണ്ടാക്കിയവനാണ് എന്നു രേഖപ്പെടുത്തുകയും ചെയ്ത സംഭവം പറഞ്ഞുകേട്ടത് ഓർമ്മയിൽ വരുന്നു.)

*സുന്നി വഖഫ് ബോർഡ് ചെയർമാൻ സഫർ അഹമ്മദ് ഫാറൂഖി വിധി സ്വാഗതം ചെയ്യുന്നു*

ഇവിടെ മറ്റൊരു കാര്യം കൂടി പരാമർശിക്കേണ്ടിയിരിക്കുന്നു. ശ്രീരാമജന്മഭൂമി എന്ന സങ്കല്പനത്തെക്കുറിച്ച് ഇസ്ലാം മതവിശ്വാസപ്രകാരം ഉണ്ടാകാവുന്ന ധാരണകളെക്കുറിച്ചാണത്. യഥാർത്ഥ ഇസ്ലാം വിശ്വാസിയെ സംബന്ധിച്ചിടത്തോളം എത്രയോ പുണ്യപുരുഷന്മാർ ഉണ്ടായതിൽ ശ്രീകൃഷ്ണനെയും ശ്രീരാമനെയും മറ്റനേകരെയും ഉൾപ്പെടുത്തുവാൻ അവർക്കൊരു വകുപ്പുണ്ട്. അത്തരം പരശ്ശതം പുണ്യപുരുഷന്മാരുടെ കൂട്ടത്തിലാണവർ അന്യമതങ്ങളിലെ പ്രവാചകന്മാരെയും ശ്രീകൃഷ്ണനെയും ശ്രീരാമനെയും പോലുള്ള ഹിന്ദു ദൈവസങ്കല്പങ്ങളെയും കാണുന്നത്. ആ രീതിയിൽ അയോധ്യ എന്ന സ്ഥലവും ശ്രീരാമനുമായുള്ള ബന്ധത്തെയും മഥുര എന്ന സ്ഥലവും ശ്രീകൃഷ്ണനുമായുള്ള സങ്കല്പത്തെയും ഒന്നും കാണാൻ അവർക്ക് പ്രയാസമുണ്ടായിരുന്നില്ല. അത്തരക്കാരെ സംബന്ധിച്ചിടത്തോളം ബാബ്റി മസ്ജിദിനടുത്തു തന്നെ ശ്രീരാമക്ഷേത്രം വരുന്നതിനോ ഒരു ഒത്തുതീർപ്പെന്ന നിലയിൽ പള്ളി നിന്ന സ്ഥലത്തു തന്നെയും ക്ഷേത്രം അനുവദിക്കുന്നതിനോ പ്രയാസം കാണുകയില്ലായിരുന്നു. എന്നാൽ അതിന് തക്ക ഒരു ഏജൻസി പ്രവർത്തിക്കാനുണ്ടായില്ല എന്നതാണ് ചരിത്രയാഥാർത്ഥ്യം. മാത്രമല്ല ഇന്ത്യൻ സ്വാതന്ത്ര്യത്തിന് മുമ്പുള്ള ഘട്ടം വരെ അയോധ്യയിൽ നൂറുകണക്കിന് ശ്രീരാമമാങ്ങളുണ്ടായിരുന്നുവെന്നും അവിടെ ഓരോ ദിക്കിലും "ഇവിടെയാണ് യഥാർത്ഥത്തിൽ ശ്രീരാമൻ ജനിച്ചത്" എന്ന് എഴുതി വെച്ചിരുന്നുവെന്നും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. 1949-ൽ ചിലർ ശ്രീരാമവിഗ്രഹം പള്ളിയിൽ കൊണ്ടുവെച്ചശേഷവും ദശകങ്ങളോളം ഈ പാരമ്പര്യം തുടർന്നിട്ടുണ്ട്. (ഇപ്പോഴും ചിലേടത്ത് തുടരുന്നുണ്ടാവാം) മുപ്പതുകളിൽ മഹാത്മജി അയോധ്യ സന്ദർശിച്ചപ്പോൾ "അങ്ങയുടെ അഭിപ്രായത്തിൽ ശ്രീരാമൻ ജനിച്ച മഠം യഥാർത്ഥത്തിൽ ഇവയിലേതാണ്" എന്ന് പത്രക്കാർ ചോദിച്ചുവെന്നും അദ്ദേഹം തന്റെ നെഞ്ച് തൊട്ടു കാണിച്ചുവെന്നും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. (ഗാന്ധിജി തൊട്ടുകാണിച്ച ആ ശ്രീരാമ മന്ദിരത്തിലാണ് ഗോദ്സെ നിറയൊഴിച്ചത്) ഇതെല്ലാം അറിയുന്ന ശ്രീരാമമഠക്കാരുടെ തലമുറക്കാർക്കും പിൻതലമുറക്കാർക്കും ശ്രീരാമമന്ദിരം ഇന്ന സർവെ നമ്പറിൽതന്നെ വേണമെന്ന് നിർബന്ധമുണ്ടാകില്ല എന്നു വ്യക്തമാണല്ലൊ. അതുകൊണ്ടൊക്കെത്തന്നെ അവിടെ സ്വാതന്ത്ര്യത്തിനുശേഷം 1992ൽ ബാബ്റി മസ്ജിദ് തകർക്കപ്പെട്ടശേഷം നടന്ന തെരഞ്ഞെടുപ്പിൽ കൂടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്(CPI) ജയിച്ചുകൊണ്ടിരുന്നത്. യഥാർത്ഥത്തിൽ പ്രദേശത്തുകാർക്ക് ഈ പ്രശ്നം പരിഹരിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിൽ ഇങ്ങിനെയൊരു കാര്യം തന്നെ പുറത്തറിയുകയില്ലായിരുന്നു എന്നു വിചാരിക്കാൻ ന്യായമുണ്ട്.

കേരളചരിത്രത്തിൽ അത്തരം എത്രയോ സംഭവങ്ങളുണ്ട്. മലപ്പുറം നേർച്ചയ്ക്കാസ്പദമായ മലപ്പുറം പള്ളിയുടെ കഥ ഉദാഹരണമാണ്. മാലിക് ദീനാർ സ്ഥാപിച്ചതെന്നു കരുതപ്പെടുന്ന ആ പള്ളി ഏകദേശം 600 കൊല്ലം മുമ്പ് അവിടത്തെ നാടുവാഴിയുടെ സൈന്യം തകർക്കുകയുണ്ടായി. എന്നാൽ പിന്നീടുണ്ടായ ഒത്തുതീർപ്പിന്റെ ഫലമായി ആദ്യമുണ്ടായിരുന്ന പള്ളിയെക്കാൾ മനോഹരമായ ഒരു പള്ളി നാടുവാഴി തന്നെ (പാറ നമ്പി) അവിടെ പണി കഴിപ്പിച്ചു. ആദ്യത്തെ പള്ളി തകർക്കാനെത്തിയ സൈന്യത്തെ നേരിട്ട് രക്തസാക്ഷിത്വം വരിച്ച 41 പേരെ ആദരിക്കുന്ന ചടങ്ങും അന്നുമുതൽ അവിടെ ആരംഭിച്ചു മലപ്പുറം നേർച്ച. ഞാൻ കണ്ട നിലവിളക്കുകളിൽ ഏറ്റവും വലിയത് ഒരു പക്ഷെ മലപ്പുറം രക്തസാക്ഷി സ്മാരകത്തിലെ (യാറം) നിലവിളക്കായിരിക്കാം. നേർച്ചക്കാലത്തും മറ്റു പലപ്പോഴും ആ നിലവിളക്കിൽ നാൽപത്തൊന്നു തിരിയിട്ട് കത്തിക്കുന്ന പതിവുണ്ട്. ഓരോ തിരിയും ഓരോ



*ജസ്റ്റിസ് കാട്ജു*

രക്തസാക്ഷിയ്ക്ക്. അവിടെ നാല്പത്തി ഒന്ന് അട നിവേദിക്കുന്ന പതിവും ഉണ്ട്. ഈ രക്തസാക്ഷികളിൽ രണ്ടുപേർ ഹിന്ദുക്കളാണ്. കുഞ്ഞൻ, കൃഷ്ണൻ എന്നു പേരായ രണ്ടു സഹോദരന്മാർ. അവർ പള്ളി രക്ഷിക്കാൻ പോയത് അവരുടെ ഉറ്റ സുഹൃത്തും യോദ്ധാവുമായ രാക്കൻ പോക്കർ പോയതുകൊണ്ടാണ്. അവരുടെ സുഹൃത്തും മലപ്പുറം കിസ്സപ്പാട്ടിലെ വീരനായകനുമായ പോക്കർ പള്ളി ആക്രമണത്തെ ചെറുക്കാനല്ലാതെ ഒരിക്കലും പള്ളിയിൽ പോകാറുണ്ടായിരുന്നില്ല. കാതിൽ കടുക്കനും കെട്ടിവെച്ച കുടുമയും ഉണ്ടായിരുന്നു. മലപ്പുറത്തെ ഒരയ്യർ മഠത്തിന്റെ അയ്യരാണ് (പാലക്കാട് കോട്ടയിൽ നിന്ന് വന്ന് താമസിച്ചിരുന്ന ആൾ) പോക്കരെ പയറ്റ് പഠിപ്പിച്ചത്. മിക്കവാറും ആ വീട്ടിൽത്തന്നെ പോക്കർ കഴിഞ്ഞു. അയ്യരുടെ ഭാര്യ (അമ്മ്യാർ) പോക്കരെ സ്വന്തം മകനായിത്തന്നെയാണ് കരുതിയത്. സ്വന്തം മകൻ കടുക്കനിട്ട് നടക്കുന്നതും പയറ്റ് പഠിക്കുന്നതും കൗതുകത്തോടെ നോക്കിക്കണ്ട വാപ്പയായിരുന്നു പോക്കർക്കുണ്ടായിരുന്നത്. ഒരിക്കൽ തന്റെ "ചെക്കൻ" പയറ്റിലെ പരുന്തുരാക്കൻ വിദ്യ പ്രയോഗിക്കുന്നത് ആ പിതാവ് ഒളിഞ്ഞിരുന്ന് കണ്ടു. അപ്പോഴാണ് അവനെ "രാക്കൻ പോക്കർ" എന്ന വിളിച്ചത്. അതിനുശേഷം അതവന്റെ വിളിപ്പേരായി. പോക്കരുടെ കുടുംബം ഇപ്പോഴും മലപ്പുറത്തുണ്ട് (നരിപ്പറ്റ കപ്പൂർ എന്ന വീട്)അതിൽപെട്ട ഹസൻ കപൂർ എന്ന ഒരാളെ ഈയിടെ ബാംഗ്ലൂരിൽ വെച്ച് കണ്ടു മുട്ടി. അദ്ദേഹത്തിന് പക്ഷെ തന്റെ കുടുംബചരിത്രം അറിഞ്ഞുകൂട) മലപ്പുറം നേർച്ച അന്ധവിശ്വാസമാണെന്നും അനിസ്ലാമികമാണെന്നുമുള്ള ചില അഭിപ്രായങ്ങൾ അടുത്തകാലത്ത് പൊന്തിവന്നിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ നേർച്ച ഇല്ലായിരുന്നെങ്കിൽ "മലപ്പുറം കിസ്സ" മോയിൻ കുട്ടി വൈദ്യർ എഴുതുമായിരുന്നില്ല. അതില്ലെങ്കിൽ നമ്മളാരും ഈ ചരിത്രം അറിയുമായിരുന്നില്ല. ഈ ചരിത്രം അറിയുന്നതുകൊണ്ടാണ്,രേഖപ്പെടുത്തി കിടക്കുന്നതുകൊണ്ടാണ്, മലപ്പുറം പള്ളിയും അതിലെ യാറവും നിലവിളക്കുമെല്ലാം ഇന്നും നിലനിൽക്കുന്നത്. ഈ ചരിത്രം ഓർമ്മിക്കുന്ന ചടങ്ങില്ലായിരുന്നെങ്കിൽ പള്ളിയുടെ മാതൃകയും നിലവിളക്കും കണ്ട് അത് പഴയ അമ്പലം മാറ്റിയതാണെന്ന് വർഗീയ വാദികൾ പറയുമായിരുന്നു. അതുകേട്ട് വിശ്വസിക്കാൻ ആളുകളുമുണ്ടാകുമായിരുന്നു. ഹിന്ദുമുസ്ലീം ഐക്യത്തിന്റെ ഉത്സവമായിരുന്ന മലപ്പുറം നേർച്ച വർഗീയത പ്രചരിപ്പിക്കുന്ന ചടങ്ങാണെന്നു പറഞ്ഞ് ബ്രിട്ടീഷ് ഗവർമെന്റ് നിരോധിച്ചിരുന്നു. 1957ൽ ഇഎംഎസ് സർക്കാരാണ് അത് രണ്ടാമത് തുടങ്ങിയത്.

മലപ്പുറത്ത് 1957ലെ തെരഞ്ഞെടുപ്പിൽ സഖാവ് സാധു പി അഹമ്മദ്കുട്ടിയുടെ തെരഞ്ഞെടുപ്പ് വാശാനമായിരുന്നു താൻ ജയിച്ചാൽ, കമ്മ്യൂണിസ്റ്റ് മന്ത്രിസഭ വന്നാൽ മലപ്പുറം നേർച്ചയ്ക്കുള്ള നിരോധനം നീക്കും എന്നുള്ളത്. സാധു പി അഹമ്മദ്കുട്ടി ജയിക്കുകയും ഇഎംഎസ് സർക്കാർ വരികയും ചെയ്തു. എന്നിട്ടും സാധു പി അഹമ്മദ് കുട്ടി മുഖ്യമന്ത്രിയുടെ ഓഫീസിൽ പല ദിവസങ്ങളോളം പാടിരിക്കുകയും ഒരു ഘട്ടത്തിൽ സത്യാഗ്രഹമിരിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തശേഷമാണ് നേർച്ചയ്ക്ക് നിയമാനുവാദം ലഭിച്ചത്. (കൃഷ്ണയ്യരായിരുന്നു നിയമമന്ത്രി. അദ്ദേഹം തന്നെ ഈ കഥ ശരിവെച്ചിട്ടുണ്ട്) എന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്.

ഇതിവിടെ വിശദീകരിച്ചത് യൂറോപ്യന്മാർ വരുന്നതിനുമുള്ള കാലഘട്ടത്തിൽ ഹിന്ദു മുസ്ലീം ബന്ധത്തിന്റെ സ്വഭാവം വ്യക്തമാക്കാനാണ്. മലപ്പുറം പള്ളിയിലെ പോലുള്ള നിരവധി സംഭവങ്ങൾ പ്രാദേശികമായി പല ദിക്കിലും ഉണ്ടായിരിക്കാം. ഇതിലെത്തന്നെ പള്ളി തകർക്കൽ മതവിരുദ്ധവികാരത്താലല്ലായിരുന്നുവെന്നും മുസ്ലീം കൃഷിക്കാരുടെ അഭിവൃദ്ധിയിൽ ചില പ്രമാണിമാർക്കുണ്ടായ അസൂയയായിരുന്നുവെന്നും മോയിൻകുട്ടി വൈദ്യർ പറയുന്നുണ്ട്. ഇത്തരത്തിൽ ഉള്ള നിരവധി സംഭവങ്ങൾ ഇന്ത്യാരാജ്യത്തുടനീളം നിരന്തരം ഉണ്ടായിട്ടുണ്ടാവാം. അവയെല്ലാം തന്നെ പക്ഷെ നാട്ടിൻപുറത്തെ വഴക്കുകളും ലഹളകളുമായിരുന്നു. അവയ്ക്ക് മതസ്വഭാവം വന്നു ചേർന്നാലും പിന്നീട് അത് സൗഹാർദ്ദത്തിന്റെ അസ്തിവാരമിടുന്ന സംഭവമായിത്തീരുമായിരുന്നു. ഒരു ബഹുസ്വര സമൂഹത്തിന്റെ ചരിത്രത്തിലെ സുവർണാധ്യായങ്ങളായിട്ടാണ് ഓരോ സംഭവവും പര്യവസാനിച്ചിട്ടുള്ളത്. (ഇതിന്റെ ഏറ്റവും മഹനീയമായ പ്രതീകാത്മതയാണ് അയ്യപ്പൻ വാവർ മിത്തിൽ പ്രതിഫലിക്കുന്നത്) ആ പാരമ്പര്യം അറിയാവുന്നതിനാലാണ് അയോധ്യയിൽ 1949ന് മുമ്പ് എത്ര പ്രകോപനമുണ്ടായിട്ടും ഒരനിഷ്ട സംഭവവും ഉണ്ടാകാനിരുന്നത്. 1949-ൽ വിഗ്രഹം പള്ളിയ്ക്കുള്ളിൽ വെച്ചശേഷവും അവിടെ സൗഹാർദ്ദം പുലർ

ന്നത്. വിഗ്രഹം അവിടെ സംരക്ഷിക്കപ്പെട്ടത്.

എന്നാൽ 1992-ലെ പള്ളിതകർക്കൽ, ഈ മതപരമായ സന്മനസ്സിന്റെയും സൗഹാർദ്ദത്തിന്റെയും മേൽ കരിനിഴൽ വീഴ്ത്തുകയായിരുന്നു. ഹിന്ദുതീവ്രവാദികളുടെ ആ കടുംകൈ മുസ്ലീം തീവ്രവാദക്കാർക്ക് അവസരം നൽകുകയായിരുന്നു. രാജ്യത്തിന്റെ പല ഭാഗത്തും നടന്ന അക്രമങ്ങൾ രണ്ടു മതത്തിലെയും പ്രധാന സ്രോതസ്സുകളുടെയോ പാരമ്പര്യങ്ങളുടെയോ ഭാഗമായിരുന്നില്ല. ആദ്യത്തെ ഒന്നോ രണ്ടോ ദിവസങ്ങൾക്കുശേഷം രണ്ടു മതത്തിലെയും സമാധാനവാദികൾക്ക് പ്രവാചകമതത്തിന്റെ വക്താക്കൾക്ക് കാര്യങ്ങൾ നിയന്ത്രിക്കാൻ കഴിഞ്ഞു. അവിടെയും ഭരണകൂടത്തിന്റെതായ ചില പാളിച്ചകൾ ഉണ്ടായി എന്നതാണ് അവിടെ സംഭവങ്ങൾക്ക് കാരണമായത് എന്നു പറയാം.

ഇപ്പോഴത്തെ കോടതി വിധിയിലും ഭരണകർത്താക്കളുടെ ചെയ്തികളിലും പരിമിതികളും പാളിച്ചകളുമുണ്ട്. ചില മന്ത്രിമാരുടേയും ഹിന്ദുനേതാക്കന്മാരുടെയും പ്രസ്താവനകളിലും പ്രകോപനങ്ങളുമുണ്ട്. എന്നാലും ചരിത്രത്തിലെ സവിശേഷമായൊരു സന്ദർഭമെന്ന നിലയ്ക്ക് ഇന്ത്യയിലെ പൗരസമൂഹം ഈ വിധിയിൽ ഇടപെടേണ്ടതുണ്ട്. അങ്ങിനെ ഇടപെടേണ്ടത് കോടതിയുടെ സന്മനോഭാവത്തെ അംഗീകരിച്ചു കൊണ്ടായിരിക്കണം. കോടതി എന്ന സ്ഥാപനത്തിന്റെ പരിമിതിയെ മനസ്സിലാക്കിക്കൊണ്ടും. ചോക്‌ളേറ്റ് നഷ്ടപ്പെട്ട കുട്ടിയ്ക്ക് ഒരു പാക്കറ്റ് ചോക്കളേറ്റും ഒരു സ്വർണ്ണ ബിസ്ക്കറ്റും കൊടുക്കാൻ കഴിയും. ആദ്യത്തെ തട്ടിപ്പറിക്കാരൻ ആ സ്വർണബിസ്ക്കറ്റും തട്ടിപ്പറിക്കാൻ വരികയാണെങ്കിൽ അവനും ഒരു സ്വർണ ബിസ്ക്കറ്റ് നൽകി തട്ടിപ്പറിയ്ക്കലിനെ ഒഴിവാക്കാൻ കഴിയും. അതിന്ന് സജ്ജമായിരിയ്ക്കണമെന്നുമാത്രം.

കോടതി വിധി ശരിയാണെന്നല്ല ഇതിന്നർത്ഥം. അതിൽ ശരികേടുണ്ട്. നീതിനിഷേധമുണ്ട്. അത് നിരാശാജനകമാണ്, അതിൽ പരസ്പരവൈരുദ്ധ്യമുണ്ട്. ഈ ലേഖനത്തിൽത്തന്നെ സൂചിപ്പിച്ചപോലെ അത് സ്വയം തോൽപ്പിക്കുന്നതുമാണ്.എന്നാൽ ഈ വിധിയോട് ശ്രദ്ധയമായ സമീപനമല്ല അതിലെ "സങ്കടകക്ഷികൾ" കൈക്കൊണ്ടിട്ടുള്ളത് എന്നത് കാണണം. 1992-ൽ ബാബ്‌റി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ ഏലംകുളത്തുകാരനായ, അന്ന് ജീവിച്ചിരിപ്പുണ്ടായിരുന്ന, ഇസ്ലാമിക രീതികളനുസരിച്ച് ജീവിച്ചുപോന്ന, ഇഎംഎസ്സിന്റെ ആരാധകനും പരിചയക്കാരനുമായിരുന്ന 1947-48 കാലത്ത് മുസ്ലീം ലീഗിന്റെ മണ്ഡലം സെക്രട്ടറിയും പിന്നീട് കമ്മ്യൂണിസ്റ്റനുഭാവിയുമായിത്തീർന്ന വീരാൻകുട്ടി മൊല്ല എന്ന ഞങ്ങളുടെയൊക്കെ മൊല്ലാക്ക പറഞ്ഞു: "വല്ല കോടതി ഇടപെട്ടോ സർക്കാർ സ്ഥലം ഏറ്റെടുത്തോ കാര്യം പരിഹരിച്ചാൽ മതിയായിരുന്നു. ഈ പിടിച്ചുപറിയും അടിച്ചുതകർക്കലും ഇല്ലാതെ സൗഹാർദ്ദത്തിലേക്ക് കാര്യം തീർക്കേണ്ടിയിരുന്നു." അന്നത്തെ പ്രധാനമന്ത്രി നരസിംഹറാവുവും ഹിന്ദുത്വ വർഗ്ഗീയക്കാരുമായി രഹസ്യ ഇടപാടുണ്ടെന്നും മൊല്ലാക്ക വിശ്വസിച്ചിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ വാക്കുകളിൽ മതസൗഹാർദ്ദം പുലർന്നു കാണാനുള്ള ദാഹവും അക്കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാനുള്ള ഒരുക്കവുമുണ്ടായിരുന്നു. ആ വാക്കുകളിലെ ടോൺ ഉൾക്കൊണ്ടുകൊണ്ടാണ് ഇന്ത്യൻ പൊതുസമൂഹത്തിന് ഈ ചരിത്രസന്ദർഭത്തിലുള്ള സവിശേഷമായ ബാധ്യതയെപ്പറ്റി കടമയെപ്പറ്റി ഇവിടെ സൂചിപ്പിക്കുന്നത്.

ഇതെഴുതി അവസാനിപ്പിക്കുമ്പോൾ പുതിയ പത്രറിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. ഇടതുപക്ഷക്കാരും മുസ്ലീം സംഘടനകളും യോജിച്ചു കൊണ്ടുള്ള കോടതിവിധിയെ വിമർശിക്കുന്ന (ആദ്യത്തെ സൗമ്യസ്വരത്തിൽ നിന്നുമാറി) റിപ്പോർട്ടുകളും വരുന്നു. വിഎച്ച്പിയുടെ ഭാഗത്തുനിന്ന് പുതിയ നിർദ്ദേശങ്ങൾ വന്നു കൊണ്ടിരിക്കുന്നു. ക്ഷേത്രനിർമ്മാണത്തിന് ട്രസ്റ്റ് ആവശ്യമില്ല. പള്ളിക്ക് അഞ്ചുൾ കലാമിന്റെ പേരിടണം എന്നിങ്ങനെയെല്ലാം കോടതി വിധിയിൽത്തന്നെയും ഇടപെട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ നൽകുന്നു. ഇവയെ പതിന്മടങ്ങ് ശക്തിയോടെ അപലപിക്കാനും എതിർക്കാനും സ്വാഭാവികമായും മതനിരപേക്ഷ പൗരസമൂഹം നിർബന്ധിതമാകും. എന്നാൽ അത് അകൽച്ച വർദ്ധിപ്പിക്കാനും ഫാസിസ്റ്റ് ശക്തികളുടെ അജണ്ട വിജയിപ്പിക്കാനുമേ സഹായകമാകൂ. അക്കാര്യം തിരിച്ചറിഞ്ഞ് കോടതിവിധിയിലെ ഇപ്പോഴത്തെ അപൂർണതയെ മനസ്സിലാക്കി അതിനെ പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്ന് പരിഹരിയ്ക്കാനുള്ള ശ്രമമാണ്, നേതൃത്വമാണ് മതേതര ചിന്താഗതിക്കാരുടെയും ഇടതുപക്ഷത്തിന്റെയും കോൺഗ്രസ്സടക്കമുള്ള പ്രതിപക്ഷ പാർട്ടികളുടെയും ഭാഗത്തുനിന്നുണ്ടാവേണ്ടത്.

അത്തരമൊരു സംരംഭത്തിൽ ഇന്ത്യയിലെ കലാകാരന്മാർ മൊത്തവും നോബൽ ജേതാക്കളടക്കമുള്ള ബുദ്ധിജീവികളും എഴുത്തുകാരും കവികളും സിനിമാലോകവും ഒളിമ്പ്യൻ താരങ്ങളടക്കമുള്ള കായികലോകവും എല്ലാം ഭാഗഭാക്കുകളാകുന്ന തരത്തിലുള്ള സംഘാടനം ആവശ്യമായ സന്ദർഭമാണിത്. എല്ലാ സമുദായനേതാക്കന്മാരും യഥാർത്ഥ മതനേതാക്കന്മാരും അത്തരമൊരു പ്രസ്ഥാനത്തോട് സഹകരിക്കാൻ തയ്യാറാകും. ഇന്ത്യ വിഭജിക്കപ്പെടണമെന്നും മതത്തിന്റെ അടിസ്ഥാനത്തിൽ വിവിധ രാജ്യങ്ങളാകണമെന്നും ആഗ്രഹിക്കുന്നവർ മാത്രമെ അതിൽ നിന്ന് മാറി നിൽക്കുകയും അതിനെ പാര വെയ്ക്കുകയും ചെയ്യൂ. ഇന്ത്യൻ മതനിരപേക്ഷ സമൂഹവും എൻലൈറ്റന്റ് ക്ലാസ് ആയ കലാസാഹിത്യകായിക പ്രതിഭകളും മറ്റു വിഭാഗങ്ങളും ഒരുമിച്ചു ചേർന്നാൽ ഭരണകൂട സ്വാധീനം ഉണ്ടെങ്കിൽപോലും ഈ സങ്കുചിത താൽപര്യക്കാരെ ഒറ്റപ്പെടുത്താൻ ഇന്നു കഴിയും. വൈകിയാൽ അതിനു കഴിഞ്ഞുകൊള്ളണമെന്നില്ല. ജസ്റ്റിസ് മാർക്കാണ്ഡേയ കാട്ജു മുതൽ ജേർണലിസ്റ്റ് എൻ പി ചെക്കുട്ടിയടക്കമുള്ള കോടതി വിധി വിമർശകന്മാരിൽ നിന്നും കോൺഗ്രസ്സും ഇടതുപക്ഷങ്ങളും മുസ്ലീം ലീഗും അകാലികളും മായാവതി, മമത, ഡിഎംകെ വിഭാഗങ്ങളടക്കമുള്ള മതനിരപേക്ഷ സമൂഹത്തിൽ നിന്നും ഇന്ത്യാ രാജ്യം ആവശ്യപ്പെടുന്നത് അതിനുള്ള നേതൃത്വവും സംഘടനാ സംരംഭങ്ങളുമാണ്. ശില്പഭംഗിയിൽ ലോകോത്തരമായ ഒരു പള്ളി അയോധ്യയിലെ അഞ്ചേക്കറിൽ രൂപം കൊള്ളുന്നത് അത്തരമൊരു സംരംഭത്തിന്റെ ആദ്യ പ്രവർത്തനമാക്കാവുന്നതാണ്.

■

ലേഖനം

സി ആർ നീലകണ്ഠൻ

*സെക്രട്ടറിയറ്റിനു മുന്നിൽ സ്ത്രീകളുടെ പ്രതിഷേധം*

# കേരളത്തിൽ ഭരിക്കുന്നത് ഇടതുപക്ഷമെന്ന് ഇനിയും പറയുന്നതെങ്ങനെ?

ഇന്ത്യൻ ഭരണഘടന അനുസരിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പ്, പോലീസ്, എന്നിവ സംസ്ഥാന സർക്കാരിന്റെ കീഴിലാണ്. ഇടതുപക്ഷത്തിന് അവരുടേതായ ഒരു പോലീസ് നയമുണ്ടെന്നാണ് നമ്മൾ ധരിച്ചുവച്ചിട്ടുള്ളത്. അത് കേന്ദ്രം ഭരിക്കുന്ന കക്ഷിയുടെ നയങ്ങൾക്കെതിരാണ് എന്നും നാം കരുതിപ്പോന്നു. പക്ഷെ കുറച്ചു കാലമായി കേരളത്തിലെ പോലീസ് തീർത്തും കേന്ദ്ര സർക്കാരിന്റെ നയങ്ങളാണ് നടപ്പാക്കുന്നത്. രാഷ്ട്രീയമായി തങ്ങൾക്കെതിരായുള്ളവരെ ഉന്മൂലനം ചെയ്യുക എന്നത് കേന്ദ്ര സർക്കാരിന്റെ നയമാണ്. കേരളം ആരാണ് ഭരിക്കുന്നത് എന്ന സംശയം ഉയരുന്നത് അതുകൊണ്ടാണ്. പോലീസ് ജനപക്ഷത്തായിരിക്കണം എന്നതാണ് ഇടതുപക്ഷ നിലപാട്. കേരളത്തിലെ പോലീസ് ഇപ്പോൾ അങ്ങനെയല്ല പ്രവർത്തിക്കുന്നത്. ഈ സർക്കാർ അധികാരമേൽക്കുന്നതിനു മുമ്പ് പ്രകടനപത്രികയിലടക്കം പറഞ്ഞ ചില കാര്യങ്ങളുണ്ട്. ഇന്ന് നടക്കുന്ന സംഭവങ്ങൾ ആ നയങ്ങൾക്കെതിരാകുന്നു. ഇവിടെ നടക്കുന്ന പോലീസ് മർദ്ദനങ്ങളും ലോക്കപ്പ് മരണങ്ങളും ജനകീയ സമരങ്ങളോടുള്ള സമീപനങ്ങളും മുതൽ ഏറ്റവും ഒടുവിലത്തെ യുഎപിഎ പ്രയോഗം വരെയുള്ള നടപടികൾ നോക്കുക.

കൊച്ചിയിലെ ഐഒസി സമരത്തിൽ മൂന്നു ദിവസങ്ങൾക്കകം നാല് തവണ സ്ത്രീകളും കുട്ടികളുമടക്കമുള്ള ജനങ്ങളെ അതിക്രൂരമായി മർദ്ദിച്ചത് നാം കണ്ടു. തന്റെ മകന്റെ മരണ

ത്തിനു കാരണക്കാരായവരെ കണ്ടെത്തണമെന്നാവശ്യപ്പെട്ടു ഡിജിപി ഓഫീസിലെത്തിയ ജിഷ്ണു പ്രണോയിയുടെ അമ്മയും അവരോടോപ്പമുള്ളവർക്കും നേരെ പോലീസ് നടത്തിയ അതിക്രമങ്ങൾ മറ്റൊരു ഉദാഹരണം മാത്രം. ലോക്കപ്പ് മരണങ്ങളുടെ പട്ടിക ഏറെ നീണ്ടതാണ്. കെവിനും ശ്രീജിത്തും മൂന്നാറിലെ രാജേന്ദ്രനും തൃശ്ശൂരിലെ വിനായകനുമടക്കമുള്ളവർ അങ്ങനെ കൊല്ലപ്പെട്ടവരാണ്. ഈ പോലീസ് സേനയിൽ ഒട്ടനവധി ക്രിമിനലുകൾ ഉണ്ടെന്നു ഔദ്യോഗികമായി തന്നെ സമ്മതിച്ചിട്ടുള്ളതാണ്. ഇവരുടെ ക്രൂരകൃത്യങ്ങൾക്കു ഒട്ടനവധി ഉദാഹരണങ്ങൾ ഇക്കഴിഞ്ഞ മൂന്നര വർഷത്തിൽ ഉണ്ടായിട്ടുണ്ട്. ഇടതുപക്ഷനയങ്ങൾ ഇങ്ങനെയല്ലെന്നും മുൻ സർക്കാരിന്റെ കാലത്ത് തന്നെ സർവ്വീസിലുള്ള ഉദ്യോഗസ്ഥർ തങ്ങളുടെ തെറ്റായ രീതികൾ തുടരുന്നതാണ് എന്നാണു ന്യായീകരണ തൊഴിലാളികൾ നിരന്തരം പറഞ്ഞുകൊണ്ടിരുന്നത്. ഇപ്പോൾ സർക്കാർ അധികാരമേറ്റിട്ടു മൂന്നര വർഷം പിന്നിടുന്നു. പോലീസിന്റെ നടപടികൾ സർക്കാർ നയങ്ങൾ അനുസരിച്ചല്ലെങ്കിൽ അവ തിരുത്താനും തെറ്റ് ചെയ്ത ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കാനും സർക്കാർ തയ്യാറാകണമല്ലോ. ഇവിടെ അതൊന്നും സംഭവിച്ചിട്ടില്ല. അത്തരം കൊലകൾ നടത്തിയവരെ നാമമാത്രമായി ചില വകുപ്പുതല നടപടികൾ വഴിയുള്ള ശിക്ഷ നൽകി രക്ഷിക്കുകയായിരുന്നു ഈ സർക്കാർ. വടക്കേ ഇന്ത്യയിൽ മാത്രമെന്ന് നാം കരുതിയിരുന്ന ആൾക്കൂട്ട മർദ്ദനങ്ങളും കൊലകൾ തന്നെയും ഇവിടെയും നടക്കുന്നു. വല്ലാതെ സമ്മർദ്ദം വരുമ്പോൾ കുറച്ചു പണം നൽകിയും കുടുംബത്തിൽ ആർക്കെങ്കിലും ജോലി കൊടുത്തും തൽക്കാലം പിടിച്ചു നിൽക്കുന്നു എന്ന് മാത്രം. അതും സർക്കാരിന്റെ അഥവാ പൊതുപണം ഉപയോഗിച്ച് കുറ്റവാളികളെ സംരക്ഷിക്കുന്നു.

കേരളചരിത്രത്തിൽ ഒരു കാലത്തുമില്ലാത്തവിധത്തിൽ ഉപദേശകരെ നിയമിച്ച ഒരു മുഖ്യമന്ത്രിയാണിത്. ഡിജിപിമാർ അടക്കം ഒട്ടനവധി ഐപിഎസ് ഉദ്യോഗസ്ഥർക്കു പുറമെ രമൺ ശ്രീവാസ്തവ എന്ന കരുണാകരന്റെ വത്സലശിഷ്യനെ കൂടി ഉപദേശകനായി നിയമിച്ചിട്ടുണ്ട്. എന്നിട്ടും ആഭ്യന്തരമന്ത്രി ദയനീയ പരാജയമായി മാറിയതെന്തുകൊണ്ട് എന്ന ചോദ്യമുണ്ട്. ഡിജിപി ആയി നിയമിക്കപ്പെടാൻ യോഗ്യതയുണ്ടായിരുന്ന സെൻകുമാറിനെ മാറ്റിയതിനു പിന്നിൽ രാഷ്ട്രീയമായ ന്യായീകരണം പറയാൻ കഴിയും. അദ്ദേഹം റിട്ടയർ ചെയ്തശേഷം സംഘ്പരിവാറിന്റെ തൊഴുത്തിലാണല്ലോ എത്തിപ്പെട്ടത്. എന്നാൽ ആ തൊഴുത്തിൽ നിന്നും അഴിച്ചു കൊണ്ട് വന്ന ഒരു വിശുദ്ധപശുവാണ് ലോക്നാഥ്

*രമൺ ശ്രീവാസ്തവ*

ബെഹ്റ (ഡിജിപി) എന്ന സത്യം ഇന്ന് കേരളം തിരിച്ചറിയുന്നുണ്ട്. അദ്ദേഹത്തെക്കാൾ ആ പദവിക്ക് യോഗ്യതയുള്ള രണ്ട് പേർക്ക് ഇപ്പോൾ സർക്കാർ ശമ്പളം നൽകുന്നുണ്ട്, ഋഷിരാജ് സിങ്ങിനും ജേക്കബ് തോമസിനും.

അടുത്ത ദിവസങ്ങളിൽ നടന്ന ചില സംഭവങ്ങൾ ഏറെ ചർച്ചയായതിനാൽ അതിലേക്കു വരാം. വാളയാറിൽ 9ഉം 12 ഉം വയസ്സുള്ള രണ്ട് പെൺകുട്ടികൾ ക്രൂരമായി പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്ത കേസിലെ പ്രതികളെയെല്ലാം വെറുതെ വിട്ട കേസ് ആദ്യം എടുക്കാം. ഇത് ആരും അറിയാതെ നടന്ന സംഭവമല്ല. 2017 ൽ, ഒരേ വീട്ടിലെ രണ്ട് ദളിത് പെൺകുട്ടികൾ ഒന്നര മാസത്തിനിടയിൽ ദുരൂഹമായ സാഹചര്യത്തിൽ കൊല്ലപ്പെട്ടപ്പോൾ കേരളത്തിൽ ശക്തമായ പ്രതിഷേധങ്ങൾ ഉണ്ടായി. തുടർന്ന് മുഖ്യമന്ത്രി തന്നെ ഈ വിഷയത്തിൽ സ്വന്തം നിലപാട് ഫേസ്ബുക്കിലൂടെ വ്യക്തമാക്കി. ഈ കേസിലെ കുറ്റവാളികൾ ഒരിക്കലും രക്ഷപ്പെടാൻ അനുവദിക്കില്ല എന്നദ്ദേഹം പറഞ്ഞു. ആഭ്യന്തര മന്ത്രി കൂടിയായ മുഖ്യമന്ത്രി ഇതിലാവശ്യമായ മുൻകരുതലുകൾ എടുക്കുമെന്ന് നമ്മൾ കരുതി. എന്നാൽ ഈ പ്രതികളെയെല്ലാം വെറുതെ വിട്ടുവിധി വന്നതോടെ ആ വിശ്വാസം തകർന്നു പോയി.

ഒരു പത്രപ്രവർത്തകനായ കെ ജെ ജേക്കബ് മുഖ്യമന്ത്രിയെയും സർക്കാരിനെയും അതിനിശിതമായി വിമർശിച്ച് അല്പം പരിഹാസത്തോടെ ഫേസ്ബുക്കിൽ ഇട്ട പോസ്റ്റാണ് ഈ വിഷയത്തെ പൊതു സമൂഹത്തിന്റെ ശ്രദ്ധയിലേക്ക് കൊണ്ട് വന്നത് എന്ന് പറയാം.

സർക്കാർ അധികാരമേറ്റിട്ടു മൂന്നര വർഷം പിന്നിടുന്നു. പോലീസിന്റെ നടപടികൾ സർക്കാർ നയങ്ങൾ അനുസരിച്ചല്ലെങ്കിൽ അവ തിരുത്താനും തെറ്റ് ചെയ്ത ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കാനും സർക്കാർ തയ്യാറാകണമല്ലോ. ഇവിടെ അതൊന്നും സംഭവിച്ചിട്ടില്ല.

വാളയാറിലെ പെൺകുട്ടികളെ ഓർക്കുന്നില്ലേ? എന്ന തലക്കെട്ടിൽ.

### കെ ജെ ജേക്കബിന്റെ ഫേസ്ബുക്ക് പോസ്റ്റ്

*കെജെ ജേക്കബ്*

'പല പ്രാവശ്യം ബലാൽസംഗം ചെയ്യപ്പെട്ടിരുന്ന എന്നും, ലൈംഗികമായി പീഡിപ്പിക്കപ്പെട്ടിരിക്കാൻ സാധ്യതയുണ്ടെന്നും പോസ്റ്റ് മോർട്ടം റിപ്പോർട്ടുകളിൽ പറഞ്ഞിരുന്ന, ആത്മഹത്യ ചെയ്ത എട്ടും പതിനൊന്നും വയസ്സുള്ള രണ്ടു പെൺകുഞ്ഞുങ്ങളെ, രണ്ടു ദളിത് പെൺകുട്ടികളെ, പീഡിപ്പിച്ചു കൊല ചെയ്ത കേസിലെ പ്രതികളായ, ബന്ധുക്കളും സുഹൃത്തുക്കളുമായ നാലു പ്രതികളെ കോടതി വെറുതെ വിട്ടിരിക്കുന്നു. കാരണം? തെളിവില്ല. അമ്മ കോടതിയിൽ നേരിട്ട് മൊഴികൊടുത്ത കേസാണ്. പക്ഷെ മൊഴിയിൽ പൊരുത്തക്കേടുണ്ടായിരുന്നു! .....

കേരളത്തിലാണ്. ആ കുട്ടികൾക്ക് നീതി ലഭിക്കേണ്ടേ? സ്വതന്ത്രമായി കേസന്വേഷിക്കുന്നതിൽനിന്നു പോലീസിനെ തടഞ്ഞവർ ആരെന്നു ഈ സമൂഹത്തിനു അറിയേണ്ടേ? തെളിവുകൾ എവിടെപ്പോയി എന്ന് കണ്ടെത്തേണ്ടേ?.....

ഈ സർക്കാരിന്റെ കാലത്താണ് രണ്ടു മരണങ്ങളും നടക്കുന്നത്: 2017 ജനുവരിയിലും മാർച്ചിലും. എട്ടും പതിനൊന്നും വയസ്സുള്ള രണ്ടു കുഞ്ഞുങ്ങൾ പീഡനത്തെത്തുടർന്ന ആത്മഹത്യ ചെയ്ത കേസിൽ തെളിവില്ലെന്ന് പറഞ്ഞു കോടതി വെറുതെ വിടുന്നതിൽ ആഭ്യന്തരവകുപ്പിന് ഒരുത്തരവാദിത്തവും ഇല്ലേ? കേസിൽ ഒരു പുനരന്വേഷണവും മനുഷ്യർക്ക് ദഹിക്കുന്ന വിചാരണയും വിധിയും വേണമെന്ന് സർക്കാരിന് തോന്നുന്നില്ലേ? പാലക്കാടു നിന്നുള്ള ജനപ്രതിനിധിയായ, പട്ടികജാതി ക്ഷേമ വകുപ്പിന്റെ ചുമതലയുള്ള, നിയമ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായ എ കെ ബാലനോട് ഒരു ചോദ്യം: നിങ്ങൾക്ക് ശരിക്കും എന്താണ് പണി?'

ഈ പോസ്റ്റ് വ്യാപകമായി പ്രചരിച്ചു. പെട്ടെന്ന് തന്നെ കാര്യങ്ങൾ മാറി. സമൂഹത്തിന്റെ മന:സാക്ഷി (അങ്ങനെ ഒന്നുണ്ടെങ്കിൽ) ഉണർന്നു. പ്രതിപക്ഷം പതിവ് രീതിയിൽ സർക്കാരിനെതിരെ കിട്ടിയ ഒരു വിഷയമെന്ന രീതിയിൽ പ്രതികരിച്ചു. പക്ഷെ ഈ വാർത്ത കേൾക്കുന്ന ഓരോ മനസ്സിലും പ്രത്യകിച്ചും പെൺകുട്ടികൾ ഉള്ള സ്ത്രീകളുടെ മനസ്സിൽ ഇത് കനൽ കോരിയിടുക തന്നെ ചെയ്തു. ഈ കേസിലെ പ്രതികൾ രക്ഷപ്പെട്ടതിന് പിന്നിൽ ഭരണകക്ഷിക്ക് താല്പര്യമുണ്ടെന്ന വസ്തുത എളുപ്പം തള്ളിക്കളയാൻ പറ്റില്ല. പ്രതികൾക്ക് വേണ്ടി കോടതിയിൽ ഹാജരായ വക്കീൽ പാർട്ടിക്ക് വേണ്ടപ്പെട്ട ആൾ ആണെന്ന ആരോപണം അന്നേ ഉണ്ടായിരുന്നു. പക്ഷെ ഒരു വക്കീൽ എന്ന നിലയിൽ ആരുടെ കേസുമെടുക്കാം എന്ന് തത്വത്തിൽ സമ്മതിക്കാം. പക്ഷെ അതേ വക്കീലിനെ പാലക്കാട് ജില്ലയിലെ ശിശുക്ഷേമത്തിനുള്ള സമിതിയുടെ അധ്യക്ഷനായി സർക്കാർ തന്നെ നിയമിച്ചതിന് എന്ത് ന്യായീകരണമുണ്ട്?

ഇനി ഈ കേസിലെ പ്രതികളെ ശിക്ഷിക്കാൻ കഴിയും വിധത്തിൽ പുനരന്വേഷണം സാധ്യമാണോ എന്ന ചോദ്യമാണുള്ളത്. ഇതുവരെ നടന്ന അന്വേഷണം വച്ചുകൊണ്ട് പ്രതികൾ ശിക്ഷിക്കപ്പെടില്ലെന്നു പറയുന്നത് കേസിൽ സർക്കാരിന് വേണ്ടി വാദിച്ച വക്കീൽ തന്നെയാണല്ലോ. രണ്ടു പേരുടെ പോസ്റ്റ്മോർട്ടത്തിലും അതിനിഷ്ഠുരമായ നിലയിൽ ലൈംഗിക പീഡനത്തിനിരയായതായും ബലാൽസംഗത്തിന് ഇരയാക്കപ്പെട്ടുവെന്നും ബോധ്യമായതാണ്. എന്നിട്ടും അതൊരു ആത്മഹത്യയായേ പോലീസിന് തോന്നിയുള്ളൂ. ഇത്ര ചെറിയ കുട്ടികൾ ആത്മഹത്യ ചെയ്യുമോ എന്ന സംശയം ഒരു അന്വേഷണ ഉദ്യോഗസ്ഥനും ഉണ്ടായില്ല. പിന്നീട് വിവാദമായപ്പോൾ നടന്ന അന്വേഷണത്തിലാണ് മരണത്തിനു പിന്നിൽ ബന്ധുക്കളും സുഹൃത്തുക്കളുമടക്കമുള്ള അഞ്ചോളം പേരുടെ പങ്കാളിത്തം തിരിച്ചറിയുന്നത്.

തുടക്കം മുതൽ തന്നെ പ്രതികളെ സംരക്ഷിക്കാനായിരുന്നു പോലീസിന് താൽപര്യം. അതുകൊണ്ടാണ് പ്രതിപ്പട്ടികയിലുണ്ടായിരുന്ന ചേർത്തല സ്വദേശി പ്രദീപ്കുമാറിനെ ആദ്യം തന്നെ വിട്ടയച്ചത്. ഇപ്പോൾ, മറ്റു പ്രതികളായ എം മധു, ഷിബു, വി മധു എന്നിവരെയും പാലക്കാട് പ്രത്യേക പോക്സോ കോടതി വെറുതെ വിട്ടിരിക്കുന്നു. പ്രായപൂർത്തിയാകാത്ത ഒരു പ്രതിയുടെ വിചാരണ ജുവനൈൽ കോർട്ടിൽ നടക്കുകയാണ്. കൃത്യമായ തെളിവില്ല എന്ന കാരണത്താൽ വിടുമ്പോൾ പ്രതിഭാഗം വക്കീലുപോലും പറയുന്നുണ്ട്: 'പോലീസ് സ്വതന്ത്രമായി അന്വേഷിക്കാതിരുന്നതു കൊണ്ടാണ് തെളിവില്ലാതെ പോയത് എന്ന്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ നടക്കുന്ന ലൈംഗികാതിക്രമ കേസുകളിൽ കാലാ കാലങ്ങളായി നിയമസംവിധാനം പുലർത്തുന്ന ബോധപൂർവ്വവും കുറ്റകരവുമായ അനാസ്ഥയും അതു വഴി ഇരയ്ക്കു നേരെ നടക്കുന്ന അനീതിയും ഇപ്പോഴും തുടർന്നുകൊണ്ടേയിരിക്കുന്നു എന്നത് അത്യന്തം പ്രതിഷേധാർഹമാണ്.

വാളയാർ എന്നത് നാം പുലർത്തുന്ന മൗനങ്ങളുടെയും നമ്മുടെ അനീതികളുടെയും വിളിപ്പേരാവരുത്. ഈ രണ്ട് ദളിത് പെൺകുട്ടികളുടെ ദാരുണമായ അന്ത്യത്തിൽ പുനരന്വേഷണം നടത്തണമെന്നും അതിനായി പ്രത്യേക അന്വേഷണ സംഘത്തെ നിയമിക്കുകയോ സി ബി ഐ അന്വേഷണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്യണമെന്നതു ഏറ്റവും കുറഞ്ഞ ആവശ്യമാകണം. ഒപ്പം പ്രതികളെ

*ലോക്നാഥ് ബെഹ്റ*

രക്ഷപ്പെടാൻ സഹായിക്കുകയും ബോധപൂർവ്വം കൂട്ട് നിൽക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നതും. ഒരിക്കൽ വിചാരണ ചെയ്ത കോടതി വെറുതെ വിട്ട കേസിൽ അതേ കുറ്റത്തിന് അതേ പ്രതികളെ പുനർവിചാരണ ചെയ്യാൻ പാടില്ലെന്ന നിയമസംരക്ഷണം പ്രതികൾക്ക് കിട്ടും. ഇതുവരെ നടന്ന അന്വേഷണത്തിൽ തെറ്റുകൾ സംഭവിച്ചിരിക്കുന്നു എന്ന് സർക്കാർ സമ്മതിക്കുകയാണ് ആദ്യം വേണ്ടത്. അതിനായി ഇതിൽ ഉൾപ്പെട്ട മുഴുവൻ പോലീസ് നിയമ ഉദ്യോഗസ്ഥരെയും സസ്പെൻഡ് ചെയ്ത അവർക്കെതിരെ ക്രിമിനൽ കേസ് എടുക്കാൻ സർക്കാർ തയ്യാറാകണം. ഇവിടെയാണ് ഒരു സർക്കാരിന്റെ ഇച്ഛാശക്തി പ്രകടമാകേണ്ടത്. ഇന്നത്തെ രീതിയിലുള്ള ഒരു അന്വേഷണ റിപ്പോർട്ടിന്റെ പിൻബലത്തിൽ അപ്പീൽ പോയാൽ പ്രതികൾ രക്ഷപ്പെടുമെന്ന് ഉറപ്പാണ്. പക്ഷെ ഇതുവരെ നടന്ന അന്വേഷണത്തെ തള്ളിപ്പറയാൻ സർക്കാർ തയ്യാറാകുമോ?

## ഡി വൈ എസ് പി സോജൻ ആരാണ്?

ഈ കേസ് അന്വേഷിച്ച പ്രധാന ഉദ്യോഗസ്ഥനായ ഡി വൈ എസ് പി സോജൻ ആരാണ് എന്ന് പൊതുസമൂഹം അറിഞ്ഞിരിക്കണം. ഒരു കൊലക്കേസിലെ പ്രതിയാണ് അദ്ദേഹം. ബസ്സ് കാത്തു നിന്ന നാരായണൻ നായർ എന്ന സർക്കാരു ദ്യോഗസ്ഥനെ മർദ്ദിച്ച കൊന്ന കേസിലെ പ്രതി. (Crime no : 653/2011, കന്നംകുളം പോലീസ് സ്റ്റേഷൻ). വാളയാർ കേസിലെ പ്രതികളെ രക്ഷിച്ചതിന് പ്രത്യുപകാരമായി ഈ നരാധമൻ ആ കൊലക്കേസിൽ നിരപരാധിയാണെന്ന് സർക്കാർ കോടതിയിൽ റിപ്പോർട്ടു ചെയ്തു. ( സർക്കാർ ഉത്തരവ് 1893/2018/ആഭ്യന്തരം). പ്രായപൂർത്തിയാകാത്ത ഈ പെൺകുട്ടികൾ സമ്മതത്തോടെ ലൈംഗികവേഴ്ചക്ക് സമ്മതിച്ചു എന്ന് പറഞ്ഞ ഈ പോലീസുകാരൻ ആ ഒരൊറ്റ കാരണം കൊണ്ട് തന്നെ സർവീസിൽ നിന്നും പുറത്താക്കപ്പെടേണ്ടതല്ലേ? ഇത് നിയമവിരുദ്ധമായ ഒരു നിലപാടല്ലേ? പക്ഷെ അയാൾ ഒരു കുഴപ്പവുമില്ലാതെ തുടരുന്നു. ഇങ്ങനെ പറയുന്ന ഒരാൾക്ക് ആ സ്ഥാനത്തു തുടരാൻ പാകത്തിൽ ഭദ്രമാണ് നമ്മുടെ പോലീസ് സംവിധാനം. വാസ്തവത്തിൽ അത് നമ്മളെ അമ്പരപ്പിക്കുന്നതേയില്ല. കാരണം അയാളെപ്പോലുള്ളവരെ ആവശ്യപ്പെടുന്ന ജനാധിപത്യാരോഗ്യമേ നമ്മുടെ സമൂഹം ആർജ്ജിച്ചെടുത്തുള്ളൂ എന്നതുകൊണ്ടാണത്. കൗമാരം പോലുമാകാത്ത രണ്ടു പെൺകുട്ടികളെ കൊന്ന കെട്ടിത്തൂക്കിയതല്ല, അവർ തൂങ്ങി മരിച്ചതാണെന്ന വിചിത്രവാദം ശരിയാണെന്ന സ്ഥാപിക്കപ്പെട്ടാൽകൂടി മാനസികാരോഗ്യവും നിയമവാഴ്ചയും ജനാധിപത്യബോധവുമുള്ള ഒരു സമൂഹത്തിനെ സംബന്ധിച്ച് അത് കൊലപാതകത്തിൽ കുറഞ്ഞ മറ്റൊന്നുമല്ല.

*വാളയാറിലെ പെൺകുട്ടികൾക്ക് നീതി തേടി വനിതകൾ*

കേസിലെ പ്രത്യേക പ്രോസിക്യൂട്ടർ ഇതിൽ കൂട്ട് പ്രതിയാണ്. അവരെ നീക്കം ചെയ്തത് ശരി. പക്ഷെ അവരെ മാത്രം ഒഴിവാക്കുന്നതിന് ചില രാഷ്ട്രീയ കാരണങ്ങൾ കൂടിയുണ്ടെന്ന് വരുമ്പോൾ സർക്കാരിന്റെ നിലപാടിൽ ദുരൂഹത വരുന്നു.

പ്രമോദ് എഴുതിയത് പോലെ 'നിറങ്ങൾ പോലും മുഴുവനായി കണ്ടുതീരാത്ത, ഒരു നീലക്കുറിഞ്ഞിക്കാലം പോലും കടന്നുപോകാത്ത, രണ്ടു പെൺകുട്ടികൾ. അവർ ജീവിതത്തെക്കുറിച്ചാലോചിക്കുന്നു, നിത്യവും കടന്നുപോകുന്ന അപമാനകരമായ അസ്തിത്വത്തെക്കുറിച്ചു ചിന്തിക്കുന്നു,

## പൊലീസ് എന്ന വികൃത സംവിധാനം

പ്രമോദ് പുഴങ്കര

**കുട്ടികൾ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നില്ല, അവർ ലൈംഗിക ബന്ധം ആസ്വദിക്കുന്നുമില്ല, അവർ മറ്റൊരു മുതിർന്ന മനുഷ്യനോട് ലൈംഗികാസക്തി പ്രകടിപ്പിക്കുന്നില്ല, അവർ മുതിർന്ന മനുഷ്യരുമായി ലൈംഗികകേളികളിൽ ഏർപ്പെടുന്നില്ല, അവർ ലൈംഗികാക്രമണത്തിന് ഇരകളാക്കപ്പെടുക** മാത്രമാണ്. അവർക്ക് നേരെ ഹീനമായ ഒരു കുറ്റകൃത്യം നടക്കുകയാണ്. തനിക്ക് നേരെ നടക്കുന്നത് ലൈംഗികമായ ആക്രമണമാണ് എന്നുപോലും തിരിച്ചറിയാൻ കഴിയാത്ത മനുഷ്യജീവികളാണ് പ്രായപൂർത്തിയാകാത്ത കുട്ടികളിൽ മിക്കവരും. എന്നിട്ടും വാളയാറിൽ കൊല്ലപ്പെട്ട പെൺകുട്ടികൾ അതാവശ്യപ്പെട്ടിരുന്നു എന്ന് പറയുന്ന ഒരു ഭരണകൂടസംവിധാനം നാം തീറ്റ കൊടുത്തു വളർത്തിയ പൊതുബോധം കൂടിയാണ്. ഇതിലെ കുറ്റവാളികളെ ശിക്ഷിക്കാനാവശ്യമായ തെളിവുകൾ ശേഖരിക്കാൻ പൊലീസിന് കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണം പൊലീസും അവരെ ഭരിക്കാനും നടത്തിപ്പിനുമായി ചുമതലപ്പെടുത്തിയ സർക്കാരും ജനങ്ങളോട് പറയേണ്ടതുണ്ട്. ഒരിക്കലും ജനങ്ങളോട് ഉത്തരം പറയേണ്ടാത്ത ഒരു വികൃത സംവിധാനമാണ് പൊലീസ് എന്ന ജനാധിപത്യവിരുദ്ധ വ്യവസ്ഥയെ മനോവീര്യത്തിന്റെ കായകല്പചികിത്സ നടത്തി ഉന്മത്തമാക്കി നിർത്തിയ പൊലീസ് മന്ത്രി കൂടിയായ പിണറായി വിജയൻ സംസാരിക്കേണ്ടതുണ്ട്.' (പ്രമോദ് പുഴങ്കരയുടെ ഫേസ്ബുക്ക് പോസ്റ്റിൽ നിന്ന്).

കവി സച്ചിദാനന്ദന്റെ വാക്കുകൾ

**'എന്റെ ഹൃദയത്തിന്റെ ചില്ലയിൽ**
**രണ്ടു കുഞ്ഞു ജഡങ്ങൾ തൂങ്ങിയാടുന്നു**
**കാറ്റിൽ അവരുടെ കീറയുടുപ്പുകൾ**
**കീഴടക്കപ്പെട്ടവരുടെ കൊടികൾ പോലെ**
**തളർന്നു കിടക്കുന്നു**
**എന്റെ ഊൺ തളികയിൽ ചോര ഇറ്റിറ്റു വീഴുന്നു**
**സ്വപ്നങ്ങൾ കാണുന്നതു നിർത്തിയ എന്റെ ഹൃദയത്തിന്റെ**
**വിജയികളുടെ കുന്തം തറച്ചുണ്ടായ ദ്വാരങ്ങളിലൂടെ**
**കുറവാളികൾ എത്തിനോക്കുന്നു:**
**എല്ലാവർക്കും എന്റെ മുഖം.'**

പേരുപോലുമറിയാത്ത ശരീരഭാഗങ്ങളിൽ നീറിപ്പിടിക്കുന്ന വേദനയിൽ ഉള്ളുമർത്തിക്കരയുന്നു, എന്താണ് സംഭവിക്കുന്നത് എന്നറിയാൻ കഴിയാതെ അമ്പരക്കുന്നു, മിണ്ടിയാൽ കൊന്നുകളയുമെന്ന ഭീഷണി കഴുത്തിൽ കുത്തിപ്പിടിക്കുമ്പോൾ മരണത്തെക്കുറിച്ചൊരു ശ്വാസം മുട്ടിക്കുന്ന തിരിച്ചറിവുണ്ടാകുന്നു. എന്നിട്ടൊരു ദിവസം മൂത്ത കുട്ടി തൂങ്ങി നിൽക്കുന്നു, പിന്നാലെ ഇളയ കുട്ടിയും തൂങ്ങി നിൽക്കുന്നു. പ്രളയത്തിൽ നിന്നും എടുത്തു പൊക്കിയ ഗോവർദ്ധനത്തിൽ ആ കുട്ടികളില്ല.''

അധികം നാളുകളായില്ല മരടിൽ എല്ലാ നിയമങ്ങളും ലംഘിച്ചു സമ്പന്നർ നിർമ്മിച്ച കെട്ടിട സമുച്ചയങ്ങൾ പൊളിക്കാൻ പരമോന്നത കോടതി ഉത്തരവിട്ടപ്പോൾ അതിന്റെ സംരക്ഷകരായി ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ അവിടെ എത്തിയവരെയൊന്നും ഈ പാവം പെൺകുട്ടികളുടെ ദുരന്തങ്ങളിൽ അവരെ സമാധാനിപ്പിക്കാൻ കണ്ടില്ല. ശരിയാണ് സാർ. മരടിലെ ഫ്ളാറ്റുകാരെപ്പോലെ സവർണരോ സമ്പന്നരോ അല്ല വാളയാറിലെ കുടുംബങ്ങൾ. അവർ ദളിതരാണ്, ദരിദ്രരാണ്. കൂടത്തായി കേസ് അനേക ദിനരാത്രങ്ങൾ ആഘോഷിച്ച സമൂഹവും സർക്കാരും പോലീസും മാധ്യമങ്ങളും വാളയാർ വിഷയം വളരെ പെട്ടെന്ന് തന്നെ കയ്യൊഴിഞ്ഞതും മറ്റൊന്നുകൊണ്ടുമല്ല.

ഈ സാഹചര്യവും കൂടി പരിഗണിച്ചു വേണം അട്ടപ്പാടിയിലെ മാവോയിസ്റ്റ്കളുടെ കൊലപാതകവും കോഴിക്കോട് രണ്ട് യുവാക്കളെ യു എ പി എ ചുമത്തി അറസ്റ്റ് ചെയ്തതുമായ വിഷയങ്ങളെ കാണാൻ. രണ്ടിടത്തും പോലീസിന്റെ പ്രവർത്തനങ്ങളാണ് വിശകലനവിധേയമാകേണ്ടത്. കേരളീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം മാവോയിസ്റ്റുകളുടെ അതിക്രമങ്ങളുടെ എത്രയധികം മടങ്ങാണ് വാളയാർ അടക്കമുള്ള പീഡനക്കേസുകളിലും മറ്റുമായി നടക്കുന്ന ദ്രോഹം. ഇവിടെ രാഷ്ട്രീയ അക്രമങ്ങളിൽ പരസ്പരം കൊല്ലപ്പെട്ടവർ എത്രയാണ്? അത്തരം കേസുകളിൽ എല്ലാ നിയമലംഘനങ്ങൾക്കും കൂട്ട് നിൽക്കുന്ന പോലീസ് മാവോയിസ്റ്റ് വിഷയത്തിൽ എടുക്കുന്ന സമീപനങ്ങൾ എന്താണ്? ഈ സർക്കാർ അധികാരമേറ്റ ശേഷം ഏഴുപേരാണ് ഏറ്റുമുട്ടൽ കൊലയെന്ന പേരിൽ ഇവിടെ കൊല്ലപ്പെട്ടത്. ഒരാൾ മാവോയിസ്റ്റാണെങ്കിൽ തന്നെ അവരെ വെടിവച്ചു കൊല്ലാൻ പൊലീസിന് ആരാണ് അധികാരം കൊടുത്തത്? ഏതു നിയമമാണ് അങ്ങനെ പറയുന്നത്? കേരളീയനായ മാവോയിസ്റ്റ് ശ്രുപേഷിനെ തെലങ്കാന പൊലീസാണ് അറസ്റ്റ് ചെയ്തത്. നിയമവിചാരണക്കു വിധേയനാക്കപ്പെടുകയാണ് ശ്രുപേഷ്. കേരളത്തിൽ അടുത്ത കാലത്തൊന്നും ഒരു മാവോയിസ്റ്റ് ആക്രമണം ഉണ്ടായിട്ടില്ല. എന്നാൽ തെലങ്കാനയിലും മറ്റും നിരവധി പേരെ കൊല ചെയ്തവരാണ് മാവോയിസ്റ്റുകൾ. എന്നിട്ടും ശ്രുപേഷിനെ അവർക്കു ജീവനോടെ പിടിക്കാൻ കഴിഞ്ഞു. അട്ടപ്പാടിയിൽ നിന്നും ഓടിപ്പോയെന്ന പറയുന്ന മറ്റൊരാളെ തമിഴ്നാട് പോലീസും ജീവനോടെ കീഴ്പ്പെടുത്തി. കേരളത്തിൽ മാത്രം എന്തുകൊണ്ട് നിയമപരമായ രീതിയിൽ ഇത് ചെയ്യാൻ പൊലീസിന് കഴിഞ്ഞില്ല?

## വെടിയുണ്ടയല്ല പരിഹാരം: സിപിഐ

ഈ വിഷയത്തിൽ ഭരണപക്ഷത്ത് തന്നെയുള്ള സിപിഐ

കൃത്യമായ അന്വേഷണം നടത്തുകയും നിലപാടെടുക്കുകയും ചെയ്യുക. പാലക്കാട് അട്ടപ്പാടി മഞ്ചക്കണ്ടി വനത്തിൽ നാല് മാവോവാദികളെ ഏറ്റുമുട്ടലിൽ വധിച്ച സംഭവത്തിൽ സംസ്ഥാന സർക്കാരിനെതിരെ രൂക്ഷ വിമർശവുമായി സിപിഐ നേതാവ് കാനം രാജേന്ദ്രൻ രംഗത്ത് വന്നു. മഞ്ചക്കണ്ടിയിൽ നടന്നത് വ്യാജ ഏറ്റുമുട്ടലാണെന്നും ടെന്റിൽ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന മാവോവാദികൾക്കുനേരെ പോലീസ് ക്ലോസ് റേഞ്ചിൽ വെടിയുതിർക്കുകയാണ് ചെയ്തതെന്നാണ് തങ്ങൾക്ക് കിട്ടിയ വിവരമെന്നും അദ്ദേഹം പറഞ്ഞു. വിഷയത്തിൽ സർക്കാർ മജിസ്റ്റീരിയൽ അന്വേഷണം നടത്തണമെന്നും കാനം ആവശ്യപ്പെട്ടു.

'മാവോവാദികൾ ഉയർത്തുന്ന പ്രശ്നങ്ങൾക്ക് വെടിയുണ്ടയല്ല പരിഹാരം' എന്ന പ്രമേയം സിപിഐ സംസ്ഥാന കൗൺസിൽ പാസാക്കി. ഇത് 1967 മുതൽ പാർട്ടി പിന്തുടരുന്ന അഭിപ്രായമാണ്.

> വാളയാർ എന്നത് നാം പുലർത്തുന്ന മൗനങ്ങളുടെയും നമ്മുടെ അനീതികളുടെയും വിളിപ്പേരാവരുത്. ഈ രണ്ട് ദലിത് പെൺകുട്ടികളുടെ ദാരുണമായ അന്ത്യത്തിൽ പുനരന്വേഷണം നടത്തണമെന്നും അതിനായി പ്രത്യേക അന്വേഷണ സംഘത്തെ നിയമിക്കുകയോ സി ബി ഐ അന്വേഷണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്യണമെന്നതു ഏറ്റവും കുറഞ്ഞ ആവശ്യമാകണം.

സാമൂഹിക പ്രശ്നങ്ങളിൽ തോക്കുകൊണ്ടല്ല മറുപടി പറയേണ്ടത്. വ്യാജ ഏറ്റുമുട്ടലുകൾ വ്യാപകമായി നടക്കുന്നു എന്നതിന്റെ ഉദാഹരണമാണ് ഇസ്രത്ത് ജഹാൻ കേസ്. അത് വ്യാജ ഏറ്റുമുട്ടലാണ് എന്ന് സുപ്രീം കോടതിക്ക് പറയേണ്ടി വന്നു. പൗരാവകാശങ്ങളും ജനാധിപത്യ അവകാശങ്ങളും സംരക്ഷിക്കപ്പെടണം. ഇത്തരം സംഭവങ്ങളിൽ മജിസ്റ്റീരിയൽ അന്വേഷണം ഉണ്ടാവണം. നേരത്തെ ഉണ്ടായ മാവോയിസ്റ്റ് കൊലപാതകങ്ങളിൽ അതുണ്ടായിട്ടുണ്ട്.

ഇടതുപക്ഷത്ത് സിപിഎമ്മിന്റെ കപടമുഖം ഇവിടെ വെളിവാക്കപ്പെടുകയാണ്. മാവോയിസ്റ്റുകൾ നിയമത്തെ ബഹുമാനിക്കുന്നില്ല എങ്കിലും നാട്ടിലെ നിയമം പാലിക്കാൻ സർക്കാർ തയ്യാറാകണമല്ലോ. എന്നാൽ ഒട്ടും തന്നെ ചരിത്രബോധമില്ലാതെ ഈ കൊലപാതകങ്ങളെ ന്യായീകരിക്കുകയാണ് പിണറായി വിജയനെ പിന്താങ്ങുന്ന സിപിഎം കാർ. ചെഗുവരെയുടെ പടമുള്ള ബനിയനും തൊപ്പിയും വച്ച് അഭിമാനിക്കുന്ന യുവാക്കൾ അറിയുന്നുവോ എന്താണ് ചെ ചെയ്തിരുന്നത് എന്ന്? സാഹചര്യം വ്യത്യസ്തമാകാം. ചില സഖാക്കൾ പറയുന്നത് ഇവിടെ ഒരു ജനാധിപത്യ സർക്കാരാണ് ഉള്ളതെന്നാണ്. അതുകൊണ്ടു അക്രമം ശരിയല്ലെന്നും. കൊളംബിയയിലെ ബൊളീവിയയിലുമെല്ലാം ജനാധിപത്യമാണെന്നാണ് അവിടെ ഭരിക്കുന്നവരും പറയുന്നത്.

ഇവർക്ക് തുറന്ന പിന്തുണ കിട്ടുന്നത് മോദി-അമിത്ഷാ-സംഘപരിവാറിൽ നിന്നാണ് എന്നതാണ് വിചിത്രമായ കാര്യം. മാവോയിസ്റ്റുകൾ രാജ്യത്തിനു ഭീഷണിയാണെന്ന് മോദിയെപ്പോലെ പിണറായിയും സഖാക്കളും പറയുന്നു. കൊൽക്കത്ത തിസീസിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്ര ഇന്ത്യയുടെ സർക്കാരിനെതിരെ ആയുധമെടുത്ത് പോരാടി രക്തസാക്ഷി ആയവരുടെ കാര്യമൊക്കെ ഇവർ മറന്നു പോയോ? 'നൂറു പുഷ്പങ്ങൾ വിരിയട്ടെ , ആയിരം ചിന്താ സരണികൾ ഏറ്റു മുട്ടട്ടെ ' എന്ന് പറഞ്ഞ മഹാനായ ചിന്തകൻ മാത്രമാണ് മാവോ സെ തുങ്ങ്. അദ്ദേഹം ഒരു വംശഹത്യക്കാരനോ, ക്രൂരനോ , എകാധിപതിയോ ആയിരുന്നില്ല. ചൈന എന്ന രാജ്യത്തിന്റെ രാഷ്ട്രപിതാവുമാണ്. അങ്ങനെയൊരാളുടെ പുസ്തകങ്ങൾ വായിക്കുന്നതും, ആ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്നത് പോലും കൊടിയ തെറ്റായാണ് ഭരണകൂട വേട്ടയുടെ വിഡ്ഢികളായ പോലീസും, പുസ്തകം വായിക്കാത്ത ഭരണാധികാരികളും കണക്കാക്കുന്നത്. അക്കൂട്ടത്തിൽ ഇടതുപക്ഷമുഖ്യമന്ത്രിയും പെടുന്നുവോ? ലോക ഭീകരപട്ടികയിൽ ആറാം സ്ഥാനമാണ് യു എസ് ഭരണകൂടം മാവോയിസ്റ്റുകൾക്ക് നൽകിയിരിക്കുന്നതെന്ന് ന്യായീകരിക്കാൻ ഇടതുപക്ഷമെന്ന് പേരിൽ അറിയപ്പെടുന്ന സർക്കാർ തയ്യാറാകുന്നതിലെ വൈരുദ്ധ്യം തിരിച്ചറിയാനുള്ള രാഷ്ട്രീയം പോലും ഇല്ലാതായോ? ഈ കണക്കിന് സദ്ദാം ഹുസൈൻ ഒരു ഭീകരവാദി തന്നെയാണല്ലോ. സദ്ദാമിനെ വധിച്ചപ്പോൾ നിങ്ങൾ പ്രതിഷേധിച്ചത് തെറ്റായിരുന്നുവൊ സഖാക്കളെ?

*കാനം രാജേന്ദ്രൻ*



*സദ്ദാം ഹുസൈൻ*



*ചെഗുവരെ*

മഞ്ചക്കണ്ടിയിൽ കൊല്ലപ്പെട്ടവർക്കെതിരെ ഒരു പെറ്റിക്കേസ് പോലും കേരളത്തിൽ നിലനിൽക്കുന്നില്ല. മറ്റു സംസ്ഥാനങ്ങളിൽ ഉണ്ടെങ്കിൽ അവരെ പിടിച്ചു ആ സംസ്ഥാനത്തെ പോലീസിനെ ഏൽപ്പിക്കുക എന്നതല്ലേ നിയമം. പക്ഷെ ഇവിടെ സർക്കാരിന്റെ ലക്ഷ്യങ്ങൾ വേറെയാണ്. കേരളത്തിലെ മാവോയിസ്റ്റ് ഭീഷണി ഉയർത്തിക്കാട്ടിയാൽ നൂറുകണക്കിന് കോടി രൂപ പ്രത്യേക സുരക്ഷാ ഫണ്ടായി അനുവദിക്കും. അത് വാങ്ങണം.

## ചീഫ് സെക്രട്ടറിയോ ഭരണത്തലവൻ?

ഇത് ചില ഉദ്യോഗസ്ഥർക്ക് വന്ന കൈപ്പിഴയാണെന്ന രീതിയിൽ പല ന്യായീകരണക്കാരും രംഗത്ത് വരുന്നുണ്ട്. എന്നാൽ ആഭ്യന്തരമന്ത്രി കൂടിയായ മുഖ്യമന്ത്രി ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല എന്നത് ശ്രദ്ധേയമാണ്. എന്നു തന്നെയുമല്ല സർക്കാരിന്റെ പ്രതിനിധിയായി സുപ്രീം കോടതി തന്നെ പരിഗണിക്കുന്ന സംസ്ഥാന ചീഫ് സെക്രട്ടറി ഒരു ദേശീയമാദ്ധ്യമത്തിൽ പേരും പദവിയും വച്ചെഴുതിയ ലേഖനം എല്ലാ സംശയങ്ങളും മാറ്റി സർക്കാരിന്റെ ഔദ്യോഗിക നിലപാട് പ്രഖ്യാപിക്കുന്നു.മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്ന ഏതെങ്കിലും ഒരു സംസ്ഥാനത്തെ ചീഫ് സെക്രട്ടറി ഇന്നോളം ഇത്തരത്തിൽ സർക്കാർ നയം വ്യക്തമാക്കുന്ന ഒരു ലേഖനം എഴുതിയ ചരിത്രമുണ്ടോ? ഏതെങ്കിലും മുഖ്യമന്ത്രി അത് അനുവദിച്ചുകൊടുക്കുമോ? മാവോയിസ്റ്റുകൾക്ക് ഒരു വിധ മനുഷ്യാവകാശങ്ങളും ഇല്ലെന്നും അവരെ കണ്ടിടത്തു വച്ച് വെടിവച്ചു കൊല്ലുക തന്നെയാണ് വേണ്ടതെന്നും അദ്ദേഹം തുറന്നു പറയുന്നു. ഒരു പക്ഷെ സംഘ്പരിവാറുകാർ പോലും ഇങ്ങനെ പറയുമെന്ന് തോന്നുന്നില്ല. സ്വന്തം ജീവരക്ഷക്കു വേണ്ടിയാണ് തണ്ടർ ബോൾട്ട് വെടിവച്ചതെന്നുള്ള ചീഫ് സെക്രട്ടറിയുടെ അഭിപ്രായം മുഖ്യമന്ത്രിയും പറഞ്ഞിട്ടുണ്ട്. ചീഫ് സെക്രട്ടറി എന്തോ അബദ്ധം പറഞ്ഞതല്ല, അത് അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായമെന്ന രീതിയിൽ തള്ളിക്കളയാനും ആകില്ല. സർവ്വീസിൽ ഇരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ സർക്കാർ നയങ്ങൾക്കെതിരെ പറഞ്ഞാൽ അയാൾക്കെതിരെ അച്ചടക്ക നടപടി എടുക്കുന്ന സർക്കാരാണിത്. അനുമതി വാങ്ങാതെയാണ് ഇങ്ങനെ എഴുതിയതെങ്കിൽ അദ്ദേഹത്തോട് ഒരു വിശദീകരണമെങ്കിലും ചോദിക്കാൻ മുഖ്യമന്ത്രി തയ്യാറാകേണ്ടതല്ലേ? ഒരു പുസ്തകം എഴുതിയതിനു ഉന്നത ഐപിഎസ് ഉദ്യോഗസ്ഥനായ ജേക്കബ് തോമസിനെ സസ്പെൻഡ് ചെയ്ത ചീഫ് സെക്രട്ടറിയും അതംഗീകരിച്ച മുഖ്യമന്ത്രിയുമാണിവർ.

> ലോകഭീകരപ്പട്ടികയിൽ ആറാം സ്ഥാനമാണ് യു എസ് ഭരണകൂടം മാവോയിസ്റ്റുകൾക്ക് നൽകിയിരിക്കുന്നതെന്ന് ന്യായീകരിക്കാൻ ഇടതുപക്ഷമെന്ന് പേരിൽ അറിയപ്പെടുന്ന സർക്കാർ തയ്യാറാകുന്നതിലെ വൈരുദ്ധ്യം തിരിച്ചറിയാനുള്ള രാഷ്ട്രീയം പോലും ഇല്ലാതായോ? ഈ കണക്കിന് സദ്ദാം ഹുസൈൻ ഒരു ഭീകരവാദി തന്നെയാണല്ലോ. സദ്ദാമിനെ വധിച്ചപ്പോൾ നിങ്ങൾ പ്രതിഷേധിച്ചത് തെറ്റായിരുന്നുവൊ സഖാക്കളെ?

മാവോയിസ്റ്റുകൾക്ക് എന്നല്ല എല്ലാ പൗരന്മാർക്കും ഭരണഘടനയുടെ അനുഛേദം 21 അനുസരിച്ചു അന്തസ്സോടെ ജീവിക്കാനുള്ള അവകാശം ഉണ്ടെന്നാണ് പിയുസിഎല്ലും മഹാരാഷ്ട്ര സർക്കാരുമായുള്ള കേസിൽ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളത്. ഏറ്റുമുട്ടൽ കൊലകൾ സംബന്ധിച്ച് 16 മാർഗ്ഗനിർദ്ദേശങ്ങൾ സുപ്രീം കോടതിയിൽ ചീഫ് ജസ്റ്റിസ് ആർ എൽ ലോധയും നരിമാനും അടങ്ങിയ ബഞ്ച് പറഞ്ഞിട്ടുണ്ട്. അതിനു ഭരണഘടനയുടെ അനുച്ഛേദം141 അനുസരിച്ചുള്ള സുപ്രീം കോടതിവിധിക്ക് നിയമ പ്രാബല്യമുണ്ടെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്. അതിനെതിരെ ഒരു ചീഫ് സെക്രട്ടറി നടത്തുന്ന അഭിപ്രായ പ്രകടനം തന്നെ നിയമവിരുദ്ധവും കോടതി അലക്ഷ്യവുമാണ്. പക്ഷെ മുഖ്യമന്ത്രി ഒന്നും പറയുന്നില്ല. അഥവാ ഈ നിയമവിരുദ്ധനിലപാടിന് അംഗീകാരം നൽകുന്നു.

ടോം ജോസിന്റെയും ലോക്നാഥ് ബെഹ്റയുടെയും നയങ്ങൾ നടപ്പാക്കുന്ന സർക്കാരിലും പോലീസിലും ഇതും ഇതിലപ്പുറവും നടക്കുമെന്നാണ് കോഴിക്കോട്ടു രണ്ട് യുവാ

## എം എം ലോറൻസ് തുറന്നു പറയുന്നു

*എം എം ലോറൻസ്*

മുതിർന്ന സിപിഎം നേതാവും പിണറായി വിജയനെ കുറേക്കാല മായി കലവറയില്ലാതെ പിന്തുണക്കു ന്ന നേതാവുമായ എം എം ലോറൻസ് തന്നെ എഴുതി: 'ഒരേ സമയം മാവോ യിസ്റ്റ് ആശയങ്ങളും കരിനിയമ ങ്ങളും എതിർക്കപ്പെടേണ്ടതാണ്. ജനങ്ങളുടെ ഇടയിൽ ഇവ തുറന്നു കാണിച്ചുകൊണ്ട് എതിർക്കാൻ നാം തയ്യാറാവണം. യു എ പി എ കരിനി യമത്തെ പാർലമെന്റിനു അകത്തും പുറത്തും എതിർത്തു പോന്ന പാർട്ടിയാണ് സിപിഐഎം. ആ നിലപാടിൽ നിന്ന് എന്തെങ്കിലും മാറ്റം പാർട്ടി ഇതുവരെ വരുത്തിയിട്ടും ഇല്ല. രണ്ട് ചെറുപ്പക്കാരായ വിദ്യാർത്ഥികളെ യു എ പി എ ചുമത്തി പോലീസ് അറസ്റ്റ് ചെയ്തത് നീതികരി ക്കാനോ അംഗീകരിക്കാനോ കഴിയില്ല. മാവോയിസ്റ്റുകളുടെ ഒരു പ്രസിദ്ധീകരണം കൈവശം ഉണ്ടായിരുന്നു എന്നതാണ് അവർക്കെതിരെ ആരോപിക്കപ്പെട്ട കുറ്റം. കൈവശം പുസ്തകം ഉണ്ടായിരുന്നു എങ്കിൽ തന്നെ ആ കാരണം പറഞ്ഞു കൊണ്ട് ഈ കരിനിയമം ഉപയോഗിച്ച് അറസ്റ്റ് ചെയ്തത് ഒരിക്കലും അംഗീകരിക്കുവാൻ ജനാധിപത്യ മനസ്സാക്ഷിക്ക് കഴിയുന്ന കാര്യം അല്ല. ഒരു പ്രസിദ്ധീകരണം കൈവശമുണ്ട് എന്നത് കൊണ്ട് ആ പ്രസിദ്ധീകരണത്തെ അത് കൈവശം വെച്ചയാൾ അംഗീകരിക്കുന്നതായി കണക്കാക്കാൻ ആകില്ല. ചെറുപ്പ ക്കാരെ അടിയന്തരമായി മോചിപ്പിക്കുകയും ഭാവിയിൽ ഇങ്ങനെ സംഭവിക്കാതിരിക്കുവാൻ ഉറപ്പ് ലഭിക്കുകയും വേണം. ഇത് അപലപനീയമാണ്, സിപിഐഎം നും എൽ ഡി എഫ് നും കളങ്കം ഉണ്ടാക്കിയ നടപടിയുമാണ്'.

ക്കൾക്കെതിരെ യുഎപിഎ ചുമത്തി തടവിലാക്കിയിരിക്കുന്നതു വഴി പ്രഖ്യാപിക്കുന്നത്. മുൻകാല അനുഭവം വച്ചാണെങ്കിൽ ഇനി മാസങ്ങൾ കഴിഞ്ഞാകും ആ കുട്ടികൾ പുറത്തുവരിക. ഇവർ രണ്ട് പേരും സിപിഎമ്മുമായി ബന്ധപ്പെട്ടു പ്രവർത്തി ക്കുന്നവരാണ് എന്നതിനാൽ തന്നെ പാർട്ടി ഗുരുതരമായ പ്ര തിസന്ധിയിലാണ്. ഇവരെ അറിയുന്നവർ നാട്ടിലുണ്ട്, പാർ ട്ടിയിലും ഉണ്ട്. ഈ അറസ്റ്റ് നടന്ന ശേഷവും അതിനെ ന്യാ യീകരിക്കാൻ അപൂർവ്വം ചില ഇടതു ചാവേറുകൾ വന്നിട്ടുണ്ട്. ഉദ്ദിഷ്ടകാര്യത്തിനു ഉപകാരസ്മരണ എന്ന രീതിയിൽ കാണുന്ന അവരൊഴിച്ചാൽ ഒട്ടുമിക്ക ഇടതുപക്ഷക്കാരും ഒളിഞ്ഞും തെളിഞ്ഞും ഈ നടപടിയെ വിമർശിക്കുന്നുണ്ട്. ഇവർ മറ്റു പാർട്ടികളിൽ പ്രവർത്തിക്കുന്നവരോ ഒരു കക്ഷിയിലും പെടാ ത്തവരോ ആണെങ്കിൽ ഇത്തരം കൂട്ടരിൽ പലരും മൗനം പാലിക്കുമെന്ന സത്യം കാണാതെ പോകരുത്. എന്തിനധികം എം എം ലോറൻസ് അടക്കമുള്ള സിപിഎമ്മിന്റെ ഉന്നതരായ പലനേതാക്കളും ഇതേ അഭിപ്രായം പറഞ്ഞു. പക്ഷെ മുഖ്യമ ന്ത്രിയും സർക്കാരും ഒരു കുലുക്കവുമില്ലാതെ നിൽക്കുന്നു.

അതിനു വ്യക്തമായ കാര്യങ്ങൾ ഉണ്ട്. ഇവർക്കെതിരെ യുഎപിഎ ചുമത്തിയതിനെതിരെയാണ് ഏറ്റവും ശക്തമായ പ്രതിഷേധം ഉയരുന്നത്. യുഎപിഎ കരിനിയമമാണെന്നും അതൊരു കാരണവശാലും പ്രയോഗിക്കരുതെന്നു വ്യക്തമായ നിലപാടുള്ളവരാണ് ഇടതുപക്ഷം. മഹാനഗരങ്ങളിൽ ബുദ്ധി ജീവികളെ നഗര നക്സലൈറ്റുകൾ എന്ന പേരിൽ അറസ്റ്റ് ചെയ്തപ്പോൾ രാജ്യവ്യാപകമായി നടന്ന പ്രതിഷേധങ്ങളിൽ മുൻനിരയിൽ ഇടതു നേതാക്കൾ ഉണ്ടായിരുന്നു. അവർക്കൊ ന്നും ഒരു മാവോയിസ്റ്റുബന്ധങ്ങളും ഇല്ലായിരുന്നു എന്ന ഉറപ്പോടെയാണോ ഇവർ പ്രതിഷേധിച്ചത്? അവരുടെയൊ ന്നും വീടുകളിൽ ഒരു തരത്തിലുള്ള മാവോയിസ്റ്റ് പുസ്തകങ്ങളും ലഘു ലേഖകളും ഇല്ലായിരുന്നു എന്ന് ഇടതു നേതാക്കൾക്ക് ഉറപ്പായിരുന്നുവോ? ഇക്കാര്യത്തിലും ചീഫ് സെക്രട്ടറി നയം വ്യക്തമാക്കുന്നു. ഈ നഗര നക്സലൈറ്റുകൾ സൗമ്യരും നിഷ്പക്ഷരുമെന്നു തോന്നിക്കും വിധത്തിൽ നമുക്കിടയിൽ പ്രത്യക്ഷപ്പെടുന്ന ഭീകരവാദികളാണ്. ഒരു കപടമനുഷ്യമുഖം ഭീകരപ്രവർത്തകർക്ക് നല്കുന്നവരാണ് എന്ന കാര്യത്തിൽ അദ്ദേഹത്തിനു സംശയമേയില്ല. അതുകൊണ്ടു തന്നെ ഈ കുട്ടികളെ യു എ പി എ അനുസരിച്ച് തടവിലിട്ടതിൽ ഒരു തെറ്റു മില്ലെന്നാണ് സർക്കാരിന്റെ നയം.

### അടിയന്തരാവസ്ഥയിലെ ജയറാം പടിക്കൽ

ഈ കേസിന്റെ പിന്നിലെ പ്രധാന ഉദ്യോഗസ്ഥനെ നമ്മൾ മറക്കാൻ പാടില്ല. കൊച്ചിയിൽ ജോലിനോക്കിയിരു ന്ന കാലത്ത് ഇദ്ദേഹം ചെയ്ത കൊടും ക്രൂരതകൾ ഓർക്കണം. പെരിയാർ മലിനീകരണവിരുദ്ധ പോരാളിയായ പുരുഷൻ ഏലൂരിനെതിരെ ഇദ്ദേഹം ഉയർത്തിക്കൊണ്ട് വന്ന കള്ളക്കേ സുകൾ മാത്രം മതി നമുക്ക് കാര്യം മനസ്സിലാക്കാൻ. ആദ്യം ഇസ്ലാമിക തീവ്രവാദി എന്ന പേരിലാണ് നടപടിക്കൊരു ങ്ങിയത്. അത് ചെയ്തത് കൊച്ചിയിലെ ഒരു കരിമണൽ കള്ള ക്കടത്ത് കമ്പനിക്കാരനു വേണ്ടിയായിരുന്നു. പിന്നീടിദ്ദേഹം സ്ഥാനക്കയറ്റം കിട്ടി വയനാട്ടിൽ എത്തിയപ്പോൾ പുരുഷനെ മാവോയിസ്റ്റുതീവ്രവാദിയാക്കി കുടുക്കാനായി ശ്രമം. ആഭ്യന്ത രമന്ത്രിയായിരുന്ന തിരുവഞ്ചൂരിനെ ഈ ലേഖകനടക്കമുള്ളവർ നേരിൽ കണ്ട് ബോധ്യപ്പെടുത്തിയ ശേഷമാണ് അതിൽ നിന്നും ഒഴിവാക്കിയത്.

വരാപ്പുഴ ശ്രീജിത്ത് എന്ന യുവാവിനെ പോലീസ് സ്റ്റേഷ നിൽ കൊണ്ടുപോയി തല്ലിക്കൊന്ന കേസിലും പ്രധാനപ്രതി പ്രധാന ഉദ്യോഗസ്ഥൻ തന്നെയാണ്. പക്ഷെ ഇതിനെല്ലാം പ്രത്യുപകാരമായി സ്ഥാനക്കയറ്റം നൽകുകയാണ് ഇടതുപക്ഷ സർക്കാർ ചെയ്തത്. ആ ഉദ്യോഗസ്ഥൻ തന്നെയാണ് ഈ കുട്ടികളെ ഇപ്പോൾ യു എ പി എ യിൽ പെടുത്തിയിരിക്കു



*വാളയാർ സംഭവത്തിലെ പ്രതീകാത്മക ചിത്രം*

ന്നതും. അടിയന്തരാവസ്ഥയിലെ കരുണാകരന് ജയറാം പടിക്കൽ പോലെയാണ് പിണറായി വിജയന് ഇദ്ദേഹം. അതുകൊണ്ട് തന്നെ അയാൾക്കെതിരെ ഒരക്ഷരം പറയാൻ ഇരട്ടച്ചങ്കൻ മുഖ്യമന്ത്രി തയ്യാറാകില്ല. കോടതിക്കെത്തും യുഎപിഎ ചുമത്തിയതിനെ ന്യായീകരിക്കുകയാണ് സർക്കാർ വക്കീൽ ചെയ്തിരിക്കുന്നത് എന്നതിൽ നിന്ന് തന്നെ പോലീസിന്റെ നയം വ്യക്തമാണ്. ഇനി ഇടതുപക്ഷ നയം ഇതല്ല എന്നാണ് പറയുന്നതെങ്കിൽ ഈ സർക്കാർ ഇടതുപക്ഷമല്ലാ എന്ന് മാത്രം പറഞ്ഞാൽ മതി. ഈ വിഷയത്തിലും സർക്കാരിന് പിന്തുണയുമായി വന്നിരിക്കുന്നത് സംഘ്പരിവാറാണ് എന്നും കാണാം.

നിരോധിത സംഘടനയിൽ അംഗമായത് കൊണ്ടുമാത്രം ആരും പ്രതിയാകില്ലെന്ന് മനുഷ്യാവകാശ കമ്മിഷൻ അധ്യക്ഷൻ ജെ ബി കോശി പ്രഖ്യാപിച്ചിട്ട് അധികകാലമായിട്ടില്ല. നിരോധിത സംഘടനയിൽ അംഗമാകുന്നത് മാത്രം ഒരാളെ അറസ്റ്റ് ചെയ്യാനും ക്രിമിനൽ കേസ് എടുക്കാനും പര്യാപ്തമായ സാഹചര്യം ഉണ്ടാകുന്നില്ലെന്നാണ് കേരള ഹൈക്കോടതി ജസ്റ്റിസ് വിനോദ് ചന്ദ്രൻ വിധി പറഞ്ഞത്. ത്രുപേഷും, ഷൈന

*കെ ദാമോദരൻ*

> മാവോയിസ്റ്റുകൾ രാജ്യത്തിന് ഭീഷണിയാണെന്ന് മോദിയെപ്പോലെ പിണറായിയും സഖാക്കളും പറയുന്നു. കൊൽക്കത്ത തിസീസിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്ര ഇന്ത്യയുടെ സർക്കാരിനെതിരെ ആയുധമെടുത്ത് പോരാടി രക്തസാക്ഷി ആയവരുടെ കാര്യമൊക്കെ ഇവർ മറന്നു പോയോ?

യുമടക്കമുള്ള വിദ്യാസമ്പന്നരായ പല മനുഷ്യരും സ്വന്തം നിലക്ക് സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നവരുമാണെന്ന് കോയമ്പത്തൂർ വിചാരണാ കോടതി പ്രസ്താവിച്ചത് മാസങ്ങൾക്ക് മുമ്പാണ്. മഹാത്മജിയുടെ പുസ്തകങ്ങൾ വായിക്കുന്ന എല്ലാവരും ഗാന്ധിയന്മാരല്ല; അപ്പോൾ മാവോയുടെ ആശയങ്ങൾ പഠിക്കുന്നവർ എങ്ങിനെ മാവോയിസ്റ്റുകൾ ആകുമെന്ന് സുപ്രീംകോടതി, ഡോ. ബിനായക് സെന്നിനെയും, ഉൾഫ ബന്ധം ആരോപിച്ച് അസമിൽ അറസ്റ്റ് ചെയ്യപ്പെട്ട ഇന്ദ്രദാസ് എന്ന യുവാവിനെ വിട്ടയച്ചുകൊണ്ടുള്ള 2012ലെയും , ബിനായക് സെൻ കേസിലെയും വിധികളിൽ ചോദിക്കുന്നതു ഒരു ഇടതുപക്ഷ സർക്കാരിന് എങ്ങനെ അസ്വീകാര്യമാകും?

അപ്പോൾ ന്യായമായും സംശയിക്കാവുന്ന കാര്യം ആരാണ് കേരളത്തിലെ പോലീസിനെ ഭരിക്കുന്നത് എന്ന കാര്യമാണ്. ഇടതുപക്ഷനയങ്ങൾ നടപ്പാക്കുന്ന സർക്കാർ എന്ന അവകാശവാദം എപ്പോഴേ പൊളിഞ്ഞതാണ്.

## കെ ദാമോദരന്റെ വരികൾ

ഇനിയും ന്യായീകരിക്കുന്നവർക്കായി സഖാവ് കെ ദാമോദരന്റെ വരികൾ ഉദ്ധരിക്കട്ടെ.:

'അന്നു രാത്രി വീട്ടിൽ മടങ്ങിയെത്തിയപ്പോൾ എനിക്കുറങ്ങാൻ കഴിഞ്ഞില്ല. പാർട്ടിയെ ന്യായീകരിക്കുകയെന്ന ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറുന്നതായിരുന്നു നല്ലത് എന്ന് ഞാൻ വിചാരിച്ചു. എനിക്ക് ഭ്രാന്ത് പിടിക്കുന്നതു പോലെ തോന്നി. ഞാൻ ഭാര്യയുടെ നേരെ തട്ടിക്കയറി. എന്നെ ഈ അവസ്ഥയിലെത്തിച്ച പാർട്ടി നേതാക്കളോട് തട്ടിക്കയറുകയും അവരെ ശകാരിക്കുകയും ചെയ്യുന്നതിനു പകരം ഞാനെന്റെ ഭാര്യയുടെ മേൽ ശകാരവർഷം ചൊരിയുകയാണ് ചെയ്തത്.'

കൊല്ലത്ത് ഒരു ഫാക്ടറിയിലെ തൊഴിൽ സമരത്തിലേർപ്പെട്ട മൂന്നു തൊഴിലാളികളെ വെടിവെച്ച് കൊന്ന കമ്യൂണിസ്റ്റ് സർക്കാർ നടപടിയെ പാർട്ടി തീരുമാനപ്രകാരം ന്യായീകരിച്ചു സംസാരിക്കാൻ നിർബന്ധിതനായ കെ.ദാമോദരന്റെ വാക്കുകളാണിത്. (ന്യൂ ലഫ്റ്റ് റിവ്യൂ അഭിമുഖം താരീഖ് അലി)

കമ്യൂണിസ്റ്റ് പോലീസ് വെടിവെച്ചു കൊല്ലുന്ന മനുഷ്യരെ ഓർത്ത് ചുരുങ്ങിയ പക്ഷം ഉറക്കം നഷ്ടപ്പെടുകയെങ്കിലും വേണം കേരളത്തിലെ സഖാക്കൾക്ക്.

എൻ എം പിയേഴ്സൺ

*മഞ്ചക്കണ്ടിയിൽ കൊല്ലപ്പെട്ട മാവോയിസ്റ്റ്*

# മുഖ്യമന്ത്രിയെ റാഞ്ചുന്ന ചീഫ് സെക്രട്ടറി

മാവോയിസ്റ്റുകൾ ആട്ടിൻ കുട്ടികളാണോ എന്ന് നിയമസഭയിൽ ചോദിച്ചത് സഖാവ് പിണറായി വിജയനായിരുന്നു. എന്നാൽ അതിനുത്തരം പറഞ്ഞത് ചീഫ് സെക്രട്ടറി ടോം ജോസാണ്. സർ, അവർ ആട്ടിൻ കുട്ടികളല്ല; അവർ ചെന്നായ്ക്കളാണ്. അവരെ കൊന്നുകളയണം സർ. ഈ ചോദ്യവും ഉത്തരവും ഒരു ഡെക്കോട്ടമിയാണ്. ഇത് ചരിത്രത്തിലെ അപൂർവ്വമായ ഒരു ഉദ്ഗ്രഥനത്തിന്റെ തിരക്കഥയാണ്. ഒരു ജനകീയ ഭരണകൂടത്തിന്റെ മുഖ്യമന്ത്രിയും ആ ഭരണകൂടത്തിന്റെ ഭാഗമായ ബ്യൂറോക്രാറ്റും തമ്മിൽ രൂപം കൊള്ളുന്ന മനുഷ്യവിരുദ്ധ ബന്ധത്തിന്റെ പ്രതീകമാണ് അത്. വരാൻ പോകുന്ന കാലത്ത് എങ്ങിനെയാണ് കോർപ്പറേറ്റ് ശക്തികൾ ജനകീയ മുഖ്യമന്ത്രിമാരെ റാഞ്ചുന്നത് എന്നതിന്റെ സാമ്പിളാണ് നമ്മൾ കണ്ടത്. പിണറായി വിജയനെ കോർപ്പറേറ്റ് മൂലധന ശക്തികൾ റാഞ്ചിക്കഴിഞ്ഞിരിക്കുന്നു. അതിനുദ്ദേഹം നിന്ന് കൊടുത്തിരിക്കുന്നു. എന്നും കേരളം ഭരിക്കുന്ന മുഖ്യമന്ത്രിയായിരിക്കണം താൻ എന്ന ആഗ്രഹത്തിൽ അദ്ദേഹം മുങ്ങിത്താണുകഴിഞ്ഞു.

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും ഒരു ചീഫ് സെക്രട്ടറി ഭരിക്കുന്ന പാർട്ടി എന്ത് നയം പിന്തുടരണം എന്ന് പരസ്യമായി ആജ്ഞാകുറിപ്പ് ഇറക്കുന്നത്. ടോം ജോസിന്റേത് ഒരു ആജ്ഞയാണ്; അഭിപ്രായമല്ല. ഇന്ത്യയിലെ ഖനി മാഫിയകളിൽ നിന്നും കോർപ്പറേറ്റ് മൂലധന ശക്തികളിൽ നിന്നും മാസപ്പടി വാങ്ങി ജീവിക്കുന്ന ബ്യൂറോക്രാറ്റുകൾ ചെയ്യുന്ന പ്രവൃത്തിയാണ് ടോം ജോസ് ചെയ്തത്. അദ്ദേഹം ഇപ്പോൾ ചെയ്തിരിക്കുന്ന പ്രവൃത്തി കൊണ്ട് ജോലിക്കെന്തെങ്കിലും തടസ്സം വന്നാൽ അത് പരിഹരിക്കാൻ മൂലധനശക്തികൾ തയ്യാറാണ്. ഇപ്പോൾ ടോം ജോസിന് ലഭിക്കുന്ന ശമ്പളത്തിന്റെ അഞ്ചിരട്ടി നൽകി അദ്ദേഹത്തെ അവർ പുനരധിവസിപ്പിക്കും. ഈ ഉറപ്പിലാണ് യാതൊരു ഉളുപ്പുമില്ലാതെ അദ്ദേഹം മാവോവാദികളെ വെടിവെച്ചു കൊല്ലുന്നതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നത്.

അട്ടപ്പാടി മഞ്ചക്കണ്ടിയിൽ മാവോയിസ്റ്റുകളെ പോലീസ് ഏകപക്ഷീയമായി വെടിവെച്ചു കൊന്നത് വിഭിന്നമായ വീക്ഷണത്തിൽ അവതരിപ്പിച്ചുകൊണ്ട് ഇന്ത്യയിലെ ഇതര സംസ്ഥാ

*ടോം ജോസ്*

നങ്ങളുടെ മുന്നിൽ കേരളം നടത്തുന്ന മാവോയിസ്റ്റ് വേട്ട കണ്ട് പഠിക്കാൻ അദ്ദേഹം അവരോട് ആവശ്യപ്പെടുകയാണ്. മഞ്ചക്കണ്ടി ഒരു യുദ്ധഭൂമിയായിരുന്നു. തീവ്രവാദികളായ മാവോയിസ്റ്റുകൾ ഏകെ 47 ഉപയോഗിച്ച് തണ്ടർബോൾട്ടിനെ ഉന്മൂലനം ചെയ്യാൻ ഒരുങ്ങി നിൽക്കുകയായിരുന്നു. കൊല്ലുകയോ കൊല്ലപ്പെടുകയോ ചെയ്യുക എന്ന സന്നിദ്ധാവസ്ഥയിൽ നിൽക്കുമ്പോൾ നിങ്ങൾ എന്തു ചെയ്യും? നിങ്ങൾ കൊല്ലും അല്ലെങ്കിൽ നിങ്ങൾ കൊല്ലപ്പെടും. അതുകൊണ്ടാണ് മാവോയിസ്റ്റുകളെ തണ്ടർബോൾട്ട് കൊന്ന കളഞ്ഞത്. അത് അങ്ങിനെ തന്നെ ചെയ്യുന്നതാണ് ശരി എന്നാണ് കേരളത്തിന്റെ ചീഫ് സെക്രട്ടറി എല്ലാവരോടും പറയുന്നത്.

മാവോയിസ്റ്റുകൾ രാജ്യത്തെ അസ്ഥിരപ്പെടുത്താൻ ശ്രമിക്കുന്നവരാണ് എന്നതാണ് ടോം ജോസിന്റെ നയപ്രഖ്യാപനം. ജനാധിപത്യ സർക്കാരിനെതിരെ ആയുധപ്പോരാട്ടം നടത്തുന്നവരും നിരപരാധികളെ ദ്രോഹിക്കുന്നവരുമാണ് മാവോയിസ്റ്റുകൾ. ഇവർ ഭീകരവാദികളും രാജ്യദ്രോഹികളുമാണ്. അവർക്ക് ഭരണഘടന അനുശാസിക്കുന്ന മനുഷ്യാവകാശത്തിന് അർഹതയില്ല. ഇതെല്ലാം എഴുതാനും പറയാനും ചീഫ് സെക്രട്ടറിക്ക് ആരാണ് അധികാരം നൽകിയിരിക്കുന്നത്? ഓരോ ഉദ്യോഗസ്ഥർക്കും ഭരണനിർവ്വഹണത്തിൽ സുപ്രധാനമായ ഉത്തരവാദിത്വങ്ങൾ ഉണ്ട്. അവർ അതാണ് നിർവ്വഹിക്കേണ്ടത്. മറിച്ച് ചെയ്യാൻ അവർക്ക് അവകാശമില്ല. ടോം ജോസ് എഴുതിയ ലേഖനം പത്രം പ്രസിദ്ധീകരിച്ചത് അദ്ദേഹം കേരളത്തിന്റെ ചീഫ് സെക്രട്ടറി ആണ് എന്നതുകൊണ്ടാണ്. ടോം ജോസ് ഒരു തത്വചിന്തകനല്ല, എഴുത്തുകാരനല്ല, രാഷ്ട്രീയ വിശാരദനല്ല. ബ്യൂറോക്രാറ്റ് എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ഔദ്യോഗിക പദവിയാണ് പത്രക്കാരെ അദ്ദേഹത്തിന്റെ ലേഖനം പ്രസിദ്ധീകരിക്കാൻ പ്രേരിപ്പിച്ചത്. അനർഹമായ കാര്യത്തിന് ഔദ്യോഗിക പദവി ഉപയോഗിക്കുന്നത് ഏറ്റവും ചുരുങ്ങിയത് കോഡ് ഓഫ് കണ്ടക്ടിന്റെ ലംഘനമാണ്.

മാവോയിസ്റ്റുകൾ രാജ്യത്തെ അസ്ഥിരപ്പെടുത്താൻ ശ്രമിക്കുന്നവരാണ് എന്നതാണ് ടോം ജോസിന്റെ നയപ്രഖ്യാപനം. ജനാധിപത്യ സർക്കാരിനെതിരെ ആയുധപ്പോരാട്ടം നടത്തുന്നവരും നിരപരാധികളെ ദ്രോഹിക്കുന്നവരുമാണ് മാവോയിസ്റ്റുകൾ. ഇവർ ഭീകരവാദികളും രാജ്യദ്രോഹികളുമാണ്. അവർക്ക് ഭരണഘടന അനുശാസിക്കുന്ന മനുഷ്യാവകാശത്തിന് അർഹതയില്ല.

## മേൻപൊടിക്ക് പോലും ഇല്ലാത്ത ഭരണം

മുൻകാലങ്ങളിൽ ഇടതുപക്ഷഭരണം അധികാരത്തിൽ എത്തുമ്പോൾ ഇടതുപക്ഷനയത്തിന്റെ സ്വാധീനം അതിൽ കാണാൻ കഴിഞ്ഞിരുന്നു. വിദ്യാഭ്യാസത്തിലും ആരോഗ്യരംഗത്തും സാമൂഹ്യവിഷയങ്ങളിലും, പൊതുകർമ്മപരിപാടികളിലും അതിന്റെ സ്പർശം ഉണ്ടായിരുന്നു. ഇപ്പോൾ അതിന്റെ അസാന്നിദ്ധ്യം കൊണ്ടാണ് അവയെല്ലാം ശ്രദ്ധേയമായിരിക്കുന്നത്. ആരോഗ്യമന്ത്രിയും ടീമും ആശ്വാസം നൽകുന്നുണ്ട്. മറ്റുള്ളവരുടെ സ്ഥിതി പരിതാപകരം.

മുൻപ് ഭൂപരിഷ്കരണമായാലും സാക്ഷരത പ്രവർത്തനം ആയാലും ജനകീയ ആസൂത്രണമായാലും അതിന് പോരായ്മകളുണ്ടെങ്കിലും ഇടതുപക്ഷ ഭാവനയുണ്ടായിരുന്നു. അതിനാൽത്തന്നെ അവ കോൺഗ്രസ്സ് സർക്കാരിൽ നിന്ന് വേറിട്ട നിലപാട് വ്യക്തമാക്കിയിരുന്നു. ഇപ്പോൾ അത്തരത്തിലുള്ള വേറിട്ട വ്യക്തിത്വം സർക്കാരിനില്ല. ഇത് യുഡിഎഫ് സർക്കാരിന്റെ പിന്തുടർച്ച അവകാശപ്പെടുന്ന സർക്കാരാണ്. അല്ലെങ്കിൽ ബിജെപി സർക്കാരിന്റെ ഡ്രെസ്സ് റിഹേഴ്സൽ അവതരിപ്പിക്കുന്ന സർക്കാർ.

മഞ്ചക്കണ്ടിയിൽ മാവോയിസ്റ്റുകളെ ഏകപക്ഷീയമായി പോലീസ് വെടിവെച്ചു കൊന്നു എന്ന അഭിപ്രായം ശക്തിപ്പെട്ട സാഹചര്യത്തിൽ സിപിഐ പ്രതിനിധി സംഘം അവിടം സന്ദർശിച്ചു. അത് ജനാധിപത്യം നിലനിൽക്കുന്ന ഭരണവ്യവസ്ഥയിൽ ഒരു രാഷ്ട്രീയ പാർട്ടി ചെയ്യേണ്ട ഉത്തരവാദിത്വമാണ്. സിപിഐ കേരളത്തിൽ നിർവ്വഹിച്ച അതേ ഉത്തരവാദിത്വം തന്നെയാണ് ജമ്മു കാശ്മീരിൽ സിപിഎം ചെയ്തത്. ഭരണഘടനയുടെ 370-ാം അനുഛേദം റദ്ദ് ചെയ്യുകൊണ്ട് മോദി ഭരണകൂടം 80 ലക്ഷം വരുന്ന ജനതയെ തുറന്ന ജയിലിലാക്കി പൗരാവകാശങ്ങൾ എല്ലാം എടുത്തു മാറ്റിയപ്പോൾ അതന്വേഷിക്കാൻ സീതാറാം യച്ചൂരി കാശ്മീരിലെത്തി. അട്ടപ്പാടിയിൽ സിപിഐ നേതാക്കൾ പോകുന്നത് തെറ്റായ സന്ദേശമാണ് ജനങ്ങൾക്ക് നൽകുന്നതെന്നായിരുന്ന മന്ത്രി എ കെ ബാലന്റെ അഭിപ്രായം.

ഇതേ അഭിപ്രായം തന്നെയാണ് യച്ചൂരിയുടെ കാശ്മീർ സന്ദർശനത്തെക്കുറിച്ച് അമിത്ഷാ, പറഞ്ഞതും. ഭരണകൂട ഭീകരതയെ ചോദ്യം ചെയ്യുന്നത് തെറ്റാണെന്നാണ് പൊതുവിൽ ബാലനും, അമിത്ഷായും പറയുന്നത്. സിപിഎം മന്ത്രി അമിത് ഷായുടെ ഭാഷയിൽ സംസാരിക്കുന്നത് നല്ലതല്ല.

കരിനിയമങ്ങളെ ഭരണത്തിലിരിക്കുമ്പോൾ ന്യായീകരിക്കുന്നത് ഇടതുപക്ഷ നയത്തെ റദ്ദു ചെയ്യലാണ്. ഒരു ഭരണം കൊണ്ട് ഇടതുപക്ഷ ചിന്തകളെ മുഴുവൻ തുടച്ചു മാറ്റാൻ ശ്രമിക്കുന്നതാണോ ഈ ഭരണത്തിന്റെ നേട്ടം. പ്രകാശ് കാരാട്ടും, യച്ചൂരിയും യുഎപിഎയെ എതിർക്കുമ്പോൾ പിണറായി വിജയൻ ഭരണത്തിലിരുന്ന് അതിനെ ന്യായീകരിക്കുകയാണ്. 1919 ലാണ് ഇന്ത്യയിൽ ബ്രിട്ടീഷ് പാർലിമെന്റ് അംഗീകരിച്ച് റൗലറ്റ് ആക്ട് പാസാക്കിയത്. വിചാരണ കൂടാതെ ആരെയും പിടിച്ച് ജയിലിൽ അടക്കാനുള്ള ബ്രിട്ടീഷ് സർക്കാരിന്റെ ആ കരിനിയമത്തിനെതിരെ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സഹനസമരത്തെ ചോരയിൽ മുക്കിക്കൊല്ലുകയാണ് ഭരണകൂടം ചെയ്തത്. പഞ്ചാബിലെ അമൃതസറിൽ ജാലിയൻ വാലാബാഗ് മൈതാനിയിൽ തടിച്ചുകൂടിയ ജനതയെ തന്റെ അനുവാദമില്ലാതെ സമ്മേളിച്ചു എന്ന് പറഞ്ഞ് ജനറൽ ഡയൽ എന്ന പട്ടാള മേധാവി വെടിവെച്ചു കൊന്നു. 395 പേർ ആണ് തൽക്ഷണം മരിച്ചത്. ജാലിയൻവാലാബാഗ് കൂട്ടക്കൊലയുടെ നൂറാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഭരണത്തിന്റെ അപ്പക്കഷ്ണം തിന്നാൻ ആർത്തി കാണിക്കുന്ന കേരള സിപിഎം നേതാക്കൾ യുഎപിഎ ചുമത്തി രണ്ട് വിദ്യാർത്ഥികളെ തുറുങ്കിലടച്ചത് എന്തുകൊണ്ടായിരിക്കും?. സ്വന്തം പാർട്ടി അംഗങ്ങൾ ഭീകരരാണ് എന്ന് പോലീസ് പറയുന്നത് കേൾക്കുന്ന പാർട്ടി നേതൃത്വം ആരുടെ നേതൃത്വമാണ്?

ഉദ്യോഗസ്ഥരെ ആശ്രയിച്ച് ജീവിക്കുന്ന മന്ത്രിമാർ കാശ്മീർ വിഷയത്തിൽ സ്വന്തം പാർട്ടിയുടെ നിലപാട് വ്യക്തമാക്കാൻ കഴിയാത്ത സർക്കാർ ഇടതുപക്ഷ രാഷ്ട്രീയം കൈയ്യൊഴിഞ്ഞ സർക്കാരാണ്. ഏത് വിഷയത്തിലും സ്വന്തമായി അഭിപ്രായം പറയാൻ ശേഷിയില്ലാത്ത മന്ത്രിമാർ ഉദ്യോഗസ്ഥരുടെ അടിമകളാവുക സ്വാഭാവികമാണ്. ഇത് മന്ത്രിസഭയുടെ കാര്യം മാത്രമല്ല, പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പൊതുമേഖലാ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരാണ് ഭരിക്കുന്നത്. പഞ്ചായത്ത് സെക്രട്ടറി പറയുന്നതിനപ്പുറം പോകാൻ ശേഷിയില്ലാത്തവരാണ് ഭരണകർത്താക്കൾ. നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് ഉദ്യോഗസ്ഥരാണെങ്കിൽപ്പിന്നെ ഭരണകർത്താക്കളായ രാഷ്ട്രീയ നേതൃത്വത്തിന് എന്ത് പ്രസക്തി. ഇടതായാലും വലതായാലും ഉദ്യോഗസ്ഥർ തന്നെയാണ് താരം.

കേരളത്തിൽ വികസന ഭ്രാന്ത് മൂർദ്ധന്യാവസ്ഥയിലാണ്.

ടി ബാലകൃഷ്ണൻ

ഇത് തലയ്ക്ക് പിടിച്ചാണ് ബുദ്ധദേവ് വീണത്. ബുദ്ധദേവിന്റെ വീഴ്ചയാണ് ബംഗാളിൽ നിന്ന് ഇടതുപക്ഷം മാഞ്ഞ് പോകുന്നതിന് കാരണമായത്. ഇവിടെ മെട്രോറെയിൽ, വിമാനത്താവളങ്ങൾ, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിലാണ് ഉദ്യോഗസ്ഥരുടെ കണ്ണ്, പാലാരിവട്ടം പാലം പഞ്ചവടിപ്പാലമായത് ഉദ്യോഗസ്ഥർക്ക് പണമമർത്താനാണെന്ന് അറിയാത്തവർ ആരാണ്? റോഡ് നിർമ്മാണത്തിനും വികസനത്തിനും ഊന്നൽ കൊടുക്കുമ്പോഴും മുപ്പത് വർഷമായി ഭൂമി ഏറ്റെടുത്ത ഇടപ്പള്ളി-കൊടുങ്ങല്ലൂർ ഹൈവേ നിർമ്മാണം നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഉദ്യോഗസ്ഥരുടെ താൽപര്യം കൂടുതൽ കമ്മീഷൻ ലഭിക്കുന്ന പദ്ധതികളിൽ മാത്രമാണ്. അതുകൊണ്ടാണ് കൃഷി അവഗണിക്കപ്പെടുന്നത്. കാർഷിക വികസനത്തിന് പദ്ധതികൾ ഇല്ലാതെ പോകുന്നത്.

മാവോയിസ്റ്റ് വേട്ട നടത്തിയാൽ കേന്ദ്രസർക്കാരിന്റെ പാരിതോഷികം ലഭിക്കും. ഇപ്പോൾ പുതിയ ഉപകരണങ്ങൾ വാങ്ങാനും നിരീക്ഷണം ശക്തിപ്പെടുത്താനും 120 കോടി രൂപയോളം കേന്ദ്രം നൽകി എന്നാണ് അറിയുന്നത്. അതിനേക്കാൾ ശ്രദ്ധേയമായ കാര്യം എല്ലാക്കാര്യത്തിലും ചീഫ് സെക്രട്ടറിയുടെ അമിതമായ ഇടപെടൽ ഉണ്ട് എന്നതാണ്. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ രഹസ്യ മീറ്റിംഗിൽ പോലും ചീഫ് സെക്രട്ടറി പങ്കെടുത്തു പോലീസ് എങ്ങിനെ പ്രവർത്തിക്കണമെന്ന് നിർദ്ദേശം കൊടുത്തു. ഇതിൽ പോലീസ് ഉദ്യോഗസ്ഥർ അസ്വസ്ഥരാണ്. മുഖ്യമന്ത്രി പറയേണ്ട കാര്യങ്ങൾ ചീഫ് സെക്രട്ടറി പറയാൻ തുടങ്ങുന്നത് നല്ല സൂചനയല്ല.

കേരളത്തിൽ ആര് ഭരിച്ചാലും അതിന്റെ നയപരിപാടികൾ ഞങ്ങൾ തീരുമാനിക്കും എന്നത് ഐഎഎസ്. -ഐപിഎസ് ഉദ്യോഗസ്ഥ അഹങ്കാരമാണ്. മുൻപ് ബാലകൃഷ്ണപിള്ളയുടെ ബന്ധുവായ ടി ബാലകൃഷ്ണൻ ഭൂപരിഷ്കരണ നിയമത്തെക്കുറിച്ച് മാർക്സിസ്റ്റ് നേതാക്കളെ പഠിപ്പിച്ചത് നമ്മൾ കേട്ടതാണ്. പി എച്ച് കുര്യനും ബാലകൃഷ്ണനും ടോം ജോസുമെല്ലാം ചേർന്ന് പിണറായി സർക്കാരിന്റെ നയം നിശ്ചയിക്കുമ്പോൾ കുരിശിൽ തൂങ്ങുന്നത് ഇടതുപക്ഷ രാഷ്ട്രീയമാണ്. കേരളത്തിലെ സർക്കാരിനെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ ന്യൂനപക്ഷങ്ങളും ഇടത് സഹയാത്രികരും പ്രതീക്ഷയോടുകൂടിയാണ് നോക്കി കാണുന്നത്. അവരെ നിരാശപ്പെടുത്തുകയും കേരളത്തിൽ നിന്ന് ഇടതുപക്ഷ രാഷ്ട്രീയത്തെ തുടച്ചുനീക്കുകയും ചെയ്യുന്ന ഒന്നായി ഈ ഭരണം പതുക്കെ പതുക്കെ മാറുമ്പോൾ സിപിഎംനകത്തെ ഇടതുപക്ഷം നോക്കുകുത്തിയായി നിൽക്കുന്നു. ഇത് ഇടതുപക്ഷത്തിന്റെ ദുരന്തമായി നമുക്ക് വിലയിരുത്താം.

■

ഷാന്റോ ലാൽ





*അറസ്റ്റിലായ അലനും താഹയും*

# വെടിയുണ്ടകൾ മുഴങ്ങുന്നത് ആർക്കുവേണ്ടി?

എൽഡിഎഫ് സർക്കാർ 2016ൽ അധികാരത്തിൽ വന്നശേഷം നിലമ്പൂർ, വൈത്തിരി, മഞ്ചക്കണ്ടി എന്നിവിടങ്ങളിലെ മൂന്ന വ്യാജ ഏറ്റുമുട്ടലിലൂടെ ഏഴ് മാവോയിസ്റ്റ് പ്രവർത്തകരെ പോലീസ് കൊലചെയ്തിരിക്കുകയാണ്. ഇതോടനുബന്ധിച്ച് നിരവധി പേർക്കെതിരെ യുഎപിഎ, എൻഎസ്എ, 124 എ തുടങ്ങിയ കരിനിയമങ്ങളും പ്രയോഗിച്ചിരിക്കുന്നു. റോഡ് ചുറ്റുകയായിരുന്ന പോലീസിനുനേരെ മാവോയിസ്റ്റുകൾ വെടിവെച്ചതിനെ തുടർന്ന് സ്വയരക്ഷയ്ക്ക് വെടിയുയർത്തിയപ്പോഴാണ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടത് എന്നാണ് പോലീസ് പറയുന്നത്. ഈ പോലീസ് ഭാഷ്യം അതേപടി അംഗീകരിക്കുകയും അതേറ്റുപറയുകയും ചെയ്യുന്ന സമീപനമാണ് സർക്കാരും മുഖ്യമന്ത്രിയും സ്വീകരിച്ചിട്ടുള്ളത്. ഭരണത്തിൽ ഭാഗഭാക്കായ സിപിഐ ക്ക് മാത്രമാണ് വ്യത്യസ്തമായ ഒരഭിപ്രായമെങ്കിലും ഉള്ളത്. പോലീസ് പറയുന്ന ഏറ്റുമുട്ടൽകഥ വിശ്വസിക്കുന്നതിന് പൊതു സമൂഹത്തിനോ മനുഷ്യാവകാശ പൗരാവകാശ സംഘടനകൾക്കോ ജനാധിപത്യ വാദികൾക്കോ എന്തിന് പിണറായി വിജയനും പരിവാരങ്ങളും ഒഴികെയുള്ള സിപിഎം കാർക്ക് തന്നെയോ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. കാരണം നിലമ്പൂരിലാകട്ടെ, വൈത്തിരിയിലാകട്ടെ,മഞ്ചക്കണ്ടിയിലാകട്ടെ ഏറ്റുമുട്ടൽനടന്നതിനെപറ്റി വസ്തുതകളും തെളിവുകളും ശേഖരിക്കുന്നതിന് പൊതുജനങ്ങൾക്കോ പത്ര-ദൃശ്യ മാധ്യമങ്ങൾക്കോ ജനകീയ വസ്തുതാന്വേഷണ സംഘങ്ങൾക്കോ അനുമതി നൽകിയില്ല എന്നുമാത്രമല്ല സംഭവ സ്ഥലം സന്ദർശിക്കുന്നത് തടയുകയും ചെയ്തു. കൂടാതെ സുപ്രീം കോടതി നിർദ്ദേശിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഇവിടെയൊന്നും പാലിക്കപ്പെട്ടതുമില്ല.

നൂറിലേറെ വ്യാജ ഏറ്റുമുട്ടൽ കൊലകളിൽപിയുസിഎല്ലും മഹാരാഷ്ട്ര സർക്കാരും തമ്മിൽനടന്ന കേസിലാണ് സുപ്രീം കോടതി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്. കൊലചെയ്യപ്പെടുന്നവർക്ക് നീതി ലഭിക്കണമെങ്കിൽഎഫ് ഐ ആർ രജിസ്റ്റർ ചെയ്ത് ഒരു കേസ് എടുക്കണം. കൊലയാളികളെ മഹത്വവൽക്കരിക്കരുത്. കൊലക്കേസ് എടുത്തതിനു ശേഷം സമാന്തരമായി ഒരു മജിസ്റ്റീരിയൽഅന്വേഷണം നടത്തണം. ഇങ്ങനെ തുടങ്ങി 16 കാര്യങ്ങളാണ് സുപ്രീം കോടതി നിർദ്ദേശിച്ചത്. എന്നാൽഇതൊന്നും പാലിക്കാതെ മാവോയിസ്റ്റുകൾ മഹത്വം അർഹിക്കുന്നില്ലെന്ന പ്രസ്താവനയിലൂടെ കൊലയാളി

കളെ മഹത്വവൽക്കരിച്ച് കോടതിയലക്ഷ്യം കാട്ടിയിരിക്കുകയാണ് മുഖ്യമന്ത്രി.

നിലമ്പൂർ കൊലപാതകങ്ങളുടെ മജിസ്റ്റീരിയൽ അന്വേഷണ റിപ്പോർട്ട് ഇതുവരെ വെളിച്ചം കണ്ടിട്ടില്ല. അത് പുറത്ത് വിടാൻ സർക്കാർ ഒരുക്കവുമല്ല. വൈത്തിരി സംഭവത്തിലും മജിസ്റ്റീരിയൽ അന്വേഷണം ഇഴഞ്ഞു നീങ്ങുകയാണ്. സി പി ജലീലിനെ ഇരുട്ടിന്റെ മറവിൽ തണ്ടർ ബോൾട്ട് സേനാംഗം പിന്നിൽനിന്ന് വെടിവെച്ചിടുന്നതിന്റെ സിസിടിവി ദൃശ്യം സഹോദരൻ സി പി റഷീദ് കൽപ്പറ്റ പ്രിൻസിപ്പൾ സെഷൻ കോടതിയിൽനൽകി. ആ പരാതിയിൽ ജലീലിന്റെ കൊലയെ സംബന്ധിച്ച് കൂടി അന്വേഷണം നടത്തണമെന്ന് കോടതി ഉത്തരവിടുകയുണ്ടായി. എന്നാൽ ആ അന്വേഷണം ഇതുവരെ ആരംഭിച്ചിട്ടുപോലുമില്ല.

നാലുപേർ കൊല്ലപ്പെട്ട മഞ്ചക്കണ്ടിയിൽ മാത്രമാണ് സ്ഥലം എം പി വി കെ ശ്രീകണ്ഠന്റെയും സിപിഐ അന്വേഷണ സംഘത്തിന്റെയും പിയുസിഎല്ലിന്റെയും ജനകീയ മനുഷ്യാവകാശ സംഘടനകളുടേയും ശക്തമായ ഇടപെടലിനെ തുടർന്ന് ചിലർക്കെങ്കിലും സംഭവ സ്ഥലം സന്ദർശിക്കാൻ കഴിഞ്ഞത്. എം പി യും പ്രത്യേകിച്ച് സിപിഐ അന്വേഷണ സംഘവും പുറത്തുവിട്ട വിവരങ്ങൾ ഞെട്ടിക്കുന്നതും വ്യാജ ഏറ്റുമുട്ടലാണ് നടന്നത് എന്ന് തെളിയിക്കുന്നതുമാണ്. ഭക്ഷണം കഴിക്കുകയായിരുന്ന മാവോയിസ്റ്റുകളെ വളഞ്ഞിട്ട് വെടിവെയ്ക്കുകയും പിടികൂടിയ മണിവാസകത്തെ കൈകാലുകൾ തകർത്ത ശേഷം പിറ്റേദിവസം ഇൻക്വസ്റ്റ് നടക്കുന്ന വേളയിൽ വെടിവെച്ച് കൊല്ലുകയായിരുന്നു എന്നും പ്രദേശവാസികളുടെ പ്രതികരണങ്ങളുടേയും പ്രാഥമിക പോസ്റ്റ്മാർട്ടം റിപ്പോർട്ടിനേയും അടിസ്ഥാനമാക്കി അന്വേഷണ സംഘം പറയുന്നു. മാത്രമല്ല മഞ്ചക്കണ്ടിയിൽകൊല്ലപ്പെട്ട മണിവാസകത്തിന്റെ സഹോദരി പോസ്റ്റ്മാർട്ടത്തിന് ശേഷം സഹോദരനെ തിരിച്ചറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ ഇല്ലെന്നും കൈകാലുകൾ ഒടിഞ്ഞിരിക്കുകയാണെന്നും ആരുടേയും പ്രേരണ ഇല്ലാതെ തന്നെ മാധ്യമങ്ങൾക്കു മുന്നിൽപറയുകയുണ്ടായി. മണിവാസകത്തിന്റെ കാലുകൾ ഒടിഞ്ഞിട്ടുണ്ടെന്നും കാലിൽവെടികൊണ്ടോ വീണോ ഏറ്റുമുട്ടലിലോ പരിക്കുപറ്റിയിട്ടില്ലെന്നും പ്രാഥമിക പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽപറയുന്നു. പോസ്റ്റ്മാർട്ടം തുടങ്ങുന്നതിനു മുമ്പുതന്നെ മൃതദേഹം തിരിച്ചറിയുന്നതിനായി ബന്ധുക്കൾ സ്ഥലത്ത് എത്തുകയുണ്ടായിട്ടും കാണാൻ അവരെ അനുവദിച്ചില്ല. മാവോയിസ്റ്റുകളുടെ ശരീരത്തിലേറ്റ മുറിവുകളുടേയും ഏൽപ്പിച്ച ആഘാതങ്ങളുടേയും ദൃക്സാക്ഷ്യം ഇല്ലാതാക്കുക എന്ന ലക്ഷ്യം സാധ്യമാക്കുകയാണ് ഇതിലൂടെ പോലീസ് ചെയ്തിരിക്കുന്നതെന്ന് മനുഷ്യാവകാശ പ്രവർത്തകർ ഒന്നടങ്കം പറയുന്നു. നടന്നത് ഒരു വ്യാജ ഏറ്റുമുട്ടലാണെന്നും ഏകപക്ഷീയമായ കൊലകളാണെന്നും മണിവാസകത്തിന്റെത് കസ്റ്റഡി കൊലപാതകമാണെന്നും ഇങ്ങനെ ലഭ്യമായ വസ്തുതകളുടേയും വിശകലനങ്ങളുടേയും അടിസ്ഥാനത്തിൽ, പൊതുസമൂഹത്തിന് ബോധ്യപ്പെട്ടിരിക്കുകയാണ്.

*പോരാട്ടം കണവീനർ ഷാന്റോ ലാലിനെ യു എ പി എ ചുമത്തി അറസ്റ്റ് ചെയ്തപ്പോൾ*

ഇവിടെ കൊലയാളികൾക്കതിരെ കേസെടുക്കാതെ മരിച്ചവർക്കെതിരെ കേസെടുക്കുന്ന വിചിത്രമായ കാഴ്ചയാണ് മൂന്നു സംഭവങ്ങളിലും ഉണ്ടായിട്ടുള്ളത്. ആത്മരക്ഷാർത്ഥം പോലീസ് തിരിച്ച് വെടിവെച്ചപ്പോഴാണ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടതെന്ന് പറഞ്ഞ പിണറായി വിജയന് കൊല നടത്തി എന്ന് സമ്മതിക്കേണ്ടി വന്നിരിക്കുകയാണ്. അങ്ങനെയെങ്കിൽആത്മരക്ഷാർത്ഥമാണ് വെടിവെച്ചത് എന്ന് കോടതിയിൽതെളിയിക്കേണ്ടതില്ലെ? ആത്മരക്ഷാർത്ഥമാണ് കൊന്നതെന്ന് തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിൽ ജീവപര്യന്തം തടവ് അനുഭവിക്കേണ്ട കുറ്റവാളികളെയാണ് മുഖ്യമന്ത്രി സംരക്ഷിക്കുന്നത്.

*മണിവാസകം*

വ്യാജ ഏറ്റുമുട്ടൽകൊലകളെ സംബന്ധിച്ച സുപ്രീം കോടതി മാർഗ നിർദ്ദേശങ്ങൾ മഞ്ചകണ്ടി സംഭവത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് പാലക്കാട് ജില്ലാ സെഷൻസ് കോടതിയിൽ30.10.19 ന് ബന്ധുക്കൾ കേസ് ഫയൽചെയ്തത്. പോസ്റ്റ്മാർട്ടം റിപ്പോർട്ടോ ഇൻക്വസ്റ്റ് റിപ്പോർട്ടോ പരിശോധിക്കാതെയും, കൊലപ്പെടുത്തിയവർക്കെതിരെ ഉടനടി എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്ന സുപ്രീം കോടതി മാർഗനിർദ്ദേശങ്ങൾ കണക്കിലെടുക്കാതെയുമാണ് മൃതദേഹങ്ങൾ സംസ്കരിക്കാൻ പാലക്കാട് കോടതി തിടുക്കത്തിൽഉത്തരവിട്ടത്. സുപ്രീംകോടതിയുടെ 16 മാർഗ്ഗ നിർദ്ദേശങ്ങ

ളിൽ ഒന്നും തന്നെ പാലിക്കപ്പെട്ടിട്ടില്ല എന്നുമാത്രമല്ല പോലീസിന് മുഖംരക്ഷിക്കാൻ സൗകര്യം ചെയ്തുകൊടുക്കുന്ന സമീപനമാണ് പാലക്കാട് കോടതിയിൽനിന്ന് ഉണ്ടായത് എന്ന് അഭിഭാഷകർ പറയുന്നു. കോടതി യഥാർത്ഥത്തിൽ സ്വന്തം ഉത്തരവാദിത്വം നിറവേറ്റാതിരുന്നതിലൂടെ സമൂഹത്തിൽ ഉരുത്തിരിഞ്ഞ വ്യത്യസ്ത അഭിപ്രായങ്ങളിൽ ഒരു പക്ഷത്തിന്റെ അഭിപ്രായത്തിന് കീഴ്പ്പെട്ട എന്നതാണ് വസ്തുത. നവംബർ 12ന്റെ കേരള ഹൈക്കോടതി വിധിയും ഇതിന് തെളിവാണ്.' ചുരുക്കത്തിൽ ജനങ്ങൾക്ക് നീതി ലഭ്യമാക്കേണ്ട സർക്കാർ, കോടതി, പോലീസ്,' സംവിധാനങ്ങൾ ഒത്തു ചേർന്ന് അനീതിക്ക് കൂട്ടുനിൽക്കുകയും കുറ്റവാളികളെ രക്ഷപെടാൻ അനുവദിക്കുന്നതും ചെയ്യുന്നതാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്.

വർഗ്ഗീയ വിദ്വേഷം പ്രചരിപ്പിക്കുകയും നിയമ വിരുദ്ധ പ്രവർത്തനം നടത്തുകയും കലാപങ്ങൾക്ക് ആഹ്വാനം ചെയ്യുകയും ചെയ്ത സംഘവരിവാർ സംഘടനകൾക്കോ പ്രവർത്തകർക്കോ എതിരെ ഒരു കേസുപോലും എടുത്തിരുന്നില്ല എന്നതും യാഥാർത്ഥ്യമാണ്.

2016 ലെ നിയമസഭാ തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്യുന്ന പോരാട്ടം സംഘടനയുടെ പോസ്റ്ററുകളും നോട്ടീസും പ്രചരിപ്പിച്ചതിന്റെ പേരിൽ സംസ്ഥാനത്ത് ഈ ലേഖകനടക്കം 11 പേർക്കെതിരെ യുഎപിഎ ചുമത്തുകയും മാസങ്ങളോളം തടവിലിടുകയുമുണ്ടായി. രമേശ് ചെന്നിത്തല ആഭ്യന്തരമന്ത്രിയായിരിക്കെ ചുമത്തിയ പ്രസ്തുത യുഎപിഎ കേസുകൾ പിണറായി വിജയന്റെ നേതൃത്വത്തിൽ പിന്നീട് മുന്നോട്ട് കൊണ്ടുപോവുകയാണുണ്ടായത്. കുപ്പു ദേവരാജിന്റെയും അജിതയുടേയും മൃതദേഹങ്ങൾ ഏറ്റുവാങ്ങാനെത്തിയ എം എൻ രാവുണ്ണിയെ യുഎപിഎ പ്രകാരം അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. എംഎൻ രാവുണ്ണിക്ക് ഒളിവിൽ കഴിയാൻ മുറി എടുത്ത് നൽകി എന്നാരോപിച്ച് മനുഷ്യാവകാശ പ്രവർത്തകൻ രജീഷ് കൊല്ലകണ്ടിക്കെതിരെ യുഎപിഎ ചുമത്തി. ദേശീയ ഗാനത്തെ അവഹേളിച്ചെന്ന പേരിൽ കമൽസി നജ്മലിനും മാവോയിസ്റ്റ് ബന്ധമുണ്ടെന്നുകാണിച്ച് പൊതു പ്രവർത്തകൻ നദീറിന് എതിരെയും യുഎപിഎ ചുമത്തുകയുണ്ടായി. ഇത് വ്യക്തമായും വിവിധ തലങ്ങളെ സ്പർശിക്കുന്ന അടിച്ചമർത്തലിനെ തുറന്നുകാണിക്കുന്നതായിരുന്നു. മാവോയിസ്റ്റ് രാഷ്ട്രീയത്തെ സമൂഹം ചർച്ചചെയ്യണമെന്ന് പറയുന്ന പോരാട്ടം പ്രവർത്തകർ, നിയമപരമായി പ്രവർത്തിക്കുന്ന മനുഷ്യാവകാശ പ്രവർത്തകർ, മാവോയിസത്തോടുതന്നെ വിയോജിപ്പുള്ള അത് തുറന്ന പറഞ്ഞിട്ടുള്ള നദീറിനെ പോലുള്ളവർ, നാടക സാംസ്കാരിക പ്രവർത്തകർ എന്നിങ്ങനെ എല്ലാ മേഖലകളിലുള്ളവരെ ഒതുക്കി നിർത്തുന്നതിനും കൂടുതൽപേർ രംഗത്ത് വരുന്നതിൽനിന്ന് ഭീഷണിപ്പെടുത്തി അകറ്റുന്നതിനുമായിരുന്നു ഇത്. ഈ കാലയളവിൽ വർഗ്ഗീയ വിദ്വേഷം പ്രചരിപ്പിക്കുകയും നിയമ വിരുദ്ധ പ്രവർത്തനം നടത്തുകയും കലാപങ്ങൾക്ക് ആഹ്വാനം ചെയ്യുകയും ചെയ്ത സംഘപരിവാർ സംഘടനകൾക്കോ പ്രവർത്തകർക്കോ എതിരെ ഒരു കേസുപോലും എടുത്തിരുന്നില്ല എന്നതും യാഥാർത്ഥ്യമാണ്.

*സിപിഐ നേതാക്കൾ മഞ്ചക്കണ്ടിയിൽ*

വലിയ പ്രതിഷേധങ്ങൾ സർക്കാരിനെതിരെ ഉയർന്നുവന്നപ്പോൾ യുഎപിഎ സർക്കാരിന്റെ നയമല്ലെന്നും കുറ്റപത്രം സമർപ്പിക്കാത്ത കേസുകൾ പുനഃപരിശോധിക്കുമെന്നും മുഖ്യമന്ത്രി പറയുകയുണ്ടായി. 6 കേസുകളിൽ യുഎപിഎ ഒഴിവാക്കിയെങ്കിലും ലേഖകനുൾപ്പടെ പോരാട്ടം പ്രവർത്തകർക്കെതിരെ ചുമത്തിയ കുറ്റപത്രം സമർപ്പിക്കാത്ത കേസുകളിൽ പിന്നീട് ഇവർ കുറ്റപത്രം സമർപ്പിച്ച് വിചാരണയ്ക്ക് അനുമതി നൽകുന്ന ഇരട്ടത്താപ്പാണ് കാണാൻ കഴിഞ്ഞത്. ഈ പ്രതിഷേധങ്ങൾ മങ്ങിതുടങ്ങിയ ഘട്ടത്തിലാണ് വൈത്തിരിയിൽ സിപി ജലീലിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് പുരോഗമന യുവജന

പ്രസ്ഥാനം നടത്തിയ പ്രതിഷേധ പോസ്റ്റർ പ്രചരണത്തിന്റെ പേരിൽ ഇരിട്ടി ആറിളം ഫാമിലെ പൊതു പ്രവർത്തകൻ ലുക്കുമാൻ പള്ളിക്കണ്ടിയെ യുഎപിഎ ചുമത്തി ജയിലിലടച്ചത്. പുരോഗമന യുവജന പ്രസ്ഥാനത്തിന്റെ ഭാരവാഹികളായ ശ്രീകാന്തിനും സിപിനഹാസിനുമെതിരെ പോലീസ് അറസ്റ്റിന് നീങ്ങുന്ന ഘട്ടത്തിലാണ് മഞ്ചക്കണ്ടി സംഭവവും അതിനെ തുടർന്നുള്ള അലന്റെയും താഹയുടേയും അറസ്റ്റും.

*കൊല്ലപ്പെട്ട മണിവാസകത്തിന്റെ സഹോദരി*

മഞ്ചക്കണ്ടി കൊലപാതകത്തിൽ പ്രതിഷേധിച്ച് ഡിവൈഎഫ്ഐയിൽ നിന്നും സിപിഎം-ൽ നിന്നും രാജിവെക്കുന്നതായി അറിയിച്ച് രണ്ടുപേർ പരസ്യമായി എഫ്ബി പോസ്റ്റ് ഇട്ട സാഹചര്യത്തിൽ കൂടുതൽ പ്രതിഷേധങ്ങൾ തടയുന്നതിനുള്ള സിപിഎം ന്റെ താക്കീതും ഭീഷണിയുമായേ അലന്റെയും താഹയുടേയും അറസ്റ്റിനെ കാണാൻ കഴിയൂ. അതിനി അവർ സിപിഐ മാവോയിസ്റ്റിന്റെ അനുഭാവികൾ ആണെങ്കിലും അല്ലെങ്കിലും.!

യുഎപിഎ, എൽഡിഎഫിന്റെയോ സിപിഎം ന്റെയോ നയമല്ലെന്നും യുഎപിഎ നിയമത്തിനെതിരെ അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഈ നിയമം കൊണ്ടുവന്നതുമുതൽ സിപിഎം സമരത്തിലാണെന്നുമാണ് എം സ്വരാജ് അടക്കമുള്ള സിപിഎം നേതാക്കൾ നിയമസഭയിലും ചാനലുകളിലും സംസാരിക്കുന്നത്. കേന്ദ്ര നിയമം സംസ്ഥാനങ്ങൾക്ക് ചുമത്താതിരിക്കാൻ കഴിയില്ലെന്നും ഇവർ വാദിക്കുന്നുണ്ട്. 2008 ൽ ഈ നിയമം പാസായതിന് ശേഷം കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര മന്ത്രി ആയിരിക്കെ വി എസ് അച്ചുതാനന്ദൻ സർക്കാരാണ് പീപ്പിൾസ് മാർച്ചിന്റെ പത്രാധിപരായ ഗോവിന്ദൻകുട്ടിക്കെതിരെ യുഎപിഎ ചുമത്തുന്നതും ആ മാസിക നിരോധിക്കുന്നതും. പിന്നീട് പാനായിക്കുളത്ത് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ മുസ്ലീങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ സെമിനാർ നടത്തിയതിന് യുഎപിഎ ചുമത്തുകയും കേസിൽ എല്ലാവരെയും ജീവപര്യന്തം ശിക്ഷിക്കുകയും ചെയ്തു. നാലുവർഷത്തിലേറെ ജയിലിൽ കിടന്നവരെ കേസ് തന്നെ റദ്ദ് ചെയ്ത് കോടതി വിട്ടയച്ചു. കെട്ടിച്ചമച്ച നാറാത്ത് ആയുധപരിശീലന കേസ് 7 വർഷം ശിക്ഷ കഴിഞ്ഞപ്പോൾ കോടതി യുഎപിഎ ഒഴിവാക്കി. ഇങ്ങനെ മുസ്ലീങ്ങൾക്കെതിരായും യുഎപിഎ ചുമത്തൽ എൽഡിഎഫ് ഒരു നയമായി തന്നെ ഈ കാലയളവിൽ തുടർന്നു പോന്നിരുന്നു. റ്റാഡ കേരളത്തിൽ നടപ്പാക്കില്ലെന്ന് ഇകെ നായനാരുടെ കാലത്ത് എൽഡിഎഫ് പ്രഖ്യാപിച്ചിരുന്നത്, യുഎപിഎ നിയമം നടപ്പാക്കാതിരിക്കാൻ പരിമിതികൾ ഉണ്ടെന്ന ഇവരുടെ വാദത്തിന്റെ മുനയൊടിക്കുന്നതുമാണ്.

ഇവിടെ എന്തുകൊണ്ടാണ് മുഖ്യമന്ത്രി പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയും വ്യാജ ഏറ്റുമുട്ടൽ വിഷയത്തിലും യുഎപിഎ വിഷയത്തിലും പോലീസിന്റെ നിലപാടിനൊപ്പം നിലകൊള്ളുന്നത് എന്നാണ് നാം പ്രധാനമായും പരിശോധിക്കേണ്ടത്. സിപിഐ ആരോപിക്കുന്നത് പോലെ ഇത് കേവലം സർക്കാരിന്റെ മുഖം വികൃതമാക്കാൻ പോലീസ് മാത്രം നടപ്പിലാക്കുന്ന നയത്തിന്റെ ഭാഗമാണോ? എൽഡിഎഫ് നയങ്ങൾക്ക് ഇതിൽപങ്കുണ്ടോ?ഉണ്ടെങ്കിൽ ഇത് എൽഡിഎഫിന്റെ മാത്രം നയമാണോ? എന്താണ് എൽഡിഎഫിന്റെ യഥാർത്ഥ നയം? എന്നീ കാര്യങ്ങളും പരിശോധിക്കേണ്ടതുണ്ട്.

ആഗോളവത്കരണ സ്വകാര്യവത്കരണ നവലിബറൽ സാമ്പത്തിക നയങ്ങളുടെ കെടുതികൾ അനുഭവിക്കുന്ന ജനത സമരം ചെയ്യുമെന്നതിൽ തർക്കമില്ല. നിരവധി സമരങ്ങളാണ് കേരളത്തിൽ ഉയർന്നു വന്നത്. എൻഡോസൾഫാൻ, കരിന്തളം, കണ്ടംകാളി, കീഴാറ്റൂർ, മുത്തങ്ങ, തൊവരിമല, ഗെയിൽ, കിനാലൂർ, പ്ലാച്ചിമട, പാലിയേക്കര ടോൾ, അമ്പിട്ടൻതരിശ്, കാതികൂടം, മൂലംപള്ളി, ചെങ്ങറ, വിഴിഞ്ഞം, കൂടംകുളം, നേഴ്സസ് സമരം, മൂന്നാർ തോട്ടം തൊഴിലാളി സമരം, പുതുവൈപ്പ് സമരം തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രമാണ്. വ്യവസ്ഥാപിത സമരമാർഗം ആയിരുന്നിട്ടുകൂടി ഇതിൽപലതും പോലീസിനാൽ അടിച്ചമർത്തപ്പെട്ടു. ചിലതെല്ലാം ലക്ഷ്യത്തിലേക്ക് മുന്നേറാൻ കഴിയാതെ പരാജയപ്പെടുകയോ, ഒരു ഗ്ലാസ് നാരങ്ങാ വെള്ളത്തിൽ അവസാനിക്കുകയോ ചെയ്തു. എൻഡോസൾഫാൻ പോലുള്ള സമരങ്ങളാണ് ആവശ്യങ്ങളിൽ ഉറച്ച് മുന്നോട്ട് നീങ്ങുന്നത്.

ഇതോടൊപ്പമാണ് കേരളത്തിന്റെ പശ്ചിമഘട്ടത്തിലടക്കം ഉയർന്നു വന്ന മാവോയിസ്റ്റ് രാഷ്ട്രീയത്തേയും കാണേണ്ടത്. വ്യവസ്ഥിതിക്ക് അകത്തുനിന്നുള്ള സമരങ്ങൾ പോലും അനുദിനമതമാവുകയും അടിച്ചമർത്തപ്പെടുകയും പരാജയപ്പെടുകയും ചെയ്യുകൊണ്ടിരിക്കുമ്പോഴാണ് ഈ വ്യവസ്ഥയെ തന്നെ മാറ്റിമറയ്ക്കുന്നതിനുള്ള രാഷ്ട്രീയവുമായി സായുധരായ മാവോയിസ്റ്റുകളുടെ പ്രവർത്തനം സജീവമാകുന്നതും ശ്രദ്ധയാകർഷിക്കുന്നതും.

(പോരാട്ടം സംസ്ഥാന കൗൺസിൽ കൺവീനർ ആണ് ലേഖകൻ)

■

എൻ പി ചെക്കുട്ടി

*ശബരിമല ക്ഷേത്ര ദർശനം*

# ശബരിമലവിധി: പുകമഞ്ഞു മൂടിയ നീതിശാസ്ത്രം

ഡൽഹിയിൽ ഇപ്പോൾ മഞ്ഞുകാലമാണ്; മൂടൽമഞ്ഞിൽ പരസ്പരം കാണാൻ പോലും പ്രയാസമുള്ള സന്ദർഭം. പുറമെ, ചുറ്റിലുമുള്ള പ്രദേശങ്ങളിൽ നിന്ന് വിഷപ്പുക രാജ്യതലസ്ഥാനത്തെ ആകമാനം ചൂഴ്ന്ന നിൽക്കുകയുമാണ്. ജനങ്ങൾക്ക് ശ്വാസോച്ഛ്വാസം പോലും പ്രയാസമായിത്തീരുന്ന ദുരിതകാലം.

കഴിഞ്ഞദിവസം ശബരിമലക്കേസിൽ പുനഃപരിശോധനാ ഹർജികളിൽ സുപ്രീംകോടതിയുടെ വിധിവന്നപ്പോൾ ന്യായമായും സംശയിച്ചുപോയത് ഡൽഹിയിലെ മലീമസമായ അന്തരീക്ഷം സുപ്രീംകോടതിയെപ്പോലും ബാധിച്ചുവോ എന്നാണ്. കാരണം നീതിയിലും കൃത്യമായ നിയമവ്യാഖ്യാനങ്ങളിലും അധിഷ്ഠിതമായ, സുചിന്തിതമായ ഒരു വിധിന്യായത്തിനു പകരം കോടതിയുടെ അഞ്ചംഗബെഞ്ച് നൽകിയത് ആകാശത്തിലും ഭൂമിയിലുമല്ലാത്ത ഒരു ത്രിശങ്കു ന്യായവിധിയാണ്. വിധിവന്ന കഴിഞ്ഞു അഭിഭാഷകരും പണ്ഡിതന്മാരും മാധ്യമങ്ങളും നിരീക്ഷകന്മാരും ഒക്കെ പകലന്തിയോളം പാടുപെട്ടിട്ടും എന്താണ് വിഷയത്തിൽ കോടതിയുടെ തീർപ്പു എന്ന് കണ്ടെത്താനായിട്ടില്ല. ശബരിമല സ്ഥിതിചെയ്യുന്ന കേരള

ത്തിലെ സർക്കാരിനും ഇതേ കൺഫ്യൂഷൻ തന്നെയാണ്. വിധിയിൽ ചില കാര്യങ്ങൾ സംബന്ധിച്ച് കൂടുതൽ വിശദീകരണങ്ങൾ വേണമെന്നും അത് വരെ കാത്തുനിൽക്കുമെന്നുമാണ് സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ പ്രതികരിച്ചുകണ്ടത്.

കൺഫ്യൂഷനുണ്ടായതിനു മുഖ്യമന്ത്രിയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാരണം, നേരെചൊവ്വേ ഒരു വിധിതീർപ്പ് നൽകുന്നതിന് പകരം കൂടുതൽ വിഷയങ്ങൾ കൂട്ടിക്കൊളുത്തി, മറ്റുമതങ്ങളിൽ നിലനിൽക്കുന്ന വിവിധ തർക്കങ്ങൾ കൂടി ഇതിലേക്ക് കൊണ്ടുവന്ന ഭാവിയിൽ ഇതിനൊക്കെ ഒരു അന്തിമപരിഹാരം തേടിയെടുക്കാൻ സുപ്രീംകോടതിയുടെ പുതിയ ബെഞ്ചിനെ ഭാരമേല്പിച്ച പിരിയുകയാണ് വിധിന്യായത്തിൽ കോടതി ചെയ്യുന്നത്. വരുന്നത് ഏഴംഗ ഭരണഘടനാ ബെഞ്ചാവാം, അല്ലെങ്കിൽ പ്രമാദമായ കേശവാനന്ദ ഭാരതി കേസിൽ ഉണ്ടായ പോലെ ഒമ്പതംഗ ഭരണഘടനാ ബെഞ്ച് തന്നെ ആയിയെന്നും വരാം. അതുവരെ കാത്തുനിൽക്കുക എന്നാണ് കോടതിയുടെ വിധി.

പക്ഷേ ശബരിമലയിൽ എല്ലാ വർഷവും മണ്ഡലപൂജയും മറ്റു പൂജകളുമുണ്ട്. ആ സമയങ്ങളിൽ അവിടെ സവിശേഷ പ്രായക്കാരായ സ്ത്രീകൾക്ക് പ്രവേശനമുണ്ടോ, ഇല്ലയോ എന്ന ലളിതമായ ചോദ്യമാണ് സർക്കാരിനും നാട്ടുകാർക്കും ഭക്തജനങ്ങൾക്കും മുന്നിലുള്ളത്. അത് അറിഞ്ഞിട്ടു വേണമല്ലോ എന്തു നടപടിയാണ് വേണ്ടത് എന്ന് സർക്കാരിനും ദേവസ്വം ബോർഡിനും ഒക്കെ തീരുമാനമെടുക്കാൻ. പക്ഷേ വിധിവന്ന ശേഷം പല നിയമവിദഗ്ധരും പല മട്ടിലാണ് അതിനു മറുപടി പറയുന്നത്. ഒരുകൂട്ടർ പറയുന്നു, സ്ത്രീപ്രവേശനം അനുവദിക്കുന്ന 2018 സെപ്റ്റംബർ 28ന്റെ വിധി നിലനിൽക്കുന്നു, അതിനു സ്റ്റേ നൽകിയിട്ടില്ല. അതിനാൽ സ്ത്രീകൾക്ക് പ്രവേശിക്കാം.



*ശബരിമല സ്ത്രീ പ്രവേശനത്തിൽ പ്രതിഷേധിച്ച് പൂജാരിമാർ സമരത്തിൽ*

*ജസ്റ്റിസ് ഇന്ദുമൽഹോത്ര*

പക്ഷേ മറ്റൊരു കൂട്ടർ ചൂണ്ടിക്കാണിക്കുന്നത് ശബരിമലയിൽ 10-50 പ്രായത്തിലുള്ള സ്ത്രീകൾ പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ട കഴിഞ്ഞ കോടതിവിധി ഇനിയൊരു വിപുലമായ ബെഞ്ച് പരിശോധിക്കണം എന്ന് കോടതി തീരുമാനിച്ച സ്ഥിതിയിൽ ആ അന്തിമതീരുമാനം വരുന്നതുവരെ സർക്കാരും ഭക്തജനങ്ങളും കാത്തുനിൽക്കണമെന്ന തന്നെയാണ്. വിധിയിൽ പ്രശ്നങ്ങളുണ്ട് എന്ന് കോടതിക്ക് ബോധ്യമുണ്ട്. അത് ഭരണഘടനയുടെ വിശ്വാസ സ്വാതന്ത്ര്യവും പൗരാവകാശങ്ങളും മനുഷ്യർക്കിടയിലെ തുല്യതയും സംബന്ധിച്ച വിവിധ ഭരണഘടനാ വകുപ്പുകൾക്കിടയിലെ ചില സംഘർഷങ്ങളും ആഭ്യന്തര ഭിന്നതകളുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതിനാൽ ആ പ്രശ്നങ്ങൾക്ക് പരിഹാരം ആദ്യം കണ്ടെത്തണം. അത് സംബന്ധിച്ച ചോദ്യങ്ങൾ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയ്, ജസ്റ്റിസ് ഖാൻവിൽക്കർ, ഇന്ദുമൽഹോത്ര എന്നിവർ നൽകിയ ഭൂരിപക്ഷ വിധിയിൽ രേഖപ്പെടുത്തിവച്ചിട്ടുമുണ്ട്. അത് പുതിയ



*ജസ്റ്റിസ് ആർ നരിമാൻ*

*ജസ്റ്റിസ് ഖാൻവിൽക്കർ*

ബെഞ്ച് പരിശോധിച്ച് അന്തിമവിധിവരാതെ ശബരിമല പ്രശ്നത്തിൽ ഒരു അന്തിമ തീരുമാനം സാധ്യമല്ല.

എന്നാൽപ്പിന്നെ എന്തിനാണ് കഴിഞ്ഞകൊല്ലത്തെ ഭരിപക്ഷവിധി സ്റ്റേ ചെയ്യാതെ നിലനിർത്തിയിരിക്കുന്നത്? അത് സ്റ്റേ ചെയ്യാത്ത കാലത്തോളം അമ്പലത്തിൽ പ്രവേശിക്കാനുള്ള സ്ത്രീകളുടെ ആവശ്യം നിഷേധിക്കാൻ ആർക്കാണ് അവകാശമുള്ളത്? ഈ ചോദ്യങ്ങൾക്കു സത്യത്തിൽ സുപ്രീം കോടതി വിധിയിൽ ഒരു ഉത്തരവുമില്ല.

എന്താണ് സുപ്രീം കോടതി ഭാവിയിൽ പരിശോധിക്കാൻ പോകുന്ന വിഷയങ്ങൾ? വിധിയിൽ പറയുന്നത് ഇതാണ്: ഒരു പ്രത്യേക മതത്തിലെ അടിസ്ഥാനപരമായ നടപടിക്രമങ്ങൾ ഏതൊക്കെയെന്നു നിശ്ചയിക്കാനുള്ള അവകാശവും ചുമതലയും കോടതിക്കുണ്ടോ, അതോ അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട മതങ്ങളുടെ അംഗീകൃത നേതാക്കൾക്കു വിടുകയാണോ ഉചിതം? രണ്ട്, ഇത്തരം അടിസ്ഥാനപരമായ മതനടപടിക്രമങ്ങൾക്കു ഭരണഘടനയുടെ ഇരുപത്താറാം വകുപ്പ് പ്രകാരമുള്ള സംരക്ഷണം അനുവദിക്കാമോ (മതവിശ്വാസ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന വകുപ്പാണിത്); മൂന്ന്, ഒരു മതത്തിലെ ആഭ്യന്തരവിഷയങ്ങൾ സംബന്ധിച്ച് മറ്റുമതസ്ഥർ നൽകുന്ന പൊതുതാത്പര്യ ഹർജികൾക്കു കോടതി പരിഗണന നൽകേണ്ടതുണ്ടോ?

ശബരിമലയിലെ സ്ത്രീപ്രവേശനവും ഇത്തരം ആഗോളപ്രശ്നങ്ങളും തമ്മിൽ എന്തുബന്ധം എന്ന് ചോദിച്ചാൽ ഉത്തരമില്ല. കാരണം കോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് 4-1 ഭൂരിപക്ഷ വിധിയിൽ ശബരിമലയിലെ സ്ത്രീപ്രവേശനം സംബന്ധിച്ച ചോദ്യങ്ങൾക്കു ഉത്തരം നല്കിക്കഴിഞ്ഞതാണ്. അത് സാങ്കേതികമായി ഇന്നും നിലനിൽക്കുകയും ചെയ്യുന്നു. മേൽപറഞ്ഞ പ്രശ്നങ്ങളെ സംബന്ധിച്ച പരിശോധനയും വ്യക്തതയും കാത്തിരിക്കാതെ ഈ വിഷയത്തിൽ തീർപ്പു ആവാമെന്നാണ് കോടതി അന്ന് കണ്ടെത്തിയത്. ജസ്റ്റിസ് ഇന്ദു മൽഹോത്ര മാത്രമാണ് അതിൽ വിയോജിപ്പ് പ്രകടിപ്പിച്ചത്.

അന്ന് ബഞ്ചിൽ അധ്യക്ഷനായിരുന്ന ചീഫ് ജസ്റ്റിസ് ദീപക് മിശ്ര റിട്ടയർ ചെയ്തശേഷം രഞ്ജൻ ഗോഗോയ് ചീഫായി. കേസിൽ പുന:പരിശോധന നടത്തിയ ബെഞ്ചിന്റെ അധ്യക്ഷനായി. അന്ന് സ്ത്രീപ്രവേശനത്തിനു അനുകൂലമായി ഭൂരിപക്ഷ വിധിയൊടൊപ്പം നിന്ന ഖാൻവിൽക്കർ ഇപ്പോൾ ഒരുകൊല്ലത്തിനകം നിലപാടുമാറ്റി വിഷയം വിപുലമായ ബെഞ്ച് പരിശോധിക്കണം എന്ന അഭിപ്രായത്തിലെത്തി. നേരത്തെ കേസിൽ സ്ത്രീ പ്രവേശനത്തിന് അനുകൂലമായി നിലപാട് എടുത്ത ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, റോഹിങ്ടൻ നരിമാൻ എന്നിവർ മുൻനിലപാടിൽ ഉറച്ചുനിൽക്കുന്നു. വിധിയിൽ പുനഃപരിശോധന ആവശ്യമില്ലെന്നും അത്തരം ഹർജികൾ തള്ളിക്കളയുന്നതായും വിധി നടപ്പാക്കാൻ സർക്കാർ ബാധ്യസ്ഥമാണെന്നും എതിർക്കുന്നവരെ അടിച്ചമർത്തണമെന്നും അവർ വ്യക്തമാക്കുന്നു.

എന്തിനാണ് കഴിഞ്ഞകൊല്ലത്തെ ഭരിപക്ഷവിധി സ്റ്റേ ചെയ്യാതെ നിലനിർത്തിയിരിക്കുന്നത്? അത് സ്റ്റേ ചെയ്യാത്ത കാലത്തോളം അമ്പലത്തിൽ പ്രവേശിക്കാനുള്ള സ്ത്രീകളുടെ ആവശ്യം നിഷേധിക്കാൻ ആർക്കാണ് അവകാശമുള്ളത്? ഈ ചോദ്യങ്ങൾക്കു സത്യത്തിൽ സുപ്രീം കോടതി വിധിയിൽ ഒരു ഉത്തരവുമില്ല

## എന്താണ് ഇതൊക്കെ നൽകുന്ന സൂചനകൾ?

സുപ്രീം കോടതി ഈ കേസിൽ അതിന്റെ ആഭ്യന്തരമായ നിയമവിഷയങ്ങൾ മാത്രമല്ല, പുറത്തു തെരുവുകളിൽ നടക്കുന്ന പ്രക്ഷോഭങ്ങളിലും യാഥാസ്ഥിതിക വിഭാഗങ്ങൾ ഉയർത്തിയ തടസ്സവാദങ്ങളിലും ശ്രദ്ധ നൽകുന്നുണ്ട് എന്ന സന്ദേശമാണ് വിധിയിലൂടെ ലഭിക്കുന്നത്. കാരണം ശബരിമല വിധി വന്നശേഷം ക്ഷേത്രവും പരിസരങ്ങളും യുദ്ധക്കളമായി. സ്ത്രീകളും പുരുഷന്മാരുമായ ഭക്തന്മാർ ക്ഷേത്രത്തിൽ എത്തി പൂജകൾ നടത്തി മടങ്ങുന്നതിനു വലിയ പ്രതിബന്ധങ്ങൾ നേരിട്ടു. അമ്പതുകഴിഞ്ഞ സ്ത്രീകളേയും ഒരു വയസ്സുപോലും ആകാത്ത കുഞ്ഞു

ങ്ങളെയും ആക്രമിച്ച സംഭവമുണ്ടായി. ഭക്തിയുടെ പേരിൽ അഴിഞ്ഞാട്ടമുണ്ടായി; നിയമവാഴ്ചയെ അട്ടിമറിക്കാൻ ചിലർ ഇരുമുടിക്കെട്ടുമായി സന്നിധാനത്തെത്തി. ഇപ്പോൾ അവരുടെ ആക്രോശങ്ങൾക്കു കോടതി വിലകല്പിക്കുകയാണോ എന്ന സംശയം ഉയർത്തുന്ന തരത്തിലാണ് പുനഃപരിശോധനാ വിധിയിൽ കോടതി നിലപാട് സ്വീകരിക്കുന്നത്.

ശബരിമല വിഷയത്തെ മറ്റു മതങ്ങളിലെ തർക്കവിഷയങ്ങളുമായി ബന്ധിപ്പിക്കുന്നത് വഴി, രാജ്യത്തെ വിവിധ മതസമൂഹങ്ങളുടെ വ്യതിരിക്തമായ നിലനില്പും പാരമ്പര്യങ്ങളും ചോദ്യം ചെയ്യപ്പെടുന്ന ഒരു അവസ്ഥയും ഭാവിയിൽ വന്നുകൂടെന്നില്ല. ഇന്ത്യയിൽ വിവിധ മതസമൂഹങ്ങളിൽ വ്യത്യസ്ത രീതികളിലും കാലങ്ങളിലുമാണ് പലതരത്തിലുള്ള പരിഷ്കരണങ്ങളും മാറ്റങ്ങളും നവോത്ഥാനവും വന്നുചേർന്നത്. അതിനു പ്രാദേശികവും ചരിത്രപരവുമായ മാനങ്ങളുണ്ട്. ഇത് ലോകമാസകലം അങ്ങനെ തന്നെയാണ്. ഇനിയങ്ങോട്ട് ഒരു മതത്തിൽ പരിഷ്കരണം വേണമെങ്കിൽ സമാന വിഷയങ്ങളിൽ മറ്റു മതങ്ങളിലും സമാനമായ മാറ്റങ്ങളും പരിഷ്കരണ ഉദ്യമങ്ങളും ഉയർന്നുവരണം എന്നാവുമോ ഭാവിയിലെ സ്ഥിതി?

ഈ ചോദ്യം ഉന്നയിക്കാൻ കാരണമുണ്ട്. മുസ്ലിംകൾക്കിടയിൽ ചില വിഭാഗങ്ങൾ അവരുടെ പള്ളികളിൽ സ്ത്രീകൾക്ക് പ്രവേശിക്കാൻ അനുവാദം നൽകുന്നില്ല. പാഴ്സികൾക്കിടയിലും ഈയിടെ അത്തരമൊരു സംഭവമുണ്ടായി. അന്യമതസ്ഥനെ വിവാഹം കഴിച്ച പാഴ്സി സ്ത്രീയെ അവരുടെ ആരാധനാസ്ഥലമായ ആഗ്യാരിയിൽ പ്രവേശിക്കുന്നതിൽ നിന്ന് മതനേതാക്കൾ വിലക്കിയതാണ് വിഷയം. അതേപോലെ ഷിയാ വിഭാഗത്തിൽ പെട്ട ദാവൂദി ബോഹ്റ സമൂഹത്തിൽ പെൺകുട്ടികൾക്ക് ജനനേന്ദ്രിയച്ഛേദനം നടത്തുന്ന പതിവുണ്ട്. ഇതെല്ലാം സുപ്രീം കോടതിയിലെ വിവിധ ബഞ്ചുകളിൽ കേസുകളായി ഇപ്പോൾ നിൽക്കുന്നുണ്ട്. അതെല്ലാം ഇനി ഭാവിയിൽ ഒരു പുതിയ ബെഞ്ച് പരിശോധിക്കട്ടെ എന്ന തീരുമാനം, കൃത്യമായി പറഞ്ഞാൽ നീതിനിഷേധമാണ്. നീതിതേടി കോടതിയുടെ മുന്നിൽ വരുന്നവരോട് തത്കാലം കേസ് കേൾക്കാൻ ബുദ്ധിമുട്ടാണ്, പിന്നെ വരൂ എന്ന് ഒരു കോടതി പറഞ്ഞാൽ അതിനെ നീതിന്യായക്കോടതി എന്നാണോ അതോ അന്യായക്കോടതി എന്നാണോ വിളിക്കേണ്ടി വരിക?

*ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്*

മാത്രമല്ല, സുപ്രീം കോടതിയുടെ ബെഞ്ച് ഒന്നിച്ചുള്ള പരിശോധനക്കു വേണ്ടി കൂട്ടിക്കെട്ടിയ കേസുകൾ നോക്കുക. പെൺകുട്ടികളുടെ ജനനേന്ദ്രിയത്തിൽ ഛേദനം നടത്തുന്ന ഹീനകൃത്യത്തെ സ്ത്രീകളുടെ പള്ളിയിലെയോ അമ്പലത്തിലെയോ പ്രവേശനവുമായി ബന്ധപ്പെടുത്തി ഒരേപോലെ പരിശോധിക്കുന്നതു എത്രതരം നീതിശാസ്ത്രമാണ്? ലോകം മുഴുക്കെ അപലപിക്കുന്ന ഒരു ക്രിമിനൽ കുറ്റമാണ് പെൺകുട്ടികളുടെ ജനനേന്ദ്രിയച്ഛേദനം. അത് മിക്കവാറും ലോകസമൂഹങ്ങളിൽ ഒക്കെത്തന്നെ നിഷ്കാസനം ചെയ്യപ്പെട്ട ഒരു പ്രാകൃതരീതിയാണ്. ഇനി ദാവൂദി ബോഹ്റ പെൺകുട്ടികൾക്ക് നീതികിട്ടാൻ ശബരിമലയിലെ കാര്യം തീരുമാനമാവട്ടെ എന്ന് പറയുന്നതിലെ അയുക്തി ആലോചിക്കുക.

ഒരുപക്ഷെ ഒരു ഏക സിവിൽ കോഡിനെക്കുറിച്ചുള്ള ചില ആലോചനകൾ കോടതിയുടെ ഈ നിലപാടുകളിൽ ഉണ്ട് എന്നുവരാം. പക്ഷെ ഇന്ത്യയിൽ ഇന്നത്തെ സാമൂഹിക അന്തരീക്ഷത്തിൽ വ്യത്യസ്ത സമൂഹങ്ങളെയും അവരുടെ ആചാരങ്ങളെയും പാരമ്പര്യങ്ങളെയും ഒരേ ചരടിൽ കോർത്തുകെട്ടാൻ ശ്രമിക്കുന്നത് ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുക എന്ന കാര്യം ഈ സംഭവങ്ങളിലൂടെത്തന്നെ സുതരാം സുവ്യക്തമായി വരികയാണ്.

> സുപ്രീം കോടതി ഈ കേസിൽ അതിന്റെ ആഭ്യന്തരമായ നിയമവിഷയങ്ങൾ മാത്രമല്ല, പുറത്തു തെരുവുകളിൽ നടക്കുന്ന പ്രക്ഷോഭങ്ങളിലും യാഥാസ്ഥിതിക വിഭാഗങ്ങൾ ഉയർത്തിയ തടസ്സവാദങ്ങളിലും ശ്രദ്ധ നൽകുന്നുണ്ട് എന്ന സന്ദേശമാണ് വിധിയിലൂടെ ലഭിക്കുന്നത്.

അൻസർ അലി

*ഉദ്ധവ് താക്കറെ*

# സ്ഥാനം തെറ്റുന്ന സമവാക്യങ്ങൾ

ഇക്കൊല്ലത്തെ വർഷകാലവും 'വർഷ'യും എല്ലാവിധ കണക്കുകൂട്ടലുകളും തെറ്റിക്കുന്ന എന്നതാണ് മഹാനഗരത്തിലെ ചിന്താവിഷയം. സെപ്റ്റംബർ വിടപറയും മുമ്പേ കൊട്ടിക്കലാശം നടത്തി കടന്നുപോകേണ്ട വർഷകാലം ഇതാ നവംബറിലും നിന്നുപെയ്യുന്നു.

'വർഷ' മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയാണ്. നമ്മുടെ ക്ളിഫ് ഹൗസിനു സമാനം. ശരദ് പവാർ മുതൽ പൃഥ്വിരാജ് ചവാനും  ദേവേന്ദ്ര ഫഡ്നാവിസ് വരേയുള്ള മഹാരഥന്മാരും ഭരണപ്രതാപത്തിൽ വിരാജിച്ച 12000 ച.അടി വിസ്തീർണ്ണമുള്ള മലബാർ ഹില്ലിലെ രമ്യഹർമ്യം.

വർഷയിലെ അടുത്ത അഞ്ചുവർഷത്തേക്ക് അതിഥി ആരായിരിക്കും എന്നതാണ് ഇന്ന് ശരാശരി മുംബൈക്കരുടെ (മുംബൈക്കാരന്റെ) മനസ്സിലെ സന്ദേഹം. ഒന്നരമാസത്തോളം നീണ്ടുനിന്ന പ്രചരണതേരോട്ടത്തിൽ ഏകപക്ഷീയമായ യുദ്ധകാഹളങ്ങളും ദുന്ദുഭികളും കേട്ട സാധാരണജനങ്ങൾക്ക് ആര് മുഖ്യമന്ത്രിയാവുമെന്ന കാര്യത്തിൽ തുടക്കത്തിൽ ഒരു സംശയവും ഇല്ലായിരുന്നു. സമ്മതിദാനം നടന്നു. അല്പം ഞെട്ടൽ ഉളവാക്കി ഫലവും വന്നു. നീണ്ട രണ്ടാഴ്ച കടന്നുപോയെങ്കിലും സസ്പെൻസ് മാത്രം ഇനിയും ബാക്കി.

## അസ്തിത്വത്തിന്റെ നോവുകൾ

ഒറ്റക്ക് ഭ്രരിപക്ഷം നേടും എന്ന ആത്മവിശ്വാസത്തോടെ ഗോദയിലിറങ്ങിയ ബിജെപിക്ക് ഫലം തിരിച്ചടിയായി. 90കളുടെ തുടക്കത്തിൽ രാമജന്മഭൂമി പ്രക്ഷോഭവുമായി ബന്ധപ്പെട്ട് രൂപംകൊണ്ട മഹാസഖ്യത്തിന്റെ ആദ്യനാളുകളിൽ തലപ്പത്ത് ശിവസേനയായിരുന്നു. അന്ന് സഖ്യത്തിന്റെ ശില്പികളായി ശിവസേനാ പ്രമുഖൻ ബാൽ താക്കറേയും പ്രമോദ് മഹാജനും ഉണ്ടായിരുന്നു. ഇരുവരും ഇന്നില്ല. 2014 എത്തിയപ്പോഴേക്കും ശിവസേന ക്രമേണ പിന്നിലേക്ക് തള്ളപ്പെട്ടു. സ്വയം ചുരുങ്ങുന്ന ഈ സ്ഥിതിവിശേഷത്തിൽ അസ്തിത്വനോവുകൾ സ്വാഭാവികം. ആർക്കും മുൻതൂക്കമില്ലാത്ത തിരഞ്ഞെടുപ്പ് ഫലത്തിലെ അങ്കഗണിതം തങ്ങൾക്ക് അനുകൂലമാണെന്നും പൊയ്പോയ പ്രതാപം തിരിച്ചുപിടിക്കാനാവുമെന്നുമാണ് സേനയുടെ ഇപ്പോഴത്തെ കണക്കുകൂട്ടൽ. ഇതെല്ലാമായിരിക്കാം സഖ്യത്തിനെ കാറ്റിൽപ്പറത്താനും കടുത്ത വിലപേശൽ നടത്താനും ശിവസേനയെ പ്രേരിപ്പിച്ചത്.

പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തരമന്ത്രിയും നേരിട്ട് പ്രചരണത്തിന്റെ ചുക്കാൻ പിടിച്ച തിരഞ്ഞെടുപ്പിന്റെ ഫലം പുറത്തുവന്നപ്പോൾ ബിജെപിക്ക് 2014നെ അപേക്ഷിച്ച് 15 സീറ്റുകളുടെ നഷ്ടം. ബിജെപിയെ ചാരി തടിയൂരുക മാത്രമല്ല, തങ്ങൾ സ്വതന്ത്രമായ തീരുമാനങ്ങളെടുക്കാൻ നിർബന്ധിതരാകും എന്ന മുന്നറിയിപ്പും നൽകിക്കൊണ്ടായിരുന്നു ശിവസേനയുടെ ആദ്യനീക്കം. വരാനിരിക്കുന്ന ദിനങ്ങൾ വടംവലിയുടേതായിരിക്കുമെന്നതിന്റെ സൂചനകൾ.

## ആരാവണം മുഖ്യമന്ത്രി?

ഫലം പ്രഖ്യാപിച്ചതിന്റെ അടുത്തദിവസം തന്നെ താക്കറെ കുടുംബം താമസിക്കുന്ന ബാന്ദ്രയിലെ കലാനഗറിലുള്ള 'മാതോശ്രീ' ബംഗ്ളാവിന്റെ പരിസരത്ത് 'അടുത്ത മുഖ്യമന്ത്രി ആദിത്യ താക്കറേ' എന്നെഴുതിയ ഫ്ളക്സുകൾ പൊന്തി. കോർപ്പറേഷൻ ഇത് ദിവസങ്ങൾക്കുള്ളിൽ അഴിച്ചുമാറ്റുകയും ചെയ്തു. ശിവസേന രാഷ്ട്രീയകുടുംബത്തിന്റെ മൂന്നാം തലമുറയെയാണ് ആദിത്യ പ്രതിനിധീകരിക്കുന്നത്. ലിബറൽമൂല്യങ്ങളുടെ ഒടുവിലത്തെ വാക്കായ സെന്റ് സേവിയർ കോളേജിൽ നിന്ന് ബിരുദവും അതിനുശേഷം നിയമബിരുദവും നേടിയ ആദിത്യ താക്കറേ മറാഠിഭാഷയിലല്ല, ഇംഗ്ളീഷിൽ പത്രക്കാരെ നേരിടാനാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്.

ഉദ്ധവ് താക്കറേയാണ് ആദ്യത്തെ വെല്ലുവിളി ഉയർത്തിയത്. ഭരണം പങ്കിടുന്നതിൽ 50:50 ഫോർമുല നേരത്തേ നിശ്ചയിച്ചുറപ്പിച്ചതാണെന്നും അതിനാൽ ആദ്യത്തെ രണ്ടരവർഷം മുഖ്യമന്ത്രി തങ്ങളുടെ പ്രതിനിധി ആയിരിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. മുഖ്യമന്ത്രി ഫഡ്നാവിസ് ഇങ്ങനെയൊരു ധാരണയേ ഉണ്ടായിട്ടില്ലയെന്ന് പ്രസ്താവിച്ചതോടെ രാഷ്ട്രീയരംഗം വീണ്ടും ചൂടായി. സേനയുടെ മുഖപത്രമായ 'സാമ്നാ' തുടർച്ചയായ വിമർശനശരങ്ങളിലൂടെ സംസ്ഥാന സർക്കാറിനെതിരെ ആഞ്ഞടിച്ചു. ബിജെപി സ്വയം വാശാനലംഘനം നടത്തിയിട്ട് താൻ നുണപറഞ്ഞുവെന്ന് വരുത്തിതീർക്കുകയാണെന്ന് ഉദ്ധവ് ആരോപിച്ചു. ജനക്ഷേമകരമായ പദ്ധതികൾ മിക്കതും തങ്ങളുടെ ശ്രമഫലമായിരുന്നുവെന്നും ബിജെപിയുടെ നയം ആദ്യന്തം കർഷകവിരുദ്ധമായിരുന്നുവെന്നും സാമ്നാ എഡിറ്റോറിയൽ. അനുരഞ്ജനത്തിന്റേയും സമന്വയത്തിന്റേയും ഭാഷ സംസാരിക്കുന്നവരുടെ അഭാവം പോരടിക്കുന്ന സഖ്യകക്ഷികളെ സഹകരണാത്മകമായ ചർച്ചകളിലേക്ക് നയിച്ചില്ല. പകരം പരസ്പരം കുറ്റപ്പെടുത്തുന്ന പ്രസ്താവനകൾ വന്നു. ഏറ്റവും വലിയ ഒറ്റകക്ഷിയായ തങ്ങൾക്കുമാത്രമേ സ്ഥിരതയുള്ള സർക്കാർ നൽകാനാവൂയെന്ന് ഫഡ്നാവിസ്. ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ പേരിൽ വോട്ടർമാരെ ഒന്നിച്ചു നേരിട്ടതിനുശേഷം ഇപ്പോൾ ശിവസേന സമ്മതിദായകരെ വഞ്ചിക്കുകയാണെന്നും ആരോപണം. പിന്നിൽ നിന്ന് കുത്തുകയാണ്. ഏറ്റവും വലിയ കക്ഷി ആയിട്ടും ബിജെപി എന്തുകൊണ്ട് മന്ത്രിസഭ രൂപീകരിക്കാൻ അവകാശം ഉന്നയിക്കുന്നില്ല എന്ന് മറുപടിയായി സേന. മണിപ്പൂരിലും ഗോവയിലും ഏറ്റവും വലിയ ഒറ്റകക്ഷിയെ തഴഞ്ഞുകൊണ്ട് ഗവർണരുടെ സഹായത്തോടെ തട്ടിക്കൂട്ടി

*ആദിത്യ താക്കറെയുടെ ഫ്ലക്സ് നീക്കം ചെയ്യുന്നു*

മന്ത്രിസഭയുണ്ടാക്കിയ കാര്യവും സാമ്നാ എഡിറ്റോറിയൽ ഓർമ്മിപ്പിച്ചു.

ഇതിനിടയിൽ ശരദ് പവാറിനെ തേടി ദൂതന്മാരെത്തുന്നു. അരനൂറ്റാണ്ടിലേറെകാലം മഹാരാഷ്ട്ര രാഷ്ട്രീയത്തിൽ പയറ്റിത്തെളിഞ്ഞ അനുഭവജ്ഞാനമുള്ള പവാറിന് കൂടുതൽ ആലോചിക്കേണ്ടി വന്നില്ല. ജനഹിതം തങ്ങൾ പ്രതിപക്ഷത്തിരിക്കാനാണ് ആഗ്രഹിക്കുന്നതെന്ന് അദ്ദേഹം അസന്നിഗ്ധമായി പ്രസ്താവിച്ചു. വിലപേശലിൽ ആഗ്രഹിക്കുന്നത് നേടിയെടുത്തുകഴിഞ്ഞാൽ സേന മഹാസഖ്യത്തിലേക്ക് മടങ്ങും എന്ന് പവാറിനറിയാം. കോൺഗ്രസ്സിന്റെ കാര്യം കറച്ചുകൂടി പരിതാപകരമാണ്. ഒച്ചപ്പാടിലും ഉൽക്രോശങ്ങളിലും അധിഷ്ഠിതമായ ശിവസേനാ രാഷ്ട്രീയവുമായി പൊരുത്തപ്പെടുന്നത് വിപരീതഫലം ഉളവാക്കാനിടയുണ്ട്. ബാബ്റിമസ്ജിദ് പൊളിച്ചത് തങ്ങളുടെ സൈനികരാണ് എന്ന് വേദികളിൽ നെഞ്ചത്തടിച്ച് പറയുന്ന ശിവസേനയെ എങ്ങനെ ന്യായീകരിക്കും? കൂടാതെ രാജ്യസ്വാതന്ത്ര്യത്തിനുവേണ്ടി നെഹ്രുവിനെക്കാൾ കൂടുതൽ യാതനകൾ സഹിച്ചത് സവർക്കറാണ് എന്ന പക്ഷത്താണ് സേന ഇപ്പോഴും. ഈ വൈരുദ്ധ്യങ്ങൾ നിലനിൽക്കുന്നവെങ്കിൽകൂടി മഹാരാഷ്ട്രാ കോൺഗ്രസ്സിൽ ഒരു നല്ലവിഭാഗം സേനയെ പിന്താങ്ങുന്നതിൽ തെറ്റില്ല എന്ന അഭിപ്രായക്കാരാണ്. വർഷങ്ങളായി അധികാരത്തിനുപുറത്തുള്ള വനവാസം കൂടെ നേതാക്കളെ ബിജെപി ക്യാമ്പിൽ കൊണ്ടെത്തിച്ചത് അവരെ പരിഭ്രാന്തരാക്കിയിട്ടുണ്ട്.

## രാഷ്ട്രീയമൂല്യങ്ങൾ തള്ളക്കോഴിയുടെ ചിറകടിയിൽ

രാഷ്ട്രീയരംഗം കൂടുതൽ കൂടുതൽ കലങ്ങുന്നു. തിരഞ്ഞെടുപ്പിൽ ഉദ്ദിഷ്ടഫലം വന്നില്ലായെങ്കിൽ കുതിരക്കച്ചവടം സുനിശ്ചയം. റാഞ്ചാൻ വരുന്ന പരുന്തിൽ നിന്ന് രക്ഷിക്കാൻ കുഞ്ഞുങ്ങളെ തള്ളക്കോഴി ചിറകിനടിയിൽ ഒളിപ്പിക്കുന്നതുപോലെ സാമാജികരെ കനത്ത സുരക്ഷയിൽ റിസോർട്ടുകളിലേക്ക് മാറ്റുന്നു. ശിവസേനയുടെ 56 എംഎൽഎ മാരെ

താക്കറേ കുടുംബത്തിന്റെ വസതിയായ 'മാതോശ്രീ'യിൽ നിന്ന് വിളിപ്പാടകലെ രംഗശാരദാ റിട്ടീറ്റിലാണ് പാർപ്പിച്ചിരിക്കുന്നത്. കോൺഗ്രസ്സിന്റെ 44 എംഎൽഎമാർ ജയ്പൂരിലെ റിസോർട്ടിലും. കർണ്ണാടകയിലും അടുത്തിടെ ഇതേ കാഴ്ച കണ്ടതാണ്.

ഒരു എൻജിഒ ചെയ്ത പഠനത്തിൽ കണ്ടെത്തിയത് മഹാരാഷ്ട്രയിൽ തിരഞ്ഞെടുക്കപ്പെട്ട സാമാജികരിൽ 60 ശതമാനം ക്രിമിനൽ കേസുകളുള്ളവരാണ്. 40 ശതമാനം ഗൗരവമുള്ള കുറ്റകൃത്യങ്ങൾ കാരണം നിയമ നടപടികൾ നേരിടുന്നവരും. ഇതുകൂടി കൂട്ടിവായിക്കുമ്പോൾ നിലനിൽക്കുന്ന രാഷ്ട്രീയസംവിധാനം ജനസേവനത്തിനുപകരം എങ്ങനെ ജീർണ്ണതയുടെ ഗർത്തങ്ങളിലേക്ക് കൂപ്പുകുത്തുന്നു എന്ന് വ്യക്തമാവുന്നു.


ശരദ് പവാർ

## അനിശ്ചിതത്വം തുടരുന്നു

നിയമസഭയുടെ കാലാവധി തീരുന്നതിനു ഒരുദിവസം മുമ്പേ ഗവർണർക്ക് ദേവേന്ദ്ര ഫഡ്നാവിസ് രാജി സമർപ്പിച്ചു. രാജ് ഭവനിൽ നിന്ന് പുറത്തുവന്നയുടൻ അദ്ദേഹം നടത്തിയ പത്രസമ്മേളനത്തിൽ ആരോപണങ്ങളും പ്രത്യാരോപണങ്ങളും മാത്രമായിരുന്നു. ഇതിനിടയിൽ വിവിധ കക്ഷിനേതാക്കൾ ഗവർണറെ കണ്ടു. ഗവർണർ ഭഗത്സിങ്ങ് കോഷിയാരി പഴയ ആർഎസ്എസ് പ്രവർത്തകനും മുൻ ഉത്തരഖണ്ഡ് മുഖ്യമന്ത്രിയുമാണ്. ആദ്യക്ഷണം ലഭിച്ച ബിജെപിക്ക് ആവശ്യമായ പിന്തുണ ഇല്ലാത്തതിനാൽ മന്ത്രിസഭാ രൂപീകരണത്തിനു അവകാശവാദം മുന്നോട്ട് വെച്ചില്ല. തിങ്കളാഴ്ച ആദിത്യ താക്കറേയും ശിവസേനാ നിയമസഭാകക്ഷി നേതാവ് ഏക്നാഥ് ഷിന്ദേയും തമ്മിലുള്ള കൂടിക്കാഴ്ചയിൽ ഭൂരിപക്ഷം സാമാജികരുടെ പിന്തുണയുള്ള കത്ത് സമർപ്പിക്കാൻ സമയം നൽകണമെന്ന് ഗവർണറോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു. നൽകിയില്ലെന്ന് മാത്രമല്ല, മറിച്ച് ഗവർണർ അടുത്ത വലിയ കക്ഷിയായ എൻസിപിയെ ക്ഷണിക്കുകയാണ് ചെയ്തത്.

## ആന്റിക്ലൈമാക്സ്

എൻസിപി-കോൺഗ്രസ്സ് കക്ഷികളുമായി ധാരണ സുഗമമാക്കാൻ എൻഡിഎയിൽ നിന്ന് പുറത്തുവരുന്നു എന്ന പ്രഖ്യാപനമാണ് പിന്നെ ശിവസേന നടത്തിയത്. പിന്നാലെ കേന്ദ്രകൃാബിനറ്റിൽ നിന്ന് ശിവസേന മന്ത്രിയുടെ രാജിയും വന്നു. എൻസിപി-കോൺഗ്രസ്സ് അന്തിമ തീരുമാനം ഇതുവരെ ആയിട്ടില്ല. സേനാ-എൻസിപി കൂട്ടുമന്ത്രിസഭ കോൺഗ്രസ്സ് പിന്തുണയോടെ വന്നേക്കും എന്നായിരുന്നു ഏറ്റവും ശക്തമായ അഭ്യൂഹം. രാഷ്ട്രപതിഭരണം പ്രഖ്യാപിച്ചേക്കും എന്ന് കരുതിയവരും കുറവല്ലായിരുന്നു. വെള്ളിടിപോലെയാണ് ആർട്ടിക്കിൾ 356 വരുന്നത്. രാഷ്ട്രപതി ഭരണം തന്നെ.

ഫഡ്നാവിസ്

എൻസിപിക്കു കൊടുത്ത 24 മണിക്കൂർ സമയം തീരേണ്ടത് നവംബർ 12ന് രാത്രി എട്ടരക്കാണ്. ഉച്ചതിരിഞ്ഞയുടൻ ഗവർണറുടെ പ്രഖ്യാപനം വന്നു, താൻ പ്രസിഡണ്ട് ഭരണം ശുപാർശ ചെയ്യുന്നുവെന്ന്. ഈ തിടുക്കത്തിനുപിന്നിൽ ആരാണെന്ന് അന്വേഷിക്കേണ്ട കാര്യമില്ല. ഗവർണറുടെ നിഷ്പക്ഷതയെകുറിച്ചും തലപുണ്ണാക്കേണ്ടതില്ല. ഒന്നു രണ്ട് കാര്യങ്ങൾ മാത്രം വിസ്മയാവഹമായി തോന്നിയേക്കാം: കോൺഗ്രസ്സിന്റെ തീരുമാനമെടുക്കുന്നതിൽ വന്ന കാലതാമസം. പിന്നെ ഈ സംഭവപരമ്പരയിലെ തലച്ചോറ് എന്നു കരുതപ്പെടുന്ന ശരദ് പവാറിന്റെ കണക്കുകൂട്ടലിലെ പിഴവ്. പിഴവ് ആണോയെന്ന് ഉറപ്പിച്ചുപറയാനാവില്ല. അത് കാലം തെളിയിക്കേണ്ടതാണ്. ഉദ്ധവ് താക്കറേ ഗവർണ്ണർക്കെതിരെ പരാതിയുമായി സുപ്രീംകോടതിയെ സമീപിച്ചിരിക്കുന്നു. അങ്ങനെ മഹാരാഷ്ട്രാ രാഷ്ട്രീയം കൂടുതൽ കലക്കത്തിലേക്ക് നീങ്ങുന്നു.

വിജയ് തെണ്ടുൽക്കറുടെ വിഖ്യാത നാടകമാണ് 'ഘാശിറാം കോത്വാൽ'. പേഷ്വായുടെ പ്രതിപുരുഷനായ നാനാ ഫഡ്നാവിസിന്റെ കാലഘട്ടമാണ് നാടകത്തിന്റെ ഇതിവൃത്തം. പേഷ്വാ വാഴ്ച ഇന്നും മഹാരാഷ്ട്രയിലെ വലതുപക്ഷ ചിന്താഗതികൾക്കിടയിൽ ഗൃഹാതുരത്വമാണ്. 1972ൽ ആദ്യമായി സ്റ്റേജിൽ അവതരിപ്പിച്ച കാലത്ത് ഘാശിറാം കോത്വാൽ ശിവസേനയടക്കമുള്ള വലതുപക്ഷത്തെയാകെ അതിശക്തമായി പ്രകോപിപ്പിച്ചിരുന്നു. ഹിംസാത്മകമായ പ്രതികരണങ്ങൾ പല സ്റ്റേജ് ഷോകളേയും അലങ്കോലപ്പെടുത്തി.

കനൗജിൽ നിന്ന് ഭാഗ്യമന്വേഷിച്ചുവന്ന ദരിദ്ര പരദേശിബ്രാഹ്മണൻ ഘാശിറാമിന് പൂനയിലെ യാഥാസ്ഥിതിക ചിത്പാവൻ എസ്റ്റാബ്ലിഷ്മെന്റിൽ നിന്ന് നേരിടേണ്ടിവന്ന തിക്താനുഭവങ്ങളുടേയും, ഉപരിവർഗ്ഗസമൂഹത്തിനോട് പക വീട്ടുന്നതിന്റേയും കഥ. യുവതിയും സുന്ദരിയുമായ മകളെ പേഷ്വക്ക് കാഴ്ചവെച്ച് ഘാശിറാം പൂനയിലെ കോത്വാൽ (പോലീസ് മേധാവി) ആയി അവരോധിക്കപ്പെടുന്നു.

പിന്നെ നടമാടുന്നത് ഹിംസയുടേയും, ചതിയുടേയും, ഭോഗവാഞ്ചയുടേയും, സ്വജനപക്ഷപാതിത്വത്തിന്റേയും, അധികാരവടംവലിയുടേയും അഴിഞ്ഞാട്ടം. ആധുനിക ലോകത്തിന്റെ മുഖമുദ്രയായ അവസരവാദനൈതികതയുടെ ചുഴിയിൽ അകപ്പെട്ടുപോയ ഒരു മനുഷ്യന്റെ ദുരന്തകഥ ഉന്നം വെക്കുന്നത് സമകാലീന രാഷ്ട്രീയം തന്നെയെന്ന് പറഞ്ഞുകൊണ്ടാണ് നാടകം ആരംഭിക്കുന്നത് തന്നെ. ഘാശിറാം കോത്വാൽ എന്നത്തേയുംകാൾ ഇന്നത്തെ മഹാരാഷ്ട്രയുടെ മാത്രമല്ല, രാജ്യമൊട്ടാകെ അരങ്ങേറുന്ന രാഷ്ട്രീയഗതിവിഗതികളെ

കവിത

ശ്രീധരനുണ്ണി

# ഒടുക്കത്തെ

എരിഞ്ഞ ചിതയിൽനിന്നു --
മസ്ഥിഖണ്ഡം പെറുക്കവേ ,
മറന്നു വെയ്ക്കണേ നിങ്ങൾ
അമൂല്യം രണ്ടെല്ലുമുകൾ .

അതെന്റെ മക്കളേ ,പാക--
മാകാ നിങ്ങൾക്കൊരിക്കലും
അതിനാൽ പിതൃ കർമ്മങ്ങൾ
പൂർത്തിയാവില്ലൊരിക്കലും .

വളഞ്ഞുപോയ നട്ടെല്ലാ --
ണൊന്നു , മറ്റേതനന്തമായ്
തുള വീണ കപാലം ,ഞാ --
നിത്രനാൾ കാത്തു വെച്ചവ !

ഊരിയൂരിയെടുത്തോളൂ
വാരിയെല്ലുകളപ്പടി
മൂപ്പു കൂടും ,പുരയ്ക്കുള്ള
കഴുക്കോലുകൾ തീർത്തിടാം .

എടുത്തു മാറ്റി വെച്ചോളൂ
എഴുത്തുവിരലസ്ഥികൾ
കർമ്മാനുഷ്ഠാന നേരത്തു
തഴക്കം കൂട്ടുവാൻ മതി .

ചിരിയ്ക്കായി വഴങ്ങാത്ത
താടിയെല്ലുകൾ പല്ലുകൾ
കളിക്കോപ്പാക്കുവാൻ പോരും
ഏകാം മക്കൾക്കു ഭാവിയിൽ

ഊരു ജാനുക്കൾ ,എമ്പാടും
നടന്നേ തേഞ്ഞ കാലുകൾ
പെറുക്കിക്കൂട്ടി നന്നായി
കഴുകിത്തന്നെ വെയ്ക്കണം

വളഞ്ഞുപോയ നട്ടെല്ലും
തുള വീണ കപാലവും
പരലോകത്തു വാഴുമ്പോൾ
പൂജിക്കാൻ കൊണ്ടുപോട്ടെ ഞാൻ .

ബാക്കിയെല്ലാമെന്റെയൊസ്യ--
ത്താകുന്നു ,കലഹം വിനാ
കഴിഞ്ഞു കൂടുവാനാണീ -
യനുഗ്രഹ വചസ്സുകൾ.

■

കവിത

ഇൻതിസ്വാർ ഖളർ അദ്ദിനാൻ/ഫുറാത്ത് ഇസ്ബർ

വിവ: ഡോ. എം എ അസ്കർ

# അഡോണിസ് മരിച്ചിട്ടില്ല

**(ഇൻതിസ്വാർ ഖളർഅദ്ദിനാർ: പലസ്തീൻ കവി, മാധ്യമപ്രവർത്തക. അറബി സാഹിത്യത്തിലും ഭാഷയിലും ബിരുദവും ഗവേഷണ ബിരുദവും. അഹരദാബുൽ ഔദ എന്ന കാവ്യസമാഹാരവും ലിൽ ഉംരി സ്വദാ എന്ന നോവലും പ്രസിദ്ധീകരിച്ചിട്ടുണ്ട്)**

അവൻ പറഞ്ഞു :
പെണ്ണേ, എന്നെ നിന്റെ കുതിരക്കാരനാക്കാമോ?
നിന്നെ വാരിയെടുത്ത് ഞാൻ മഴമേഘങ്ങൾക്കപ്പുറത്തേക്ക് പറക്കാം
രാത്രിയുടെ കണ്ണുകളിൽ നിന്ന് ഞാൻ നിനക്കൊരു നക്ഷത്രം പറിച്ചു തരാം
നിന്റെ ചുണ്ടുകൾക്കിടയിൽ തിളങ്ങാനൊരു നക്ഷത്രം.
പെണ്ണേ, എന്നെ നീ മുടിയിൽച്ചൂടുന്ന പൂവാക്കാമോ?
നിന്റെ വാക്കുകളെ രസിപ്പിക്കുന്ന രാഗമാക്കാമോ?
നിന്റെ മിഴിയഴക് ഉജ്വലിപ്പിക്കുന്ന ശ്രുവലയാക്കാമോ?
നിന്റെ ഹൃദയത്തെ ആനന്ദിപ്പിക്കുന്ന ഒരു മിടിപ്പാക്കി എന്നെ നീ മാറ്റാമോ?

ഞാൻ പറഞ്ഞു :
എന്റെ വീണാതന്ത്രിയേ , എനിക്ക് ജീവൻ തരൂ,
അഡോണിസ് മരിച്ചിട്ടില്ല,
അവന്റെ രക്തം പുഞ്ചിരിക്കുമ്പോൾ അവന്റെ അരുവികൾ മരീചികയാവില്ല
അവന്റെ ആത്മാവ് ആകാശങ്ങളെ ആലിംഗനം ചെയ്യു
ബദാംമരപ്പൂക്കൾ ഒരു പാട്ടു മൂളുന്നു
അരുവികൾ ജീവരാഗമാലപിക്കുന്നു
എന്റെ നിശ്ശബ്ദവചനങ്ങളുടെ നിലവറകളിൽ ഒളിഞ്ഞിരിക്കുന്ന ആയുഷ്ക്കാലമേ,
പുഴ ആഗ്രഹത്തോടെ സ്നേഹത്തോടെ നിന്നിലേക്കൊഴുകുന്നു...

# ഞങ്ങളുടെ വീട്

## (എന്റെ സഹോദരി ഖാലിദയ്ക്ക് )

ഫുറാത് ഇസ്ബർ
വിവ: ഡോ. എം എ അസ്കർ

**( ഫുറാത് ഇസ്ബർ: സിറിയൻ കവി. 1958 ൽ സിറിയയിലെ ഖസ്വാബിനിൽ ജനനം. ദീർഘകാലമാലി ന്യൂസിലാൻഡിൽ താമസിക്കുന്നു. മിഥ്‌ലൽ മാ ലാ യുംകിനു കസ്റുഹാ, ഖിദ്അതുൽ ഗാമിള് എന്നിവ പ്രധാന കാവ്യസമാഹാരങ്ങൾ. പ്രശസ്ത കവി അഡോണിസിന്റെ സഹോദരപുത്രിയാണ്.)**

അവിടെ കണ്ണുനീർ കണ്ണുനീരിനോട് അടക്കം പറയുന്നു
കൺപീലിയേ, നീ എന്നെ
നിന്റെ കണ്ണുകളിലെ തടാകമാക്കുക.
അകലെയാ സാഗരതീരത്തുള്ള ഞങ്ങളുടെ വീട്,
അവിടെ ഞാനെന്റെ ഹൃദയം ഉപേക്ഷിച്ച ശരീരം വെടിഞ്ഞു
അതിന്റെ മൂലകളിലെല്ലാം ഹൃദയത്തിന്റെ പിടച്ചിലുണ്ട്
വാത്സല്യത്തോടെയുള്ള സ്പർശനമുണ്ട്
ഉമ്മ അത്താഴമൊരുക്കുന്നു,
ഉമ്മയ്ക്കറിയാം പ്രിയപ്പെവർ വരാനുണ്ടെന്ന്
വാതിലിൽ ആരെയോ കാത്ത് ഉമ്മയുടെ ഹൃദയമുണ്ട്.
അകലെയാ സാഗരതീരത്തുള്ള ഞങ്ങളുടെ വീട്,
ഉപ്പ രാവിലത്തെ ചായ കുടിച്ചുകൊണ്ട് പറയുന്നു :
മഴയെത്താൻ വൈകി,
പ്രിയപ്പെട്ടവരാരും തിരിച്ചെത്തിയിട്ടുമില്ല,
എത്ര ദൈർഘ്യം ഈ യാത്ര,
ആണ്ടുകളുടെ കാത്തിരിപ്പ് മടുക്കുന്നില്ല.

ഞങ്ങളുടെ ഭവനമേ,നിന്നിലേക്കെത്താൻ
ഞാൻ കൊതിക്കുന്നു,
കാത്തിരിപ്പു കൊണ്ട് ഞാൻ കെട്ടിയ വളളം
നിന്നിലേക്ക് തുഴയുന്നു.
ഞങ്ങളുടെ വീടിന്റെ ചുമരിൽ ഇപ്പോഴും
ചില കുത്തിവരകളുണ്ടാവാം;
എല്ലാ മൂലകളിലും കാപ്പിമൊന്തയും പുസ്തകങ്ങളും.
ആഹ് ! ഞങ്ങളുടെ ഭവനമേ,
പ്രിയപ്പെട്ടവരെല്ലാം ഒരാൾക്കു പുറകെ മറ്റൊരാൾ എന്ന പോൽ
നിന്നെ വേർപിരിഞ്ഞു; വേറൊരാളെ കാണാനുമില്ല.

ഹൃദയം വാതിലിൽ വച്ച് ഉമ്മയിപ്പോഴും അത്താഴമൊരുക്കുന്നു.
ഉപ്പ പറയുന്നു : മഴ പിന്നെയും വൈകി,
പ്രിയപ്പെട്ടവരാരും വാതിലിൽ മുട്ടിയില്ല,
നമ്മളിപ്പോഴും ആണ്ടുകളുടെ കാത്തിരിപ്പിൽ.

ഞങ്ങളുടെ ഭവനമേ,
ഇപ്പോഴും അവിടെയുണ്ടോ,
പുരാതനമായ ആ മലമ്പാതകൾ,
കുന്നിൻമുകളിലെ പഴയ ചന്ത,
റോമൻ കോട്ടകൾ
അധ്യാപകരുടെ ക്ലബ്ബ്
എന്റെ പള്ളിക്കൂടം, ഇപ്പോഴും അവിടെ ഉണ്ടോ ?
കണ്ണുകൾ ഒരു തടാകമായി,
നൗകകൾ എന്നെ ആ വിദൂരതീരത്തെത്തിച്ചതുമില്ല,
സ്വപ്നത്തോടൊപ്പം അലയവെ, ആരോ വാതിലിൽ മുട്ടി,
ഞാനുറപ്പിച്ചു അത് എന്റെ
പ്രവാസകാലത്തേക്ക് ഒളിഞ്ഞു നോക്കി
ഞാനാരെന്നന്വേഷിക്കുന്നവനായിരിക്കും,
എന്നാൽ അത് കാറ്റിന്റെ മൂളലും മഴയുടെ തേങ്ങലുമായിരുന്നു

മഹമൂദ് പറശ്ശിനിക്കടവ്

# പുനരാഖ്യാനം

ഫ്രഞ്ച് എഴുത്തുകാരനായ ഡൊമിനിക് ലാപിയറിന്റെ പ്രസിദ്ധ നോവലായ സിറ്റി ഓഫ് ജോയ് ആസ്പദമാക്കി എഴുതിയ നാടകമാണിത്. ഈ നോവൽ വിഖ്യാത സംവിധായകൻ റൊളൻഡ് ജൊഫീ സിറ്റി ഓഫ് ജോയ് എന്ന പേരിൽ തന്നെ സിനിമയാക്കിയിട്ടുണ്ട്.)

*ഹസാരി പാൽ*
*ഭാര്യ കമല*
*മക്കൾ അമൃത (12)*
*മനുജ് – (14)*
*ശംഭു – (15)*
*ഹസാരി പാലിന്റെ അച്ഛൻ*
*ഹസാരി പാലിന്റെ അമ്മ*
*പോലീസുകാരൻ*
*ചില അയൽക്കാർ*
*വഴിപോക്കർ*
*ആഗതൻ*



**ആമുഖം**

ഞാൻ ഒരു ഇന്ത്യൻ ഭ്രൂഹിത കർഷകനാണ്. ഗ്രാമത്തിലെ സമീന്ദാർ പാട്ടത്തിനു തന്ന ഒരു തുണ്ട് ഭൂമിയിൽ കൃഷി ചെയ്ത് വിശപ്പടക്കുന്നവൻ. എന്റെ പേര് ഹസാരി പാൽ. കളിമൺ ചുവരുകളും, വൈക്കോൽ മേഞ്ഞ മേൽക്കൂരയുമുള്ള രണ്ടു മുറികളുള്ള ഒരു കൂര ഞാൻ കെട്ടിയുണ്ടാക്കി. അതിലാണ് ഞാൻ അന്തിയുറങ്ങുന്നത്. ഞാൻ, എന്റെ ഭാര്യ കമല, എന്റെ മൂന്നു മക്കൾ, വയസ്സായ എന്റെ അച്ഛനും, അമ്മയും....

(ഹസാരി പാൽ കർഷകന്റെ പണിയായുധങ്ങൾ ചുമലിലേറ്റി വരുന്നു. കത്തിക്കാളുന്ന സൂര്യൻ. അയാൾ ആകാശത്തേക്ക് നോക്കി നെടുവീർപ്പിടുന്നു.)

ഹസാരി പാൽ : ദൈവമേ...ഇത് പോലൊരു വേനൽ എന്റെ ആയുസ്സിൽ ഞാൻ കണ്ടിട്ടില്ല. അച്ഛനും അതാ പറയുന്നത്. അദ്ദേഹത്തിനും ഇങ്ങനെയൊന്നു ഓർമ്മയില്ല.... കലികാലം തന്നെ.....കലികാലം....

(അയാൾ പണിയായുധങ്ങൾ നിലത്ത് വെച്ച് ഇരിക്കുന്നു. കമല വരുന്നു)

കമല: എന്താ മനുഷനെ...ഇങ്ങനെ ഇരുന്നാൽ മതിയോ? കുട്ട്യോള് നെലോളിക്കയാ....പൈച്ചിട്ട്....അച്ഛനും, അമ്മയും വിശന്ന്.....

ഹസാരി പാൽ : കമലേ....ഞാനെന്താ ചെയ്യണ്ടത്? ആരോടാ ചോദിക്കണ്ടത്? എല്ലാവരും നമ്മളെ പോലെ പട്ടിണിയിലല്ലേ?

കമല: പഞ്ചായത്തിൽ ധാന്യങ്ങൾ വിതരണം ചെയ്യുന്നു എന്ന് കേട്ടു...ഒന്ന് പോയി നോക്കിക്കൂടെ?

ഹസാരി പാൽ : പോകാം...ദുരഭിമാനം കൊണ്ട് വയർ നിറയില്ലല്ലോ....നമ്മൾ കൃഷിക്കാർ ആണ്. അദ്ധ്വാനിക്കാതെ ഓശാരം കൊണ്ട് ഇന്നേവരെ ജീവിച്ചിട്ടില്ല.....

കമല: പഞ്ചായത്ത് നമ്മളുടെ കൂടിയല്ലേ....? അതിലെന്തിനാ ദുരഭിമാനം.....?

ഹസാരി : നീ പറഞ്ഞത് ശരിയാണ്. ഞാൻ പോകാം... വല്ലതും കിട്ടിയാൽ കുഞ്ഞുങ്ങളുടെ വിശപ്പടങ്ങും...നീ ആ ചാക്ക് സഞ്ചി ഇങ്ങെടുക്ക്.....

(അയാൾ കമലയുടെ കയ്യിൽ നിന്ന് ചാക്ക് സഞ്ചി വാങ്ങി പോകുന്നു. കമല അയാളെ തന്നെ നോക്കി നിൽക്കുന്നു. മൂന്നു കുട്ടികൾ ഓടി വന്നു കമലയെ പൊതിയുന്നു.)

അമൃത: വിശക്കുന്നമ്മേ....

മനുജ്: അമ്മേ...ദോശ താ അമ്മേ....

ശംഭു: അമ്മേ...അച്ഛൻ എങ്ങോട്ടാ പോയത്?

കമല: ക്ഷമിക്ക് മക്കളേ.. അച്ഛൻ പഞ്ചായത്തിലേക്ക് പോയിട്ടുണ്ട്...അരി കൊണ്ട് വരും....അമ്മ കഞ്ഞി വെച്ച്തരാം....വാ...

(മക്കളെ കൂട്ടി കുടിലിനകത്തേക്ക് നടക്കുന്നു. വെളിച്ചം മങ്ങി ഇരുളുന്നു))

(വെളിച്ചം തെളിയുമ്പോൾ മുത്തച്ഛൻ, മുത്തശ്ശി എന്നിവർക്ക് ചുറ്റും ഇരിക്കുന്ന കുട്ടികൾ.)

മുത്തച്ഛൻ: കേട്ടോ മക്കളേ...അതൊരു കാലമായിരുന്നു. സായിപ്പന്മാരാ അക്കാലത്ത് നമ്മളെ ഭരിച്ചു കൊണ്ടിരുന്നത്. ഇന്നത്തെ പോലെ അല്ല. അന്ന് ഞാൻ, ഈ പ്രദീപ് പാൽ ഒരു സമ്പന്നനായ കൃഷിക്കാരനായിരുന്നു. നിങ്ങളുടെ ഈ മുത്തശ്ശി...നന്ദിനി ഒരു രാജകുമാരിയെപ്പോലെയായിരുന്നു...എന്റെ അച്ഛന് അദ്ദേഹത്തിന്റെ കഠിനാധ്വാനത്തിനും, ആത്മാർത്ഥതക്കും ഒരു ബഡാ സമീന്ദാർ നൽകിയ സമ്മാനമായിരുന്നു ഈ പുരയിടം, കന്നുകാലികൾ...ഈ ..... വലിയ വയലുണ്ടായിരുന്നു. തൊഴുത്തിൽ നിറയെ പശുക്കളും, എരുമകളും ഉണ്ടായിരുന്നു. നിലം ഉഴുകാൻ പോത്തുകളും, ഗ്രാമത്തിനു പുറത്തുള്ള ചന്തകളിലേക്ക് പോകാൻ കാളകളെ പൂട്ടിയ വണ്ടിയുമുണ്ടായിരുന്നു ഈ പ്രദീപ് പാലിന്.....എന്ത് ചെയ്യാം മക്കളേ...എല്ലാം പോയി...അതും ഇത് പോലെ തുടർച്ചയായി വന്ന വരൾച്ചയും വേനലുമായിരുന്നു....ഈ മണ്ണിൽ ഒരു നാമ്പും പൊടിക്കാതായി....എല്ലാം വരണ്ടുണങ്ങി പോയി...അന്നും ഞങ്ങൾ ദിവസങ്ങളല്ല, മാസങ്ങളോളം പട്ടിണിയായിരുന്നു.... വിശപ്പ്...ഞങ്ങളോളം വിശപ്പറിഞ്ഞവർ ആരും ഉണ്ടാവില്ല.... ഗ്രാമത്തിൽ ദിവസവും ആളുകൾ പട്ടിണി കിടന്നു മരിച്ചു.....

അമൃത: നമ്മളും അങ്ങനെ മരിക്കോ ?

മുത്തശ്ശി: ഇല്ല മോളേ....നമ്മൾ മരിക്കില്ല....മോളെ അച്ഛൻ അരി കൊണ്ട് വരും.....

മുത്തച്ഛൻ: മക്കളേ...ആരാണ് നമ്മുടെ സമ്പത്ത് കവർന്നെടുത്തത്? ഉണ്ടായിരുന്നതെല്ലാം നഷ്ടപ്പെട്ടു....ആരോടും ഒരു പരാതിയും പറഞ്ഞില്ല....അക്കാലത്ത് ആരോടാണ് പരാതി പറയുക?

മുത്തശ്ശി: അതെ...മുതലകളുമായി ഇടഞ്ഞ് കുളത്തിൽ ജീവിക്കാൻ പാവം മീനുകൾക്ക് കഴിയുമോ മക്കളേ....? അവർ മുതലകൾ ആയിരുന്നു.....

ശംഭു: വല്യ മുതലകളാണോ മുത്തശ്ശി?

മുത്തശ്ശി: ഒരു കഥ പറയാം...പണ്ട് പണ്ട് മുതലകളെ പിടിക്കുന്ന ഒരു കുട്ടിയുണ്ടായിരുന്നു. മിടുക്കനായ ഒരു ആൺകുട്ടി. അവൻ മുതലക്കുഞ്ഞുങ്ങൾ ഉണ്ടാകുന്ന കാലത്ത് എന്നും ഗ്രാമത്തിലെ കുളത്തിൽ പോയി മുതലകളെ പിടിക്കുമായിരുന്നു. ഓരോ ദിവസവും വലിയ ഒരു മുതലയെ കൂടുക്കിട്ടു പിടിച്ച് അവൻ ക്ലാസിൽ കൊണ്ട് വരും. സ്കൂൾ മൈതാനത്ത് അതിനെ പ്രദർശിപ്പിക്കുമായിരുന്ന ആ കൊച്ചു മിടുക്കൻ. അവൻ വീരനും, പരാക്രമ ശാലിയുമായ ഒരു കുട്ടിയായിരുന്നു. മുതലകളെ പിടിച്ച ആ കുട്ടി പിൽക്കാലത്ത് മനുഷ്യനെ കൂടുക്കിട്ട് പിടിക്കുകയും, വളർന്ന വലുതായപ്പോൾ രാജാവായിത്തീരുകയും ചെയ്തു.

ശംഭു: ആ രാജാവ് പിന്നീട് മുതലകളെ പിടിച്ചില്ലേ?

മുത്തശ്ശി: പിന്നെ മുതലകളെ പിടിക്കാൻ രാജാവിന് നേരമുണ്ടായിരുന്നില്ല. പിൽക്കാലത്ത് രാജാവ് കഴുകന്റെ കൊക്കുള്ള ഒരു വലിയ പക്ഷിയായി. ആ പക്ഷി ലോകമെങ്ങും പറന്നു നടന്നു.

മുത്തച്ഛൻ: അതെ....ആ കഴുകന്റെ കൊക്കുള്ള പക്ഷി, ശവങ്ങൾ തിന്ന് ശീലിച്ചിരുന്നു. ഗ്രാമങ്ങളിലും, പട്ടണങ്ങളിലും ചത്തു വീണ ശവങ്ങൾ കൊത്തിത്തിന്നാണ് അത് അതിന്റെ വിശപ്പ് തീർത്തത്. ലോകമെങ്ങും ആ പക്ഷി പറന്നു നടന്നു.... പറക്കുക അതിനൊരു ഹരമായിരുന്നു. ആകാശത്തിൽ പറന്നുയർന്നു ഭൂമിയിലേക്ക് നോക്കിയാണ് ആ പക്ഷി രാജാവ് പ്രജകളുടെ ക്ഷേമങ്ങൾ അന്വേഷിച്ചത്. ഭൂമിയിൽ ചത്തു കിടക്കുന്ന മനുഷ്യ ശവങ്ങൾ കണ്ട് അത് ചിറകടിച്ച് ആഹ്ലാദിച്ചു.....

മുത്തശ്ശി: നമ്മുടെ കഴുകന്റെ കൊക്കുള്ള പക്ഷി രാജാവ്.... ചെറുപ്പത്തിൽ കുഞ്ഞിക്കൈകൾ കൊണ്ട് മുതലക്കുഞ്ഞുങ്ങളെ പിടിച്ചവൻ.....

മനുജ്: ആ മുതലകളെയൊക്കെ, രാജാവ് എന്ത് ചെയ്തു.....?

മുത്തച്ഛൻ: സായിപ്പന്മാർ തന്നെ വല്യ മുതലകളല്ലേ കുഞ്ഞേ.....?

മുത്തശ്ശി: സായിപ്പന്മാര് ചൂട്ട് തിന്നു കാണും.....

മുത്തച്ഛൻ: (ഇരിപ്പിടത്തിൽ നിന്ന് എഴുന്നേൽക്കുന്നു. കുട്ടികളും. മുത്തശ്ശി ഇരുന്ന് കൊണ്ട് തന്നെ അവരെ ശ്രദ്ധി

ക്കുന്നു.) എല്ലാം നഷ്ടപ്പെട്ടു. ഗ്രാമത്തിലെ വട്ടിപ്പലിശക്കാരൻ സാഹിബ് ഒന്നുക്ക് പത്തായി പലിശക്ക് തന്നത് പണമല്ല. പുഴു തിന്ന ധാന്യം. അത് തിന്നാണ് വിശപ്പടക്കിയത്.

ആകെ തകർന്നു പോയി....പ്രദീപ് പാൽ എന്ന കൃഷിക്കാരൻ...നിലം, വീട്, തൊഴുത്ത്, കന്നുകാലികൾ എല്ലാം പോയി....സമീന്ദാർ കനിവോടെ പാട്ടത്തിന് തന്ന ഒരു തുണ്ട് ഭൂമിയിൽ ഒതുങ്ങിപ്പോയി മക്കളേ.....

മുത്തശ്ശി: ആ മുതലകൾ എല്ലാം കൊണ്ട് പോയി... എന്നാലും ഞങ്ങൾക്ക് സന്തോഷായിരുന്നു....വിശന്ന് മരിച്ചപ്പോഴും ഞങ്ങളെല്ലാം ചിരിച്ചു കൊണ്ടിരുന്നു.....

മുത്തച്ഛൻ: ഒരു ചെറിയ നെല്പുര....

ഒരു വൈക്കോൽ തുറു....

രണ്ടു പശുക്കൾ....

ഒരു എരുമ.....

ഒരു തുണ്ട് ഭൂമി....

ഈ മൺ കുടിൽ.....പിന്നെയും ഇതാണ് ബാക്കിയായത്. ഞങ്ങൾ ജീവിച്ചു.....കൊതി തീരും വരെ.....

മുത്തശ്ശി: വറുതിക്കാലത്തേക്ക് കരുതി വെച്ചിരുന്ന ഇത്തിരി ധാന്യം, പണപ്പെട്ടിയിൽ അൽപം രൂപ, മൂന്നു പുത്രഭാര്യമാർ, സുന്ദരികൾ, സുശീലകൾ, അതായിരുന്നു മക്കളേ ഞങ്ങളുടെ സമ്പാദ്യം.....

മുത്തച്ഛൻ: അതെ....വീണ്ടും ആ വറുതിയുടെ നാളുകൾ വന്നിരിക്കുന്നു.

(ഹസാരി പാൽ ഒരു ചാക്ക് കെട്ടുമായി തിരക്കിട്ട് വരുന്നു. കുടിലിന് മുന്നിലൂടെ ആളുകൾ കൂട്ടമായി പോകുന്നുണ്ട്. ഒരാൾ ഹസാരിയെ വിളിക്കുന്നു)

പിന്നണിയിൽ നിന്നുള്ള ശബ്ദം: ഓ...ഹസാരി...ഗ്രാമത്തിൽ എവിടെയും ഒരു തുള്ളി വെള്ളമില്ല....ഗൗരീ ദേവിയുടെ കോവിലിന് അടുത്തുള്ള കിണറും വറ്റി....കിണറുകൾ എല്ലാം വറ്റി വരണ്ടിരിക്കുന്നു. ആളുകൾ ഗ്രാമം വിട്ടു പോവുകയാണ്.... നീ എന്ത് ഭാവിച്ചു....കുടി വെള്ളമില്ലാതെ, നീ എങ്ങിനെയാ ഇവിടെ കഴിയാൻ പോകുന്നത്?

ഹസാരി: കഷ്ടം തന്നെ മാസ്റ്റർ ജീ....ഞങ്ങളും പട്ടണത്തിലേക്ക് പോയാലോ എന്ന് ആലോചിക്കുകയാണ്..... ഇനി അധിക ദിവസങ്ങൾ ഇവിടെ നിൽക്കാൻ കഴിയില്ല.... കുഞ്ഞുങ്ങൾ വിശന്ന് പിടയുകയാണ്.....

വേറൊരാൾ: ഞങ്ങൾ എല്ലാം ഗ്രാമം വിടുകയാണ്. പശുക്കളൊക്കെ ചത്തു. അവയുടെ അസ്ഥികൂടങ്ങൾ വയലിൽ നായ്ക്കൾ കടിച്ചു പറിക്കുന്നു....കണ്ടു നിൽക്കാൻ വയ്യ.....

മുത്തച്ഛൻ: ദൈവം എന്തൊരു ശിക്ഷയാണ് ഈ തരുന്നത്?

ഹസാരി: (ചാക്ക് കെട്ടു നിലത്ത് ഇറക്കി വെക്കുന്നു.) കമലയെവിടെ? കമലേ....കമലേ....അൽപം ധാന്യം കിട്ടിയിട്ടുണ്ട്....കുട്ടികൾക്ക് കഞ്ഞി വെച്ച് കൊടുക്ക്.....

കമല: (അകത്ത് നിന്ന് വിളി കേൾക്കുന്നു.) ഓ...ഞാനിവിടുണ്ടേ....അടുപ്പിൽ വെള്ളം ചൂടാക്കണം....ഉടനെ ധാന്യം വേവിച്ചു കഞ്ഞിയുണ്ടാക്കാം....വെള്ളമില്ല....നോക്കട്ടെ... സാഹിബയുടെ അടുക്കൽ പോയി, ഒരു കുടം വെള്ളത്തിന് യാചിക്കണം...വേറെ വഴിയില്ല.....

മുത്തച്ഛൻ: നീ ചെന്ന് നോക്ക് കമലേ....കുഞ്ഞുങ്ങൾ പട്ടിണിയാണെന്ന് പറ....അവർ നല്ല സ്ത്രീയാണ്....

(കമല കുടവുമായി പുറത്തേക്കു പോകുന്നു.)

ഹസാരി: അച്ഛാ...നമുക്ക് ഇനിയും ഇവിടെ ഇങ്ങനെ നിൽക്കാൻ കഴിയില്ല....പട്ടണത്തിലേക്ക് പോകാം...അവിടെ എന്തെങ്കിലും പണി കിട്ടും....ശംഭുവിനും എന്തെങ്കിലും ജോലി ചെയ്യാൻ പറ്റും.....കമലക്ക്, ഏതെങ്കിലും ബാബുജിമാരുടെ ബംഗ്ലാവിൽ ജോലി ചെയ്യാം.....ആളുകളൊക്കെ ഗ്രാമം വിട്ടു ....ഈ വരൾച്ച അവസാനിക്കുമ്പോൾ നമുക്ക് തിരിച്ചു വരാം.....

മുത്തച്ഛൻ: നീ തീരുമാനിച്ചോ?

ഹസാരി: പിന്നെന്തു ചെയ്യണം...? ഇനിയും ഇവിടെ നിന്നാൽ വെള്ളം കിട്ടാതെ ദാഹിച്ച് നമ്മൾ ചത്തു പോകും.... നമ്മുടെ പശുക്കളും, എരുമകളും എല്ലാം ചത്തു....ഈ ഗ്രാമത്തിൽ ഒരു ജീവിയുമില്ല...കഴുകന്മാർ മാത്രം എവിടെയുമുണ്ട്... ആകാശത്തും, ഭൂമിയിലും അവയുണ്ട്.....

മുത്തച്ഛൻ: നമ്മുടെ ഈ തുണ്ട് ഭൂമിയും അവർ തട്ടിയെടുക്കും...സമീന്ദാർമാർക്ക് എല്ലാമുണ്ട്. അവർക്ക് വെള്ളമുണ്ട്, ഗുദാമുകളിൽ നിറച്ചു വെച്ച ധാന്യങ്ങളുണ്ട്. പട്ടണങ്ങളിൽ നിന്ന് വരുന്ന വിഭവങ്ങളുണ്ട്.....

ഹസാരി: പോട്ടെ അച്ഛാ....നമുക്ക് പട്ടണത്തിൽ ചെന്നാൽ എന്തെങ്കിലും ഒരു ജോലി കിട്ടും...പണമുണ്ടാക്കാൻ

കഴിയും....പണമുണ്ടെങ്കിൽ ഈ ഭൂമി തന്നെ നല്ല കാലത്ത് തിരിച്ചെടുക്കാം....അപ്പോഴേക്കും ദൈവം മഴ തരും.....ഭൂമി കുളിരണിയും.....എങ്ങും പച്ച പുതച്ച പാടങ്ങൾ കാണും.... കുളങ്ങൾ ജല സമൃദ്ധമാകും.....നമ്മുടെ കുഞ്ഞുങ്ങൾ മതി വരുവോളം കുളങ്ങളിൽ നീന്തിക്കുളിക്കും....അച്ഛാ.... തയ്യാറാകൂ...നമ്മൾ ഇന്ന് തന്നെ പുറപ്പെടുന്നു.....ഈ ശാപം പിടിച്ച ഗ്രാമം വിടാം.....

മുത്തച്ഛൻ: ജനിച്ചതും, വളർന്നതും ഇവിടെയാണ്....ഈ മണ്ണിൽ തന്നെ ഒടുങ്ങണം.....മോനേ....ഞാനൊരു കർഷകനാണ്....മണ്ണിന്റെ മകൻ.....ഞാൻ വരുന്നില്ല...

(അയാൾ കൈക്കോട്ട് എടുത്ത് ആയാസത്തോടെ കിളക്കുന്നു...ഹസാരി പാൽ അച്ഛനിൽ നിന്ന് കൈക്കോട്ട് പിടിച്ച് വാങ്ങുന്നു.)

(മുത്തച്ഛൻ ഹസാരിയെ മാറിൽ ചേർത്ത് പിടിക്കുന്നു. ആ വൃദ്ധൻ വിതുമ്പുന്നു. മുത്തശ്ശിയും കണ്ണീർ തുടക്കുന്നു.)

ഹസാരി: അച്ഛാ....ഇങ്ങനെ വിഷമിക്കരുത്.

മുത്തച്ഛൻ: ഹസാരി പാൽ !....മകനേ....(അയാൾ മടിയിൽ നിന്ന് ഒരു പൊതിയെടുക്കുന്നു. കുറച്ച് പണമാണ്.) ഇതാ ഇത് വെച്ചോളൂ....നീ നിന്റെ ഭാര്യയേയും, മക്കളെയും കൂട്ടി ഇന്ന് തന്നെ പട്ടണത്തിലേക്ക് പുറപ്പെടണം. ഇത് കുറച്ച് പണമാണ്. പട്ടണത്തിൽ ചെന്ന് നീയൊരു ജോലി കണ്ടെത്തണം. ആവുന്നത്ര പണം ഞങ്ങൾക്ക് അയച്ചു തരിക... പട്ടിണി കിടന്നു മരിക്കാതിരിക്കാൻ...! ഞങ്ങളുടെ പ്രതീക്ഷ നീയാണ്...നീ മാത്രം....നീ എന്റെ മൂത്ത മകനാണ്....

(അയാൾ ആ പണം ഹസാരിയുടെ കൈകളിൽ ഏൽപിക്കുന്നു. ഹസാരി കരയുന്നു. അയാൾ വൃദ്ധന്റെ കാൽക്കൽ വീണ് പ്രണമിക്കുന്നു)

ഹസാരി: അതെ....പുറപ്പെടണം...ഇന്ന് തന്നെ..... ഇനിയുള്ള കാലം സുഖമായി കഴിയണം....ഇനിയും, ഈ വരണ്ട, വിണ്ടുണങ്ങിയ ഭൂമിയിൽ...വയ്യ അച്ഛാ...വയ്യ.... പോകാം....ഞങ്ങൾ പോകാമച്ഛാ....പട്ടണത്തിൽ നിറയെ ജോലിയുണ്ട്....നമ്മുടെ സുഖ്റാമിന്റെ മകൻ കമൽ പട്ടണത്തിൽ ഉണ്ട്....അവനെ കണ്ടെത്തണം...ഒരു ജോലി അവൻ എനിക്ക് ശരിയാക്കിത്തരും....കമൽ റാം...നല്ലവനാണ്.....

മക്കൾ: അതെ...നമുക്ക് പോകാം മുത്തശ്ശി.....നമുക്ക് പട്ടണത്തിലേക്ക് പോകാം.....മുത്തച്ഛനും, മുത്തശ്ശിയും കൂടി വാ....(രണ്ടു പേരെയും കുട്ടികൾ പിടിച്ച് വലിക്കുന്നു. അവർ വിഷമിക്കുന്നു)

മുത്തശ്ശി: മക്കൾ പോയിട്ട് വാ...മുത്തശ്ശി ഈ കുരയിൽ കാത്തിരിക്കും....

(കുട്ടികൾ മുത്തച്ഛനെയും, മുത്തശ്ശിയെയും പിടിച്ച് വലിച്ച് അകത്തേക്ക് കൊണ്ട് പോകുന്നു....കർഷക ഗാനം ഉയരുന്നു.)

(മങ്ങിയ വെളിച്ചം.....കെട്ടും ഭാണ്ഡങ്ങളുമായി യാത്രയാകുന്ന ഹസാരിയുടെ കുടുംബം...അവരെ തലയിൽ കൈവെച്ച് അനുഗ്രഹിക്കുന്ന മുത്തശ്ശിയും, മുത്തച്ഛനും. നടന്നകലുന്ന അവരെ നോക്കി തേങ്ങുന്ന വൃദ്ധ ദമ്പതികൾ. വരണ്ട പാടങ്ങൾ പിന്നിട്ട്, തങ്ങളുടെ കുടിലും, പരിസരങ്ങളും വിട്ട് നഗരത്തിലേക്കുള്ള യാത്രയിലാണ് അവർ. നാടൻ പാട്ടിന്റെ ശീലുകൾ

അന്തരീക്ഷത്തിലുണ്ട്. നടന്നു തളർന്ന അവർ ഒരു കല്ലിൽ വിശ്രമിക്കുന്നു. പല മനുഷ്യർ അവരെ കടന്നു പോകുന്നു. )

ഒരു യാത്രികൻ: (ഹസാരിയുടെ അരികിൽ വന്ന് സൂക്ഷിച്ചു നോക്കി) അല്ല...ഇതാരാണ്? പ്രദീപ് പാലിന്റെ മൂത്ത മകനല്ലേ....? ഹസാരി പാൽ...?

ഹസാരി: (ആളെ മനസ്സിലാകാതെ) അതെ....ഹസാരി തന്നെ....മനസ്സിലായില്ലല്ലോ സഹോദരാ....ആരാണ് നിങ്ങൾ?

യാത്രികൻ: ഞാൻ കഷണ്ടിക്കാരൻ കുടവയറൻ രത്ന വ്യാപാരി മഹാജന്റെ കണക്കപ്പിള്ള..... എത്രയോ തവണ നിങ്ങൾ എന്റെ ആപ്പീസിൽ വന്നിട്ടുണ്ട്.....ഓർമ്മയില്ലേ ഹസാരി നിങ്ങൾക്ക്?

ഹസാരി: ഓ...ഞാൻ ഓർക്കുന്നുണ്ട്...നമ്മൾ പലപ്പോഴും മഹാജന്റെ കഷണ്ടിയെക്കുറിച്ച് തമാശകൾ പറഞ്ഞിട്ടുണ്ടല്ലോ....അയാളുടെ കഷണ്ടിയിൽ മുഖം നോക്കാൻ പറ്റുമല്ലോ.... അത്രയും തെളിഞ്ഞ കണ്ണാടി പോലെ മിനുസമുള്ള ഒരു മൊട്ടത്തല എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല.....(അവർ ആർത്തു ചിരിക്കുന്നു.)

യാത്രികൻ: നിങ്ങൾ ഓർക്കുന്നുണ്ടാകും. എന്റെ പേര് ശ്യാം...ആ മഹാജൻ ഒരു ചോര കുടിയനായിരുന്നു... മതിയായി. ഗ്രാമീണരുടെ ചോരയും, നീരും അയാൾ ഊറ്റി

ക്കുടിച്ചു. ഞാൻ പോന്നു. പട്ടണത്തിൽ എന്തെങ്കിലും പണി കിട്ടും....ഈ കൃഷിക്കാർ എല്ലാം ഗ്രാമം ഉപേക്ഷിച്ചിരിക്കുകയാണ്.....അവരെല്ലാം പട്ടണത്തിലേക്കുള്ള യാത്രയിലാണ്. ഹസാരി ലാൽ....നിങ്ങളും അങ്ങോട്ടേക്ക് അല്ലെ?

ഹസാരി: അതെ....ഞങ്ങൾ പട്ടണത്തിലേക്ക് തന്നെ.... എന്റെ ഭാര്യക്കും, മകനും എന്തെങ്കിലും ജോലി കിട്ടും....പട്ടണങ്ങളിലെ വലിയ വലിയ ബാബുജിമാർക്ക് എന്തെങ്കിലും ജോലി തരാൻ കഴിയും.....

യാത്രികൻ: ആവട്ടെ...നമുക്ക് പട്ടണത്തിൽ എവിടെ വെച്ചെങ്കിലും കാണാം.....(കൈ വീശി യാത്രയാകുന്നു)

കമല: നമുക്ക് നടക്കാം....കുഞ്ഞുങ്ങൾക്ക് വിശക്കുന്നുണ്ടാകും. അവർക്ക് എന്തെങ്കിലും തിന്നാൻ കൊടുക്കണം.

(അവർ നടന്നു തുടങ്ങുന്നു. ഇരുട്ട്)

(വെളിച്ചം. ഒരു പാതയോരം. പാത്രങ്ങൾ. തീ പകർന്ന അടുപ്പിൽ എന്തോ വേവുന്നു. കുഞ്ഞുങ്ങൾ ഒരു മരത്തിനു കീഴെ മയങ്ങുന്നു. ഹസാരി വിറകുമായി വരുന്നു. അവ അടുപ്പിനരികെ വെക്കുന്നു. കമല വിറകു അടുപ്പിലേക്ക് വെച്ച് തീ ഊതുന്നു.)

കമല: ഇനിയും എത്ര ദൂരം നടക്കണം എന്റെ ദൈവമേ .....?ഈ കുട്ട്യോളാകി നടന്നു തളർന്ന്.....

ഹസാരി: (കത്തിച്ച ഒരു ചിമ്മിനി വിളക്കുമായി വരുന്നു.) ഈ വിളക്ക് കൊണ്ട് വന്നത് നന്നായി കമലേ....ഇതിൽ നിറയെ നീ മണ്ണെണ്ണ നിറച്ചിട്ടുണ്ടല്ലോ....അല്ലെ ? .അല്ലെങ്കി, ഇരുട്ടിൽ കഴിഞ്ഞു കൂടണമായിരുന്നു. എന്തൊരു മുടിഞ്ഞ ഇരുട്ടാണ്.....?

(കത്തിച്ച പന്തങ്ങളുടെ വെളിച്ചത്തിൽ ഒരു കൂട്ടം ആളുകൾ പോകുന്നു. അവർ ഏതോ നാടൻ പാട്ടുകൾ പാടുന്നുണ്ട്.)

കമല: ഗ്രാമങ്ങളെല്ലാം കാലിയായി എന്ന് തോന്നുന്നു..... ആളുകളൊക്കെ പട്ടണത്തിലേക്ക് പോവുന്നു.....

ഹസാരി: കടം വന്നു മുടിഞ്ഞ കർഷകരാ.....ബാങ്കുകാർ ജപ്തിക്കായി നമ്മുടെ ഗ്രാമത്തിലും വന്നെന്ന്....പുതിയ നിയമം വന്നിരിക്കുന്നു. സർഫാസി....എന്താണാവോ ഈ സർഫാസി....എന്തോ ബാങ്കുകാരുടെ കിട്ടാക്കടം ബലം പ്രയോഗിച്ച് പിടിച്ചെടുക്കാനുള്ള പുതിയ നിയമമാന്നാ കേട്ടത്..... വീടുകളെല്ലാം സീൽ വെച്ച് പോയി....എന്ത് കിട്ടാനാ.... ഇന്നലെയും മൂന്ന് പേർ ചത്തു. ഒരുവൻ വിഷം കുടിച്ചു, മറ്റൊരാൾ തൂങ്ങി, വേറൊരാൾ സ്വയം കഴുത്ത് മുറിച്ച്..... ദിവസവും ആളുകൾ മരിക്കുന്നുണ്ട്.....എന്ത് ചെയ്യാനാണ് കമലേ ?..പലപ്പോഴും ഞാനും മരിക്കണം എന്ന് മോഹിച്ചതാണ്...വയ്യ കമലേ....ഈ കുഞ്ഞുങ്ങളേ കാണുമ്പോൾ എനിക്ക് മരിക്കാൻ തോന്നുന്നില്ല.....(അയാൾ വിതുമ്പുന്നു. കമല അയാളെ ആശ്വസിപ്പിക്കുന്നു.)

കമല: സാരമില്ല...നമ്മുടെ കഷ്ടപ്പാടുകൾ എല്ലാം പട്ടണത്തിൽ എത്തിയാൽ തീരും...നഷ്ടപ്പെട്ടു പോയ കൃഷിയിടങ്ങൾ നമുക്ക് തിരിച്ചെടുക്കാൻ കഴിയും....നിങ്ങൾ സമാധാനമായിരിക്കു....കുട്ടികളെ വിഷമിപ്പിക്കരുത്.....ഞാൻ കഞ്ഞി വിളമ്പാം.....

(കമല പാത്രങ്ങൾ എടുത്തു വെക്കുന്നു. ഉറങ്ങുന്ന കുട്ടികളെ ഹസാരി ലാൽ ഉണർത്തുന്നു. അവർ ഉത്സാഹത്തോടെ കഞ്ഞി കുടിക്കാൻ ഇരിക്കുന്നു....)

ഹസാരി: നല്ല നാളുകൾ വരുമെന്ന് കരുതാം... അല്ലെ കമലേ...?

ശംഭു: അച്ചേ ദിൻ....അല്ലെ അച്ഛാ.....

മറ്റു കുട്ടികൾ: അച്ചേ ദിൻ....അച്ചേ ദിൻ ആഗയാ ഭായ്.... അച്ചേ ദിൻ ആഗയാ.....(ആർത്തു വിളിക്കുന്നു)

ഹസാരി ലാൽ: കരുത്തും കെട്ട പിള്ളാർ....മിണ്ടാതെ കഞ്ഞി കുടിക്ക്.....

(ഒരു പട്ടിണിപാട്ടിന്റെ പശ്ചാത്തലത്തിൽ അവർ എല്ലാവരും കഞ്ഞി കുടിക്കുന്നു....പാട്ട് അവസാനിക്കുന്നതോടൊപ്പം ഇരുട്ട്.)

(വെളിച്ചം തെളിയുമ്പോൾ ഹസാരിയും, കുടുംബവും ഒരു വൃത്തിഹീനമായ തെരുവിലാണ്. തെരുവിന്റെ ബഹളം. തെരുവ് ജീവിതത്തിന്റെ വിവിധ ദൃശ്യങ്ങൾ. ഒരു തെരുവ് വിളക്കിന്റെ ചുവട്ടിൽ എല്ലാവരും നിലയുറപ്പിക്കുന്നു. അവിടെ വിശ്രമിക്കാനുള്ള ഇടം തെരയുകയാണ്. ഒരു സ്ഥാനം കണ്ടെത്തി, അവിടെ ഭാണ്ഡങ്ങൾ ഇറക്കി വെക്കുന്നു.)

ഹസാരി: കമലേ....കുട്ടികൾ ഉറങ്ങിക്കോട്ടെ....നല്ല ക്ഷീണം കാണും. കാലത്ത് ഉണർന്ന് താമസിക്കാനുള്ള ഒരു ഇടം കണ്ടെത്തണം....

കമല: അതെ....അവർ നന്നേ ക്ഷീണിച്ചിട്ടുണ്ട്.....

(കുട്ടികളെ ഉറക്കാനുള്ള തയ്യാറെടുപ്പിൽ)

(ഹസാരി ചിമ്മിനി വിളക്ക് ഉയർത്തി തെരുവിലേക്ക് നോക്കുന്നു. അവിടെ ആരോ പതുങ്ങി നിൽപ്പുണ്ട്.)

ഹസാരി: ആരാണത്? നിങ്ങളെന്താ ആ നിഴലിൽ പതുങ്ങിയിരിക്കുന്നത്? ഇങ്ങ് വെളിച്ചത്തിലേക്ക് വരൂ....ഞങ്ങളും നിങ്ങളെ പോലുള്ള ഒരു അഭയാർഥിയാണിവിടെ.....

(മുഷിഞ്ഞ വസ്ത്രം ധരിയായ ക്ഷീണിതനായ ഒരു വയസ്സൻ വെളിച്ചത്തിലേക്ക് വരുന്നു. ഹസാരി ലാൽ വിളക്ക് അയാളുടെ മുഖത്തേക്ക് നീട്ടിപ്പിടിക്കുന്നു.)

ഹസാരി: പറയൂ...നിങ്ങൾക്ക് എന്താണ് വേണ്ടത്?

വൃദ്ധൻ: (മടിയോടെ) വിശക്കുന്നു.....

ഹസാരി: സാരമില്ല....ഞങ്ങളുടെ അടുക്കൽ അൽപം കഞ്ഞി കാണും....നോക്കട്ടെ.....(അയാൾ അകത്തേക്ക് നോക്കി കമലയെ വിളിക്കുന്നു.)

കമലേ....കമലേ..

(കമല വെളിച്ചത്തിലേക്ക് വരുന്നു.)

ഇദ്ദേഹത്തിന് നന്നായി വിശക്കുന്നുണ്ട്....ദിവസങ്ങളായെന്നു തോന്നുന്നു, വല്ലതും കഴിച്ചിട്ട്.....അൽപം കഞ്ഞിയുണ്ടാകുമോ.....?

(കമല പാത്രത്തിൽ നിന്ന് ഒരു ചട്ടിയിൽ കഞ്ഞി പകർന്ന് കൊടുക്കുന്നു. വൃദ്ധൻ ആർത്തിയോടെ അത് കുടിക്കുന്നു.പാത്രം നന്ദിയോടെ കമലയെ ഏൽപിക്കുന്നു.)

കമല: നിങ്ങൾ എവിടെ നിന്നാണ് വരുന്നത്?

വൃദ്ധൻ: ഗ്രാമത്തിൽ നിന്നാണ്. എന്റെ കൃഷിയെല്ലാം ഉണങ്ങിപ്പോയി...ഇത്തവണത്തെ വേനൽ ഒത്തിരി കടുപ്പം തന്നെ...ഭാര്യ മരിച്ചു....ഒന്നും തിന്നാൻ ഉണ്ടായിരുന്നില്ല...മക്കൾ ജോലി തേടി പട്ടണത്തിലേക്ക് പോന്നു....ഭാര്യ മരിച്ചതിൽ പിന്നെ ഞാൻ ഒറ്റക്കായി....ആ നശിച്ച ഗ്രാമത്തിൽ കിടന്നാൽ ഞാനും ചത്തു പോകും....ഈ ഉള്ള ജീവൻ വെച്ച് ഞാനും ഇങ്ങോട്ട് പോന്നു....

ഹസാരി: നിങ്ങൾക്ക് ആരുടെയോ ഒരു മുഖമുണ്ട്....വളരെ വളരെ പരിചിതമായ ഒരു മുഖം....! ഓർമ്മയിൽ വരുന്നില്ലല്ലോ.....! നിങ്ങളെ ഞാൻ എവിടെയോ കണ്ടിട്ടുണ്ട്....

വൃദ്ധൻ: ഞാനുണ്ട്.... എന്റെ നെഞ്ചിലേറ്റ ഒരു മുറിവും....ഞാൻ വീണ്ടും ഒരിക്കൽ കൂടി ഒരു നീണ്ട നടത്തം നടക്കുകയാണ്.....എല്ലാ ദുരന്തങ്ങളും കൺമുന്നിൽ കണ്ടു കൊണ്ട്.....എനിക്ക് എന്റെ മക്കളെ കണ്ടെത്തണം.....മോനേ...ഞാൻ ഇവിടെ മാറി കിടന്നോട്ടെ? നിങ്ങൾക്ക് ഒരു ശല്യമാവില്ല.....

ഹസാരി: അതിനെന്താ....ഈ ഭൂമി എല്ലാവർക്കും അവകാശപ്പെട്ടതല്ലേ...?കിടന്നോളൂ അമ്മാവാ.....ഞാൻ ഈ വിളക്ക് കെടുത്തിയേക്കാം.....(ഹസാരി വിളക്ക് ഊതിക്കെടുത്തുന്നു. പൂർണ്ണ അന്ധകാരം)

(വെളിച്ചം തെളിയുമ്പോൾ തെരുവ്...അവശരായി ആരെയോ കാത്തിരിക്കുന്ന ഹസാരിയും, മക്കളും.)

ഹസാരി: ശംഭു മോനേ....ഇവരെയും കൂട്ടി ആ കൂപ്പയിലൊക്കെ നോക്ക്....ആ സഞ്ചിയും പാത്രവും എടുത്തോ...പണക്കാർ വല്ലതും ഉപേക്ഷിച്ച് കാണും.....എന്തെങ്കിലും വിശപ്പടക്കാനുള്ളത് കിട്ടും.....ഞാൻ വല്ല പണിയും തടയുമോന്ന് നോക്കട്ടെ.....ചെല്ല്.....

(മക്കൾ മൂവരും തെരുവിലൂടെ നടന്നു പോകുന്നു. കീറിയ തുണിസഞ്ചിയും തോളിൽ തൂക്കി ഹസാരി വിജനതയിലേക്ക് നടന്നു പോകുന്നു. അകന്നു പോകുന്ന മക്കളെയും, ഭർത്താവിനെയും മാറി മാറി നോക്കി നിൽക്കുന്ന കമല. കർഷക ഗാനത്തിന്റെ നേരിയ അലകൾ. ക്രമേണ വെളിച്ചം അണയുന്നു.)

(വെളിച്ചം തെളിയുമ്പോൾ കൂപ്പത്തൊട്ടിക്കരികെ ഇരുന്ന് എന്തൊക്കെയോ പെറുക്കി തിന്നുന്ന ഹസാരി പാലിന്റെ കുട്ടികൾ. ഒരു പോലീസുകാരൻ അവരെ ആട്ടിയോടിക്കുന്നു. കുട്ടികൾ ഭയന്ന് നിലവിളിച്ച് ഓടുന്നു. ഓടുന്ന കുട്ടികൾ കമലയുടെ മുന്നിലേക്കാണ് എത്തുന്നത്. പിന്നാലെ ചീത്ത വിളിച്ചുകൊണ്ട് പോലീസുകാരൻ. കുട്ടികൾ അമ്മയെ കെട്ടിപ്പിടിച്ചു നിൽക്കുന്നു.)

പോലീസുകാരൻ: ഇവർ നിങ്ങളുടെ കുട്ടികളാണോ?

കമല: അതെ...എന്താ...എന്ത് പറ്റി ഏമാന്നെ...?

പോലീസുകാരൻ: ഈ സ്വതന്ത്ര ഭാരതത്തിൽ പെറുക്കി തിന്നുതെന്നു അറിയില്ലേ? കുട്ടികളെ ഇതൊന്നും പഠിപ്പിക്കാതെയാണോ നിങ്ങൾ വളർത്തുന്നത്?

കമല: ഏമാന്മാർ വലിച്ചെറിഞ്ഞ ഉച്ഛിഷ്ടമല്ലേ ഏമാന്നെ.....കണ്ട പട്ടിയും, പൂച്ചയുമൊക്കെ പെറുക്കി തിന്നുന്നതല്ലേ.....എന്റെ കുട്ട്യോൾക്ക് രണ്ടു ദെവസായി എന്തെങ്കിലും വയർ നിറച്ച് തിന്നാൻ കിട്ടിയിട്ട്.....

പോലീസുകാരൻ: തെരുവിൽ ഇങ്ങനെ തെണ്ടരുത്....

കുറ്റകരമാണ്.....

കമല: വിശന്നാൽ പിന്നെന്തു ചെയ്യും...?

പോലീസുകാരൻ: എന്തെങ്കിലും പണിയെടുക്കണം.....

കമല: ഞങ്ങൾ പട്ടണത്തിൽ പുതുതാ....പണിയൊന്നും കിട്ടിയില്ല...പുല്ലാരുടെ അച്ഛൻ പണി തേടി പോയതാ..... ഞങ്ങൾ ഗ്രാമത്തിൽ നിന്ന് വന്ന കടം കേറി മുടിഞ്ഞ കൃഷിക്കാരാ...കടം, വരൾച്ച, കൃഷി നാശം.....കഷ്ടമാണ്....

പോലീസുകാരൻ: ഒരു പാടെണ്ണം ഗ്രാമങ്ങൾ വിട്ട പട്ടണത്തിലേക്ക് വരുന്നുണ്ട്. ഞങ്ങൾക്ക് നിർദേശങ്ങൾ തന്നിട്ടുണ്ട്. അപരിഷ്കൃതരായ ഈ ഗ്രാമീണർ പട്ടണത്തിലെ മാന്യന്മാരായ ആളുകൾക്ക് ഒരു ശല്യമാണ്. നിങ്ങളെ പോലുള്ളവരെ കൈകാര്യം ചെയ്യാനാണ് സർക്കാർ ഞങ്ങൾക്ക് ശമ്പളം തരുന്നത്. പറഞ്ഞേക്കാം....ഇനി മേലിൽ കുപ്പത്തൊട്ടിയിൽ കയ്യിടരുത്....

ശംഭു: ആ തൊട്ടിയിൽ തോനെ ചോറ് കിടക്കുന്നു....

പോലീസുകാരൻ: അത് താക്കൂർ സാഹിബിന്റെ ബംഗ്ലാവിൽ ഇന്നലെ പാർട്ടിയുണ്ടായിരുന്നു. ബാക്കി വന്ന ചോറാണ്....പട്ടിക്കും, പൂച്ചക്കും കൊടുത്തതിന്റെ ബാക്കി ഞങ്ങളാ കുപ്പയിൽ തട്ടിയത്.....

ശംഭു: തോനെ ഇലക്കറിയും, സാമ്പാറും ഒക്കെയുണ്ട്.... ഹായ് അമ്മേ, നല്ല മണം....(കൈകൾ അമ്മയെ മണപ്പിക്കുന്നു.) ഈ പോലീസ് ഏമ്മാൻ ശരിക്കും തിന്നാൻ വിട്ടില്ല.... ഞങ്ങളെ തല്ലിയോടിച്ചു.....

പോലീസുകാരൻ: പാടില്ല....കുപ്പത്തൊട്ടിയിലെ ചോറ് തിന്നരുത്....അത് വേസ്റ്റാണ്....ഗാർബേജ്...

കമല: നിങ്ങൾ അത് കുപ്പയിൽ എറിയുന്നതിന് മുമ്പ് വിശക്കുന്ന ഞങ്ങളെ പോലുള്ള പാവങ്ങളെ ഓർത്തില്ലല്ലോ.....

പോലീസുകാരൻ: അയ്യോ..പെങ്ങളെ...ഞങ്ങൾക്ക് അങ്ങനെ ചെയ്യാൻ പാടില്ല. സർക്കാരിന്റെ കണക്കിൽ ഈ നാട്ടിൽ വിശക്കുന്ന പാവങ്ങൾ എന്ന ഒരു കൂട്ടരില്ല.... ബാക്കി വന്ന ഭക്ഷണം ഞങ്ങളോട് കുപ്പയിൽ കളയാനാണ് താക്കൂർജി പറഞ്ഞത്...ഞങ്ങൾക്ക് അദ്ദേഹത്തിന്റെ ആജ്ഞ അനുസരിച്ചേ പറ്റൂ.....ശരി, ഇത്തവണ ഞാൻ ക്ഷമിക്കുന്നു. ഇനിയും ആവർത്തിക്കരുത്. കേസ് എടുക്കേണ്ടി വരും..... പൊയ്ക്കോ....

(പോലീസുകാരൻ പോകുന്നു. കുട്ടികൾ അയാൾ പോകുന്നത് ഭയത്തോടെ നോക്കി നിൽക്കുന്നു.)

കമല: മക്കൾക്ക് വിശപ്പടങ്ങിയില്ലേ?

മനുജ്: ഇല്ലമ്മേ.....

അമൃത: വിശക്കുന്നമ്മേ.....നമുക്ക് ആ കുപ്പയിലേക്ക് തന്നെ പോകാം....തോനെ ചോറും, കറികളും ഉണ്ടമ്മേ....വാ അമ്മേ....

(കുട്ടികൾ നിർബന്ധിച്ച് കമലയെ പിടിച്ച് വലിച്ച് കൊണ്ട് പോകുന്നു.ഇരുട്ട്)

(വെളിച്ചം തെളിയുമ്പോൾ അവശനായി നടന്നു വരുന്ന ഹസാരി. കയ്യിൽ ഒരു പൊതിയുണ്ട്. കീറിയ സഞ്ചിയിൽ എന്തോ നിറച്ചിരിക്കുന്നു. സന്ധ്യയാണ്. എവിടെയോ നിന്ന് ഉയരുന്ന മന്ത്രോച്ചാരണങ്ങൾ കേൾക്കാം.)

ഹസാരി: (അൽപ നേരം നിശബ്ദനായി ശൂന്യതയിലേക്ക് കണ്ണനട്ട് നിൽക്കുന്നു. പിന്നെ ആത്മഗതം.) ഹസാരി പാൽ...പ്രദീപ് പാലിന്റെയും, നന്ദിനിയുടെയും മൂത്തമകൻ.... ഇരുണ്ട ഈ പട്ടണത്തിന്റെ തെരുവുകളിൽ തെണ്ടുകയാണ്. വൃദ്ധരായ മാതാ പിതാക്കളെ വരണ്ട് ഉണങ്ങിപ്പായ ഗ്രാമത്തിൽ ഉപേക്ഷിച്ചാണ് ഞാൻ ഈ പട്ടണത്തിലേക്ക് വന്നത്. എത്ര സ്വാർത്ഥനാണ് ഞാൻ? ഗ്രാമത്തിൽ ഇപ്പോൾ ആരും ഉണ്ടായിരിക്കുകയില്ല. എല്ലാവരും പട്ടണങ്ങളിലേക്കു ചേക്കേറി....പുതിയ മേച്ചിൽ പുറങ്ങൾ തേടി....ഞാൻ മാത്രമല്ല, എന്നെ പോലെ പലരും വയസായ അച്ഛനമ്മമാരെ ഗ്രാമത്തിൽ ഉപേക്ഷിച്ച് കാണും. ചിലരെങ്കിലും വിശപ്പും, ദാഹവും കൊണ്ട് മരിച്ചു കാണും....ദൈവമേ!....എന്റെ വയസായ അച്ഛനെയും, അമ്മയെയും വിട്ട് വരുതായിരുന്നു....എന്ത് സൗഭാഗ്യമാണ് ഈ നാറുന്ന പട്ടണത്തിൽ നിന്ന് എനിക്ക് കിട്ടിയത്....? വിശപ്പും, ദാഹവും, അലച്ചിലും, അപമാനവും.... അവർ എങ്ങിനെയായിരിക്കും ഗ്രാമത്തിൽ കഴിയുന്നുണ്ടാവുക? കുടിവെള്ളം....എവിടന്നു കിട്ടും? കഴിക്കാൻ ഒരിറ്റ് കഞ്ഞിവെള്ളം ആരെങ്കിലും കൊടുക്കുമോ? ദൈവമേ...എന്റെ സങ്കടം നീ കാണുന്നില്ലേ? എത്ര മനുഷ്യരാണ് ജീവനൊടുക്കിയത്? എത്ര മിണ്ടാപ്രാണികളായ കന്നുകാലികൾ ചത്തൊടുങ്ങിപ്പോയി?

(അയാൾ മങ്ങിയ സന്ധ്യാ വെളിച്ചത്തിൽ നിന്ന് മുനിഞ്ഞു കത്തുന്ന തെരുവ് വിളക്കിന്റെ പ്രകാശത്തിലേക്ക് നീങ്ങി നിൽക്കുന്നു. ഇപ്പോൾ ഹസാരിയുടെ ക്ഷീണിച്ച മുഖം കാണാം. അയാൾ ഇരുട്ടിലേക്ക് നോക്കി ഉറക്കെ വിളിക്കുന്നു.)

ഹസാരി: കമലേ....ഹേ കമലേ....നീ അവിടെത്തന്നെ ഇല്ലേ?

കമല:(ശബ്ദം) ഓ...ഞാനിവിടുണ്ടേ...ദാ വരുന്നു....

(കമല ഓടിക്കിതച്ചു വരുന്നു.)

കമല: (ആകാംക്ഷയോടെ) വല്ലതും കിട്ടിയോ?

ഹസാരി: (നിരാശയോടെ) ഇല്ല...ഒന്നും തടഞ്ഞില്ല... എത്ര മനുഷ്യരാണ് കമലേ..ഈ പട്ടണത്തിൽ?...പുഴുക്കളെ പോലെ മനുഷ്യർ നരകുകയാണ്...ഈ ആളുകൾക്കൊക്കെ ഇവിടെ എന്ത് ജോലി കിട്ടാനാണ്? പലരും തെണ്ടുകയാണ്... വിശക്കുമ്പോൾ പിന്നെ മനുഷ്യൻ എന്ത് ചെയ്യാനാണ്..?

കമല: ഗ്രാമങ്ങളിൽ നിന്ന്! വരുന്ന കൃഷിക്കാർക്ക് കൃഷി പ്പണിയല്ലാതെ മറ്റെന്ത് പണിയാണ് അറിയുക? എഴുത്തും വായനയും അറിയാത്ത വലിയ ഒരു ജനക്കൂട്ടമാണ് ഇവിടങ്ങ ളിൽ അടിഞ്ഞു കൂടുന്നത്.....

ഹസാരി: അതെ...നീ പറഞ്ഞത് ശരിയാണ്. ബാബുജിമാ രുടെ പഠിച്ച മക്കൾക്കൊക്കെ ജോലിയുണ്ട്. ഗ്രാമത്തിലെ പട്ടി ണിക്കാരായ കൃഷിക്കാരുടെ മക്കൾക്ക് പഠിക്കാനും കഴിയുന്നി ല്ല. പോട്ടെ...എന്തെങ്കിലും തിന്നാനുണ്ടോ കമലേ....വല്ലാതെ വിശക്കുന്നുണ്ട്...തെരുവിൽ നിന്ന് ഒരു ബാബുജിയുടെ പെട്ടി ച്ചുമന്നതിനു ഇരുപത് രൂപാ കിട്ടി....അതിന് കുട്ടികൾക്ക് ഞാൻ കുറച്ച് പൊരി വാങ്ങി.....ഇതാ....

(കയ്യിലെ പൊതി കമലയെ ഏൽപിക്കുന്നു)

കമല: (മടിച്ചു മടിച്ചു) കുട്ടികൾക്ക് അൽപം ആഹാരം കിട്ടി....അത് നിങ്ങളോട് പറയാൻ എനിക്ക് നാണക്കേടു ണ്ട്.....

ഹസാരി: പറ...എന്താ ഉണ്ടായത്?

കമല: അവർ ആ താക്കൂർജിയുടെ ബംഗ്ലാവിനു മുന്നിലെ കുപ്പത്തൊട്ടിയിൽ കയ്യിട്ടു....ചോറ് കിട്ടി....ബംഗ്ലാവിലെ പാർട്ടി കഴിഞ്ഞു ബാക്കി വന്നത് ഇന്നലെ രാത്രി കുപ്പയിൽ തട്ടിയതാണ്. അവരെ പോലീസുകാരൻ ഓടിച്ചു....പിന്നീട് ഞാൻ പോയി ആ ചോറെടുത്ത് കുട്ടികൾക്ക് കൊടുത്തു..... ഞാനും കുറച്ച് കഴിച്ചു. നിങ്ങൾക്ക് വെച്ചിട്ടുണ്ട്....വിശക്കുന്നെ ങ്കിൽ കഴിച്ചോളൂ...ഇനിയിപ്പോ ദുരഭിമാനം എന്തിനാ....?

ഹസാരി: വിശപ്പിനു മുന്നിൽ എന്ത് അഭിമാനം? എന്ത് ദുരഭിമാനം?

അൽപം ഭക്ഷണം എനിക്കും താ നല്ല വിശപ്പുണ്ട്.

കമല : (ഭക്ഷണം ഹസാരിയുടെ കൈകളിലേക്ക് കൊടു ക്കുന്നു.) നല്ല മണം അല്ലേ?.....ബിരിയാണിയാണ്.

ഹസാരി: അതെ.—നല്ല മണം..(ആർത്തിയോടെ ഭക്ഷണം കഴിക്കുന്നു. കമല അയാളെ നിർന്നിമേഷയായി നോക്കി നിൽ ക്കുന്നു.)

(രംഗം ഇരുട്ടിൽ. ഹസാരി പാലിന്റെ ശബ്ദം)

ഹസാരി പാൽ: ഞങ്ങൾ ഗ്രാമീണരായ, അപരിഷ്കൃ തരും, നിരക്ഷരരുമായ കൃഷിക്കാർക്ക് ഇത് ഒരു മായാ നഗരമാണ്. ലക്ഷക്കണക്കിന് കുടുംബങ്ങൾ നിസ്സഹായ രായി, ഞങ്ങളെ പോലെ ഒരുരുവിൽ കഴിയുന്നു. ആയിരക്ക ണക്കായ ചേരികളുടെ ഇരുണ്ട ഗ്രഹകളിലേക്ക് അവർ ഓരോ രാത്രിയിലും ചേക്കേറുന്നു.ഇത് ഒരു നഗര പ്രാന്തം പോലും ആയിരുന്നില്ല. ഗ്രാമങ്ങളിൽ നിന്ന് എല്ലാം ഇട്ടെറിഞ്ഞ് ഓടി പ്പോന്ന ഗ്രാമീണ കൃഷിക്കാരുടെ എല്ലും തോലും മാത്രമായ മനുഷ്യരുടെ ഒരു പ്രേത സമുദായം എങ്കിലും ലാഭേഛ ഏതുമി

ല്ലാതെ, ജാതി – മത ഭാഷാ ഭേദമില്ലാതെ ഞങ്ങൾ പരസ്പരം സ്നേഹിച്ചു. ഞങ്ങൾ കലഹിച്ചു. ഞങ്ങൾ കരയുകയും, ചിരി ക്കുകയും ചെയ്തു .

ഞങ്ങൾ കടം കൊണ്ട് പൊറുതി മുട്ടി ജീവിതം അവസാ നിപ്പിച്ചപ്പോൾ അതും അതിജീവനം അസാദ്ധ്യമായ ഒരു ലോകത്തോടുള്ള വെല്ലുവിളി ആയിരുന്നു.

(വെളിച്ചം തെളിയുന്നു.ബസാറിന്റെ വിദൂര ദൃശ്യം. പ്രഭാതം. ഹസാരി പാൽ തന്റെ രണ്ടു കുട്ടികളോടൊപ്പം ആരെയോ കാത്തെന്ന വണ്ണം തെരുവിൽ നിൽക്കുന്നു. അകലെ സൂര്യൻ ഉദിച്ചുയരുന്നു. സൂര്യ നമസ്കാരം ചെയ്യാൻ പോകുന്ന ബ്രാഹ്മ ണരുടെ നീണ്ട നിര. എവിടെയോ മുഴങ്ങുന്ന സൂര്യ ഗായത്രി. ക്രമേണ വെളിച്ചം തെളിഞ്ഞു വരുന്നു. ആളുകൾ തെരുവിൽ വന്നു നിറയുന്നു. തെരുവിന്റെ വിവിധ ബഹളങ്ങൾക്ക് ഇടയിൽ കുടുങ്ങിപ്പോകുന്ന ഹസാരി പാലും, കുട്ടികളും. അവർ തെരുവിൽ കുമിഞ്ഞു കൂടിയ ചവറുകൾക്ക് ഇടയിൽ നിന്ന് ഭക്ഷണാവ ശിഷ്ടങ്ങൾ പെറുക്കി എടുക്കാൻ ശ്രമിക്കുന്നു. മാന്യന്മാരായ പട്ടണ വാസികളിൽ ചിലർ അവജ്ഞയോടെ വീക്ഷിച്ച് കടന്നു പോകുന്നു. ഹസാരി പാലും,കുട്ടികളും തെരുവിലൂടെ നടക്കുന്നു. മാന്യമായി വസ്ത്രം ധരിച്ച് , ഉകൽ സഞ്ചിയുമായി ഒരു മദ്ധ്യവ യസ്കൻ ഹസാരി പാലിന്റെ പിന്നാലെ നടക്കുന്നു. ഇടക്കിടെ അയാൾ 'ശ്ര.. ശ്ര. എന്നിങ്ങനെ അയാളുടെ ശ്രദ്ധ ക്ഷണി ക്കാൻ യത്നിക്കുന്നുണ്ട്. ഭക്ഷണാവശിഷ്ടങ്ങൾ തെരയുന്ന തിരക്കിനിടയിൽ അയാൾ അപരിചിതന്റെ അപശബ്ദം ശ്ര ദ്ധിക്കുന്നില്ല. എങ്കിലും അയാൾ ഹസാരി പാലിന്റെ ശ്രദ്ധ

ക്ഷണിക്കൽ യജ്ഞം തുടരുന്നു. ഹസാരി പാൽ ഒരു നിമിഷം അയാളെ ശ്രദ്ധിക്കുന്നു.)

ഹസാരിപാൽ : ങ്ഹും.എന്താ വേണ്ടത്?

അപരിചിതൻ: ഇത്തിരി കാശ് സമ്പാദിക്കാൻ നിനക്ക് താൽപര്യമുണ്ടോ?

(ഹസാരി പാൽ ആ മാന്യനെ സൂക്ഷിച്ചു നോക്കി.)

ഹസാരി പാൽ: ഉണ്ട് .എനിക്ക് താൽപര്യമുണ്ട്

അപരിചിതൻ : ഹോ എങ്കിൽ വളരെ നല്ലത്...നിങ്ങൾക്ക് ചെയ്യാനുള്ളത് വളരെ സിംമ്പിൾ ....ഞാൻ നിങ്ങളെ ഒരു സ്ഥലത്തേക്ക് കൂട്ടി കൊണ്ടു പോകും. എന്റെ പിന്നാലെ വരിക. അവിടെയുള്ള ആളുകൾ നിങ്ങളുടെ ഇത്തിരി രക്തം എടുക്കും. അതിനു നിങ്ങൾക്കു 500 രൂപ തരും. എന്താ സമ്മതമാണോ? 500 രൂപ.

(ഹസാരി ആഗതനെ തുറിച്ചു നോക്കുന്നു.കുട്ടികളും.)

ആഗതൻ : എന്താ വിശ്വാസമായില്ലേ?

ഹസാരി: എന്താണ് നിങ്ങൾ പറയുന്നത്? എന്നെപ്പോലെ ഒരു ഊരു തെണ്ടിയുടെ രക്തത്തിന് 500 രൂപ വിലയോ? എന്നെപ്പോലൊരു തെണ്ടിയുടെ രക്തം ആർക്കാണാവശ്യം സാറേ?

ആഗതൻ : മണ്ടത്തരം പറയാതെ ...രക്തം രക്തം മാത്രമാണ്. അതിന് ഒരു പാട് ആവശ്യക്കാരുണ്ട്. രക്തം! അത് പണ്ഡിതന്റെ ആയാലും, പാമരന്റേതായാലും, പണക്കാരന്റേതായാലും, ദരിദ്രന്റേതായാലും രക്തം തന്നെയാണ്.

ഹസാരി : പോകാം സാറെ ഈ നാട്ടിൽ ഞങ്ങളെ പോലുള്ള പാവങ്ങളുടെ രക്തത്തിനെങ്കിലും ഒരു വിലയുണ്ടല്ലോ! 500 രൂപാ കിട്ടിയാൽ ഞങ്ങളുടെ കുഞ്ഞുങ്ങളുടെ വിശപ്പടക്കാം

ആഗതൻ : എങ്കിൽ വരൂ..പോകാം!

(ഹസാരിയും, കുട്ടികളും ആഗതനെ അനുഗമിക്കുന്നു. അവർ തെരുവിലൂടെ നടന്നു നീങ്ങുന്നു. ഇരുട്ട്.)

(വെളിച്ചം തെളിയുന്നു. ഒരു രക്തം ശേഖരിക്കുന്ന ബ്ലഡ് ബാങ്ക് പരിസരം. നിരവധി മനുഷ്യർ ദൈന്യ മുഖങ്ങളുമായി കാത്തിരിക്കുന്നു.ആഗതൻ ഹസാരിയെ അകത്തേക്ക് ആനയിക്കുന്നു. അയാൾ ആഗതനെ അനുഗമിക്കുന്നു. കുട്ടികൾ കരയുന്നുണ്ട്.)

ആഗതൻ: കരയണ്ട? അവൻ ഇപ്പൊ ഇങ്ങു വരും പണം കിട്ടും ! പണം.

(ആളുകൾ തിരക്കു കൂട്ടുന്നുണ്ട്.)

ഒരാൾ : നോക്ക്! നമ്മുടെ ചോരക്കും ആവശ്യക്കാരുണ്ട്. അല്ലേ?

മറ്റൊരാൾ: അപ്പോ....നമ്മുടെ ചോരയിൽ ജാതിയില്ലേ ചങ്ങാതീ? എങ്ങിനെയാ താക്കൂർമാർ നമ്മുടെ ചോര സ്വീകരിക്കുക?

വേറൊരാൾ : ഛെ..വിഡ്ഢിത്തം പറയല്ലേ..! ചോരചോര മാത്രമല്ലേടാ?

ഒരാൾ : അങ്ങനെയല്ല. ചോരക്ക് ജാതിയുണ്ട്, മതമുണ്ട്, നിറവുമുണ്ട്. കുറത്തവന്റെ ചോര, വെളുത്തവൻ സ്വീകരിക്കില്ലെടോ.

(പുറത്ത് വലിയ ബഹളം കേൾക്കുന്നു.)

മറ്റൊരാൾ : റോഡിനപ്പുറം ബഹളമാണ്.ആളുകൾ ചോര കൊടുക്കാൻ തിക്കിത്തിരക്കി എത്തുകയാണ്.

(ബഹളം കൂടുന്നു.വെളിച്ചം ചുവക്കുന്നു.ആളുകൾ കൂടി വരുന്നു.)

ആളുകൾ : (ബഹളം) ചോര.ചോര

(ആളുകൾക്ക് ഇടയിലേക്ക് ഹസാരി പാലിന്റെ അച്ഛനും, അമ്മയും, കമലയും,കുട്ടികളും വരുന്നു. എല്ലാവരും രക്ത ബാങ്കിനു മുന്നിൽ. ഹസാരി പാൽ രക്തത്തിൽ കുളിച്ച് പുറത്തേക്ക് ഇറങ്ങി വരുന്നു. ചുവപ്പ് ആൾക്കൂട്ടത്തിലേക്ക് പടരുന്നു. ഇരുട്ട് ക്രമേണ രംഗം കീഴടക്കുന്നു.

ഒരു നിലവിളി.)

ഇന്ത്യൻ ഗ്രാമീണ കർഷക ജനതയുടെ നിലവിളി.

(നാടകം അവസാനിക്കുന്നു.)

■